ഖസാക്കിന്റെ ഇതിഹാസം

ഒ. വി. വിജയൻ

ഖസാക്കിന്റെ
ഇതിഹാസം
ഒ. വി. വിജയൻ

ഖസാക്കിന്റെ ഇതിഹാസം

ഒ.വി. വിജയൻ

(1930-2005)

നോവലിസ്റ്റ്, ചെറുകഥാകൃത്ത്, കാർട്ടൂണിസ്റ്റ്, രാഷ്ട്രീയചിന്തകൻ, പത്ര പ്രവർത്തകൻ. 1930 ജൂലൈ 2-ന് പാലക്കാട്, വിളയൻചാത്തനൂരിൽ ജനിച്ചു. ചെന്നൈ പ്രസിഡൻസി കോളജിൽനിന്ന് ഇംഗ്ലിഷ് എം.എ. കുറച്ചുകാലം കോളജിൽ അദ്ധ്യാപകൻ. പിന്നീട് ശങ്കേഴ്സ് വീക്ക്‌ലി, പേട്രിയറ്റ്, ദ സ്റ്റേറ്റ്സ്മാൻ എന്നീ ആനുകാലികങ്ങളിൽ പത്രപ്രവർത്തകൻ. നോവൽ, കഥ, ലേഖനം, കാർട്ടൂൺ തുടങ്ങിയ വിഭാഗങ്ങളിലായി 30 കൃതികൾ. 1990-ൽ കേരള സാഹിത്യ അക്കാദമി അവാർഡ്, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, 1991-ൽ വയലാർ അവാർഡ് (*ഗുരുസാഗരം*), 1992-ൽ മുട്ടത്തു വർക്കി അവാർഡ് *(ഖസാക്കിന്റെ ഇതിഹാസം)* , 1999-ൽ എം.പി. പോൾ അവാർഡ് *(തലമുറകൾ)* എന്നീ പുരസ്കാരങ്ങൾ. 2001-ൽ കേരള ഗവൺമെന്റിന്റെ എഴുത്തച്ഛൻ പുരസ്കാരം. 2003-ൽ രാഷ്ട്രം പത്മഭൂഷൺ ബഹുമതി നല്കി ആദരിച്ചു. 2005 മാർച്ച് 30-ന് അന്തരിച്ചു.

ഒ.വി. വിജയന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

നോവൽ

ഖസാക്കിന്റെ ഇതിഹാസം
ധർമ്മപുരാണം
ഗുരുസാഗരം
മധുരം ഗായതി
പ്രവാചകന്റെ വഴി
തലമുറകൾ

കഥ

അരക്ഷിതാവസ്ഥ
വിജയന്റെ കഥകൾ
ഒരു നീണ്ട രാത്രിയുടെ ഓർമ്മയ്ക്കായി
കടൽത്തീരത്ത്
കാറ്റ് പറഞ്ഞ കഥ
അശാന്തി
ബാലബോധിനി
'പൂതപ്രബന്ധവും' മറ്റ് കഥകളും
കുറെ കഥാബീജങ്ങൾ
ഒ.വി. വിജയന്റെ കഥകൾ
എന്റെ പ്രിയപ്പെട്ട കഥകൾ

ലേഖനം

ഘോഷയാത്രയിൽ തനിയെ
ഒരു സിന്ദൂരപ്പൊട്ടിന്റെ ഓർമ്മ
സന്ദേഹിയുടെ സംവാദം
വർഗ്ഗസമരം, സ്വത്വം
കുറിപ്പുകൾ
ഹൈന്ദവനും അതിഹൈന്ദവനും
അന്ധനും അകലങ്ങൾ കാണുന്നവനും
ഒ.വി. വിജയന്റെ ലേഖനങ്ങൾ

ആക്ഷേപഹാസ്യം

എന്റെ ചരിത്രാന്വേഷണപരീക്ഷകൾ

കാർട്ടൂൺ

ഇത്തിരി നേരമ്പോക്ക് ഇത്തിരി ദർശനം
Tragic Idiom

സ്മരണ

ഇതിഹാസത്തിന്റെ ഇതിഹാസം
സമുദ്രത്തിലേക്ക് വഴിതെറ്റിവന്ന പരൽമീൻ

കത്ത്

വിജയന്റെ കത്തുകൾ

ഒ.വി. വിജയൻ

ഖസാക്കിന്റെ ഇതിഹാസം

ഡി സി ബുക്സ്

MALAYALAM LANGUAGE
Khasākkinte Ithihāsam

NOVEL
by O.V. Vijayan

Rights Reserved
First Published 1969 by Current Books
First DCB Edition August 1990
This Edition - September 2016

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Vijayan, O.V.
Khasakkinte ithihasam/ O.V. Vijayan
ISBN 81-7130-126-6.
1. Malayalam novel. I. Title.
8M$_3$ *- dc22.
*(This is local variation of DDC number for Malayalam literature: Khasakkinte ithihasam.)

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 81-7130-126-6

D C BOOKS - The First Indian Book Publishing House to get ISO Certification

552/16-17-Sl.No. 15803-dcb 1196-(70) 3000-3167-09-16-Itc 17.0-p pk-r rj-d ga

പ്രസാധകക്കുറിപ്പ്
(ഡി സി ബി ഒന്നാം പതിപ്പിനെഴുതിയത്)

കഴിഞ്ഞ അര നൂറ്റാണ്ടു കാലത്ത് മലയാളത്തിൽ എഴുതപ്പെട്ടിട്ടുള്ള സർഗ സാഹിത്യകൃതികളിൽ ഏറ്റവും ഉജ്ജ്വലമെന്നു വിശേഷിപ്പിക്കാവുന്ന കൃതിയാണ് 'ഖസാക്കിന്റെ ഇതിഹാസം.' നോവലിന്റെ ചരിത്രത്തിലാവട്ടെ, കഴിഞ്ഞ ദശവർഷങ്ങൾ എടുത്തു പരിശോധിച്ചാൽ മറ്റൊരു സമാനത കണ്ടെത്താനുമാവില്ല. മലയാള സാഹിത്യചരിത്രത്തിൽത്തന്നെ ഒരു പ്രകാശഗോപുരമായി ഈ കൃതി നില്ക്കുന്നു. അടുത്ത കുറെ വർഷങ്ങളിലും ഈ നോവലിന്റെ സ്ഥാനം അനിഷേധ്യമായിരിക്കുകയും ചെയ്യും.

എത്രപേർ വായിച്ചു, എത്രമാത്രം ചർച്ചചെയ്യപ്പെട്ടുകഴിഞ്ഞു. ഖണ്ഡനവും മണ്ഡനവുമായി എത്രപേർ നിരൂപണം ചെയ്തു എന്നൊക്കെ കണക്കാക്കുക വിഷമം. മലയാള നോവലിന്റെ വികാസപരിണാമങ്ങൾക്ക് 'ഖസാക്കിന്റെ ഇതിഹാസം' നല്കിയ സംഭാവന അനന്യമാണ്, അഭൂതപൂർവവുമാണ്.

മലയാളഭാഷയ്ക്ക് പുതിയ മാനങ്ങൾ നല്കിയ ഒ.വി. വിജയന്റെ മാസ്റ്റർപീസ് 'ഖസാക്കിന്റെ ഇതിഹാസ'മാണ്. കാർട്ടൂണിസ്റ്റ്, ചിന്തകൻ, എഴുത്തുകാരൻ എന്നീ നിലകളിലൊക്കെ പ്രഖ്യാതനും പ്രമുഖനുമായ വിജയന്റെ മികച്ച കൃതികൾ ഇപ്പോൾ ലോകഭാഷയായ ഇംഗ്ലിഷിലേക്കും വന്നുകൊണ്ടിരിക്കുന്നു. അവയുടെയെല്ലാം മൂലകൃതികൾ ആദ്യമായി പുറത്തുകൊണ്ടുവരാൻ ഞങ്ങൾക്കു കഴിഞ്ഞു. 'ധർമ്മപുരാണം', 'ഗുരുസാഗരം', 'കടൽത്തീരത്ത്', 'കാറ്റ്

പറഞ്ഞ കഥ’, ‘ഇതിഹാസത്തിന്റെ ഇതിഹാസം’ ഇവയൊക്കെ പ്രസിദ്ധീകരിക്കാൻ കഴിയുക ഒരു പ്രസാധകനെ സംബന്ധിച്ച് ‘വരലബ്ധി’പോലെയാണെന്ന് ഞങ്ങളറിയുന്നു. ഇപ്പോഴിതാ കാലാതിവർത്തിയായ ഈ ‘ഇതിഹാസ’വും.

കോട്ടയം

ജൂലൈ 11, 1990

ഡി സി കിഴക്കെമുറി

ഉള്ളടക്കം

1. വഴിയമ്പലം തേടി

2. തിരിച്ചുവരവ്

3. പുരോഹിതൻ

4. ഖസാക്കിലെ സുന്ദരി

5. ഷെയ്ഖിന്റെ ഖാലിയാർ

6. വിദ്യാലയങ്ങൾ

7. ജാലകം

8. സഹവർത്തികൾ

9. ആദ്യപാഠങ്ങൾ

10. ഉൾക്കിണറ്

11. നരി

12. സന്ധ്യ

13. അച്ഛൻ

14. തുമ്പികൾ

15. അവശിഷ്ടങ്ങൾ

16. കിഴക്കു പോകുന്നവർ

17. ശ്ലഥാക്ഷരങ്ങൾ

18. ഉത്സവം

19. പൂവിന്റെ മണം

20. വിളയാട്ടം

21. ഷെയ്ഖിന്റെ മൊഴി

22. മതംമാറ്റം

23. സൗരയൂഥം

24. കിഴവന്റെ മുഖം

25. ശ്രാദ്ധം

26. കലവറകൾ

27. വഴിയമ്പലം

28. കഥാന്തരം

1. വഴിയമ്പലം തേടി

കൂമൻകാവിൽ ബസ്സു ചെന്നു നിന്നപ്പോൾ ആ സ്ഥലം രവിക്ക് അപരിചിതമായിത്തോന്നിയില്ല. അങ്ങനെ പടർന്നു പന്തലിച്ച മാവുകൾക്കടിയിൽ നാലഞ്ച് ഏറുമാടങ്ങളുടെ നടുവിൽ താൻ വന്നെത്തുമെന്ന് പണ്ടേ കരുതിക്കാണണം. വരുംവരായകളുടെ ഓർമ്മകളിലെവിടെയോ ആ മാവുകളുടെ ജരയും ദീനതയും കണ്ടുകണ്ടു ഹൃദിസ്ഥമായിത്തീർന്നതാണ്. കനിവു നിറഞ്ഞ വാർദ്ധക്യം, കുഷ്ഠം പറ്റിയ വേരുകൾ എല്ലാമതുതന്നെ.

ആളുകൾ ബസ്സിറങ്ങി പിരിഞ്ഞുപോകാൻ തുടങ്ങി. അവിടം ബസ്സുറൂട്ടിന്റെ അവസാനമാണ്. ഒരു ദശാസന്ധിപോലെ ആ ചെറിയ പീടികകളുടെ നടുവിൽ വെട്ടുവഴി അവസാനിച്ചു. അതും താണ്ടിയുള്ള യാത്രയിൽ ഇത്തിരി വിശ്രമം ലാഭിച്ചെടുക്കാനെന്നോണം അയാൾ ബസ്സിനകത്ത് ചാരിയിരുന്നു.

തല തിരിയുന്നുണ്ട്. രാവിലെ തുടങ്ങിയതാണ് ബസ്സുയാത്ര. ബോധാനന്ദ സ്വാമികളുടെ ആശ്രമത്തിൽനിന്നു പുറപ്പെടുമ്പോൾ വെള്ളി പൊട്ടിയിരുന്നേയുള്ളു. അന്തേവാസിനിയായ സ്വാമിനിയുടെ കാവിക്കച്ചയും ചുറ്റിയാണ് ഇറങ്ങിയത്. ധൃതിയിൽ പറ്റിയ അബദ്ധമായിരുന്നു. നേരം പൊങ്ങീട്ടേ മുണ്ടുകൾ മാറിപ്പോയതു മനസ്സിലായുള്ളു. കാവിക്കച്ച ചുറ്റി ചവിട്ടുവഴിത്താരയിലൂടെ കുന്നു കയറി പള്ളമിറങ്ങി ബസ്സുനിരത്തിലേയ്ക്കു നടന്നപ്പോൾ മരങ്ങളും പാറകളും കുറ്റിച്ചെടികളും ഗർഭബീജങ്ങളെപ്പോലെ ഉയിർത്തു രൂപംകൊള്ളുകയായിരുന്നു.

''പെട്ടിയെട്ക്കാൻ ആള് വേണ്ടേ?'' ബസ്സിന്റെ ഓരം ചാരി നിന്നുകൊണ്ട് കൺഡക്ടർ അകത്തേയ്ക്കു നോക്കി രവിയോടു പറഞ്ഞു: ''നമ്മളൊരാൾനെ ഏർപ്പാടാക്കീട്ട്ണ്ട്.''

‘‘ഓ, ഉപകാരം.’’

രവി ഇറങ്ങി. കാലു നിലത്തുവെച്ചപ്പോൾ, നേരമ്പോക്കുതന്നെ, ചുരം കേറുന്ന ബസ്സിൽ തല പുറത്തേയ്ക്കിട്ട് ഇരിയ്ക്കുന്നപോലെ തോന്നുന്നു.

അരയാലിലകളിൽ ഒരു പതിഞ്ഞ കാറ്റു വീശി. തലതിരിച്ചിലിന് ഇത്തിരി ആക്കം തോന്നി.

ബസ്സിന്റെ തട്ടിൽനിന്ന് പെട്ടിയും കിടക്കയും ഇറക്കിക്കഴിഞ്ഞിരുന്നു. ഹോൾഡോളിന്റെ പുറത്തു പതിഞ്ഞിരുന്ന അഴുക്കുപാടുകളിലേയ്ക്ക് രവി നോക്കി. അതൊക്കെ സോഡാപ്പൊടിയും ചൂടുവെള്ളവുമൊഴിച്ചു കഴുകിക്കളയണമെന്നോ മറ്റോ അയാൾ നിശ്ചയിച്ചു. സുഖാലസ്യത്തിന്റെ ചുഴിയിൽ പതുക്കെ കറങ്ങിത്തിരിയുന്ന മനസ്സിനെ നിലയ്ക്കുനിർത്താനെന്നോണം രവി ആ അഴുക്കുപാടുകളിൽ ശ്രദ്ധചെലുത്താൻ ശ്രമിച്ചു.

‘‘ഞെങ്ങ്ണ്ടാണ്?’’ * ചുമട്ടുകാരൻ ചോദിച്ചു.

‘‘ഇനി—’’ രവി പറഞ്ഞു.

അരയാലിലകളിൽ കാറ്റു വീശി.

‘‘ഖസാക്കിലിയ്ക്ക്,’’ രവി പറഞ്ഞു.

ഏറുമാടങ്ങളിൽ ഒന്ന് സർവ്വത്തുപീടികയായിരുന്നു.

‘‘രണ്ടു സർവ്വത്ത്,’’ രവി പറഞ്ഞു.

‘‘ഹായ്! ഞമ്മ്ക്ക് വേണ്ടാ,’’ ചുമട്ടുകാരൻ ഭംഗിവാക്കു പറഞ്ഞു.

‘‘കഴിയ്ക്ക്യാ, കാർണോരെ,’’ രവി ധൈര്യപ്പെടുത്തി. ‘‘ഇനി ബടന്നങ്ങട് ഇശ്ശി നടക്കണ്ടേ?’’

വേവട പിടിപ്പിച്ച നരകപടത്തിനു മുമ്പിലിരുന്നുകൊണ്ട് പീടികക്കാരൻ ഗ്ലാസ്സുകൾ കലത്തിൽ മുക്കി കഴുകിവെച്ച് നന്നാരി സർവ്വത്തിന്റെ കുപ്പി തുറന്നു.

‘‘ഷോട വേ്ണോ?’’

‘‘വേണ്ട. ഐസ്ണ്ടോ?’’

‘‘ഐശില്ല. പക്ഷെ, വെള്ളം ഐശില്ം തണ്പ്പാണൂ.’’

ഒരു കവിൾ കുടിച്ചുനോക്കിയപ്പോൾ, നേരാണ്, പുതുമഴയുടെ ചുവയുള്ള വെള്ളം. അവിടെ ഒരു ബെഞ്ചിലിരുന്നുകൊണ്ട് രവി കൂമൻകാവിന്റെ ചിത്രമുൾക്കൊള്ളാൻ ശ്രമിച്ചു. നിലത്തറഞ്ഞ തേക്കിൻകുറ്റികളിൽ കേറ്റി നിർത്തീട്ടുള്ള നാലഞ്ച് ഏറുമാടങ്ങളായിരുന്നു കൂമൻകാവങ്ങാടി. പാതയവസാനിയ്ക്കുന്നേടം ചെറിയൊരു മൈതാനമായിരുന്നു. അതിനു ചുറ്റുമാണ് ഏറുമാടങ്ങൾ കിടന്നത്. അവയുടെ പുറകിൽ തുവരക്കാടുകളിലും വാഴ ക്കൂട്ടങ്ങളിലും നഷ്ടപ്പെട്ട കുടിലുകൾ. അവയ്ക്കെല്ലാം മുകളിൽ ബലിഷ്ഠ കായന്മാരായ മുത്തച്ഛന്മാരെപ്പോലെ പടർന്നുനിന്ന മാവുകൾ. നീലഞരമ്പോടിയ പരന്ന തണലുകൾ.

നരകപടത്തിൽ വീണ്ടും രവിയുടെ ശ്രദ്ധ പതിയുകയായി. വളരെ പഴക്കംചെന്ന പടമാണെന്നു തോന്നി. അത്രയും കാലം തന്നെക്കാത്ത് അത് ഈ പീടികയിൽ കിടന്നിരിയ്ക്കണം. അരയാലിലകളിൽ കാറ്റു പതിഞ്ഞു വീശി. രവി പീടികയ്ക്കകത്തെ ജാഡികളിലേയ്ക്കും കൃഷ്ണ മണികളുള്ള ലമണേഡു കുപ്പികളിലേയ്ക്കും നോക്കി. മൂലയിൽ ഒരു പഴയ ഗ്രാമഫോൺ പെട്ടിയിരിയ്ക്കുന്നു. നായ്ക്കുട്ടിയുടെ ചിത്രമുള്ള അതിന്റെ കാളം പുറ ത്തേയ്ക്കു വിടർന്നുനിന്നു. ആ കാളത്തിലേയ്ക്കു നോക്കിയപ്പോൾ അയാൾ എന്തൊക്കെയോ ഓർമ്മിച്ചു. ഒന്നോ രണ്ടോ ഓർമ്മകളല്ല. കഥനസ്വഭാവ മില്ലാത്ത ഓർമ്മകളുടെ വലിയൊരു മൂടൽമഞ്ഞ് തന്നെ സ്പർശിച്ചെന്നു. തോന്നി.

പീടികക്കാരൻ ആളുകളെ വെറുതേവിടുന്ന കൂട്ടത്തിലായിരുന്നില്ല.

ഒരു ഗ്ലാസ് സർവ്വത്തു കുടിച്ചുതീരുന്നതിനിടയിൽ രവി ഖസാക്കിലേയ്ക്കാണെന്നും അവിടുത്തെ മാസ്റ്ററാവാൻ പോവുകയാണെന്നുമൊക്കെ മനസ്സിലാക്കിക്കഴിഞ്ഞിരുന്നു.

''അപ്പോ അവടെ ഷ്കോള്ണ്ടോ?''

''ഞാൻ ചെന്നിട്ടുവേണം തൊടങ്ങാൻ.''

രവി വിവരിച്ചു. ഏകാദ്ധ്യാപക വിദ്യാലയമാണ്. ജില്ലാബോർഡിന്റെ പുതിയ പദ്ധതിയാണ്.

''ഉം,'' പീടികക്കാരൻ രവിയുടെ കാവിക്കച്ചയിലേയ്ക്കു നോക്കി. ''ഞാന്നെനച്ചു കോങ്ക്റസാണ്ന്ന്.''

രവി ചിരിച്ചു.

''കോൺഗ്രസ്സ് തൽക്കാലം വേണ്ടാന്ന് വെച്ചിരിയ്ക്ക്യാ. പിന്നെ ഈ കാവി വേദാന്തത്തിന്റെ സൂക്കേട്കൊണ്ടാന്ന് വെച്ചോളൂ.''

പീടികക്കാരൻ തൊഴുകൈയോടെ നില്പായി. കാവിമുണ്ടിനു കൂട്ടായി ഒരു കാവിപ്പുതപ്പുകൂടിയുണ്ടായിരുന്നെങ്കിൽ എന്ന് രവി ആശിച്ചബോധാനന്ദന്റെ പുതപ്പുകളിലൊന്നു ചൂണ്ടാമായിരുന്നു. പക്ഷെ, സ്വാമിനിയുടെ കച്ച ചുറ്റി കടന്നുകളഞ്ഞതെല്ലാം അങ്ങനെ ഓർക്കാപ്പുറത്തായിരുന്നല്ലോ.

''ഞാൻ വന്ന് കണ്ടോളയാ,'' പീടികക്കാരൻ പറഞ്ഞു. ''ഇങ്ങ്ണ്ട് വര്മ്പൊക്കെ ഇബടെ കയിരീട്ടേ പുഗ്ഗാമ്പഷ്ത്ള്ളൂ.'' [1]

നിർബ്ബന്ധിച്ചിട്ടേ സർവ്വത്തിന്റെ വില വാങ്ങിയുള്ളൂ.

പെട്ടിയും കിടക്കയുമെടുപ്പിച്ച് രവി പുറപ്പാടായി. അങ്ങാടി വിട്ട് അവർ ഒരിട്ടിലിലേയ്ക്കിറങ്ങി. ഇട്ടിലിറങ്ങുന്നത് ഒരു പള്ളത്തിലേയ്ക്കാണ്. തൃത്തറാവിന്റെ [2] മണം. ഇരുവശവും പച്ച തഴച്ച വേലികളിൽ പൂച്ചെടിപ്പൂക്കൾ ഉറ്റു വിരിഞ്ഞുനിന്നു.

“എത്ര വഴീണ്ട്?'' ചുമട്ടുകാരനോടു ചോദിച്ചു.

''ദാ, അട്ത്തെന്നെ.''

നട്ടുച്ചയാണ്. കാറ്റു വീശുന്നില്ല. എല്ലാം മയങ്ങിക്കിടപ്പാണ്.

ഒരുച്ചത്തണലിലെവിടെയോ രവിയുടെ ഓർമ്മകൾ തുടങ്ങുന്നു. കുട്ടിക്കാലം. സിൻഡെറെല്ലയുടെ കഥ. നക്ഷത്രങ്ങൾ വിതറിവരുന്ന യക്ഷിയമ്മമാർ. അച്ഛൻ വായിച്ചുതന്ന കഥകൾ ഓർമ്മയിൽ ആവർത്തിച്ചാവർത്തിച്ച് കളിപ്പാട്ടങ്ങൾ മുന്നിൽ നിരത്തിവെച്ച് അയാൾ തിണ്ണയിൽ തനിച്ചിരിയ്ക്കും. അച്ഛനും ചിറ്റമ്മയും അകത്ത് ഉച്ചമയങ്ങുകയാവും. തിണ്ണയിൽനിന്നു ദൂരേയ്ക്കു നോക്കിയാൽ അറ്റമില്ലാതെ ഞെറിഞ്ഞു കിടക്കുന്ന കാപ്പിത്തോട്ടങ്ങളാണ്. കാപ്പിത്തോട്ടങ്ങൾ കഴിഞ്ഞാൽ പിന്നെ മഞ്ഞപ്പുല്ലു പുതച്ച കുന്നുകൾ, ആകാശം. അതത്രയും ഉൾക്കൊണ്ടുകൊണ്ട് ഒരു ഗർഭവതിയെപ്പോലെ കിടന്ന വെയില്.

രവി അമ്മയുടെ വയറും ചാരി കിടക്കുമ്പോൾ അവർ പറയുമായിരുന്നു, ‘‘നക്ഷത്രക്കുട്ടാ, കല്പകവൃക്ഷത്തിന്റെ തൊണ്ട് കാണണോ?’’

വെയിലെരിയുന്ന മാനത്ത് നോക്കിയിരുന്നാൽ മതി. കുറേനേരം അങ്ങനെ നോക്കുമ്പോൾ സ്ഫടികമണികൾ കോർത്തിണക്കിയപോലെ എന്തോ കണ്ണനങ്ങുന്നതിനൊപ്പം ഇളകുന്നതു കാണാം. ഇമതല്ലിമിഴിച്ചാൽ അതു കാണാതാവും. ദേവന്മാർ കല്പകവൃക്ഷത്തിന്റെ ഇളനീരു കുടിച്ച് തൊണ്ടുകൾ താഴോട്ടെറിയുകയാണത്രേ. ചാരിക്കിടന്നുകൊണ്ട് രവി കരിക്കിൻതൊണ്ടുകൾ എണ്ണിത്തുടങ്ങും. ഒന്ന്, രണ്ട്, മൂന്ന്. നിഴലും തിളക്കവുമുള്ള മേഘത്തിന്റെ വിടവിലൂടെ അതാ ഒന്നു താഴോട്ടുതിരുന്നു. മഞ്ഞപ്പുൽത്തകിടികളിലൂടെ, കുന്നിൻ ചെരിവിലൂടെ, മറ്റൊന്നു കാപ്പിത്തോട്ടങ്ങളിൽ നഷ്ടപ്പെടുന്നു.

പന്ത്രണ്ട്!

അപ്പോഴേയ്ക്കും കണ്ണു കടയാൻ തുടങ്ങും. കണ്ണു ചിമ്മി മിഴിച്ചാൽ കരിക്കിൻതൊണ്ടുകളില്ല. മേഘക്കീറുകളും സ്ഥലത്തിന്റെ ശൂന്യശിഖരത്തിനു ചുറ്റും കപ്പലോട്ടുന്ന ചൂട്ടൻ കഴുകനും മാത്രമേയുണ്ടാവൂ.

‘‘നക്ഷത്രക്കുട്ടാ,’’ അമ്മ പറയും, ‘‘അമർത്തിച്ചാരാണ്ടിരിയ്ക്കൂ.’’

ചന്ദനനിറമുള്ള ആ വയറ്റിൽ ഒരനുജത്തിയുണ്ട്. വളരെക്കാലം മുമ്പ് തന്റെ കൂടെ അമ്മയുടെ കാലിന്റെ പെരുവിരലിനകത്തു താമസമായിരുന്നു. അവിടന്നങ്ങിനെ കേറിക്കേറി വയറ്റിലെത്തി. പക്ഷേ, അനുജത്തിയെ കാണാൻ പറ്റിയില്ല. അതിനു മുമ്പേ അമ്മ മരിച്ചുപോയി.

അമ്മ മരിച്ചതിന്റെ തെളിഞ്ഞ ഓർമ്മകളില്ല. ഉച്ചനേരത്ത് തോട്ടം തൊഴിലാളികൾ തിണ്ണയിലും മുറ്റത്തും തിരക്കിനിന്നിരുന്നു. അച്ഛന്റെ ചങ്ങാതിമാർ പലരും അകത്തെ മുറികളിൽ അങ്ങുമിങ്ങും നടന്നു. അമ്മയുടെ കട്ടിലിനരികിലെ മേശപ്പുറത്ത് പളുങ്കുകുപ്പികളിൽ അത്തറു നിറച്ചുവെച്ചിരുന്നു. കണ്ണുകൾ ചിമ്മി അമ്മ കട്ടിലിൽ വിശ്രമിച്ചു. പുറത്ത്, കല്പക വൃക്ഷത്തിന്റെ തൊണ്ടുകൾ ഉതിർന്നു വീണുകൊണ്ടിരുന്നു.

അമ്മയെ ചുമന്നുകൊണ്ടുപോകുമ്പോൾ ആരോ തന്നെ പിടിച്ചു മാറ്റി. എങ്ങോട്ടു പോകുന്നെന്ന് തനിയ്ക്കറിയാമായിരുന്നു. കാപ്പിത്തോട്ടവും കുന്നും കടന്ന് അപ്പുറത്തേയ്ക്കാണ്. അങ്ങോട്ടു. നോക്കിയാണ് എന്നും താൻ തിണ്ണയിലിരിയ്ക്കാറ്. അവിടെ, ആകാശത്തിന്റെ അതിരുകളിൽ പുൽക്കൊടികളെപ്പോലെ പൈൻമരങ്ങൾ വളർന്നു നിന്നു. അവ ഉച്ചച്ചൂടിൽ അലിഞ്ഞൊഴുകാൻ തുടങ്ങുമ്പോൾ, കിരീടം ചൂടിയ ജലസർപ്പങ്ങൾ ചിറകടിച്ചു പൊങ്ങി വന്നു തന്നെ മാടിവിളിച്ചു.

''മഷ ഇയ്ക്കെല്ലം [1] പന്തികേ്ടാണൂ.''

ചുമട്ടുകാരൻ പറയുകയാണ്.

''ഓ,'' രവി മൂളി.

''കഷിഞ്ഞെല്ലം [2] രാസ്തിയായിട്ടും പോയി.''

ഏതാണ്ട് മൂന്നു നാഴിക നടന്നിരിയ്ക്കണം. ഇനിയും അത്രതന്നെ വഴിയുണ്ടെന്നു. കാരണവർ പറഞ്ഞു. സാമാന്യം ഉയരമുള്ള ഒരു മേട്ടിലാണ് അവരിപ്പോൾ. പുറകിൽ അകലത്തായി കൂമൻകാവിലെ മേൽപ്പുരകൾ കാണാം. മാവുകളുടെ പന്തലിപ്പുകാണാം. അവയ്ക്കു മുകളിൽ ചെമ്മണ്ണുയർന്നു. ബസ്സു പാലക്കാട്ടേയ്ക്കു

തിരിച്ചുപോവുകയായിരുന്നു. ചെമ്മണ്ണു വീണ്ടും ശമിയ്ക്കുന്നതുവരെ രവി അതു നോക്കിനിന്നു. ‘‘തളന്നോ?’’കാരണവർ ചോദിച്ചു.

‘‘ല്യ.’’

“എ്ന്തോ നെനച്ച് ന്ന്നൂ, ല്ലേ?’’

“ഓ, ഒന്നൂല്യ.’’

കാരണവർ ചിരിച്ചു.

‘‘എ്ന്നാ നടക്കീ,ങ്കുട്ടീ.’’

വീണ്ടും ഇറക്കമാണ്. അതു കഴിഞ്ഞാൽ ഒരു പറമ്പും പാടങ്ങളും. നിറയെ കരിമ്പനകൾ. ഉച്ച തിരിഞ്ഞിരുന്നു. കാറ്റു വീശാൻ തുടങ്ങി. ചുരം കടന്ന് പാലക്കാടൻ കരിമ്പനക്കാടുകളിലേയ്ക്കു വീശുന്ന കിഴക്കൻ കാറ്റാണത്.

വളരെ ഉയരത്തിൽ ഒരു പക്ഷി ചൂളം വിളിച്ചു. കാരണവർ ചെവിയോർത്തു.

‘‘ന്നോ നാള്യോ മഷ പെയ്യ്വം,’’ അയാൾ പറഞ്ഞു. മഴ വരാനിരിയ്ക്കുമ്പോഴാണ് മാണിയൻ ചൂളമിടുക.

മഴയെപ്പറ്റിയാണ് സംസാരം. ഒന്നു മൂളിക്കൊടുത്താൽ മതി, കാരണവർ ഉത്സാഹത്തോടെ പറഞ്ഞുകൊള്ളും. മഴ മനുഷ്യനെ കറക്കാതിരുന്ന കാല മുണ്ടായിട്ടില്ല.

‘‘അതല്ലേ കുട്ടീ ഈ മായ?’’

രവിയ്ക്കു പെട്ടെന്ന് തന്റെ കാവിമുണ്ടിന്റെ കാര്യം ഓർമ്മ വന്നു. വിദഗ്ധാഭിപ്രായമാവശ്യപ്പെടുകയാണ് കാരണവർ. വേദാന്തം ഇത്തിരി പ്രയോഗിച്ചാലെന്തെന്ന് രവിയ്ക്കും തോന്നാതെയല്ല. പക്ഷെ, വേണ്ടെന്നു വെച്ചു. വയ്യ. ക്ഷീണമാണ്. എങ്ങനെയെങ്കിലും നടന്നു സങ്കേതമണയട്ടെ.

ചോദ്യത്തിനു രവി മറുപടി പറഞ്ഞു, ‘‘മായേന്ന്യാന്ന് വെച്ചോളു.’’

മറുപടി കാരണവരെ നിരാശപ്പെടുത്തി. എങ്കിലും കാരണവർ തുടർന്നു,''മലമ്പൊഷ അണ കെട്ടി വെള്ളം തിരിയ്ക്ക്ംന്നൊക്കെ പറയിണ്ണ്ട്ടൂ. ഇല്ലാത്ത മഷനെ പെയ്യിക്കാനോ പെയ്ണ മഷനെ തട്ക്കാനോ മൻക്ഷൻ കൂട്ട്യാ കൂട്വോന്നും, കുട്ടീ?''

''നേരാ, പക്ഷെ, അണ കെട്ട്യാപ്പിന്നെ മഴേ ത്ര പേടിയ്ക്കണ്ടാലോ.''

അതു പറയരുതായിരുന്നു. രസക്കയറു പൊട്ടി.

''എ്ന്തോപ്പാ,'' കാരണവർ പറഞ്ഞു. ആളുകൾ പറയുന്നു, പുന്നപ്പാറയിലെ രണ്ടു മലകളെ കരിങ്കൽചുമരുകൊണ്ടു ബന്ധിയ്ക്കുമെന്ന്. കടലിലേയ്ക്കൊഴുകുന്ന മലമ്പുഴ തടഞ്ഞുനിർത്തി ഖസാക്കിലേയ്ക്കു വെള്ളം തിരിയ്ക്കുമെന്ന്. കാലവർഷത്തിന്റെ ശാഠ്യം മനുഷ്യൻ തിരുത്തുമെന്നു ധരിച്ചാൽ— കണ്ടുതന്നെയറിയണം.പോരെങ്കിൽ, അങ്ങനെ ചെയ്യാമോ ആവോ. ഈശ്വരന്റെയും മനുഷ്യന്റെയും ബലാബലങ്ങളുടെ തുലനമാണവിടെ.

ഒരു ചവിട്ടടിപ്പാത കോണോടുകോണായി പാടം മുറിച്ചു കിടന്നു.

''ദാ, ബടെത്തന്നെ,'' കാരണവർ പറഞ്ഞു.

അവരുടെ മുമ്പിൽ ഇടതിങ്ങിവളർന്ന ഒരു മരക്കുടിലായിരുന്നു. അതിന്റെ വിടവുകളിലൂടെ മഞ്ഞയും തവിട്ടും ചുവപ്പുമായി മേൽപ്പുരകൾ കാണാമായിരുന്നു. വെയിലിനെ മങ്ങിച്ച ഒരു മേഘം നീങ്ങിയപ്പോൾ നിറങ്ങൾ തെളിഞ്ഞു. ചവിട്ടടിപ്പാതകൾ നാട്ടുകാര്യസ്ഥന്മാരെപ്പോലെ നാലു ഭാഗത്തേയ്ക്കും പൊയ്ക്കൊണ്ടിരുന്നു. തോട്ടുവക്കത്തു മേഞ്ഞുനടന്നൊരു കരിമ്പോത്ത് കൊമ്പുകളെടുത്തുപിടിച്ച് രവിയെ നോക്കി മുക്രയിട്ടു. മരക്കുടിലിനകത്തു നിന്ന് ആരോ നീളത്തിലീണത്തിൽ വിളിച്ചു, ''ഖദീസാ— ഖദീസോാാ!''

ഖസാക്കിനു പുറകിലുയർന്ന ചെതലിമലയുടെ വാരികളിൽ കാട്ടു തേനിന്റെ വലിയ തവിട്ടുപാടുകൾ രവി കണ്ടു.

ചെതലിമലയെ തുടർന്നങ്ങോട്ടു കിഴക്കൻ മലകളാണ്. ചവറ്റിലക്കിളികൾ, മണിപ്രാവുകൾ, വണ്ണാത്തിപ്പുള്ളുകൾ, എന്തെല്ലാമോ കുറുകുന്നു. ഒരു ദേവിയാൻ പാമ്പ് വഴി മുറിച്ച് കാരപ്പൊന്തയിലേയ്ക്കു കേറി. ദൂരെയെവിടെയോ കാക്കകൾ റ്റെറൊഡാക്റ്റൈലുകളെപ്പോലെ വെയിലിന്റെ സ്ഫടികകമാനത്തിലേയ്ക്കു നിലവിളിച്ചു പൊങ്ങി.

തേവാരത്തു ശിവരാമൻനായരുടെ ചെറിയൊരു ഞാറ്റുപുരയിലായിരുന്നു ഏകാദ്ധ്യാപകവിദ്യാലയം. രണ്ടു മുറി, വരാന്ത, പുറകിൽ താഴ്വാരം. വാതിൽ തുറന്നപ്പോൾ മണ്ണിന്റെയും നെല്ലിന്റെയും മണം വന്നു. നാലഞ്ചു ബഞ്ചുകൾ, കസേല, മേശ, ബോഡ്, ഗാന്ധിജിയുടെയും ഹിറ്റ്ലറുടെയും ഹനൂമൽപാദരുടെയും വർണ്ണപടങ്ങൾ. ഇതൊക്കെ ശിവരാമൻനായരുടെ സംഭാവനയായി കാലേകൂട്ടി കരുതിവെച്ചിരുന്നു.

''ഷ്കോളങ്ങ്ട് തൊടങ്ങട്ടെ, മേഷ്ഷേ,'' ശിവരാമൻനായർ പറഞ്ഞു, ''പിന്നെപ്പിന്നെ നമക്ക് ശർവ്വോം സൗകിരിയാക്കാ.''

രവി ഒന്നു മൂളുക മാത്രം ചെയ്തു.

''മേഷ്ഷ്ക്ക് ഇബടത്തന്നെ പാർക്കാ.''

''ഉം.''

''നൊമ്പടെ വീട്ടില്യ്ക്ക് വിളിയ്ക്കുവാടന്നു ഞാൻ. പക്ഷെ...''

''നല്ല കാര്യായി ശിവരാമൻനായരേ. ഈ ചെയ്തതൊക്കെത്തന്നെ ശ്ശി ധാരാളായി.''

''നമോ നമ! നൊമ്പളാൽ കഴീണത്...''

രണ്ടു ഗോമാങ്ങ, നനഞ്ഞു പരന്ന നാലിഡ്ഡലി, മുളകുപൊടി, എരുമപ്പാലൊഴിച്ചു കൊഴുപ്പിച്ച കാപ്പി ഒരു കൂജ നിറയെ. ഇത്രയും

വെച്ചാണ് ശിവരാമൻനായർ തിരിച്ചുപോയത്. വിശക്കുന്നുണ്ടായിരുന്നു. അതുകാരണം നല്ല രുചിതോന്നി.

സ്കൂളിനു ചുറ്റും പത്തുപതിനഞ്ചു കുട്ടികൾ വട്ടം തട്ടി നിന്നു. കുട്ടികളെ തിരിച്ചു വിളിക്കാനെന്ന ഭാവത്തിൽ കുറേ പെണ്ണുങ്ങളും അവിടെ വന്നു നില്പായി. വലിയ ചുണ്ടുകളും പതിഞ്ഞ മൂക്കുമുള്ള ഒരെണ്ണമൈലി. വാലു വെച്ചു കണ്ണെഴുതിയ ഒരു മദ്ധ്യവയസ്ക. തുടകൾ പറ്റെ കാണുവോളം ചേല മടക്കിക്കുത്തി കുഞ്ഞിനു മുല കൊടുത്തുകൊണ്ടു നിന്ന ഒരു ചെട്ടിച്ചി. അപ്പോഴാണ് ആ കുള്ളനായ കുതിരത്തലയനെ രവി കണ്ടത്. കുട്ടിയോ മുതിർന്ന മനുഷ്യനോ എന്നു നിർണ്ണയിക്കാൻ വയ്യ. ഒരു പച്ചത്തുമ്പിയെ നൂലിൽ കെട്ടിപ്പറപ്പിച്ചുകൊണ്ട് അവൻ കുട്ടികളുടെ നടുവിൽ നിന്നു. കുട്ടികൾ അവനെ പതുക്കെ രവിയുടെ നേർക്കു തള്ളിവിടുകയാണ്. അത്രയും പെട്ടെന്ന് സഖ്യം സ്ഥാപിയ്ക്കേണ്ടെന്നു. രവി നിശ്ചയിച്ചു. എങ്കിലും മുഖം മുറിയേണ്ടെന്നു കരുതി ചോദിച്ചു, ‘‘എന്താ പേര്?’’

‘‘പറയെടാ, കിളിയേ,’’ കുട്ടികൾ പ്രോത്സാഹിപ്പിച്ചു.

മങ്ങിയ പിത്തച്ചിരിയോടെ അവൻ പറഞ്ഞു, ‘‘അപ്പുക്ക്ളി.’’

‘‘അപ്പുക്കിളിയോ?’’

“തന്നെ സാർ,’’ കുട്ടികൾ പറഞ്ഞു: ‘‘കൊഞ്ഞനാണ്, സാർ.’’

‘‘എട്ട്കാലിപ്രാന്തനാണ്, സാർ.’’

‘‘ശരി,’’ രവി പറഞ്ഞു, “ഇപ്പോ പൂവ്വാ. അട്ത്ത തിങ്കളാഴ്ച എല്ലാര്ം വര്ല്യേ?’’

ചിലമ്പു കിലുക്കുമ്പോലെ എല്ലാവരുമൊന്നിച്ചു പറഞ്ഞു, “ഓ, സാർ.’’

ഇത്തിരി സ്വരം മാറ്റി പറയേണ്ടിവന്നു, ‘‘ആ, ഇപ്പൊ എല്ലാര്ം പുവ്വിൻ.’’

ക്ഷീണവും നീരസവുമുണ്ട്. കുറച്ചൊന്നു. തനിച്ചിരുന്നാൽ കൊള്ളാമെന്നു തോന്നി. കുട്ടികളും പിന്നെയുമിത്തിരികഴിഞ്ഞ്

പെണ്ണുങ്ങളും പോയ്ക്കഴിഞ്ഞപ്പോൾ രവി പെട്ടി തുറന്നു സാധനങ്ങൾ ഒരുക്കി വെയ്ക്കാൻ വട്ടംകൂട്ടി. ജനാലപ്പടിയിലെ കൂറകളെ പായിച്ച് അവിടെ പത്രം വിരിച്ചു വെടുപ്പാക്കി. ഭഗവദ്ഗീത, പ്രിൻസ് തിരുവങ്കുളം, റിൽക്കെ, മുട്ടത്തു വർക്കി, ബോദലേർ, അങ്ങനെ കയ്യിരിപ്പുണ്ടായിരുന്ന ഏതാനും പുസ്തകങ്ങൾ അതിന്മേൽ അടുക്കി വെച്ചു. പിന്നെ ടൂത്ത് ബ്രഷ്, ഷെയ്വിങ്സെറ്റ് തുടങ്ങിയ ശൃംഖലകൾക്കത്രയും സ്ഥലം കണ്ടുപിടിക്കലായി. എന്നിട്ട്, മൂരിനിവർന്ന് കസേലയിലേയ്ക്കു ചാഞ്ഞു. കാൽവണ്ണയും അരക്കെട്ടും നോവുന്നു. വിശ്രമിയ്ക്കണം. കണ്ണടച്ച്, കണ്ണടച്ച്, കൈപ്പടം പതുക്കെപ്പതുക്കെ നെറ്റിയിൽ ചേർത്ത്.

കുളിയ്ക്കാൻ തോട്ടിലേയ്ക്കു തിരിച്ചപ്പോൾ നേരം താണിരുന്നു. ഇത്തിരിച്ചൂടു പൊടിഞ്ഞ പാറകൾ ചവിട്ടിയിറങ്ങി അയാൾ നടന്നു.

താഴത്തെ കടവിൽ രണ്ട് ഉമ്മമാർ കുളിച്ചു നില്പാണ്. മുലയും അരയും മറയാൻ മാത്രം ഞാത്തിക്കെട്ടിയ കാച്ചിക്കീറുകൾ കാറ്റത്തു സ്ഥാനം പിഴച്ചുകൊണ്ടിരുന്നു. അന്തിവെളിച്ചത്തിൽ അവരുടെ ചുമലുകളും തുടകളും കറുത്തു. അലസമായി അങ്ങോട്ടു നോക്കി അയാൾ കഴുത്തറ്റം വെള്ളത്തിൽ മുങ്ങിക്കിടന്നു.

ഉമ്മമാർ ചേല ചുറ്റി കടവു കേറിയപ്പോൾ രവി തനിച്ചായി. ഇളം ചൂടുള്ള വെള്ളം. തോട്ടിൽനിന്നു കേറാൻ തോന്നിയില്ല.

തോടിനും സ്കൂളിനുമിടയ്ക്ക്, തെല്ലൊരറ്റത്തേയ്ക്കു മാറി, സ്ഥൂലവും ജീർണ്ണവുമായൊരു പള്ളി കയ്യും കാലും കുത്തി നിന്നു. തോടിനക്കരെ പാടങ്ങളാണ്. ഒരു താമരക്കുളം. വീണ്ടും പരന്ന പാടങ്ങൾ. അതിനപ്പുറത്ത് സന്ധ്യയുടെ സിന്ദൂരക്കുറി. അവിടെയാണ് നഗരം കിടന്നത്.

നീരൊഴുക്കിൽ രവി ഒന്നു തിരിഞ്ഞിരുന്നു. അയാൾ സ്കൂളിലേയ്ക്കും ഖസാക്കിലേയ്ക്കും നോക്കി. ഖസാക്കിനു

പുറകിൽ ചെതലിമല ഇരുണ്ടു കഴിഞ്ഞിരുന്നു.

രവി ഒരുപാടു നേരം വെള്ളത്തിൽ ആഴ്ന്നു കിടന്നു.

---

* ഇനി എങ്ങോട്ടാണ്?

1 പോകാൻ പഴുതുള്ളൂ. അഥവാ പോകാൻ പാടുള്ളൂ. ‘ഴ’കാരം ‘ഷ’കാരമായും മറിച്ചും ഉച്ചരിക്കുന്നത് പാലക്കാടൻ ഈഴവരുടെ പ്രത്യേകതയാണ്.

2 കാട്ടുതുളസി

1 ഇക്കൊല്ലം

2 കഴിഞ്ഞ കൊല്ലം.

2. തിരിച്ചുവരവ്

ഖസാക്കിലെ ഓത്തുപള്ളിയിലിരുന്നുകൊണ്ട് അള്ളാപ്പിച്ചാമൊല്ലാക്ക രാവുത്തന്മാരുടെ കുട്ടികൾക്ക് ആ കഥ പറഞ്ഞുകൊടുത്തു. പണ്ടു പണ്ട്,

വളരെ പണ്ട്, ഒരു പൗർണ്ണമിരാത്രിയിൽ ആയിരത്തിയൊന്നു കുതിരകളുടെ ഒരു പട ഖസാക്കിലേയ്ക്കു വന്നു. റബ്ബുൽ ആലമിനായ തമ്പുരാന്റെയും മുത്തുനബിയുടെയും ബദരീങ്ങളുടെയും ഉടയവനായ സെയ്യദ്മിയാൻ ഷെയ്ഖും തങ്ങന്മാരുമായിരുന്നു അത്. ആയിരം കുതിരകളും കേടറ്റ വെള്ളക്കുതിരകളായിരുന്നു. എന്നാൽ ഷെയ്ഖ് തങ്ങളാകട്ടെ, ചടച്ചു കിഴവനായ ഒരു പാണ്ടൻകുതിരപ്പുറത്താണ് സവാരി ചെയ്തത്.

ഇതിഹാസം ചെവിക്കൊണ്ട ഓരോ തലമുറയും ചോദിച്ചിട്ടുണ്ട്, ‘‘അതെ ത്ക്ക്, മൊല്ലാക്ക?’’

‘‘അന്ത കുതരിയ്ക്കി ആര് തൊണ?’’ മൊല്ലാക്ക പറഞ്ഞു. ‘‘അത്ക്ക് തൊണ പടച്ചവൻ. ശെയ്ക്ക് തങ്ങള്.’’

അതാണ് ഷെയ്ഖ് തമ്പുരാൻ ആ കുതിരയെ തിരഞ്ഞുപിടിച്ചത്. എന്നിട്ട് ആ കുതിരയ്ക്കു കാലു കഴച്ചപ്പോൾ പട നില്ക്കണമെന്നു കല്പിച്ചു. തങ്ങന്മാർ കുതിരകളെ കരിമ്പനകളിൽ തളച്ചിട്ടു. രാത്രിയുടെ അവസാനയാമത്തിൽ പാണ്ടൻകുതിര ചത്തു. ഖസാക്കിലെ പനങ്കാട്ടിലാണ് അവനെ കുടി വെച്ചത്. കിഴക്കൻകാറ്റടിക്കുമ്പോൾ ഞൊണ്ടിയുമിരടിയും അവന്റെ കുളമ്പടി കേൾക്കാമത്രെ. പഴണിമല കേറാൻ പോകുന്ന ഷൺമുഖാനന്ദന്മാർ കാലു തളരുമ്പോൾ അവനെ വിളിച്ചു. കിഴവന്മാരെയും വിധവകളെയും അവൻ പുറത്തു കേറ്റി ചുരം കടത്താറുണ്ടെന്ന് ഐതിഹ്യം പറഞ്ഞു.

പാണ്ടൻകുതിരയുടെ പനങ്കാട്ടിൽ തങ്ങന്മാർ പാളയമടിച്ചു. ആ പാളയത്തിന്റെ സന്തതികളത്രെ ഖസാക്കുകാർ. ചെതലിമലയിൽ ഇന്നും ഷെയ്ഖ് തങ്ങളുടെ കല്ലറ കാണാം. അവിടെ പാർത്തുപോന്ന ഷെയ്ഖിന്റെ പ്രേതത്തെ ഖസാക്കിലെ രാവുത്തന്മാരും ഈഴവരും ഉപാസിച്ചുപോന്നു.

മൊല്ലാക്ക പറഞ്ഞു, ''ഞമ്മക്ക്, കെ്ഷവാക്മ്പൊ പടച്ചവൻ വന്ന് ഞമ്മണ്ടെ പെരടീ കയിരി കുത്തിരിയ്ക്കിം.''

തന്റെ ഇഴ പറിഞ്ഞ കുപ്പായത്തിന്റെ മണം ശ്വസിച്ച്, മൊല്ലാക്ക തെല്ലു നേരം ഒന്നും പറയാതെ ഇരുന്നു.

''പടച്ചവൻ പടനോട് * ശൊല്ല്ം, അങ്കെന്ക്ക്!'' മൊല്ലാക്ക തുടർന്നു, ''ഇന്ത കെരട്ട്ക്കുതര ശാകറവരെയ്ക്കിം.''

ഒരഗതിയുടെ അന്ത്യശുശ്രൂഷയ്ക്കായി ഉടയവന്റെ സേനാവ്യൂഹമത്രയും നില്ക്കുന്നു.

''ന്ന് ആരിന്റെ കുറിയാക്ക്ം?'' അല്ലാഹുവിന്റെ പാണ്ടൻകുതിരയെപ്പോലെ മൊല്ലാക്ക ഓത്തുപള്ളിയോടു ചോദിച്ചു. എന്നും ഒരു കുട്ടിയുടെ ഊഴമാണ്; അന്നത്തെ ഊഴം കുഞ്ഞാമിനയുടെതായിരുന്നു. ഊഴമനുസരിച്ച് മൊല്ലാക്കയുടെ പ്രാതലിനുള്ള വെള്ളയപ്പം അവൾ അന്നു കൊണ്ടുവന്നിരുന്നില്ല. ഓർമ്മത്തെറ്റു പറ്റിയതല്ലായിരുന്നു. വരുന്നവഴി അരശിൻപൂക്കൾ കൊഴിഞ്ഞു കിടന്ന പറമ്പിൽ ഒരുപറ്റം കാട്ടുമയിലുകൾ മേയുന്നതു കണ്ടു. ഉമ്മ പൊതിഞ്ഞുകൊടുത്ത വെള്ളയപ്പം കെട്ടഴിച്ചു നുറുങ്ങുകളാക്കി അവൾ മയിലുകൾക്ക് എറിഞ്ഞുകൊടുത്തു. വെള്ളയപ്പം കഴിഞ്ഞപ്പോൾ ചൂട്ടൻ മയില് അവളുടെ പുറകെ തിരക്കി വന്നു.

''കഴിഞ്ചത് മയില്ച്ചാരേ,'' അവൾ പറഞ്ഞു. കൊക്കക്കോ എന്നു പറഞ്ഞ് ഇടങ്കണ്ണിട്ടു നോക്കി മയില് അവളുടെ പുറകെ ഓടാൻ തുടങ്ങി. ഒടുവിൽ അത് അവളുടെ കാൽവണ്ണയിൽ കൊത്തി ചോരവരുത്തി. നൊന്തെങ്കിലും കുഞ്ഞാമിനയുടെ മനസ്സു നിറഞ്ഞു. മയില് തന്നെ കൊത്തിയല്ലോ! അവൾ ഖൊലുസുവിനോടും നൂർജിഹാനോടും പറഞ്ഞു.

കുഞ്ഞാമിന ഓത്തുപള്ളിയിൽ എണീറ്റുനില്ക്കുകയാണ്. മൊല്ലാക്ക അവളുടെ അടുത്തു ചെന്നു നിന്നു. അവൾ മയിലുകളുടെ കഥ പറഞ്ഞില്ല. ഒന്നും പറഞ്ഞില്ല. ഇപ്പോൾ തല്ലുവീഴുമെന്നു കുട്ടികൾ നിശ്ചയിച്ചു. പക്ഷെ, മൊല്ലാക്ക ഒന്നും ചെയ്തില്ല. അയാൾ എന്തോ ഓർത്തുപോവുകയായിരുന്നു...

കഴിഞ്ഞാഴ്ച ആൽത്തറയ്ക്കൽ കൂടിയ പഞ്ചായത്തിനെക്കുറിച്ചാണ് മൊല്ലാക്കയോർത്തത്. മൊല്ലാക്ക വിളിച്ചിട്ടായിരുന്നു ഖസാക്കിലെ കാരണവന്മാർ അവിടെ കൂടിയത്. ഏതാനും ചെറുവാല്യക്കാരും വന്നു ചേർന്നിരുന്നു. ഖസാക്കിൽ ഇങ്ങനെയൊരു സ്കൂളിന്റെ ആവശ്യമില്ലെന്ന് മൊല്ലാക്ക അവരോടു പറഞ്ഞു. മൈലാഞ്ചിത്താടികളുഴിഞ്ഞ്, കാരണവന്മാർ സമ്മതം മൂളി. കാക്കയ്ക്ക് ചേക്കയിടം കൊടുക്കരുതെന്ന് മൊല്ലാക്ക പറഞ്ഞു. അവർ സമ്മതിച്ചു. ചെറുവാല്യക്കാർ മാത്രം എന്തോ പതുക്കെ പറഞ്ഞു.

‘‘എന്നാ? എന്നാ?’’ മൊല്ലാക്ക തിരക്കി.

‘‘ശർക്കാര് ബിശിയം,’’ കാസിം പറഞ്ഞു, ‘‘ഞമ്മ ബേണ്ടാണ്ണ് ശൊന്നാ ഇന്ത ഷ്ക്കോള് ന്ക്കപ്പോറതുണ്ടോ?’’

അലിയാരുടെ ചായപ്പീടികയുടെ മുമ്പിലെ അത്താണിപ്പുറത്തിരുന്നു കൊണ്ട് അവിടെ കലങ്ങിനിന്ന ആൾക്കൂട്ടത്തോട് കുപ്പുവച്ചൻ ചോദിച്ചു, ‘‘എ്ന്താണ് ന്നൂം? ഇദ് നടക്കുവോ?’’

സ്കൂളു നടത്താൻ അദ്ധ്വാനിക്കുന്നവർ പലരുമുണ്ട്. തേവാരത്തു തറവാട്ടിലെ ജന്മിയായ ശിവരാമൻനായർ. ശിവരാമൻനായരുടെ മരുമകൻ തുന്നൽക്കാരൻ മാധവൻനായർ. അത്തരുമുതലാളിയുടെ അളിയനായ സുൾഫിക്കർ ഹയ്യത്ത്ഖാൻ.

‘‘മാളോര്ക്ക് വേ്ണ്ടാത്ത കാരിയം ആര് നടത്ത്യാ നടക്കാനാണ്? ‘‘കുപ്പുവച്ചൻ അത്താണിപ്പുറത്തു കൊക്കിയിരുന്നുകൊണ്ടു പൊതുവേ പറഞ്ഞു.

മടിക്കുത്തിൽ താക്കോൽക്കൂട്ടം തിരുകി അത്താണിച്ചുവട്ടിലെത്തിയ ശിവരാമൻനായർ പറഞ്ഞു, ''ദാ, കുപ്പ്വോ, മറക്കാതെ കെട്ടോ നീയ്യ്!''

''നല്ല കാരിയുവായി,'' കുപ്പുവച്ചൻ പറഞ്ഞു.

''വെറ്ംവാക്ക് പറയാതേടാ, അപ്പേ,'' ശിവരാമൻനായർ പറഞ്ഞു.

''എദ്ദ്! മൂത്താര്ക്ക് ഞമ്മൾനെ വിസുവാസൂല്ലേ?''

''പത്ത് കുട്ട്യേങ്കിലും നെന്റെ വകയായിട്ട് ഷ്കോളി ചേർത്തണം.''

''മൂത്താര് ബേശാറാകണ്ട. ഞമ്മക്ക് ഈ ഷ്കോള് നടത്തണം.''

അത്താണിയോടു ചേർന്നു നിന്ന് ശിവരാമൻനായർ പതുക്കെ പറഞ്ഞു, ''ദാ, അപ്പേ, ബൗദ്ധമ്മാര് നൊമക്കെതിരാ.''

കുപ്പുവച്ചൻ ശിവരാമൻനായരോടു കണ്ണുകാണിച്ചു. കുറേ ബൗദ്ധന്മാർ അതുവഴി ചായപ്പീടികയിലേയ്ക്കു വരുകയാണ്. ശിവരാമൻനായർ നടന്നകന്നു. മൈലാഞ്ചിത്താടിക്കാരായ രാവുത്തന്മാരും അള്ളാപ്പിച്ചാമൊല്ലാക്കയും അലിയാരുടെ ചായപ്പീടികയിലേയ്ക്കു കേറി.

''ശൊല്ലറത് ഉണ്മയാ?'' അള്ളാപ്പിച്ചാമൊല്ലാക്ക ചോദിച്ചു.

''ഉണ്മൈ!'' അവരറിയിച്ചു.

ഓർത്തോർത്ത്, നമ്പാനാവാതെ, മൊല്ലാക്ക സ്വയം പറഞ്ഞു, “നൈജാമലി തിര്മ്പി വന്ത്! മറ്പടിയ്ം, വന്ത്!''

''അവനെങ്കെ?'' അയാൾ ചോദിച്ചു.

കാരണവന്മാർ പറഞ്ഞു. നാലു രാത്രികൾക്കു മുമ്പാണ് നൈസാമലി ഖസാക്കിലെത്തിയത്. ഇടിഞ്ഞുപൊളിഞ്ഞ രാജാവിന്റെ പള്ളിയിൽ ചെന്നു താമസിക്കുന്നു. പായലു പിടിച്ച അവശിഷ്ടങ്ങളെച്ചുറ്റി ഒരു മണ്ഡലിയെപ്പോലെ നൈസാമലി പതിയിരിക്കുന്നത് അള്ളാപ്പിച്ചാമൊല്ലാക്കയോർത്തു. നനഞ്ഞു

നീണ്ടു സ്ത്രൈണങ്ങളായ ചുണ്ടുകൾ മൊല്ലാക്കയുടെ ഓർമ്മയിൽ തെളിഞ്ഞു. പുരോഹിതൻ അസ്വസ്ഥനായി. പക്ഷെ, ആ സുഖസ്മരണയും അസ്വാസ്ഥ്യവും മൊല്ലാക്കയിൽ നിന്നകന്നു. നൈസാമലി ഷെയ്ഖ്തങ്ങളുടെ ഖാലിയാരായാണ് തിരിച്ചുവന്നിരിക്കുന്നത്. ആ വാസ്തവം മാത്രമേ ഇപ്പോളോർത്തുകൂടൂ.

അള്ളാപ്പിച്ചാമൊല്ലാക്ക വീണ്ടും ചോദിച്ചു: ‘‘ഏൻ ആര്ം എങ്കിട്ടെ ശൊല്ല വില്ലെ?’’

ആരും മറുപടി പറഞ്ഞില്ല.

‘‘അലിയാരേ,’’ മൊല്ലാക്ക ചോദിച്ചു, ‘‘ഒനക്ക്ം തെരിഞ്ച്ര്ന്തതാ?’’

അലിയാർ മറുപടി പറഞ്ഞില്ല.

‘‘നീ അന്ത രാത്തിരി അവൻ വരറത് പാത്ത്താ?’’ മൊല്ലാക്ക ചോദ്യ മാവർത്തിച്ചു.

അലിയാർ മൂളുകമാത്രം ചെയ്തു.

മൊല്ലാക്കയോർത്തു: ആരും തന്നോടു പറഞ്ഞില്ല. പറയാൻ ഭയന്നിട്ടെന്നപോലെ.

പന്ത്രണ്ടുകൊല്ലം മുമ്പ്, ചെതലിയുടെ അടിവാരത്തിൽ, വെയിലിന്റെ വെളിച്ചത്തിൽ, മൃഗതൃഷ്ണയിൽ, സുഗന്ധത്തിൽ, താൻ കണ്ട സുന്ദരനായ പതിനാറുകാരനെ മൊല്ലാക്കയോർത്തു. അന്നുതൊട്ടു നടന്ന കഥ മൊല്ലാക്ക ആരോടും പറഞ്ഞിട്ടില്ല. എങ്കിലും തിത്തിബിയുമ്മ എല്ലാമറിഞ്ഞിരുന്നു. നൈസാമലിയെ മറക്കാൻ അവർ ഭർത്താവിനെ ഉപദേശിച്ചു. പക്ഷെ, മറക്കാൻ പറ്റുന്നില്ല. നൊടിയിട വിട്ടുമാറാതെ നൈസാമലി തന്നെ പിന്തുടരുകയായിരുന്നു. അവന്റെ യുവത്വത്തിലൂടെ, ധാർഷ്ട്യത്തിലൂടെ, തന്റെ പരിക്ഷീണതയിലൂടെ, ഖസാക്കിലെ ചതുപ്പുകളിലൂടെ, അവൻ തന്നെ നായാടി.

ഒരുപാത്രം ചായയുടെ മുമ്പിൽ മൊല്ലാക്കയിരുന്നു. പെട്ടെന്ന് എന്തെല്ലാമോ ബന്ധമില്ലാത്ത ചിന്തകൾ അയാളുടെ

മനസ്സിലൂടെ കടന്നുപോയി. അലിയാരും മറ്റു ചെറുപ്പക്കാരും നൈസാമലിയെന്ന ഖാലിയാരെ മാനിക്കുന്നു. അനുസരിക്കുന്നു. ഏതാനും ദിവസങ്ങൾക്കകം ഖസാക്കിൽ ഒരു സർക്കാർ വിദ്യാലയം വരുന്നു, രാജാവിന്റെ കോണെഴുത്ത് * പഠിപ്പിക്കാൻ. പെരുവിരലിൽ ചെരിപ്പു കടിച്ച വ്രണം നീറുന്നു.

മൊല്ലാക്ക ചായ കുടിച്ചില്ല. പുറത്ത് സംസാരം. മൊല്ലാക്ക പുറത്തേയ്ക്കു നോക്കി.

ഇരുപതിരുപത്തിയഞ്ചാളുകളുടെ അകമ്പടിയോടെ നൈസാമലി അത്താണിയ്ക്കൽ നില്ക്കുന്നു. നീലച്ചുരുൾമുടിയുടെ പത്രകിരീടം, പുക ചുറ്റിയ കണ്ണുകൾ. അയാൾക്കു ചുറ്റും ചെറുപ്പക്കാർ മാത്രമല്ല, കാരണവന്മാരുമുണ്ട്.

മൊല്ലാക്ക ഇറങ്ങിച്ചെന്നു.

“നൈജാമലി? അയാൾ പറഞ്ഞു, ‘‘നീ വന്ത്താ?’’

‘‘കാലിയാര്,’’ നൈസാമലി മൊല്ലാക്കയെ തിരുത്തി.

മൊല്ലാക്ക മരവിച്ചുപോയി.

‘‘നീ ഉണ്മയാ പൊയ്യാ?’’ മൊല്ലാക്ക ചോദിച്ചു.

‘‘ഉണ്മൈ.’’ നൈസാമലി പറഞ്ഞു.

മൊല്ലാക്ക ഗൗളിയുടെ ചിലമ്പലിനായി ചെകിടോർത്തു. കാറ്റിന്നായി ചെകിടോർത്തു. അടയാളമില്ല.

നെറ്റിയിൽനിന്ന് ഒരു വിയർപ്പുതുള്ളി വടിച്ചെടുത്ത് അകലേയ്ക്കെറ്റിയിട്ട് മൊല്ലാക്ക പറഞ്ഞു, ‘‘പൊയ്! നീ ശെയ്ക്കോടെ ആൽമാവല്ലെ, നീ പൂത മാക്കം!’’

മൊല്ലാക്ക ഒരു പിടി മണ്ണു വാരി ജപിച്ച് നൈസാമിലിയുടെ മുഖത്തേയ്ക്കെറിഞ്ഞു. ഏറിന്റെ ശക്തിയിൽ മൊല്ലാക്കയാണ് അടി തെറ്റിയത്. വീണില്ല. ആരോ താങ്ങി നിർത്തി. നൈസാമലി ചിരിച്ചു.

മൊല്ലാക്ക തിരിഞ്ഞു ചായപ്പീടികയുടെ അകത്തേയ്ക്കു നടന്നു. ആറി ത്തണുത്ത്, രണ്ടീച്ചകൾ ചത്തുപാറി, ചായപ്പാത്രം

അപ്പോഴുമവിടെയിരിക്കുന്നു. മൊല്ലാക്ക വീണ്ടും ചെന്ന് അതിനു മുമ്പിൽ ഇരുന്നു. ചായപ്പാത്രത്തിനു മുകളിൽ കമിഴ്ന്ന് ഇരുന്നു.

പീടികയ്ക്കകത്ത് ഇപ്പോൾ രണ്ടു കാരണവന്മാർ മാത്രം ശേഷിച്ചിരുന്നു.

''പൊന്തുരാവുത്തരണ്ണോ,'' അവരിലൊരാളോടു മൊല്ലാക്ക ചോദിച്ചു, ''ഇന്ത ഷ്കോള് ബിശയത്തി നൈജാമലി ഏതാവത് ശൊന്നതാ?''

''ശൊന്നത്. രൊമ്പ വീരിയമാ ശൊന്നത്.''

''എന്നാ ശൊന്നത്?''

''ഷ്കോള് ശെയ്ക്ക് തമ്പിരാന് വിരോതം കെടയാത്ണ്ണ് ശൊന്നത്. ഇന്ത ഷ്കോള് ഇങ്കെ നാട്ട്ംണ്ണ് ശൊന്നത്.''

മൊല്ലാക്ക പറഞ്ഞു, ''ഇന്ത ഷ്കോളില് കാഫരോടെ പട്പ്പ്. തെരിയ്മാ? അത്ക്ക് ചിങ്കിടി പിടിയ്ക്കറവൻ ശെയ്ക്കോടെ കാലിയാരാവതെപ്പ്ടി?'' വൈമനസ്യത്തോടെ പൊന്തുരാവുത്തരണ്ണൻ പറഞ്ഞു, ''എന്നമോ, എന്നമോ—''

പെട്ടെന്ന് മൊല്ലാക്ക ഉഗ്രമായി ആട്ടാൻ തുടങ്ങി, ''ഥൂ! ഥൂ! ഥൂ!''

ആരെയെന്നും എന്തിനെന്നും അറിഞ്ഞില്ല. പൊന്തുരാവുത്തരണ്ണൻ ഞെട്ടിമാറി. കവിൾ നിറയെ കുടിച്ച ചായ പൂക്കുറ്റിപോലെ മൊല്ലാക്ക വെളിയിലേയ്ക്കു തുപ്പി.

''എടാ, കൂശിമകനേ!''

ചായഗ്ലാസ്സു കൈയിൽ പിടിച്ചുയർത്തിക്കൊണ്ട് മൊല്ലാക്ക അലിയാരോടു കയർക്കുകയാണ്.

''എടാ നാണങ്കെട്ട നായേ! എത്ക്കെ്ടാ ഇ്ന്ത ചായീ പൗണ്ടറ് പോട്ടത്?''

ആരും തടയുന്നതിനു മുമ്പായി മൊല്ലാക്ക ചായഗ്ലാസ്സു പുറത്തേയ്ക്കു വലിച്ചെറിഞ്ഞു.

''മൊല്ലാക്ക!''

നൈസാമലി അകത്തേയ്ക്കു വന്നു. പുറകെ കാരണവന്മാർ, ചെറുപ്പ ക്കാർ. ബെഞ്ചുകൾ കാലുകൊണ്ടു നീക്കിമാറ്റി അയാൾ മൊല്ലാക്കയോടടുത്തു. ചടച്ചുയർന്നതെങ്കിലും ബലിഷ്ഠമായ ആ ശരീരം ഒരു നിഴലുപോലെ തന്റെ മുകളിൽ പന്തലിച്ചു നില്ക്കുന്നതായി മൊല്ലാക്കയ്ക്ക് അനുഭവപ്പെട്ടു. പതിഞ്ഞ ദൃഢസ്വരത്തിൽ നൈസാമലി പറഞ്ഞു, ''അടങ്ങീ മൊല്ലാക്ക!''

ഓത്തുപള്ളിയിലെ കുട്ടികൾ നിശ്ശബ്ദരായി. കുഞ്ഞാമിനയുടെ അരികത്തു ധ്യാനത്തിലെന്നപോലെ നിന്ന മൊല്ലാക്കയുടെ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു. കുഞ്ഞാമിനയുടെ തലയിൽ കൈപ്പടമമർത്തിക്കൊണ്ട് അയാൾ നിന്നു.

''സെരി,'' അവസാനം മൊല്ലാക്ക പറഞ്ഞു, ''ഇഞ്ഞി നിയ്യ് മറന്നാണ്ടാ, വെലാലേ. മറക്ക്വോ?''

മൊല്ലാക്ക പൊറുത്തിരിക്കുന്നു. പക്ഷെ, കരഞ്ഞതെന്തിന്?

''ഇല്ല,'' അവൾ പറഞ്ഞു.

''പിന്നൊര് വിശയം,'' മൊല്ലാക്ക പറഞ്ഞു, ''നീയാ കാഫറിന്റെ ഷ്കോളി പുഗ്വോ?''

ആ മാപ്പിന്റെ കൃതാർത്ഥതയിൽ എന്തു വാഗ്ദാനത്തിനും അവൾ തയ്യാറായിരുന്നു.

''ഇല്ല.''

''ശെയ്ക്ക്തങ്ങളിനെ പ്ടിച്ചാണയിട്.''

''ശെയ്ക്ക് തങ്ങളാണെ, ബദരീങ്ങളാണെ, മുത്തുനെബിയാണെ, അന്ത കാഫരോടെ ഷ്കോളി പുഗമാട്ടേ.''

''മാരിയമ്മനെ പിടിച്ചാണയിട്,'' പഴുതുകളടയ്ക്കാൻവേണ്ടി മൊല്ലാക്ക വീണ്ടുമാവശ്യപ്പെട്ടു.

''മാരിയമ്മയാണെ, പുളിങ്കൊമ്പത്തെ പോതിയാണെ, വെഷത്തമ്മാറാണെ, അന്ത കാഫരോടെ ഷ്കോളി പുഗമാട്ടേ.''

‘‘സെരി.’’

മൊല്ലാക്ക വീണ്ടും ചെന്ന് ഇതിഹാസകഥനത്തിന്റെ പീഠത്തിലിരുന്നു. നാല്പതു കാലമായി, ഈ അറുപതു പിറന്നാളുകൾ തികയുവോളം അതിന്മേലിരിയ്ക്കുന്നു. ആ ഇതിഹാസത്തിന്റെ മലയോരങ്ങളിലൂടെ, ഷെയ്ഖിന്റെ പുകൾ പാടിക്കൊണ്ട്, അഗതിയായി താൻ നടക്കുന്നു.

പഥികന്റെ കാൽവിരലിലെ വ്രണം നൊന്തു.

---

* പടയോട്

* ഇംഗ്ലിഷ്

3. പുരോഹിതൻ

പന്ത്രണ്ടു പള്ളികൾ അവിടെ നശിച്ചുപോയിട്ടുണ്ട്. അവയിലാണ് ഖസാക്കിന്റെ അനന്തമായ കാലം തളംകെട്ടി നിന്നത്. പന്ത്രണ്ടിൽ ഏറ്റവും പഴയ പള്ളിയ്ക്ക് എത്ര പഴക്കം വരുമെന്നു ചോദിച്ചാൽ അനേകായിരം കൊല്ലങ്ങളെന്ന് ഖസാക്കുകാർ പറയും. അസ്തിവാരവും ഇത്തിരി ചുമരും മാത്രമുള്ള ആ പള്ളി പുതുക്കിപ്പണിയാൻ ഋഷിദേവാദികളോട് പുളിങ്കൊമ്പത്തെ പോതി ആവശ്യപ്പെട്ടുവത്രെ. കോഴി കൂവും മുമ്പു പണി തീരണം. പക്ഷെ, ദുർദ്ദേവതകൾ പാതിരനേരത്തു കൂവി ഋഷിദേവാദികളെ പറ്റിക്കുകയാണുണ്ടായത്. അങ്ങനെ ആർക്കും പുതുക്കിപ്പണിയാൻ പാടില്ലാതെ ആ അവശിഷ്ടങ്ങൾ കിടന്നു. പല പള്ളികളുടെയും അസ്തിവാരങ്ങൾ ചതുപ്പുകളിൽ അമ്പിപ്പോയിരുന്നു. മേൽപ്പുരയില്ലാതെ ഖസാക്കിന്റെ വെളിമ്പുറങ്ങളിൽ നിന്ന പള്ളികളുണ്ട്. മേൽപ്പുരയും മതിലും കൊട്ടേമ്പടിയുമുൾപ്പെടെ ഒന്നുംതന്നെ അഴിഞ്ഞിട്ടില്ലായിരുന്നെങ്കിലും ആരാധനയുടെ പാരമ്പര്യമറ്റ് പ്രേത ഗൃഹങ്ങളായിത്തീർന്നവയുമുണ്ട്. അങ്ങിനെയൊന്നാണ് രാജാവിന്റെ പള്ളി.

അറബിക്കുളത്തിന്റെ മേട്ടിൽ കാരപ്പൊന്തകൾ വളർന്ന ചതുപ്പിൽ അത് ഇരുട്ടടച്ചു നിന്നു. പന്ത്രണ്ടാമത്തെ പള്ളിയായിരുന്നു അത്. പതിമൂന്നാമത്തെ പള്ളിയിലായിരുന്നു അള്ളാപ്പിച്ചാമൊല്ലാക്ക നിലയുറപ്പിച്ചത്.

അള്ളാപ്പിച്ചയുടെ മുൻഗാമിയായ വാവരുമൊല്ലാക്കയ്ക്ക് അള്ളാപ്പിച്ചയെന്ന ചെറുക്കനെ കണ്ടുകിട്ടുകയാണുണ്ടായത്. മിയാൻഷെയിക്കിന്റെ പുരോഹിതന്മാരത്രയും, അല്ലെങ്കിൽ അവരിൽ മിക്കവരും അഗതികളും പഥികന്മാരുമായി ഖസാക്കിൽ എത്തുകയാണുണ്ടായതത്രെ. ചെതലിമല വലിയൊരു

കാന്തക്കല്ലിനെപ്പോലെ അവരെ അവിടേയ്ക്കു വിളിച്ചു. പുരോഹിതൻ മലയടിവാരത്തിൽ കാത്തുനിന്ന് പിൻഗാമിയെ തേടിപ്പിടിച്ചു.

പന്ത്രണ്ടുകൊല്ലം മുമ്പ്, അള്ളാപ്പിച്ചയുടെയും തിത്തിബിയുടെയും മകൾ മൈമുനയ്ക്ക് പതിനാറു തികയുന്ന കാലത്താണ് ചെതലിയുടെ അടിവാരത്തിൽ അവനെ കാണുന്നത്. മൈമുനയുടെ പ്രായം, നീണ്ടു സ്ത്രൈണമായ ചുണ്ടുകൾ, പുക ചുറ്റിയ കണ്ണുകൾ, പെണ്ണിന്റെതെന്നപോലെ ഒടിഞ്ഞ ചുമലുകൾ.

ഗൗളിയുടെ ശബ്ദം, മഞ്ഞക്കിളികളുടെ കലമ്പൽ; അള്ളാപ്പിച്ചാമൊല്ലാക്ക അവയത്രയും ചെവിക്കൊണ്ടു. ചെറുക്കൻ അയാളുടെ മുമ്പിൽ നിന്നു. അവൻ ചിരിച്ചു.

''നീ എങ്കെ പോരേ?'' മൊല്ലാക്ക ചോദിച്ചു.

''പാമ്പ് പിടിയ്ക്ക പോരേൻ,'' അവൻ പറഞ്ഞു.

''എന്ത വിതമാന പാമ്പ്?''

''മൂർക്കൻ. രാജവെമ്പാല.''

''എത്ക്ക്?''

അവൻ മറുപടി പറഞ്ഞില്ല.

''ഉൻ പേരെന്നാ, കൂശിമകനേ?''

''നൈജാമലി.''

''ഉനക്ക് അത്താ * ഉമ്മാ ഇര്ക്കാ?''

''കെടയാത്.''

''കുടിയിര്ക്കാ?''

''കെടയാത്.''

അവൻ ചിരിച്ചു. സ്ത്രൈണമായ കവിളുകളിൽ നുണക്കുഴികൾ തെളിഞ്ഞു. ഇഴ പറിഞ്ഞ തുവർത്തിൻതുണ്ടിനു

ചോട്ടിൽ അവന്റെ വെളുത്ത തുടകളിൽ തെളിഞ്ഞ ചെമ്പൻരോമങ്ങൾ മൊല്ലാക്ക കണ്ടു.

മൊല്ലാക്ക വീണ്ടും ചെവിക്കൊണ്ടു. അകലെ ചെതലിയുടെ കരിന്തഴകളിലൂടെ കാറ്റു വീശുന്നു. മലമുടിയിൽനിന്ന് കാട്ടുതീയിന്റെ പുക താഴോട്ടു പടർന്നു. പുകയുടെ വിരലുകൾ നീല നിഴലിച്ച മലഞ്ചെരിവിൽ ഷെയ്ഖ് തങ്ങളുടെ തിരുമൊഴി കുറിച്ചുകാട്ടി. ആ പ്രവചനത്തിന്റെ ദൃശ്യത്തിൽ ഖസാക്കിന്റെ പുരോഹിതൻ മുഴുകി. വീണ്ടും പരിസരബോധം വീണപ്പോൾ നൈസാമലി മുമ്പിൽത്തന്നെ നില്ക്കുന്നതാണു കണ്ടത്. കയ്യിൽ ഒരു പാമ്പുണ്ട്. കൊട്ടത്തറികളിലും പടുവള്ളികളിലും പിണഞ്ഞുകിടന്ന് വഴിപോക്കരുടെ കണ്ണിൽ കൊത്തിവലിയ്ക്കുന്ന പച്ചിലക്കൊത്തി.

''നീ ഏൻ മൂർക്കൻപാമ്പെ പിടിക്കലെ?'' മൊല്ലാക്ക ചോദിച്ചു.

''ഇന്ത പാമ്പ്ം മൂർക്കനാഹലാം,'' ചെറുക്കൻ പറഞ്ഞു.

''എന്ത കാലത്തിലേ?''

''അതിനോടെ [1] കാലം വരപ്പോ.''

''സെരി,'' മൊല്ലാക്ക പറഞ്ഞു, ''നീ അയ് [2] പച്ചെലക്കൊത്തി വെലാലിനെ വ്ട്.''

അവൻ അനുസരിച്ചു. പച്ചിലക്കൊത്തി ഒരു കാട്ടുതുളസിപ്പൊന്തയിലേയ്ക്കു നുഴഞ്ഞുകയറി. മൊല്ലാക്ക നൈസാമലിയുടെ നേർക്കു കൈ നീട്ടി. ചൊറുകാൻ കാട്ടിത്തരുന്ന കാളക്കുട്ടിയെപ്പോലെ അവൻ അവന്റെ കവിള് ആ കയ്യിനോടടുപ്പിച്ചു.

''നീ എങ്കൂടെ വാ,'' മൊല്ലാക്ക പറഞ്ഞു.

പുകപിടിച്ച കണ്ണുകളും സ്ത്രൈണതയിറ്റിയ ചുണ്ടുകളുമുള്ള പയ്യൻ ഖസാക്കിന്റെ പുരോഹിതന്റെ പുറകേ നടന്നു. വിശുദ്ധവചനങ്ങൾ ചൊല്ലി ക്കൊണ്ടാണ് മൊല്ലാക്ക

വീട്ടിലേയ്ക്കു കേറി വന്നത്. അന്നു രാത്രി ആ വീട്ടിൽ ആരും ഉറങ്ങിയില്ല.

അങ്ങനെ നൈസാമലി ആ കുടുംബത്തിന്റെ ഭാഗമായി. ഇറച്ചിയും പത്തിരിയുമുണ്ടാക്കി തിത്തിബിയുമ്മ അവനു വിളമ്പിക്കൊടുത്തു. ഏതും പറയാതെയാണ് വിളമ്പിയത്. ഏതും പറയാതെയാണ് അവൻ കഴിച്ചത്. അവനു തേയ്ക്കാൻ അരക്കുകുഴമ്പ് അവർ കാച്ചി ചൂടുപിടിപ്പിച്ചു. അരക്കു കുഴമ്പു തേയ്ക്കുമ്പോൾ അവന്റെ ഉടല് തേനിന്റെ നിറമായി. പോക്കു വെയിലുകൊണ്ട് നിറം പിടിക്കാൻ അവൻ മുറ്റത്തെ നെന്തിയാർവട്ടങ്ങളുടെ നടുവിൽ നിന്നു.

മൂന്നു പെരുന്നാൾ കഴിഞ്ഞു. ഒരു ദിവസം പെട്ടെന്നാണ് മൊല്ലാക്ക അതു ശ്രദ്ധിച്ചത്. നൈസാമലി മുടി കളഞ്ഞിട്ടില്ല. വാവുതോറും തല ചുരച്ചു കൊടുക്കാൻ മൊല്ലാക്ക ഒസ്സാനെ ഏല്പിച്ചതായിരുന്നു.

‘‘നീ തല കളഞ്ഞിലെയാ?’’ മൊല്ലാക്ക ചോദിച്ചു.

‘‘ഇല്ല,’’ നൈസാമലി പറഞ്ഞു.

ചുരുൾമുടി കുരുന്നുപിടിച്ചിരുന്നു.

‘‘ബെക്കം കളഞ്ഞാളാ,’’ മൊല്ലാക്ക പറഞ്ഞു.

പിറ്റേന്ന് മൊല്ലാക്കയ്ക്ക് കൂമൻകാവോളം ചെല്ലേണ്ടിയിരുന്നു. തിരിച്ചെത്തിപ്പോയൾ, നൈസാമലി മുടി കളഞ്ഞിട്ടില്ല. മൊല്ലാക്ക ഒന്നും പറഞ്ഞില്ല. എന്നാൽ അതു മൊല്ലാക്കയെ അസ്വസ്ഥനാക്കി.

മുടി വളർന്നു. മുടി വളർത്തിയവർ വേറെയുമുണ്ട്. അലം, അമീർ, സെയ്യദ്, അമീനുദ്ദീൻഖാൻ, മൊയ്തീങ്കണ്ണ്, അത്തര്. ഇവരിൽ ആദ്യം മുടി വളർത്തിയത് അത്തരാണെന്നു തോന്നുന്നു. ഓത്തുപള്ളിയിൽ വരാൻ കൂട്ടാക്കാതെ ഇബിലീസിന്റെ കൂട്ടുകൂടി പുളിങ്കുരു പെറുക്കി നടന്നവനാണ് അത്തര്. ഇന്ന് അവൻ മുതലാളിയാണ്. കൂമൻകാവിലുള്ള അവന്റെ ബീഡിക്കമ്പെനിയിൽ നാലു പേരിരുന്നു തിരയ്ക്കുന്നു. എങ്കിലും അവന്റെ തലയിൽ

താരണവും പേനുമുണ്ടാവുമെന്ന് മൊല്ലാക്ക നിരൂപിച്ചു... നൈസാമലി തലമുടി വളർത്തിക്കൂടാ.

തിത്തിബിയുമ്മ മൊല്ലാക്കയെ സമാധാനിപ്പിക്കാൻ ശ്രമിച്ചു. സാരമില്ല, മുടി വളർത്തിപ്പോയെങ്കിൽ അതിലെന്താണിത്ര?

''തപ്പ്, മൊല്ലാക്ക പറഞ്ഞു, അവൻ ഇന്ത തേസത്ത്ക്ക് മൊല്ലയാഹ പ്പോറവൻ.

''തപ്പ്, മൊല്ലാക്ക വീണ്ടും പറഞ്ഞു, അവൻ മൈമുനാക്ക് മാപ്പള.''

അതു പറഞ്ഞത് മറ്റാരോ ആണെന്ന് മൊല്ലാക്കയ്ക്കുതന്നെ തോന്നി. ആ നിമിഷത്തിൽ അയാൾ മൈമുനയുടെ മണവാളനെക്കുറിച്ചോ ഖസാക്കിലെ മൊല്ലയെക്കുറിച്ചോ ഓർക്കുകയായിരുന്നില്ല. മറിച്ച്, ആ മുടിയെക്കുറിച്ചു മാത്രം എന്തെന്നറിയാത്തൊരുദ്വേഗത്തോടെ ചിന്തിയ്ക്കുകയായിരുന്നു. അതിന്റെ നീലച്ചുരുളുകൾ തഴച്ചു വളർന്നു. മൈമുനയുടെ മുടി പോലെ, തിത്തിബിയുടെ മുടിപോലെ. അത് ആ നെറ്റിയിലും കവിളിലും ഉതിർന്നു വീണു.

അന്നൊരു ദിവസം അത്തിക്കോടോളം പോകേണ്ടതുണ്ടായിരുന്നു മൊല്ലാക്കയ്ക്ക്. അവിടെയുണ്ടായിരുന്ന രണ്ടാംവേളിയെ ആണ്ടിലൊരിയ്ക്കൽ ചെന്നു കാണാൻ അയാൾ മറക്കാറില്ലായിരുന്നു. മൂന്നു നാലു ദിവസം കഴിഞ്ഞേ തിരിച്ചു വരൂ. ആ ദിവസങ്ങളിൽ പള്ളിയിൽ ചെന്ന് വാങ്കു വിളിക്കാൻ നൈസാമലിയെ ഏല്പിച്ച് മൊല്ലാക്ക യാത്ര തിരിച്ചു.

മൊല്ലാക്ക മടങ്ങിയെത്തിയപ്പോൾ, വാങ്കു വിളിച്ചിട്ടില്ല! തല തരിച്ചുപോയി. മൊല്ലാക്കയുടെ കലിയത്രയും മൈമുനയുടെ നേർക്കാണ് തിരിഞ്ഞത്. മുടി ചുറ്റിപ്പിടിച്ച് അയാൾ ചോദിച്ചു, ''എബടടീ അവൻ?''

''എവൻ?''

''എവനോ, ഇവിലീസേ!''

മൊല്ലാക്ക നേരെ പള്ളിയിലേക്കു നടന്നു. കണ്ണുകൾ ഇരുട്ടടയ്ക്കും പോലെ തോന്നി. കരിമ്പനപ്പട്ടകളിൽ കാറ്റു ശമിയ്ക്കുന്നില്ല. നരിച്ചീറുകൾ നിറഞ്ഞ മുകൾത്തട്ടിലേയ്ക്ക് അയാൾ കേറി. ചെവിക്കുറ്റിമേൽ കൈപ്പടമമർത്തിക്കൊണ്ട് അള്ളാപ്പിച്ചാമൊല്ലാക്ക വാങ്കു വിളിച്ചു:

''അല്ലാഹു അക്ബർ—

അല്ലാഹു അക്ബർ—

അശ്ഹദ് അൻ ലായിലാഹ ഇല്ലല്ലാഹ്—''

സുബ്ഹും സുഹറിനുമിടയ്ക്കാണ്. അസമയം. ഏതോ വിപൽസ്വരം പോലെ ഖസാക്കുകാർ ആ വാങ്കുവിളി ചെകിടോർത്തു.

നട്ടുച്ചയുടെ മോഹാലസ്യത്തിൽ മൊല്ലാക്ക നൈസാമലിയെ കണ്ടു. പള്ളിക്കാട്ടിൽ വാവരിന്റെ മീസാൻകല്ലിലിരുന്നുകൊണ്ടു വെയിലു കായുന്നു! മുടിച്ചുരുളുകൾ കാറ്റത്ത് ഉലർത്തിയിട്ടപോലെ തോന്നി.

അന്നു രാത്രി അത്താഴമുണ്ണാൻ നൈസാമലി വന്നില്ല. മൊല്ലാക്ക മുറ്റത്ത് അങ്ങുമിങ്ങും നടന്നു. പിന്നെ തിണ്ണയിൽ വന്ന് ഇരിപ്പായി. തിത്തിബിയുമ്മ അടുക്കളയിൽ ചെന്ന് കിണ്ണത്തിൽ ചോറു വിളമ്പി, ശബ്ദമുയർത്താൻ ഭയന്നിട്ടെന്നപോലെ അവർ മൈമുനയോടു പറഞ്ഞു, ''ന്നാ, അത്താക്ക് ചോറ് കൊണ്ടുപോയ് വെയ്യ്.''

ഇടനാഴിയിൽ തടുക്കയിട്ട്, ചിമ്മിനിവിളക്കു വെച്ച്, മൈമുന്ന ചോറു വെച്ചു. അവൾ പതുക്കെ വിളിച്ചു, ''അത്തോ!''

മറുപടിയില്ല.

അവൾ അകായിലേയ്ക്കു മാറി. അത്തയുടെ അശാന്തതകളിൽ ഉമ്മയോ മകളോ കടന്നുചെല്ലാൻ ധൈര്യപ്പെട്ടില്ല. ഇത്തിരി കഴിഞ്ഞപ്പോൾ ചോറു വിളമ്പിയ ചീനക്കിണ്ണം ഉടഞ്ഞു നുറുങ്ങുന്ന ശബ്ദം കേട്ടു. മൊല്ലാക്ക പുറത്തിറങ്ങി. കാലൊച്ച പടി കടന്നു നീങ്ങി.

തിത്തിബിയുമ്മ കരഞ്ഞു കരഞ്ഞുറങ്ങി. മൈമുന്ന കരഞ്ഞില്ല. ഉറങ്ങിയുമില്ല. പുറത്ത് നിലാവും കാറ്റും നിറഞ്ഞിരമ്പുന്നു. ഖസാക്കിലെ വെളിമ്പുറങ്ങളിൽനിന്ന് അവൾ അത്തയുടെ പാട്ടു കേട്ടു:

‘‘ബിസ്മിയും ഹംദും സലാത്തും സലാമാലും
ബിണ്ടെ പിറകെ തൊടങ്ങുന്നേൻ യാ അല്ലാഹ്—
തശ്‌രിഫ് ദാനോർ സഹാബുൽ ബദർ മാല
തീർത്തു മൊഴിയുവാൻ ഏകണം നീ അല്ലാ—
ബശറിലും ജിന്നിലും ആകെ മുർസലായി
ബാണ നെബീന്റെ തണിയും അരുളല്ലാ—’’

പിറ്റേന്ന് നൈസാമലി ഖസാക്കു വിട്ടു. കൂമൻകാവിലുള്ള അത്തരിന്റെ ബീഡിക്കമ്പനിയിൽ ചേരാൻ.

* ബാപ്പാ.

1 അതിന്റെ.

2 അയ്, അയ്യ- ഇവ രണ്ടും പാലക്കാടൻ മലയാളത്തിലും തമിഴിലും ‘ആ’ എന്നു സൂചിപ്പിക്കുന്നു.

4. ഖസാക്കിലെ സുന്ദരി

നൈസാമലി ഖസാക്കു വിട്ടതിൽപ്പിന്നെ അള്ളാപ്പിച്ചാമൊല്ലാക്ക കൂമൻകാവു വഴി പോവുകയുണ്ടായില്ല. നൈസാമലി ഖസാക്കിൽ വന്നുമില്ല. കൊല്ലം രണ്ടങ്ങനെ കഴിഞ്ഞു.

അത്തരുമുതലാളിയുടെ കമ്പനിയിൽ ബീഡി തിരയ്ക്കുകയാണ് നൈസാമലി. തഴക്കംചെന്ന തിരപ്പുകാരെക്കാൾ ഇരട്ടി തിരയ്ക്കും. സത്യ സന്ധതയോടെ തിരയ്ക്കും.

തിത്തിബിയുമ്മ മൈമുനയെ ഓർത്തു. മറ്റെന്തെല്ലാമോ മറന്നു. ഒന്നു കൂമൻകാവിലോളം ചെല്ലൂ, അവർ മൊല്ലാക്കയോടു പറഞ്ഞുനോക്കി. ചെറുവാല്യക്കാർ ശാഠ്യം കാണിച്ചാൽ തല നരച്ചവർക്ക് പൊറുക്കാനേയുള്ളു. മൊല്ലാക്കയ്ക്ക് ഇന്ന് ദേഷ്യമില്ല. പക്ഷെ, കൂനിക്കൂടിയിരുന്നുകൊണ്ട് അയാൾ പറഞ്ഞു: ''ഇഞ്ഞി ശൊല്ലീട്ട് പലം കെടയാത്.''

ഭർത്താവിനെ ഇത്രയും പരവശനായി തിത്തിബിയുമ്മ മുന്നൊരിയ്ക്കലും കണ്ടിട്ടില്ല. അയാളുടെ കവിളുകളിലും കൺതടങ്ങൾക്കടിയിലും കൈകളുടെ പുറംപത്തികളിലും ജരയുടെ ആദ്യസ്പർശങ്ങൾ അവർ ശ്രദ്ധിച്ചു. അത്രയും പരവശപ്പെടാൻ മാത്രം വയസ്സു ചെന്നിട്ടില്ല. ഇനിയും അൻപത്തിയഞ്ചു തികഞ്ഞിട്ടില്ല. പിന്നെന്തോ, ഇടയ്ക്കിടെ പനിയ്ക്കുന്നു, കഴയ്ക്കുന്നു. ഈ തുലാത്തിൽ രണ്ടോ മൂന്നോ കോഴിക്കഷായം വെച്ചു കൊടുക്കണം. ഇല്ല, ഒരുപക്ഷെ, കഴിഞ്ഞെന്നു വരില്ല.

''ആനാലും,'' തിത്തിബിയുമ്മ പറഞ്ഞു, ''ഒന്ന് പോയി പാര്ക്കോ.''

മൊല്ലാക്ക തലകുലുക്കി, ''പലം കെടയാത്, തിത്തിബിയേ!''

ആ പരവശതയുടെ സാന്ദ്രത തിത്തിബിയുമ്മയെ തൊട്ടുവിളിച്ചു. അവർ മൊല്ലാക്കയുടെ അടുത്തു വന്ന് ഇരുന്നു. വെളുത്തു നീണ്ട കൈകൾ പതുക്കെ അള്ളാപ്പിച്ചയെ ചുറ്റിപ്പിണഞ്ഞു. അയാളുടെ ചുമലിൽ, വിയർപ്പിന്റെ മണം കുതിർന്ന കോറക്കുപ്പായത്തിൽ, കവിളമർത്തി തിത്തിബിയുമ്മ കുറേ നേരമിരുന്നു.

തിത്തിബിയുമ്മ വാഴത്തൊടിയിലേയ്ക്കിറങ്ങിയപ്പോൾ മൈമുന ഒരു കുടം വെള്ളവുമായി വരുന്നു.

''തലീ തട്ടം പോടെറീ,'' തിത്തിബിയുമ്മ ശാസിച്ചു.

തലയിൽ തട്ടനിട്ടില്ലെങ്കിൽ മലിക്കുകൾ മോഹിയ്ക്കുമെന്നായിരുന്നു വിശ്വാസം. മൈമുന അലക്ഷ്യമായി തട്ടൻ തലയിലേയ്ക്കു കേറ്റി. അടുത്ത ക്ഷണത്തിൽ അതു വീണ്ടും താഴോട്ടുരസി. കാറു പിടിച്ചപോലെ ഇരുണ്ടു നിന്ന മുടി കണ്ട് തിത്തിബിയുമ്മ അതിശയിച്ചു.

മലിക്കുകളെച്ചൊല്ലിയായിരുന്നില്ല തിത്തിബിയുമ്മ ആവലാതിപ്പെട്ടത്. മൈമുന ചെല്ലുന്നേടത്തെല്ലാം കാസിമും ഹനീഫയുമുണ്ട്, ഉബൈദുദാവൂദുണ്ട്, ഉസാമത്തുണ്ട്. പക്ഷെ, ആ ചെറുപ്പക്കാരാരുംതന്നെ സ്ത്രീധനമില്ലാത്ത പെണ്ണിനെ തറവാടു കേറ്റില്ല. മൈമുനയുടെമേൽ മീൻചെകരോളം പൊന്നില്ല. ആ ഉടലിന്റെ ധാരാളിത്തത്തിനു പൊന്നു വേണ്ടെന്നു ഖസാക്കുകാർ പറഞ്ഞു. മൈമുന തന്റെ വെള്ളക്കുപ്പായം കൈത്തണ്ടയോളം തെറുത്തു വെച്ചു. കരിവളകൾ തെറുത്തു കേറ്റി നിർത്തി. അപൂർവമവസരങ്ങളിൽ കാസിമിനോടോ ഉസാമത്തിനോടോ വായാടാൻ അവൾ നിന്നു. അവരുടെ മുഖങ്ങൾ ചുവക്കുന്നതും സ്വരങ്ങൾ ഇടറുന്നതും കാണാൻ വേണ്ടി മാത്രം. അല്ലെങ്കിൽ, ഒരു ചിരി കടിച്ചമർത്തി ഖസാക്കിലെ യാഗാശ്വമായി അവൾ നടുപ്പറമ്പിലൂടെ നടന്നു...

കൂമൻകാവിൽ ചെന്നതിന്റെ അഞ്ചാം കൊല്ലം നൈസാമലി സ്വന്തമായൊരു കമ്പനി വെച്ചു. താനും രണ്ടു തിരപ്പുകാരും.

അതിനു വേണ്ട പണം അത്തരിന്റെ കെട്ടിയവളാണ് കൊടുത്തതെന്ന് കൂമൻകാവിലെ തിരപ്പുകാർ പറഞ്ഞു. ഏതായാലും ആ കാലത്തായി അത്തരും വീടരും പിണങ്ങിയെന്നതു സത്യമായിരുന്നു.

അത്തരിന്റെ പടംതന്നെയായിരുന്നു. അത്തരിന്റെ ബീഡിയുടെ അടയാളവും. പാലക്കാട്ടു ചെന്ന് കോട്ടും ടയ്യും തുർക്കിത്തൊപ്പിയും വായ്പ വാങ്ങിയാണ് പടമെടുപ്പിച്ചത്. 'കടവുൾ സകായം എം. അത്തരു ഫോട്ടോ ബീഡി' കഴിഞ്ഞ ആറേഴു കൊല്ലമായി ആ പരിസരങ്ങളിൽ സാമാന്യം പ്രചരിച്ചു വന്നിരിയ്ക്കയാണ്. അതിനെ വെല്ലുവിളിച്ചുകൊണ്ടു പുതിയ വാണിജ്യചിഹ്നം പടയിറങ്ങി.

'സെയ്യദ്ദ് മിയാൻ ശെയ്ഖ് തുണൈ നൈജാം ഫോട്ടോ പതിനൊന്നാം നമ്പർ ബീഡി'.കരിയും മഞ്ഞളും കൊണ്ടെഴുതിയ ചുമർ പരസ്യങ്ങൾ ഇങ്ങനെ പറഞ്ഞു, 'നൈജാം പോട്ടോ പതിനൊന്നാം നമ്പർ ആരോക്കിയകരം. വെസപ്പുണ്ടാക്കും. തിന്ന തീൻപണ്ടങ്ങൾ എരിയും.' പതിനൊന്നാം നമ്പറിന്റെ വയലറ്റു ലേബലുകൾ വരമ്പിലും തോട്ടുവക്കിലുമൊക്കെ പാമ്പൊട്ടി വിത്തുപോലെ ചിതറിക്കിടന്നു. മൈമുന ഒരെണ്ണം പെറുക്കിയെടുത്തു സൂക്ഷിച്ചു. അത്തരിന്റെ കോലത്തെപ്പോലെ മൂകമായ നോട്ടമോ ഇറുകിപ്പിടിച്ച വാടകക്കോട്ടോ അല്ല. രസികത്തം നിറഞ്ഞ ചിരി. നെറ്റിയിലേയ്ക്കു തളർന്നു വീഴുന്ന മുടിച്ചുരുളുകൾ. കുടുക്കഴിഞ്ഞ് അശ്രദ്ധമായി കിടന്ന കഴുത്തുപട്ട.

ഒരു പെരുന്നാളിന് നൈസാമലിമുതലാളി ഖസാക്കിലേയ്ക്കു വന്നു. പച്ചപ്പട്ടു ലുങ്കിയാണ് ഉടുത്തിരുന്നത്. കടുംമഞ്ഞയായ അല്പാക്കു കുപ്പായത്തിനടിയിൽ ആറുവിരൽ വീതി വരുന്ന കലവെറബെൽട്ട് കാണാമായിരുന്നു. തലയിലും കഴുത്തിലും കീശയിലും ചുകന്ന പട്ടുറുമാലുകൾ, കിറുക്കു ചെരിപ്പ്, ടോർച്ച്. പഴയ പരിചയക്കാരെ തേടിപ്പിടിച്ച് നൈസാമലി സുഖ വിവരമന്വേഷിച്ചു. ''എന്താ കുപ്പച്ചാ—എന്താണ്ടിയിവ്ളേ, തങ്കപ്പ്ണ്ണേയ് എന്നാ അലിയാരേ?''

കാസിമും ഹനീഫയും ഉബൈദ്ദാവൂദും ഉസാമത്തുമെല്ലാം നൈസാമലിയുടെ ചുറ്റും കൂടി. നൈസാമണ്ണനെ മതിപ്പാണവർക്ക്, സ്നേഹവും. അതോടൊപ്പം കഠിനമായ വൈരാഗ്യവും. കാസിം ചോദിച്ചു, ''എന്നാ നൈജാമണ്ണോ, ഇങ്കയേ തങ്കപ്പോറതാ?''

''നല്ല പേച്ച്, ണ്ണ്!'' നൈസാമലി പറഞ്ഞു, ''കമ്പനി അങ്കെ വ്ട്ട്ട് ഇങ്കെ തങ്കറതാ?''

അലിയാരുടെ ചായപ്പീടികയിൽ നൈസാമലി ചമ്രം പടിഞ്ഞിരിപ്പാണ്, ചെന്നു കേറുന്നവർക്കൊക്കെ ചായയും മുറുക്കും ബീഡിയും. മൊല്ലാക്ക അതുവഴിയൊന്നും വന്നില്ല.

പിറ്റേന്ന് നട്ടുച്ചയ്ക്ക് മൈമുന അറബിക്കുളത്തിൽ കുളിച്ചു നില്പാണ്. അറബിക്കുളത്തിനടുത്തോ രാജാവിന്റെ പള്ളിയിലോ ആളുകൾ സാധാരണ ചെല്ലാറില്ല. പ്രത്യേകിച്ചും ത്രിസന്ധ്യകളിൽ. പണ്ട് ആ കുളത്തിൽ അറബികൾ തല വെട്ടിയെറിഞ്ഞിട്ടുള്ളതാണ്. നിലാവു നിറഞ്ഞ രാത്രികളിൽ അവിടെ കബന്ധങ്ങൾ നീരാടാനെത്താറുണ്ടത്രെ. ആഴമേറിയ ജലപ്പരപ്പിനു മുകളിൽ നീലത്താമരകൾ വിരിഞ്ഞു കിടന്നു. മണ്ഡലികൾ അലസമായി തുഴഞ്ഞു നീന്തി. മുലയ്ക്കു മീതെ അമർത്തിക്കെട്ടിയ കച്ചയിലൂടെ കൈയിറക്കി സോപ്പു തേച്ചുപിടിപ്പിച്ചുകൊണ്ട് മൈമുന നിന്നു. ഉച്ചവെയിലിൽ നീലയും പച്ചയും പീതയുമായി സോപ്പിൻകുമിളകൾ ചിമ്മിമിഴിച്ചു.

കുറേയകലത്തായി ഒരു കണ്ടത്തിൽ രണ്ടു ചെറുമികൾ നട്ടു തീർത്തു കൊണ്ടിരുന്നു. ഇത്തിരി കഴിഞ്ഞ് അവരും കണ്ടം കേറി. നോക്കെത്തു ന്നേടത്തൊന്നും ആരുമില്ല. കാറ്റുകൾ ഉച്ചമയങ്ങി. ആലിൻകൊമ്പുകളിൽ അല തല്ലിക്കൊണ്ട് മൃഗതൃഷ്ണ മാത്രം മേലോട്ടുയർന്നു.

ഈറൻ ചുറ്റിയ മൈമുന രാജാവിന്റെ പള്ളിയിലേക്കു നടന്നു. കാലിൽ തറച്ച കാരമുള്ളുകൾ അവളറിഞ്ഞില്ല. അവൾ പള്ളിയുടെ പടവു കേറി. പള്ളിയ്ക്കകത്തെ ഇരുട്ടിൽ ചടച്ചുയർന്നു. നിന്ന രൂപം അവൾക്കു കാണാം. ഇപ്പോൾ അവൾ

പള്ളിയ്ക്കകത്താണ്. ചെമ്പിച്ച സാന്ദ്രമായ ഇരുട്ട്. മച്ചിൻ പലകകളിൽനിന്നു തൂങ്ങിയ മാറാല തലമുടിയിൽ പിടിച്ചു.

''നീരെളക്കംപ്ടിയ്ക്കും,'' നൈസാമണ്ണൻ പറയുന്നത് അവൾ കേട്ടു. ''ഈറൻ എട്ത്താളാ.''

പിറ്റേത്തെ ആഴ്ച ഖസാക്കിനെ അമ്പരപ്പിച്ച ഒരു സംഭവമുണ്ടായി. മൈമുനയുടെ കല്യാണമുറച്ചു. ആൽത്തറയ്ക്കലും അലിയാരുടെ ചായപ്പീടികയിലും അത്താണിയ്ക്കരുകിലും ഖസാക്കുകാർ സംസാരിച്ചു. എല്ലാവരുംതന്നെ ആ യാഗാശ്വത്തെ മനസാ ബന്ധിച്ചവരാണ്. അതേപ്പറ്റി മൊല്ലാക്കയോടു ചോദിയ്ക്കാൻ ആരും ധൈര്യപ്പെട്ടില്ല. മൊല്ലാക്കയുടെ കൂട്ടുകാർ പോലും അയാളെ തനിയെ വിട്ടു.

ഒരു ചാക്കടിയന്തരത്തെപ്പോലെ നിക്കാഹ് കഴിഞ്ഞു. വരണ്ട കവിളുകളെ വടിച്ചു വെടിപ്പു വരുത്തി, കൊട്ടുകാലിന്മേൽ കോടി ചുറ്റി, മുങ്ങാങ്കോഴി, എന്ന ചുക്രുരാവുത്തൻ മണവാളൻ ചമഞ്ഞു വന്നു. അതിഥികൾ നിരുന്മേഷരായി സംസാരിച്ചു നേരം പോക്കി. കല്യാണഘോഷയാത്ര നീങ്ങിയപ്പോൾ, മൊല്ലാക്കയെഴുതിയ പഴയ സന്മാർഗഗീതം ആരോ പാടി:

''ഇബിലീസിന്റെ കൂടെ പോഹാതെ്ടാ
നല്ല വഴിയെ നടടാ, നടടാ, നടടാ
നടടാ, നടടാ, ടടാം, ടടാം.''

അന്നു രാത്രി ഖസാക്കിലെ പാടങ്ങൾ മുറിച്ച് ഒരാൾ കൂമൻകാവിനു നേരെ നടക്കുന്നത് ആരും കണ്ടില്ല. മാനത്ത് കാലവർഷം കാത്തു നിന്നു. ഇടിമിന്നലിൽ വഴി തെളിഞ്ഞു. മനുഷ്യൻ ചവിട്ടിപ്പോയ വഴിത്താരയല്ല. വിണ്ടുകീറിയ കട്ടകളും നെരിഞ്ഞൽ മുള്ളുകളും പാമ്പിൻപുറ്റുകളും. അശാന്തരായ ഇഫിരീത്തുകളുടെ സഞ്ചാരപഥം. നൈസാമലി അതിലൂടെ മുന്നോട്ടു. നടന്നു. ചെതലി അകന്നു കാണാതായി.

കലിയടങ്ങാതെ അയാൾ പിന്നെയും നടന്നു. കൂമൻകാവിലെ മാവുകളും പിന്നിലായിക്കഴിഞ്ഞിരുന്നു.

5. ഷെയ്ഖിന്റെ ഖാലിയാർ

നൈസാമലി എവിടെപ്പോയെന്ന് ആരുമറിഞ്ഞില്ല. അയാൾ കൂമൻകാവിലെത്തിയില്ല. പണിക്കാർ ഒരാഴ്ച കാത്തു. പിന്നെ പീടികയടച്ചിട്ടു. കെട്ടിയിരിപ്പുണ്ടായിരുന്ന ബീഡി പുകയിലപ്പീടികക്കാർ കണ്ടുകെട്ടി. പണിക്കാരിലൊരുവൻ അത്തരിന്റെ കമ്പനിയിലേയ്ക്കും മറ്റേവൻ കള്ളക്കാച്ചു വ്യവസായത്തിലേയ്ക്കും നീങ്ങി.

പിറ്റേക്കൊല്ലം നൈസാമലി വീണ്ടും കൂമൻകാവിൽ പ്രത്യക്ഷപ്പെട്ടു. ജട നീണ്ടിരുന്നു. ഒന്നും നടന്നിട്ടില്ലാത്തപോലെ അയാൾ അത്തരിനെ ചെന്നു കണ്ടു. അത്തരിന്റെ അന്വേഷണങ്ങൾക്കൊന്നും തൃപ്തികരമായ മറുപടി കൊടുത്തില്ല. ഇത്രമാത്രം അത്തരിനോടു ചോദിച്ചു, ‘‘നാൻ മറ്പടിയ്ം ഉങ്ക കമ്പനിയില് ശേരട്ട് മാ?’’

സെയ്യദ്ദ്മിയാൻശെയ്ഖ് തുണൈ ബീഡിയുടെ വയലറ്റു ലേബലിൽ മുടിച്ചുരുളുകളുടെ പത്രകിരീടവുമണിഞ്ഞ് ഇരുന്ന പ്രതിയോഗി. ധാർഷ്ട്യം നിറഞ്ഞ ചുമർപരസ്യം. അവൻ നിരാശ്രയനായി തനിക്കു കാണണം. പക്ഷെ, അതിനു മുമ്പ് നിരാശ്രയനായി അവൻ ചവിട്ടടിയിൽ വരണം.

‘‘നീ വന്ത്ക്കൊ,’’ അത്തര് പറഞ്ഞു. ‘‘ആനാ, മരിയാദിയ്ക്കി പണി ശെയ്ത്ക്കോ. അന്ത ലൊട്ട്ലൊട്ക്ക് ബിശിയം കളഞ്ച്ക്കോ. തെരിഞ്ചിതാ, ണ്ണ്?’’

‘‘എന്നാണ്ണ്, അത്തരണ്ണോ, നൈജാമിനെ ഉങ്ക്ള്ക്ക് തെരിയാതാ? ശൊന്നാ ശൊന്നതാക്ക്ം.’’

‘‘പേച്ചൊന്നും ബേണ്ടാ.’’

‘‘ഓ, അപ്പ്ടി താ, ണ്ണ്.’’

അത്തരിന്റെ വീടർ സൊഹറാബി കാര്യമായന്വേഷിച്ചു, ‘‘അന്ത ചെക്കൻ തിര്മ്പി വന്ത്താ?’’

അത്തരിന്റെ തലയൊന്നു മിന്നി.

‘‘ഥൂ! ഉനക്കെന്നെടീ അതി?’’

നൈസാമലിയാകട്ടെ, വാക്കു തെറ്റിച്ചില്ല. ഒരു യന്ത്രത്തെപ്പോലെ തിരച്ചു. ബീഭത്സമായ ആവേശം. അതയാളുടെ വിരൽത്തുമ്പുകളിൽ തരിച്ചു. തിരച്ചു തീർന്ന ബീഡികളിൽ അതു നിറഞ്ഞെന്നു തോന്നി.

മാസങ്ങൾ പലതു കഴിഞ്ഞു. അത്തരിന്റെ പകപോലും തണുത്തു വരുകയാണ്. അപ്പോഴാണ് നൈസാമിലിയുടെ പാർപ്പിടമായ പീടികമുറിയുടെ മുമ്പിൽ ഒരു ചുവന്ന ബോർഡു പ്രത്യക്ഷപ്പെട്ടത്: ‘കൂമൻകാവ് ബീഡി ത്തൊഴിലാളി യൂണിയൻ.’ അത്തരിന്റെ പത്തു തിരപ്പുകാരിൽ ഏഴു പേർ യൂണിയനിൽ ചേർന്നു. പാലക്കാട്ടുനിന്നു വന്ന സഖാക്കൾ സ്റ്റഡി ക്ലാസ്സുകളെടുത്തു. ജനുവരി ഇരുപത്തിയൊന്നിന് കൂമൻകാവ് ബീഡി ത്തൊഴിലാളി യൂണിയൻ ലെനിൻ ദിനമാഘോഷിച്ചപ്പോൾ, നൈസാമലി മുഷ്ടി ചുരുട്ടി വിളിച്ചു: ‘‘എല്ലാ രാജ്ജിയങ്ങളിലിയ്ം ഒഷപ്പാളികളേ [1] -സങ്കടിക്കുവിൻ!’’

അത്തരുമുതലാളി ഭീഷണിയുടെ സ്വഭാവം മനസ്സിലാക്കി. അതു മതധ്വംസനമാണെന്ന് മുസ്ലിം ലേബർ യൂണിയൻ അത്തരിനെ ബോധിപ്പിച്ചു. അട്ടിമറിയും വിദേശ നുഴഞ്ഞുകേറ്റവുമാണെന്ന് കോൺഗ്രസ്സുകാർ പറഞ്ഞു. അത്തരാകട്ടെ ഒന്നും ചെവിക്കൊണ്ടില്ല യൂണിയൻ തന്റെ പ്രാചീനനായ ശത്രുവാണ്. ഖസാക്കിൽ പുളിങ്കുരു പെറുക്കി നടന്ന കാലത്ത് തന്നെ പട്ടിണിയ്ക്കിട്ടത് യൂണിയനാണ്! ചെതലിമലയിൽ വിറകൊടിയ്ക്കാൻ ചെന്ന അത്തരെ കാട്ടുതീ വെച്ചു കൊന്നതും പിന്നെ തന്റെ കുടുംബം ശിഥിലമാക്കിയതും യൂണിയൻതന്നെ. അതിനുമെത്രയോ മുമ്പ് അത് തന്റെ വംശത്തെ പീഡിപ്പിച്ചിട്ടുണ്ട്!

കൂമൻകാവിലേയ്ക്കു ചക്കര കടത്തുന്ന തങ്കയിൽനിന്ന് ആ കഥകൾ മൈമുന കേട്ടു. നൈസാമണ്ണൻ ജാഥകൾ നയിക്കുന്നത്രെ. കാവുപറമ്പിൽ ചേരാറുള്ള യോഗങ്ങളിൽ പ്രസംഗിയ്ക്കുന്നത്രെ.

‘‘മിക്ഷ്യൻ വെച്ച്ട്ടാണ് മൈമുനേ, വലിയ്ക്കെനെ പറയിണ മിക്ഷ്യൻ!’’

‘‘തെന്നേ, തങ്കേ?’’

‘‘ഓാാ.’’

‘‘യാ, റഹമാൻ!’’

അത്തരുമുതലാളി നൈസാമലിയെ പിരിച്ചുവിട്ടതോടെ പണിമുടക്കം പൊട്ടിപ്പുറപ്പെട്ടു.

എള്ളിട നീങ്ങാൻ അത്തരുമുതലാളി കൂട്ടാക്കിയില്ല. വർഗ്ഗങ്ങളുടെ സമരമാണ്, തെണ്ടിയും മുതലാളിയും തമ്മിലുള്ള യുദ്ധം. പാടുപെട്ടു മുതലാളിയായി മാളികപ്പുര പണിഞ്ഞശേഷം സ്വയം ഏറ്റെടുത്ത പേരാണ് ‘മാളികയ്ക്കൽ.’ മാളികയ്ക്കൽ അത്തര്, എം. അത്തരുമുതലാളി, കടവുൾ സകായം എം. അത്തരു ഫോട്ടോ, സമരത്തിൽ വിട്ടുവീഴ്ചയില്ല.

ഖസാക്കുകാർ ഇതെല്ലാം കൗതുകത്തോടും തെല്ലാകാംക്ഷയോടും ഉറ്റുനോക്കി. ഒരു ഖസാക്കുകാരൻ മറ്റൊരു ഖസാക്കുകാരനെതിരെ പോരാടുകയാണ്... വേവട പിടിപ്പിച്ച സ്റ്റാലിന്റെ വർണ്ണപടവും ഖുർആനും പേറിക്കൊണ്ട് നൈസാമലി ഘോഷയാത്രകൾ നയിച്ചു. കൂമൻകാവിൽ മുദ്രാവാക്യങ്ങൾ മുഴങ്ങി:

‘‘ആങ്കളോ അമേരിക്കൻ ചൊരണ്ടൽ [2] —നസിക്കട്ടെ‘!’’

‘‘മര്‍തകൻ എം. അത്തര്—

മൂറതബാത്!’’

‘‘ഇങ്കിലാ—

സിന്താബാത്!’’

ചക്കരെക്കാരി തങ്ക മൈമുനയോടു പറഞ്ഞു, ‘‘എന്താണ്ടീ മൈമുനോ, ഒരാലവാരവോ! നമ്മണ്ടെ മരയ്ക്കാറാണ് * ഒക്കീലിയ്ക്ക് തലവൻ.’’

‘‘തെന്നെ തങ്കേ?’’

അഞ്ചാം ദിവസം സമരത്തിന്റെ സ്വഭാവം മാറി. അത്തര് ഒരു വളൻടിയരെ പരസ്യമായി തല്ലി പരിക്കേല്പിച്ചു. നീതിയ്ക്കും വ്യവസ്ഥയ്ക്കും വേണ്ടിയാണ് തല്ലിയത്. പോലീസെത്തി. പോലീസുകാർ തന്നെ അഭിനന്ദിയ്ക്കുമെന്നാണ് അത്തരുമുതലാളി കരുതിയിരുന്നത്. പക്ഷേ, അത്തരിനെയും നൈസാമലിയെയും ആമം വെച്ചു പാലക്കാട്ടേയ്ക്കു കൊണ്ടുപോയി...പാലക്കാട്ടിലെ വലിയൊരു ബീഡിക്കമ്പനിയായ പൂനൈ എലി അമൈതി അത്യമാൻ ഫോട്ടോ കൂമൻകാവിൽ ഒരു ശാഖ തുറന്നു. അങ്ങനെ പണിമുടക്കവും അത്തരിന്റെ കമ്പനിയും അവസാനിച്ചു.

ജയിൽ മുറിയിൽ തല്ലു കൊണ്ട് അവശനായി നൈസാമലി കിടന്നു. കനപ്പെട്ട കുറ്റങ്ങളാണ്. രാഷ്ട്രത്തിനെതിരെ യുദ്ധം പ്രഖ്യാപിച്ചത്, ഹിംസാത്മകമായ മാർഗ്ഗത്തിലൂടെ ഭരണത്തെ അട്ടിമറിയ്ക്കാൻ നോക്കിയത്, കൊലപാതകത്തിനു പ്രേരണ നല്കിയത്, അങ്ങനെ പലതും. അതൊക്കെ സഹിക്കാം. പക്ഷെ, വേദന സഹിച്ചുകൂടാ. പേശികളിൽ, സന്ധികളിൽ, എല്ലുകളിൽ എല്ലാം വേദന. ബോധം മങ്ങുകയും തെളിയുകയും ചെയ്തു. ആ വ്യതിയാനങ്ങളിലൂടെ അയാൾ ഒരു ചോദ്യത്തിന് വ്യർത്ഥമായി ഉത്തരം തേടി. അത്തരുമുതലാളിയും താനുമായുള്ള യുദ്ധത്തിൽ പോലീസിനെന്തു കാര്യം?

പുലർന്നപ്പോൾ ഇത്തിരി ആക്കം തോന്നി. ആകാശം കാണാൻ വയ്യ. എവിടെയോ കാക്ക കരയുന്നു. ഖസാക്കിലെ പനങ്കാടുകളിലാണെന്നു തോന്നി. ചമ്രംപടിഞ്ഞു കണ്ണുമടച്ച് കമ്പിളിവിരിപ്പിലിരുന്നു. ഒരു പോലീസുകാരൻ

വാതില്ക്കലെത്തിയപ്പോൾ നൈസാമലി അപേക്ഷിച്ചു, ‘‘ഇസ്‌പേറ്ററെജമാനോട് ഒന്ന് ശംശാരിക്കാന്ണ്ട്.’’

അങ്ങനെ അസ്ഥിരമായ കാലുകളിന്മേൽ നൈസാമലി ഇൻസ്‌പെക്ടറുടെ മുമ്പിൽ നിന്നു.

‘‘എജമാ, ഞമ്മള് ഇതീന്നൊക്കെ വ്ട്ടാണ്.’’

ഇൻസ്‌പെക്ടർ തടവുകാരന്റെ മുഖത്തു സൂക്ഷിച്ചു നോക്കി.

‘‘ഈ ബുദ്ധി നേർത്തേ തോന്നായിര്ന്നിലേ?’’ അയാൾ ചോദിച്ചു.

‘‘ഒക്കെ മായയാക്ക്ം, എജമാ!’’

ഇത്തിരി പുതുമയുള്ള രാഷ്ട്രീയത്തടവുകാരനാണ്. ഇൻസ്‌പെക്ടർ ചോദിച്ചു, ‘‘മായയോ?’’

‘‘ഇന്നലെ രാത്രി ഞമ്മണ്ട്ട്ത്ത് മൂപ്പര് വന്നു, എജമാ!’’

‘‘മൂപ്പരോ? ലോക്കപ്പിലോ?’’

‘‘സെയ്യദ്ദ് മിയാൻ ശെയ്ഖ് തങ്ങള്.’’

ഇൻസ്‌പെക്ടർ ഹെഡ്കോൺസ്റ്റബിളിനെ നോക്കി, ‘‘ആരാത് രാമന്നായരേ, ഇതിനകത്ത് കേറീത്?’’

‘‘എജമാ,’’ നൈസാമലി ഇടപെട്ടു, ‘‘അതൊര് ജിന്നാക്ക്ം, ഫ്രേതം.’’

ഇൻസ്‌പെക്ടർ കസേലയിൽ ചാരിയിരുന്നു. അയാൾ രാമൻനായരോടു പറഞ്ഞു, ‘‘ഞാനിവമ്മാരോട് എത്ര പറഞ്ഞതാ തലേലും വർമത്തും തല്ലര്ത്ന്!’’ എന്നിട്ട് നൈസാമലിയോട്, ‘‘ശരി, നൈസാമലി, ഇതാ ഈ കസേലേലിരിയ്ക്കൂ. ഇനി ഇതൂട്ടം തെമ്മാടിത്തം കാട്ട്വോ?’’

‘‘ഇൻശാള്ളാ, ഇഞ്ഞൊക്കീം സെയ്യദ് മിയാൻ ശെയ്ഖിന്റെ കിർഫ യാണെജമാ.’’

“ആരാ—ആ പ്രേതത്താൻ, അല്ലേ? ഒട്ടും വിരോധല്യാ. ഞാൻ ഒരു കടലാസ്സില് ഒര് സങ്ങതിയെഴുതാ.

അതിലൊപ്പിട്ടോളൂ.''

ധ്യാനത്തിൽ മുഴുകി നൈസാമലി കസേലയിലിരുന്നു. ഇൻസ്പെക്ടർ മാപ്പുമൊഴി എഴുതി തയ്യാറാക്കി. ഇനി ഭരണഘടനയ്ക്കു കീഴ്വഴങ്ങി നടന്നു കൊള്ളാം. വിദേശശക്തികളുടെ ചട്ടുകമാവാതെ കഴിഞ്ഞുകൊള്ളാം. എല്ലാം വായിച്ചു കേൾപ്പിച്ചശേഷം ഇൻസ്പെക്ടർ ചോദിച്ചു, ''ഇതിലൊപ്പിടാൻ വിരോധോണ്ടോ ആലിയ്ക്ക്?''

''ഒപ്പ്ടാ.''

ഇടത്തെ പെരുവിരലിന്റെ അടയാളം അതിൽ പതിപ്പിച്ചശേഷം നൈസാമലി എണീറ്റുനിന്നു.

''ഒരപേച്ചയിണ്ട്, എജമാ.''

''പറയൂ, ആലി.''

''ഞമ്മണ്ടെ പേരിന്റെ കൂടെ 'ഖാലീന്ന്' കൂടി കൂട്ടണം.''

''അതെന്താത്?''

''ഞമ്മള് ഇന്ന് പെലകാലം തൊട്ട് സെയ്യദ് മിയാൻ ശെയ്ഖ് തങ്ങളിന്റെ ഖാലിയാരാണ്. അതാണ് മൂപ്പിരിന്റെ നിശോകം.'' *

അത്തരം സന്ദർഭങ്ങളിൽ തോന്നാറുള്ള സൗഹൃദവും ധാരാളിത്തവും ഇൻസ്പെക്ടറെ ബാധിച്ചു.

''ഒക്കെ ശരിപ്പെട്ത്താ. അലി ഇപ്പോ ലോക്കപ്പിലിയ്ക്ക് പോവൂ. സുഖായി ഒറങ്ങൂ. കേസൊക്കെ പിൻവലിയ്ക്കും, ട്ട്വോ. രാമന്നായരേ, ചായ്യോ കാപ്പ്യോ എന്താ ആലിയ്ക്ക് വേണ്ടത്ച്ചാൽ കൊടുക്കൂ. പിന്നെ ഇത്തിരി തണ്ത്ത തെന്തെങ്കില്, നീലിഭൃംഗാദിയോറ്റെ, തേപ്പിച്ച് ധാരാളം തണുത്ത വെള്ളത്തില് കുളിപ്പിയ്ക്കൂ.''

പുക ചുറ്റിയ കണ്ണുകൾ കൊണ്ട് ഇൻസ്പെക്ടരെ അടിമുടി നോക്കിയിട്ട് നൈസാമലി ഉരുവിട്ടു, ''അൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ അർരഹ മാനിറഹീം...അൽ ഫാത്തിഹാ!''

ചെതലിയുടെ കൊടുമുടിയിൽ നൈസാമലി നടന്നു, ഒരു ചെരിവിൽ, വിള ചീഞ്ഞുപോയ കളമക്കണ്ടം പോലെ കാട്ടുതേനാട്ടികൾ താഴോട്ടു പടർന്നു പടർന്നു പോകുന്നു. കാറ്റും മഴയും കാലവുമരുമ്പിപ്പോയ മേൽമുടിപ്പാറ കമാനവും കൊത്തളവും മിനാരവുമായിത്തീർന്നിരുന്നു. ആ പാറയുടെ ഗർഭത്തിലെവിടെയോ സെയ്യദ് മിയാൻ ഷെയ്ഖിന്റെ അസ്ഥികൾ വിശ്രമം കൊണ്ടു. മിനാരത്തിൽ, കമാനത്തിൽ, മലയുടെ മാറ്റൊലിയിൽ, മിയാൻ ഷെയ്ഖിന്റെ പ്രേതം നടമാടി.

മലമുടിയിൽ, ആകാശത്തിലേയ്ക്കു കൈകൾ വിടർത്തിക്കൊണ്ട് നൈസാമലി നില്ക്കുകയാണ്. കാറ്റത്ത്, ചുറ്റിലും വെള്ളിമേഘങ്ങൾ നീങ്ങിക്കടന്നപ്പോൾ മല നീങ്ങിപ്പോകുമ്പോലെ നൈസാമലിയ്ക്കു തോന്നി. ആ മേഘങ്ങളിലാകട്ടെ, ജിന്നും ഇഫിരീത്തും യാത്ര ചെയ്തു. കാലിൻചോട്ടിൽ, ഇളം ചൂടുള്ള പാറക്കെട്ടിന്റെ വിടവുകളിൽ പൂത്തു നിന്ന കൃഷ്ണകാന്തികളിൽ വൈരകിരീടം ചൂടിയ കൊച്ചുമലിക്കുകൾ പാറിനടന്നു.

നൈസാമലി ഉറക്കെ വിളിച്ചു. മാറ്റൊലി മിനാരങ്ങളെ ചുറ്റി വീണ്ടും വീണ്ടും സഞ്ചരിച്ചു. ചിറകു വിടർത്തി നൈസാമലി താഴോട്ടു പറന്നു... ബോധം തെളിയുമ്പോൾ കാൽമുട്ടിലും നെറ്റിയിലും വാരിയിലും വലിയ പരിക്കുകളുണ്ടായിരുന്നു. വെള്ളിമേഘങ്ങൾ ഇരുണ്ടുകഴിഞ്ഞിരുന്നു. നൈസാമലി എണീറ്റുനിന്നു. നില്ക്കാം. വേദനയുണ്ടെന്നേയുള്ളു. നടക്കാം. അയാൾ പതുക്കെ നടന്ന് മലയിറങ്ങി.

അള്ളാപ്പിച്ചാമൊല്ലാക്ക പള്ളിയിലായിരുന്നു. അപ്പോഴാണ് ഖസാക്കുകാർ അതു കേട്ടത്. രാത്രിയിലൂടെ മൂളിമൂളിപ്പോകുന്ന അലൗകികസ്വരം. ഷെയ്ഖു തമ്പുരാന്റെ മന്ത്രങ്ങളാണ്. അവയുരുവിട്ടുകൊണ്ട് നൈസാമലി പാടം കേറി. നടുപ്പറമ്പു കടന്ന്, അകലത്തെ ചതുപ്പിലേയ്ക്കു നടന്നു. ഇരുളടഞ്ഞ രാജാവിന്റെ പള്ളിയിലേയ്ക്ക് അയാൾ നുഴഞ്ഞുകേറുന്നത് ഖസാക്കിലെ കാരണവന്മാർ കണ്ടു.

‘‘നിശോകം!’’ അവർ പരസ്പരം മന്ത്രിച്ചു.

നൈസാമലി പുറത്തു വന്നില്ല. ചതുപ്പിലെ മീസാൻകല്ലുകൾക്കിടയിൽ, ചിലപ്പോൾ മാത്രം, നിഴലുപോലെ, ഖസാക്കുകാർ നൈസാമലിയെ കണ്ടു. മൈമുനയും കണ്ടു. ചതുപ്പിന്റെ അതിരുകളോളം ചെല്ലാൻ ധൈര്യപ്പെട്ടവർ അവിടെയെരിഞ്ഞ ചന്ദനത്തിരികളുടെ അസംഖ്യം കുറ്റികൾ കണ്ടു. മഞ്ഞൾപ്പൊടി, കണ്ണു ചൂഴ്ന്നെടുത്ത പെരിച്ചാഴിത്തലകൾ, വെടിമരുന്നു കത്തിക്കരിഞ്ഞ ചതുപ്പുമണ്ണ്. അവർ ഭയാദരങ്ങളോടെ നോക്കി. അവർ പറഞ്ഞു, ''തൃഴ്ട്ടാന്തം!''

അഞ്ചാം ദിവസം കാലത്താണ് നൈസാമലി ആൽത്തറയ്ക്കൽ നിലപാടു കൊള്ളാനെത്തിയത്. ഏകാദ്ധ്യാപകവിദ്യാലയം അരുതെന്നു പറയാൻ മൊല്ലാക്ക വിളിച്ചായിരുന്നു അന്നു രാവിലെ ഖസാക്കുകാർ അവിടെ വന്നിരുന്നത്. നടുപ്പറമ്പിന്റെ ഒരറ്റത്തു നിന്നുകൊണ്ട് നൈസാമലി അറിയിച്ചു: ഹോജരാജാവായ തമ്പുരാന്റെ ഉടയവനായ ഷെയ്ഖ്തങ്ങളുടെ ഉപാസകനായി, ഖാലിയാരായി, താൻ ഖസാക്കിലേയ്ക്കു തിരിച്ചു വന്നിരിയ്ക്കുന്നു...

അത്യാഹിതത്തിനുശേഷം അള്ളാപ്പിച്ചാമൊല്ലാക്ക പൊന്തുരാവുത്തരണ്ണനോടൊപ്പം അലിയാരുടെ ചായപ്പീടികയ്ക്കകത്ത് ഇരിപ്പാണ്. അയാൾ വീണ്ടും വീണ്ടും ചോദിക്കുന്നു, വ്യർത്ഥമായി. നൈസാമലി തിരിച്ചുവന്ന കാര്യം എന്തേ തന്നെ ഉണർത്തിയ്ക്കാഞ്ഞത്? മനോവിഷമത്തോടും ഭയത്തോടും പൊന്തുരാവുത്തരണ്ണൻ തലകുലുക്കുക മാത്രം ചെയ്തു.

പുറത്ത് ആൽത്തറയിൽ നിലയുറപ്പിച്ചുകൊണ്ട് ഷെയ്ഖിന്റെ ഖാലിയാർ ഖസാക്കുകാരോടു സംസാരിച്ചു...

---

1 തൊഴിലാളികളേ.

2 'ചൂഷണം' എന്ന പദം തമിഴിൽ.

* പാലക്കാട്ടിലെ ഈഴവർ രാവുത്തന്മാരെ 'മരയ്ക്കാർ' എന്നും രാവുത്തന്മാർ തിരിച്ച് 'പണിയ്ക്കർ' എന്നുമാണ് വിളിക്കാറ്.

* നിയോഗം.

6. വിദ്യാലയങ്ങൾ

അലിയാർ ഖസാക്കുകാരോടു സംസാരിച്ചു. മൈലാഞ്ചിത്താടിക്കാരായ കാരണവന്മാർ ചെവിക്കൊണ്ടു നിന്നു. പിന്നെ അവർ പതുക്കെ പിരിഞ്ഞു പോയി. കുട്ടികളെ സ്കൂളിലേയ്ക്ക് അയയ്ക്കരുതെന്ന് അള്ളാപ്പിച്ചാമൊല്ലാക്ക പറയുന്നു. ഖസാക്കിലെ കുട്ടികൾ കോണെഴുത്തു പഠിയ്ക്കണമെന്ന് നൈസാമലി പറയുന്നു. പറയാൻ നൈസാമിലിയുടെ അവകാശമെന്ത്? അറബിക്കുളത്തിലെ പാതിരാക്കുളി, രാജാവിന്റെ പള്ളിയിലെ സർപ്പശയനം, ചതുപ്പിൽ കത്തിയെരിഞ്ഞ വെടിമരുന്നിന്റെ പാട്, വെളിമ്പുറങ്ങളിൽ രാത്രിയിലൂടെ മൂളിമൂളിക്കടന്നുപോകുന്ന പ്രവചനസ്വരം.

‘‘അവനോടെ * സത്തിയം എന്നാ?’’ അവർ അന്യോന്യം ചോദിച്ചു.

അവരോർത്തു. മൊല്ലാക്ക നൈസാമലിയെ ശപിച്ചത്.

ജപിച്ചു മണ്ണു വാരിയെറിഞ്ഞപ്പോൾ മൊല്ലാക്ക അടിതെറ്റിയത്.

‘‘ശെയ്ക്ക് തമ്പിരാനോടെ സത്തിയം,’’ അവർ പറഞ്ഞു.

‘‘അപ്പടിയാനാൽ മൊല്ലാക്ക പൊയ്യാ?’’ അവർ വീണ്ടും ചോദിച്ചു.

‘‘മൊല്ലാക്കയ്ം സത്തിയം താൻ,’’ അവർ പറഞ്ഞു.

‘‘അതെപ്പ്ടി?’’

‘‘സത്തിയം പലത്!’’

അവർ അസ്വസ്ഥരായി.

ഞാറ്റുപുരയിൽ:

‘‘എന്താ, എന്താ, ശിവരാമന്നായരേ?’’ രവി തെല്ലാകാംക്ഷയോടെ ചോദിച്ചു.

‘‘ബൗദ്ധമ്മാര് നൊമക്കെതിരാ, മേഷ്ഷേ,’’ ശിവരാമൻനായർ പറഞ്ഞു. ബൗദ്ധന്മാർ എതിർചേരിയിൽ, ശിവരാമൻനായർക്ക് ഉൾക്കുളിരു വീണു.

‘‘മേഷ്ഷേ,’’ അയാൾ പറഞ്ഞു, ‘‘ബൗദ്ധമ്മാര് എപ്പഴ്ം നൊമക്കെതിരാ.’’

മുറ്റത്തെ പുളിയുടെ നിഴലിൽ ഒരു മനുഷ്യൻ

അനക്കമില്ലാതെ നില്ക്കുകയായിരുന്നു.

നീണ്ടു ചടച്ച ശരീരം പുള്ളിവെയിലു വീണു വിചിത്രമായിരുന്നു.

‘‘അസ്സലാം അലൈഖും!’’ ഖാലിയാർ പറഞ്ഞു.

“വലൈഖും സലാം,’’ രവി പറഞ്ഞു.

‘‘വരാവോ?’’ ഖാലിയാർ ചോദിച്ചു.

‘‘വരണം, വരണം,’’ രവി പറഞ്ഞു.

നീലമുടി പകുത്തു ചുമലിലേയ്ക്കിട്ട് നൈസാമലി രവിയുടെ മുമ്പിൽ നിന്നു. ശിവരാമൻനായർ പരുങ്ങി.

‘‘ഞമ്മള് സെയ്യ്ദ്ദ് മിയാൻ ശെയ്ഖ് തങ്ങളിന്റെ ഖാലിയാരാണ്,’’ ഖാലിയാർ അറിയിച്ചു.

എന്തു പറയേണ്ടുവെന്ന് രവിയ്ക്കറിവില്ലായിരുന്നു. എങ്കിലും പറഞ്ഞു, ‘‘സന്തോഷം!’’

“നമ്മണ്ടെ ശർവ സകായൂം മേഷ്ടര്ക്ക്ണ്ട്,’’ ഖാലിയാർ പറഞ്ഞു, ‘‘സെയ്യ്ദ്ദ് മിയാൻ ശെയ്ഖോടെ ഖൈറ്!’’

വന്നപോലെത്തന്നെ ഖാലിയാർ ഇറങ്ങി നടന്നു.

പോറലില്ലാത്ത ചർമ്മം, താടി വടിച്ചു വെടിപ്പുവരുത്തിയ

വെളുത്ത മുഖം, നീണ്ട, ഒഴുക്കനായ കൈകൾ.

വൈദികൻ നടന്നു മേടു കേറി. രവിയ്ക്ക് ഒന്നും മനസ്സിലായില്ല.

''ശിവരാമന്നായരേ,'' അയാൾ ചോദിച്ചു, ''ആരാ ഈ സെയ്യദ്ദ് മിയാൻ ഷെയിഖ്?''

ശിവരാമൻനായർ അകലെ ചെതലിയിലേയ്ക്കു നോക്കി.

ഒരു നൊടിനേരം വിഷമിച്ചെന്നു. തോന്നി.

പിന്നെ ധൈര്യപ്പെട്ടുകൊണ്ടു, പറഞ്ഞു, ''ഞിങ്ങള് ബേശാറാകാണ്ടിരിയ്ക്കീ, മേ്ഷ്ഷേ.''

രവിയ്ക്കു കൂടുതൽ ജിജ്ഞാസയായി, ''പറയൂ, ശിവരാമന്നായരേ.''

"അതോ—ഒ, ഒരു പ്രേതം.''

'പ്രേതോ?''

രവി കസേലയിൽ ചാരിയിരുന്ന് സിഗരറ്റു കൊളുത്തി. ആ അനാസ്ഥ ശിവരാമൻനായർക്കു പിടിച്ചില്ല.

"പ്രേതം നേരെന്യാ മേഷ്ഷേ,'' അയാൾ പറഞ്ഞു.

''പക്ഷെ, ബൗദ്ധന്റ്യാ പ്രേതം. മ്ലേച്ഛപ്പെട്ട ആല്മാവാണ്. അത്രയ്ക്ക് ഊറ്റംന്ന് പറയാനൂല്ല. നൊമ്പടെ മുതുകൊളത്തിയമ്മടെ കാവിലെ

ആ വല്യ കതന പൊട്ടിയാല് ഈ ബൗദ്ധ പ്രേതം തൂറുംന്ന് വെച്ചോളീൻ.''

പിന്നെ ശിവരാമൻനായർ ഒരു കാവ്യം ചൊല്ലി:

''മൊട്ടപ്പാഴ്ത്തലയല്ല വേണ്ടു

ഭരതക്ഷോണീ കിരികിടം ചൂടാൻ—''

അയാൾ ചിരിച്ചു.

''കല്യാണിക്കുട്ടി പടിപ്പിച്ച്തന്നതാ,'' അയാൾ പറഞ്ഞു,

‘‘കല്യാണിക്കുട്ടി നൊമ്പടെ മഹളാ—എന്നാല്ം, മേ്ഷ്ഷേ, അതിലെ സംഗതി നേരല്ലേ?’’

‘‘അതിനെന്തു സംശയം?’’ രവി പറഞ്ഞു.

പക്ഷെ, വീട്ടിലേയ്ക്കു തിരിച്ചുനടക്കുമ്പോൾ ശിവരാമൻനായർ അറിയാതെ ചെതലിയുടെ നേർക്കു നോക്കിപ്പോയി.

കാട്ടുതേനാട്ടികളിൽ വലിയൊരു മേഘത്തിന്റെ നിഴലു വീണു. ഗ്രഹണം പോലെ മല കറുത്തു. ശിവരാമൻനായർക്ക് ഉൾക്കിടിലമുണ്ടായി.

വീട്ടിൽ ചെന്നു കേറുമ്പോൾ ഭാര്യ നാരായണിയമ്മ തിണ്ണയിൽ നില്ക്കുകയായിരുന്നു. ഈറൻതുവർത്തു. മാത്രം ചുറ്റിനിന്ന് മേത്തു ചന്ദനം പൂശുകയാണ്. മുപ്പതു കൊല്ലം മുമ്പു പുടമുറിരാത്രിയിൽ കണ്ട നാരായണി തന്നെ. വിലങ്ങനെ വളർന്നിരുന്നെന്നു. മാത്രം. നെറ്റിയ്ക്കിരുവശവും രണ്ടു നാലു വെള്ളിനാരുകൾ തെളിഞ്ഞിരുന്നെന്നു മാത്രം അല്ലെങ്കിൽ എല്ലാം ആ രാത്രിതന്നെ. മഞ്ഞളിന്റെ നിറം. മുലക്കുഞ്ഞിന് തളർത്താൻ കഴിയാത്ത കല്ലൻമുലകൾ.

‘‘ഓ, നായരടെ അരിശം തീർന്നോ?’’ നാരായണിയമ്മ ചോദിച്ചു, ‘‘ഷ്ക്കോളൊക്കെ നടത്തിക്കൊട്ത്തോ?’’

ശിവരാമൻനായർ കേട്ടില്ലെന്നു നടിച്ചു.

‘‘നമോനമ,’’ അയാൾ പറഞ്ഞു, ‘‘കല്യാൺട്ട്യേ, പഴയ ചോറ്ണ്ടോടീ?’’

കല്യാണിക്കുട്ടി അടുക്കളയിൽ നീങ്ങുന്ന ശബ്ദം കേട്ടു. വളയുടെ ശബ്ദം. പാദസരം.

ഈരെഴത്തോർത്തുടുത്ത് നാരായണിയമ്മ തിണ്ണയിൽ ഉലാത്തി. ആദ്യമായി അവളങ്ങനെ ചെയ്തത് വർഷങ്ങൾക്കു മുമ്പാണ്. അന്ന് അയാൾ അവളെ ശാസിച്ചു. നാരായണിയമ്മ പിറ്റേന്നും തോർത്തുടുത്തു കാശു മാലയും നീലക്കൽ പതക്കവുമിട്ടു മുറ്റത്തു നിന്നു. ആദ്യമായി അവൾ ഞാറ്റുപുരയിൽ

തനിച്ചുപോയപ്പോൾ അയാൾ പോകരുതെന്നു പറഞ്ഞു. അവൾ വീണ്ടും പോയി.

''നാരായണീ!'' അന്നു ചോദിച്ചത് ശിവരാമൻനായർ ഓർക്കുന്നു, ''ആരേര്ന്നൂ ഞാറ്റ് പെരടെ മിറ്റത്ത്?''

മൗനം.

വീണ്ടും ചോദ്യം.

''കുപ്പു,'' നാരായണിയമ്മ പറയുന്നു, ''പനകേറ്റക്കാരൻ കുപ്പു.''

''എന്തിനേ വന്നത്?''

''തീ തര്വോന്ന് ചോതിയ്ക്കാൻ.''

ചെത്തുകാരൻ കുപ്പുവിനെ ഓർമ്മവന്നു. അലിയാരുടെ ചായപ്പീടികയുടെ മുമ്പിൽ അത്താണിപ്പുറത്തു കെണി പറഞ്ഞു കുത്തിയിരിക്കുന്ന കുപ്പുവല്ല. മാറിലും കയ്പ്പടങ്ങളിലും പൊന്നെരിന്റെ തടങ്ങൾപോലെ തഴമ്പുകെട്ടിയ ചെത്തുകാരൻ. വർഷങ്ങൾ കഴിഞ്ഞ് കല്യാണിക്കുട്ടിയുടെ മുഖത്തു നോക്കുമ്പോൾ, ആ വടിവൊത്ത മൂക്കിലും പതിഞ്ഞ ചുണ്ടിലും മറ്റേതോ മുദ്ര കണ്ടെത്താൻ നോക്കുന്നു. മനസ്സു കയ്ക്കുന്നു. തരിയ്ക്കുന്നു. വീണ്ടും ദുരൂഹമായൊരു സാധനയിലൂടെ ആ കയ്പു മറക്കുന്നു.

ഖസാക്കിൽ രണ്ടു വിദ്യാലയങ്ങളുണ്ട്, അള്ളാപ്പിച്ചാമൊല്ലാക്കയുടെ ഓത്തുപള്ളി, രാവുത്തന്മാർക്ക്. പിന്നെ ഹിന്ദുക്കൾക്കായുള്ള എഴുത്തു പള്ളി. മൂന്നു തലമുറകളായി പണിയ്ക്കന്മാരാണ് എഴുത്തുപള്ളി നടത്തിപ്പോന്നത്. ഇതിനും പുറമേ, ആറു നാഴികയകലെ കൂമൻകാവിലെ പ്രാഥമിക വിദ്യാലയത്തിൽ ചെന്നാൽ കോണെഴുത്തും കണക്കും പഠിയ്ക്കാം. ഖസാക്കിൽനിന്ന് കുട്ടികൾ അങ്ങോട്ടു പോകാതെയല്ല. ആ വഴിയത്രയും ചെല്ലാൻ അധികംപേർ മുതിർന്നില്ലെന്നു മാത്രം.

എഴുത്തുപള്ളിയാകട്ടെ, കൂമൻകാവിലെ പ്രാഥമിക വിദ്യാലയമാകട്ടെ, അള്ളാപ്പിച്ചാമൊല്ലാക്കയെ സ്പർശിച്ചില്ല. ഓത്തുപള്ളിയിലെ ഭദ്രാസനത്തിലിരുന്നുകൊണ്ട് അയാൾ ഖസാക്കിന്റെ പുരാണം പഠിപ്പിച്ചു.

മൂന്നുനാലു മാസം മുമ്പ് സ്കൂൾ വരുന്നെന്ന വിവരം അംശം കോൽക്കാരൻ പറഞ്ഞപ്പോൾ, മൊല്ലാക്ക ഖസാക്കിലെ കാരണവന്മാരോടു സംസാരിക്കുക മാത്രമാണു. ചെയ്തത്. സ്കൂളിലേയ്ക്കു കുട്ടികളെ അയയ്ക്കില്ലെന്ന് അവരത്രയും സമ്മതിയ്ക്കുകയും ചെയ്തു. ആരും സ്കൂളിന് ഇടവും കൊടുത്തുപോകരുത്.

''കാക്കയ്ക്കി ചേക്കയെടം കൊട്ത്താ, കാലമേ വര്ം വമ്സനാസം,'' മൊല്ലാക്ക ഉദ്ധരിച്ചു.

''ഉൻമതാണ്ണ്,'' കാരണവന്മാരും പറഞ്ഞു.

പക്ഷെ, ശിവരാമൻനായർ ഇടം കൊടുത്തു. അയാൾ തന്റെ ഞാറ്റുപുര വാടകയ്ക്കു കൊടുത്തു.

''ഞാരെവടെയിട്ം?'' നാരായണിയമ്മ ചോദിച്ചു.

''ഞാറ് പോയി തൊലയട്ടെ,'' ശിവരാമൻനായർ പറഞ്ഞു, ''ഷ്ക്കോളങ്ങട് നടക്കട്ടെ, പടിയ്ക്കട്ടെ, ആ കേലൻ.''

''നിങ്ങള്ക്കേ,'' നാരായണിയമ്മ മേത്ത് കളഭം പൂശുന്നതിനിടയിൽ പറഞ്ഞു, ''നട്ടപ്രാന്താണ്.''

''നെന്റെ നാക്കടക്കിയ്ക്കോ, നാരായണീ!''

നാരായണിയമ്മ പീഠത്തിൽ അലസമായി തിരിഞ്ഞിരുന്നുകൊണ്ട് തിരുവാതിരപ്പാട്ടു പാടാൻ തുടങ്ങി. കേലനെ പഠിപ്പിയ്ക്കുമെന്നു പറഞ്ഞത് എന്തിനെന്ന് ശിവരാമൻനായർ സ്വയം ചോദിച്ചുപോയി. കൂമൻകാവിലെ പ്രാഥമിക വിദ്യാലയത്തിന്റെ ഉടമസ്ഥനാണ് കേലൻമാസ്റ്റർ. പത്തുകൊല്ലത്തെ സ്കൂൾക്കച്ചവടത്തിൽനിന്ന് നൂറുപറ നിലവും ഒരു പത്തായപ്പുരയും സ്വരൂപിച്ചിരുന്നു. ആ അനീതിയൊന്നുമല്ല ശിവരാമൻനായരെ വിഷമിപ്പിച്ചത്. കടം കൊണ്ട ഇരുപത്തിയഞ്ചു

പറ ഒരുപ്പുകിൽ വസ്തുവാണ് തേവാരത്തു തറവാട്ടിന്റെ സ്വത്ത്. വെറുംകൈയോടെയാണ് കേലൻ സ്കൂളു വെച്ചത്. ശിവരാമൻ മൂത്താരെ വന്നു കണ്ട് അനുഗ്രഹം വാങ്ങിയാണ് ആദ്യത്തെ ക്ലാസ്സു തുടങ്ങിയത്. ഈഴവനാണെങ്കിലും ആശ്രിതനാണല്ലോ എന്ന് ശിവരാമൻനായരുമോർത്തു. ഖസാക്കിൽ നിന്നു കുട്ടികൾ കൂമൻകാവിലേക്കു പോകുന്നതിൽ അള്ളാപ്പിച്ചാമൊല്ലാക്കയ്ക്ക് ആദ്യം കഠിനമായ എതിർപ്പുണ്ടായിരുന്നു. ആ എതിർപ്പാകട്ടെ ശിവരാമൻനായരെ വീര്യം പിടിപ്പിയ്ക്കാനേ ഉതകിയുള്ളു. ബൗദ്ധൻ അരുതെന്നു പറഞ്ഞ സ്ഥിതിക്ക് അവിടെ ആവാമെന്നു പറയാൻ ചുമതലയായി. എങ്കിലും, അവസാനം ഖസാക്കിൽ നിന്നു പോയത് അഞ്ചാറു സാഹസികന്മാർ മാത്രമായിരുന്നു; പാടം കടക്കണം, മേടു കയറണം, കാലവർഷത്തിന്റെ കാറ്റും ഇടിയുമുണ്ട്. അഞ്ചാറു പേരല്ലേയുള്ളു; മൊല്ലാക്കയ്ക്കു സമാധാനമായി. പക്ഷെ, കേലൻ വളർന്നത് ഇതുകൊണ്ടൊന്നുമായിരുന്നില്ല. കൂമൻകാവുവഴി മലമ്പുഴച്ചാലു വെട്ടുന്നു. ചാൽവെള്ളത്തിനു ഭാരതപ്പുഴ മുറിച്ചു കടക്കാൻ ഒരു കുഴൽപ്പാലവും പണിയുന്നുണ്ടായിരുന്നു. ഈ പണിയുടെ പണം കൂമൻകാവിലും അയൽ ഗ്രാമങ്ങളിലും പശിമപിടിപ്പിച്ചു. ഗ്രാമവാസികളുടെ കുട്ടികളുതയും സ്കൂ ളിൽ ചേർന്നു. ചേരരുതെന്നു പറയാൻ അവിടങ്ങളിൽ ആരുമുണ്ടായിരുന്നില്ല താനും. കേലിന്റെ സ്കൂള് വളർന്നു, കാണെക്കാണെ കേലൻ വളർന്നു വലുതായി. പത്തായപ്പുരയായി. കൃഷിയായി. ആദ്യം പത്തുപറയ്ക്ക് ഇരുപ്പുകിലും കുറച്ചു ചാമപ്പറമ്പും. ശിവരാമൻനായർ ആവലാതിപ്പെട്ടു. പിന്നെ പതിനഞ്ചുപറ കണ്ടം, ഇരുപത്തിയഞ്ച്, അൻപത്, ജന്മം. അവിടുന്നും കേറിയപ്പോൾ ശിവരാമൻനായർ ചോദിച്ചു, ''എന്ത് പട്പ്പാണ്ടാ ഈ കൊ * മ്പാളന്റെ ഷ്ക്കോളില്?''

ഫലമുണ്ടായില്ല. കടുംനീലസാരിയും മഞ്ഞ സാറ്റിൻ ജമ്പറുമിട്ട് കേലന്റെ ഭാര്യ ഖസാക്കിൽ വന്നു. അവൾ ഷെയ്ഖുതങ്ങൾക്കും പുളിങ്കൊമ്പത്തെ പോതിയ്ക്കും വഴിപാടുവെച്ചു. കുട്ടാടൻ പൂശാരിയുടെ ദൈവപ്പുരയിൽ കോഴിയുടെ കുരുതിയൊഴിച്ചു. തേവാരത്തുവീട്ടിന്റെ

കിളിവാതിലിലൂടെ കല്യാണിക്കുട്ടി ആ നീലസ്സാരിയും മഞ്ഞപ്പട്ടും കണ്ടു... ഏകാദ്ധ്യാപക വിദ്യാലയം വരുമെന്നായപ്പോൾ ശിവരാമൻനായർക്കു തണലു കിട്ടിയെന്നു തോന്നി. അഞ്ചോ ആറോ ഖസാക്കുകാർ കേലിന്റെ സ്കൂളിൽ പോകുന്നതു മുടങ്ങിയാൽ കേലനു ചേതമില്ല. ഏകാദ്ധ്യാപകവിദ്യാലയം എത്രകണ്ടു വളർന്നാലും കേലിന്റെ കച്ചവടം മുടക്കാൻ മതിയാവില്ലെന്ന് ശിവരാമൻ നായർക്ക് അറിയാഞ്ഞുമല്ല. എന്തോ ആവോ, അതൊരു ശാഠ്യമായി മാറിയെന്നു മാത്രം.

ഒന്നല്ല, ഒരുപാടു ശാഠ്യങ്ങൾ. എന്തിനോടെന്നറിഞ്ഞുകൂടാ. കേലിന്റെ സ്കൂളിനോടാണോ, ഞാറ്റുപുരയോടാണോ? ഞാറടുപ്പിക്കാൻ ഇപ്പഴും നാരായണി തനിച്ചു ചെല്ലുന്നു. താൻ പാലക്കാട്ടു വ്യവഹരിയ്ക്കാൻ ചെന്നാൽ നാരായണി ഞാറ്റുപുരയിലാണ്. ഞാറ്റുപുരയിൽ ഇനി മേലിൽ നാരായണിയ്ക്ക് ഇടമില്ല. അവിടെ സ്കൂളാണ്. ശിവരാമൻനായർ ശാഠ്യം പിടിയ്ക്കുകയായിരുന്നു. ദുർബ്ബലമായി പകപോക്കുകയായിരുന്നു. നാരായണിയോടല്ല. ഓർത്തുനോക്കിയാൽ ആരോടുമല്ല. ആരോടുമല്ലാത്ത ആ പകയ്ക്ക് എന്തൊരു വ്യഗ്രത! ശ്വാസം കഴിച്ചുകൂടാ. ഒരു ദിവസം ശിവരാമൻ നായർ പാലക്കാട്ടെ. ആശുപത്രിയിൽ ചെന്നു. അവർ കണങ്കയ്യിൽ റബ്ബർക്കുഴലു ചുറ്റി കാറ്റടിച്ച് അളവെടുത്തു. രക്തസമ്മർദ്ദമാണെന്നു പറഞ്ഞു—

ചായപ്പീടികയിലെ ഏറ്റുമുട്ടൽ കഴിഞ്ഞിട്ട്.

''എപ്പടിയോ ആകട്ടം,'' അന്നു രാത്രി തിത്തിബിയുമ്മ ഭർത്താവിനോടു പറഞ്ഞു. മൊല്ലാക്ക പിള്ളത്തിണ്ണയിലിരുന്നുകൊണ്ട് ചെരിപ്പിന്റെ വാറു തുന്നിപ്പിടിപ്പിയ്ക്കുകയാണ്.

''ശെയ്ക്ക് തമ്പിരാൻ ഞമ്മൾനെ മറക്കാത്,'' തിത്തിബിയുമ്മ പറഞ്ഞു.

മൊല്ലാക്ക മറുപടി പറഞ്ഞില്ല. പാനീസുവിളക്കിന്റെ നിഴൽപ്പരപ്പിൽ സൂചിയിൽ നൂലു കോർക്കാൻ

ശ്രമപ്പെടുകയായിരുന്നു.

''ഏൻ ശെര്പ്പ് വാങ്കാതെ വന്തീങ്കോ?'' തിത്തിബിയുമ്മ ചോദിച്ചു.

കൂമൻകാവുചന്തയിൽ ചെന്ന് മൂന്നുറുപ്പികയ്ക്കു ചുവന്ന പിഞ്ഞാണക്കല്ലു പതിച്ച വെള്ളിമോതിരം അവൾക്കു വാങ്ങിക്കൊണ്ടുവരികയാണ് അയാൾ ചെയ്തത്, ചെരിപ്പിനു പകരം. തിത്തിബിയുമ്മ തന്റെ വെളുത്തു നീണ്ട വിരല് പാനീസുവെളിച്ചത്തിലേയ്ക്കു നീട്ടി.

മൊല്ലാക്ക മുഖമുയർത്തി അവളെ നോക്കി. എന്നിട്ട് വീണ്ടും തുന്നാൻ തുടങ്ങി.

മോതിരമിട്ട കയ്യ് നെഞ്ചത്തമർത്തിക്കൊണ്ട് തിത്തിബിയുമ്മ പറഞ്ഞു, ''ഹോജരാജാവായ തമ്പിരാനേ, ശെയ്ക്ക്തങ്ങളേ, ഞിങ്ങ കാത്തോളീൻ!''

വാക്കു മാറി പലരും സ്കൂളിൽ ചേരാൻ പേരു കൊടുത്തു. ഇന്നലെ കുഞ്ഞാമിനപോലും പേരുകൊടുത്തു. നാളെ തിങ്കളാഴ്ച, സ്കൂളിൽ പഠിപ്പാരംഭിയ്ക്കുന്നു. സന്ധ്യ. സ്കൂളിനുനേരെ നോക്കിക്കൊണ്ട് മൊല്ലാക്ക പള്ളിത്തളത്തിലിരുന്നു. നിസ്കരിക്കാൻ വന്ന രണ്ടു കിഴവന്മാർ തിരിച്ചു പോയി. ഇരുട്ടിത്തുടങ്ങി. മൊല്ലാക്ക പള്ളിയിൽ തനിച്ചാണ്. സ്കൂളിൽ വിളക്കു തെളിഞ്ഞു. ഇഴ തെറ്റിയ വെളുത്ത താടിരോമങ്ങൾ ഉഴിഞ്ഞുകൊണ്ട് അയാൾ ഒരുപാടു നേരം തളത്തിലിരുന്നു. ഞാറ്റുപുരയിലെ വിളക്കത്ത് ആ വിരുന്നുകാരൻ വായിയ്ക്കുകയാവണം. പഠിച്ചവരല്ലേ? അല്ലെങ്കിൽ വിളക്കു തെളിച്ചു വെറുതെയിരിയ്ക്കുകയാവാം. ഒന്നത്രോളം ചെന്നെങ്കിലോ? മൊല്ലാക്ക സ്ഫുടതയില്ലാതെ ചിന്തിയ്ക്കുകയായിരുന്നു. ചെന്നിട്ടെന്താണു. പറയുക? ആ മനുഷ്യനെ നേരിൽക്കാണുകപോലുമുണ്ടായിട്ടില്ല. കാണാൻ നന്നെന്ന് ഖസാക്കുകാരികൾ പറയുന്നു. സ്കൂളിൽനിന്ന് മൊല്ലാക്കയുടെ കണ്ണുകൾ ചെതലിയിലേയ്ക്കു തിരിഞ്ഞു. തമ്പുരാനേ, ഈ ഒറ്റയടിപ്പാത നീയെനിയ്ക്കു കാണിച്ചു തന്നു. മേടു കേറി, പള്ളിയാലോരം പറ്റി, ഞാനതിലൂടെ കടന്നു. കാലു

വ്രണപ്പെട്ടു. എത്ര കൊല്ലം? ഓർക്കാൻ ത്രാണിയില്ല. മുന്നിരുട്ടു പുതച്ച ചെതലിയുടെ പുറകിൽ കാലടി വീണിട്ടില്ലാത്ത പെരുവഴികൾ തുറവ മൂടിക്കിടക്കുന്നു. യുഗാന്തരസ്മരണയുടെ കർക്കിടകങ്ങളിൽ ആ പ്രഭവസ്ഥാനങ്ങളിൽനിന്ന് കലക്കുവെള്ളങ്ങൾ താഴോട്ടൊഴുകി. വാർദ്ധക്യത്തിന്റെ ഒഴുക്കുചേറ് തന്നിൽ നിക്ഷേപിച്ചുകൊണ്ട് അവ വീണ്ടും ഒഴുകിക്കടന്നു. അവയുടെ മുകളിൽ, ചെതലിയുടെ മിനാരങ്ങളിൽ, ഷെയ്ഖ് തമ്പുരാൻ മാത്രം കാവൽ നിന്നു...

വടിയും കുത്തി അള്ളാപ്പിച്ചാമൊല്ലാക്ക പള്ളിമുറ്റത്തിറങ്ങി നിന്നു. പുക ചേർന്ന പാനീസുവെളിച്ചം ഒരു താമരയിലവട്ടം തെളിയിച്ചു. വീട്ടിലേയ്ക്കുള്ള നീണ്ട ചവിട്ടടിപ്പാത ഞാറ്റുപുരയും താണ്ടിയാണ് കടന്നത്. പള്ളിയുടെ പടിയ്ക്കൽ മൊല്ലാക്ക വീണ്ടുമിത്തിരിനിന്നു. തെല്ലുനേരത്തേയ്ക്ക് ഞാറ്റുപുരയിലെ അജ്ഞാതനോടു സഹതാപവും സ്നേഹവും പോലും അയാൾക്കു തോന്നി. നിർദ്ദോഷിയായ പഥികൻ, മൊല്ലാക്കയോർത്തു. കർമ്മബന്ധത്തിന്റെ ഏതു ചരടാണ് നിങ്ങളെ ഈ വഴി കൊണ്ടുവന്നത്?

അതോർത്തു നില്ക്കുമ്പോഴാണ് ഞാറ്റുപുരയിലെ വിളക്കണഞ്ഞു പോയത്.

---

* അവന്റെ.

* ഈഴവന്റെ.

7. ജാലകം

കർമ്മബന്ധങ്ങളെക്കുറിച്ചാണ് രവിയുമോർത്തത്.

ക്ലാസ്സുമുറിയിൽ ബോഡിന്മേൽ ഒരു കൈചാരി അയാൾ നിന്നു. എന്തോ എഴുതണമെന്നു നിരൂപിച്ചു. എങ്കിലും വെറുതെ നിന്നതേയുള്ളു. ജനാലയിലൂടെ പുറത്തേയ്ക്കു നോക്കി. മേഘങ്ങളുടെ നിഴലുകൾ പാണ്ടിപ്പയ്ക്കളെപ്പോലെ മേഞ്ഞുമേഞ്ഞു പോകുന്നു.

സ്കൂളിന്റെ ആദ്യദിവസമാണ്. ആദ്യത്തെ പാഠമാണ്. ഇരുപതോളം കുട്ടികൾ മുന്നിലിരുന്നു. കലീഫമാരുടെയും രാജാത്തികളുടെയും പേരുകളുള്ളവർ. സെയ്യദ്ദ് അൻവർ അലമീൻ, ഷെയ്ഖ് മുനീർ, ഇഫ്ത്തിഖാറൂദ്ദീൻ, ഖൈറുണ്ണീസ്സാ ബീഗം, മീർ അലംഖാൻ, എട്ടു വയസ്സുകാർ, പത്തു വയസ്സുകാർ, കണ്ണിൽ സുറുമയും കാലിൽ വെള്ളിത്തണ്ടയുമിട്ട ഒരു പന്ത്രണ്ടുകാരി... പറയത്തക്ക പ്രതിരോധമില്ലാതെതന്നെ സ്കൂളു തുറക്കാൻ പറ്റുകയാണുണ്ടായത്. പത്തുമണിയ്ക്ക് ഖാലിയാരും ശിവരാമൻനായരും തുന്നൽക്കാരൻ മാധവൻനായരും കുപ്പുവച്ചനും പിന്നെ കുറെ ഖസാക്കുകാരും ഞാറ്റുപുരയിൽ കൂടി. മുറ്റത്തെ ചന്ദനക്കല്ലിൽ ചാണകം പിടിച്ചു പിള്ളയാറുവെച്ച് ശിവരാമൻനായർ സ്കൂളു തുറന്നു. അവരെല്ലാം പൊയ്ക്കഴിഞ്ഞപ്പോൾ രവിയും കുട്ടികളും മാത്രമായി.

ജനാലയിലൂടെ പുറത്തേയ്ക്കു നോക്കിക്കൊണ്ട് രവി ഇത്തിരിനേരംകൂടി അങ്ങനെ നിന്നുപോയി. മേഘങ്ങൾക്കടിയിൽ താമരക്കുളം നീലച്ചു. താമരയിലകൾക്കിടയിൽ നിന്നു പുറത്തു വരാൻ ഒരു കുളക്കോഴിക്കുഞ്ഞ് പാടുപെടുന്നതു രവി കണ്ടു. ഒടുവിൽ അതു കരകേറി. കാട്ടുചെടികളുടെ കടയ്ക്കൽ ആലംബമില്ലാതെ അതു നിന്നു. ഇത്തിരിനേരത്തിനുള്ളിൽ കുളക്കോഴിപ്പിടയും ഇണയും പറന്നെത്തി ചിറകടിച്ചുകൊണ്ടു

കുഞ്ഞിനു ചുറ്റും നടന്നു. രവി ജനാലയിൽ നിന്ന് തിരിഞ്ഞു. കുളക്കോഴിക്കുഞ്ഞു കുറുകുന്നത് അപ്പോഴും കേൾക്കാനുണ്ട്.

തുന്നൽക്കാരൻ മാധവൻനായർ പടിയ്ക്കൽ നിന്നു വീണ്ടും വിളിച്ചു:

''മാഷ്ഷേ! നിങ്ങടെ പട്പ്പ് മൊടക്കാൻ ഞാൻ രണ്ടാമ്മറീം വന്നെട്ക്കാ്ണ്.''

''വരണം മാധവന്നായരേ!''

മാധവൻനായർ ഞാറ്റുപുരയിലേയ്ക്കു കേറി. പുറകെ വലിയ കോടിക്കുപ്പായങ്ങളിട്ട രണ്ടു പൊടികളും കേറി.

''ഇതാ രണ്ടെണ്ണങ്കൂടി. പിടിച്ചോളിൻ!'' മാധവൻനായർ പറഞ്ഞു: ''കവറക്കുട്ടികളാണ്. എന്താ മോശം?''

രവി ചിരിച്ചു.

"നിങ്ങളൊക്കെ ശ്ശി സഹായിച്ചു, മാധവന്നായരേ.''

''അസ്സല് കാരിയം!''

രവി ഹാജരുപുസ്തകം നിവർത്തി പേരുകളെഴുതിച്ചേർക്കാൻ തയ്യാറെടുത്തു.

കാൽമുട്ടും കടന്നു താഴോട്ടു വരുന്ന ഷർട്ടുകളിട്ട പൊടികൾ മേശയോടു ചേർന്നു നിന്നു.

''മൂക്ക് തൊടയ്ക്കെടാ മലയോ,'' മാധവൻനായർ ഒരുത്തനോടു പറഞ്ഞു. ചെറുക്കൻ ആനക്കൊമ്പുകൾ മേലോട്ടു വലിച്ചു.

''അസരീകരമേ, ഉതിച്ച്കളാ.''

അവൻ കുപ്പായത്തിന്റെ അറ്റംകൊണ്ടു മൂക്കു തുടച്ചു.

''നീയ്യാ കുപ്പായം തൊലച്ചല്ലോ, പാവിയേ,'' മാധവൻനായർ പറഞ്ഞു. "ക്കെട്ടോ മാഷ്ഷേ, ഞാൻ കയ്യിന്ന് കാശെട്ത്ത് ചീട്ടി വാങ്ങി തുന്നിക്കൊട്ത്ത ഷർട്ടാണ്.''

രവി കുട്ടിയുടെ പുറത്തു തട്ടി.

‘‘എന്താ പേര്?’’

‘‘പേര് പറയ്, കവറേ,’’ മാധവൻനായർ ധൈര്യപ്പെടുത്തി.

‘‘ചാത്തൻ.’’

‘‘ചാത്തനെന്തിനാ കുപ്പായം കേട്വര്ത്ത്യേത്?’’ രവി ചോദിച്ചു.

ചാത്തൻ വിഷമിച്ചു നിന്നു.

മാധവൻനായർ പറഞ്ഞു, ‘‘ചാത്തന്ം ദാ ഈ പെരയ്ക്കാടന്ം രാമലക്ഷ്മണമ്മാരാണ്. ഇടാൻ കുപ്പായൂല്ലാണ്ട് സ്കോളി വരില്ലാന്ന്ം പറഞ്ഞ് ഇര്ന്നതാണ്. ഏതായാല്ം അതില്ലാണ്ട് രണ്ടാളിന്റെ ഹാജര് ചുര്ങ്ങണ്ടാ.’’

‘‘മാധവന്നായരേ,’’ രവി പറഞ്ഞു, “നിങ്ങളൊക്കെ ഒര്പാടധ്വാനിയ്ക്ക്ണ് ണ്ട്.’’

മാധവൻനായർ അതു കേട്ടില്ലെന്നു. നടിച്ചു. പൊടികൾ ബെഞ്ചുകളിൽ ചെന്നു പറ്റിയിരുന്നു. മാധവൻനായർ കുട്ടികളുടെ നടുവിലേയ്ക്കു ചെന്നു.

‘‘ആ, ആരാണ്ടാ ദ്, അലംകാനോ? സുന്നരിയേ, കുഞ്ഞാമിനപ്പെണ്ണേ—’’ അയാൾ ഓരോരുത്തരെയായി പ്രോത്സാഹിപ്പിയ്ക്കാൻ തുടങ്ങി. “നല്ലോണം പടിയ്ക്കണം കെട്ടോ. ദാ, ഈ, മേഷ്ടരേട്ട പത്താല് ക്ലാസ് പടിച്ചാളാണ്. അത്പോലെ പടിയ്ക്കണം. പടിയ്ക്ക്വോ?’’

കുട്ടികൾ മറുപടി പറഞ്ഞു, ‘‘ഓ, പടിയ്ക്കാ.’’

മാധവൻനായർ പോയി. ഇത്തിരി പ്രോത്സാഹിപ്പിച്ചിരുന്നെങ്കിൽ പിന്നെയും നിന്നേനെ. രവി മേശപ്പുറത്തു ചാരിക്കൊണ്ടു നിന്നു.

“ഇന്നൊര് കഥ പറയാ,’’ അയാൾ പറഞ്ഞു, ‘‘എന്ത് കഥ്യാ വേണ്ടത്?’’

കുട്ടികളെല്ലാരുമൊന്നിച്ചു. സംസാരിയ്ക്കാൻ തുടങ്ങി.

‘‘സാർ, സാർ,’’ സുറുമയിട്ട പെൺകുട്ടി കയ്യുയർത്തിക്കാട്ടി.

‘‘പറയൂ,’’ രവി പറഞ്ഞു.

‘‘സാർ, ആര്ം ചാകാത്ത കത.’’

രവി ചിരിച്ചുപോയി. അവൾ തുടുത്തു.

‘‘എന്താ പേര്?’’ രവി ചോദിച്ചു.

‘‘കുഞ്ഞാമിന.’’

‘‘ശരി,’’ രവി പറഞ്ഞു.

രവി കഥ പറയാനൊരുങ്ങി...

പതുക്കെ ആ ജീവിതം അതിന്റെ ചിട്ടകൾ കണ്ടെത്തി. മാധവൻനായർ ആബിദ എന്നു പേരുള്ള ഒരു പണിക്കാരിയെ കൊണ്ടുവന്നാക്കിയിരുന്നു. അതികാലത്ത് ഒരു പാത്രം പാലുമായി അവളെത്തും. ആബിദ വന്നതിൽപ്പിന്നെയാണ് ഞാറ്റിന്റെയും ചളിയുടെയും മണം ആദ്യമായകന്നത്.

മുങ്ങാങ്കോഴി എന്ന ചുക്രുരാവുത്തന്റെ ഒന്നാം വേളിയിലെ മകളാണ് ആബിദ. അവളുടെ അമ്മ കിണറ്റിൽ വീണു മരിയ്ക്കുകയാണുണ്ടായത്. മരിച്ചതല്ല, ചുക്രു കൊന്നതാണെന്ന് ചിലർ പറഞ്ഞു. അല്ല, അതികാമിയായ ഒരു ജാരനാണ് കൃത്യം നടത്തിയതെന്നും കരുതിയവരുണ്ടായിരുന്നു. അമ്മ മരിയ്ക്കുമ്പോൾ അവൾക്കു രണ്ടര വയസ്സാണ്. രാവും പകലും കരയുമായിരുന്നത്രെ. കരഞ്ഞുകൊണ്ട് ആബിദ വളർന്നു. അവളുടെ വിളറിയ മുഖം കണ്ടാൽ കണ്ണീര് ഇപ്പോൾ തോർന്നതേയുള്ളുവെന്നു തോന്നും.

‘‘ആബിദയ്ക്കെന്താ ദെണ്ണം വല്ലതൂണ്ടോ?’’ രവി ഒരിയ്ക്കൽ ചോദിച്ചു. ‘‘എന്താങ്ങനെ മെലിഞ്ഞടക്ക്ണത്?’’

‘‘ഓ, ഒന്നൂല്ല. ചെലയപ്പഷൊക്കെ പനി വര്ം.’’

‘‘മര്ന്ന് കഴിയ്ക്കണം, എന്താ!’’

തുണി മുക്കി തുടയ്ക്കുന്നേടത്തുനിന്നു. മുഖമുയർത്താതെ അവൾ പതുക്കെ പറഞ്ഞു, ‘‘മര്ന്ന് കുടിയ്ക്കണം.’’

അവൾക്കെത്ര വയസ്സായിക്കാണുമെന്ന് രവി ഓർത്തുനോക്കി. പതിനാറ്, പതിനേഴ്? എന്നാലും, അവൾക്കിഷ്ടമാണെങ്കിൽ സ്കൂളിൽ ചേർത്താം.

‘‘ആബിദയ്ക്കെത്ര വയസ്സായി?’’ അയാൾ ചോദിച്ചു.

‘‘ഇര്വത്,’’ കുറ്റബോധത്തോടേ അവൾ പറഞ്ഞു.

മറ്റൊരു ദിവസം രവി ചോദിച്ചു, ‘‘ആബിദയ്ക്ക് എഴുത്തു പഠിയ്ക്കണോ?’’

ചൂലു നിലത്തു ചാരി അവൾ എണീറ്റു.

‘‘എഷ്ത്താ?’’ അവൾ ചിരിച്ചു.

എന്നിട്ട്, തന്നോടുതന്നെയെന്നോണം പറഞ്ഞു, “പടിച്ചിട്ടെന്ത് പലം?’’

‘‘ജോലിയെടക്കാലോ, ആസ്പത്രീലോ മറ്റോ, എന്തേ?’’

അവൾ തല കുലുക്കി.

‘‘നാമ്പോയാല്,’’ * അവൾ പറഞ്ഞു, ‘‘അത്താനെ ആര്ം നോക്കൂലാ.’’

‘‘അത്തയ്ക്ക് വീടര്ണ്ടല്ലോ—’’

ആബിദ മറുപടി പറഞ്ഞില്ല. അവൾ ജോലി തുടർന്നു.

അത്തയ്ക്ക് ആരുമില്ല, ഒരിക്കൽ അവൾ പറഞ്ഞു. അത്ത, എന്തു കൊണ്ടോ, ഏകനാണ്. അവൾക്കാണെങ്കിൽ ആളുകളുണ്ടെന്നു. പറയാം.

ദൂരെ, കാളികാവെന്ന സ്ഥലത്ത്, കുറുന്തോട്ടിയും നന്നാരിയും വളർന്നു പിടിച്ചൊരു കുന്നിൻപുറത്ത്, പാടെ നശിച്ചുപോയൊരു പത്തായപ്പുരയുടെ അവശിഷ്ടങ്ങളുണ്ടായിരുന്നു. ചുമരുകളുടെ മുരടുകൾ, അവയ്ക്കകത്ത് വൈക്കോലു മേഞ്ഞ ഒരൊറ്റപ്പുര. അവിടെ

അവളുടെ മുത്തിയമ്മയും അമ്മാവനും പാർത്തുപോന്നു. മുത്തിയമ്മയ്ക്കു കണ്ണുകാണാൻ വയ്യ. അമ്മാവനു കുഷ്ഠമാണ്. ചുമരുകളുടെ അവശിഷ്ടങ്ങൾ ആ കുടിലിനു ചുറ്റും അതിരിട്ടു. ആ അതിർ കടന്ന് ആരും അകത്തു ചവിട്ടിയില്ല. കാറില്ലാത്ത സന്ധ്യകളിൽ അസ്തമയത്തിന്റെ ചൂടുൾക്കൊള്ളാൻ, വിരലുകൾ തേഞ്ഞ കൈപ്പടങ്ങളുമായി അമ്മാവൻ കുടിലിനു മുമ്പിലെ പാറക്കെട്ടുകളിലിരുന്നു...

സ്കൂളു കൂടുന്നതിനു മുമ്പ് ആബിദ അവളുടെ വീട്ടിലേയ്ക്കു തിരിച്ചു പോകും. വീണ്ടും വൈകുന്നേരം വന്നു മുറ്റമടിയ്ക്കും. ചായ കൂട്ടും. സന്ധ്യയോടെ തിരിച്ചുപോകും. രവി തനിച്ചാവും. തനിച്ചിരുന്നുകൊണ്ട് ജനാലയിലൂടെ പുറത്തേയ്ക്കു നോക്കും...പുറത്ത് പാണ്ടിപ്പയ്ക്കൾ മേയുന്നില്ല. ദുഃഖംപോലെ, സാന്ത്വനംപോലെ, ഇരുട്ട്. ഇരുട്ടിൽ അങ്ങിങ്ങു മിന്നാമിനുങ്ങുകൾ. നാട്ടുവിളക്കുകളെന്ന പഥികന്മാർ. ഇപ്പോൾ ഞാറ്റുപുര ഒരു തീവണ്ടിമുറിയാണ്. പെട്ടെന്ന്, പുറത്തെ ഇരുട്ടിനെക്കുറിച്ച് ഓർത്തുപോവുകയാണ്. താനിപ്പോൾ എവിടെയാണ്? ഇരുവശവും ഇരുട്ടിന്റെ തരിശുകളിലൂടെ തിരിവിളക്കുകൾ നീങ്ങിമറഞ്ഞു. യാത്രയ്ക്കിടയിലൊരിയ്ക്കൽ, എങ്ങനിന്നോ മറ്റൊരു തണ്ടുവാളം പാഞ്ഞടുത്തു. മറ്റൊരു പ്രയാണം, കർമ്മബന്ധത്തിന്റെ നൊടിനേരത്തെ പരിചയം. ചക്രങ്ങൾക്കിടയിൽ, ഒരു നൊടി മാത്രം. താളം കൊട്ടിക്കൊണ്ട് അതു വീണ്ടുമകന്നു.

* ഞാൻ പോയാൽ.

8. സഹവർത്തികൾ

പുതുമഴയുടെ സുരതാവേഗമൊടുങ്ങി. ആരോഹണമില്ലാതെ, അവരോഹണമില്ലാതെ, കാലവർഷം ഖസാക്കിനു മുകളിൽ സമാധികൊണ്ടു.

സ്കൂളു തുടങ്ങിയിട്ടു മൂന്നു മാസം കഴിഞ്ഞിരുന്നു. ഓലക്കുടകളും ചിലപ്പോൾ വലിയ വല്ലിക്കുടകളും പിടിച്ച് വലിവെള്ളത്തിൽ ചവിട്ടിയും തേവിയും ഇരുപതോളം കുട്ടികളെന്നും പഠിയ്ക്കാനെത്തി. പേരു ചേർത്തിയവരിൽ പലരും മുടങ്ങി. പക്ഷെ, പുതിയ കുട്ടികൾ അവരുടെ സ്ഥലം പിടിച്ചു. ഒന്നു രണ്ടാഴ്ചയ്ക്കകം അവരും തിരോഭവിച്ചു. പോയവർ ചിലപ്പോൾ തിരിച്ചുവന്നു. ചിലപ്പോൾ വഴി തെറ്റിവന്ന സഞ്ചാരികൾ ഒന്നോ രണ്ടോ ദിവസം മാത്രം അവിടെ തങ്ങി.

ഒരു ദിവസം ഒരു ഹൈദർ ഹസ്രത്തിന്റെ പേരു വിളിച്ചപ്പോൾ പുതിയൊരു ശബ്ദമാണ് ഹാജരു പറഞ്ഞത്.

‘‘ആരാത്?’’ രവി ചോദിച്ചു.

അപരിചിതൻ എണീറ്റുനിന്നു.

‘‘എന്താ പേര്?’’

‘‘പറടാ,’’ കുട്ടികൾ പ്രോത്സാഹിപ്പിച്ചു.

‘‘കരുവ്.’’

‘‘കരുവോ?’’

“തെന്നെ, സാർ,’’ കുട്ടികൾ പറഞ്ഞു, ‘‘തൊട്ടിയച്ചെക്കനാക്ക്ം, സാർ.’’

“അവന്റെ അപ്പനിയ്ക്കി കൊരങ്ങ്കളിയാക്ക്ം, സാർ.’’

പത്തു വയസ്സോളം വരുന്ന കരുവിന് ഈ പരിചയപ്പെടുത്തൽ രസിച്ചില്ലെന്നു തോന്നി. എന്നാൽ വലിയ രസക്കേടുമുണ്ടായിരുന്നില്ല. ഒരു ചിരിയോടെ അവൻ നിന്നു.

''കരുവ് മൂക്കു തൊടയ്ക്കൂ,'' രവി പറഞ്ഞു.

''തൊടയ്ക്കെടാ,'' കൊച്ചുസൊഹറ പറഞ്ഞു.

''എന്താ അപ്പന്റെ പേര്?'' രവി ചോദിച്ചു.

''കൊരങ്ങ്കളിക്കാരൻ ശെന്തിയാവു തൊട്ടിയൻ.''

"എത്ര കൊരങ്ങ്ണ്ട്?'' കുശലമന്വേഷിയ്ക്കാമെന്നു കരുതി രവി ചോദിച്ചു പോയതായിരുന്നു.

''പതിനാറ് കൊരങ്ങ്.''

കുട്ടികൾ ബഹളമുണ്ടാക്കി.

''നൊണയാണ്, സാർ, '' കുഞ്ഞാമിന പറഞ്ഞു, ''വീമ്പ് ശൊല്ലറതാക്കും, സാർ.''

''സാരല്യ,'' രവി പറഞ്ഞു, ''കരുവിന്റെ പേര് ചേർത്തട്ടെ?''

കരുവ് ചിരിച്ചതേയുള്ളു.

ഏതായാലും രവി രജിസ്റ്ററിൽ പേരെഴുതി. എസ്. കരുവ്. അതു ശനിയാഴ്ചയായിരുന്നു. ചൊവ്വാഴ്ച കരുവിനു പകരം അബ്ദുൾ മുത്തലിഫ് ഹാജരു പറഞ്ഞു. പക്ഷെ, പത്തു ദിവസത്തിനുശേഷം കരുവ് തിരിച്ചുവന്നു.

ചാത്തനും പെരയ്ക്കാടനും പഠിപ്പു നിർത്തി. അവരുടെ അപ്പനുമമ്മയും ഗുരുനാഥനോടു വിടവാങ്ങാൻ സ്കൂളിലേയ്ക്കു വന്നു. പനമ്പുനെയ്യുന്ന കവറകളാണ് അവർ. എന്തിനാണ് കുട്ടികളുടെ പഠിപ്പു മുടക്കുന്നതെന്നു ചോദിച്ചപ്പോൾ കവറകൾ പഠിയ്ക്കേണ്ടതില്ലെന്ന് അവർ പറഞ്ഞു. കാരണം, കവറപ്പേച്ച് എല്ലാ ഭാഷകളിലും മുന്തിയതാണ്. അതിന് ലിപികളില്ല. അതിൽ പാട്ടുകളില്ല. മലമ്പരുവകളിൽ കുടുങ്ങിനിന്ന മനുഷ്യാത്മാക്കളുടെ കഥകൾ മാത്രമേയുള്ളു.

തുന്നൽക്കാരൻ മാധവൻനായർക്കൊഴിച്ചാൽ ഖസാക്കുകാർക്കാർക്കും തന്നെ സ്കൂളിന്റെ കാര്യത്തിൽ താൽപര്യമുണ്ടായിരുന്നില്ല. ശിവരാമൻ നായരുടെ ഉത്സാഹവും ഒരു വിധത്തിൽ അടങ്ങി; ബൗദ്ധനുമുണ്ടല്ലോ സ്കൂളിന്റെ ചേരിയിൽ. പിന്നെ താനെന്തിന്?

''ഇതോണ്ടായിലാ, മാഷ്ഷേ,'' മാധവൻനായർ മാത്രം ഇടയ്ക്കിടെ പറഞ്ഞു, ''ഒര് നാല്പതെങ്കിലും തെകയണം.''

ഓത്തുപള്ളിയിൽ പാഠം ചൊല്ലിത്തീരുക മൊല്ലാക്കയുടെ പ്രാതലോടു കൂടിയാണ്. ഒമ്പതര മണിയാവും. അരമണിക്കൂറുമുതൽ നാല്പത്തിയഞ്ചു മിനിട്ടുവരെയാണ് മതപഠനം. പത്തരമണിയ്ക്കേ സ്കൂളു തുടങ്ങൂ എന്ന് രവി നേരത്തേ വാക്കു കൊടുത്തിരുന്നു. ആ വിട്ടുവീഴ്ചയാകട്ടെ മൊല്ലാക്കയെസ്സംബന്ധിച്ചേടത്തോളം ഒന്നുമായിരുന്നില്ല. ഖാലിയാരുടെ നിലപാടാണ് മൊല്ലാക്കയെ ഏറ്റവുമധികം വേദനിപ്പിച്ചത്. സ്കൂളിൽ കുട്ടികളെ ചേർത്താനോ, ചേർത്തിയവരെ നിലപ്പിയ്ക്കാനോ നൈസാമലി ഒന്നുംതന്നെ ചെയ്തില്ല. സ്കൂൾ അവിടെ ഉറപ്പിയ്ക്കുമെന്നു പറഞ്ഞ നൈസാമലി പിന്നെ അതിൽനിന്നെല്ലാം അകന്നു നിന്നതെന്തിന്? നൈസാമലി ഇടയ്ക്കു കേറിയില്ലായിരുന്നെങ്കിൽ, ഒരുപക്ഷെ, താൻതന്നെ ഒരു പിഴയോ വഴി പാടോ വാങ്ങി സ്കൂളിനു സമ്മതം കൊടുത്തിരുന്നേനേ...ഒരു കാരപ്പന്തെന്ന പോലെ ഖസാക്കിന്റെ നടുപ്പറമ്പിൽ അവൻ തന്നെയിട്ട് തട്ടിക്കളിയ്ക്കുകയാണ്. എന്റെ വാത്സല്യം ഞാൻ നിന്നിലേയ്ക്കു പകർന്നു, ഒരുപാട്, മൊല്ലാക്ക പറഞ്ഞു: ഞാനിത് നിന്നിൽനിന്ന് ഒരിയ്ക്കലുമർഹിച്ചില്ല. ഏതായാലും മൊല്ലാക്ക വിശ്രമിച്ചില്ല. രവി ബി.എ. ക്കാരനാണെന്നാണ് മാധവൻനായർ ഖസാക്കുകാരെ ധരിപ്പിച്ചിരുന്നത്. അതു നേരാവാനിടയില്ലെന്ന് മൊല്ലാക്ക പറഞ്ഞു. ബി.എ. ക്കാരന് വേണമെങ്കിൽ സബ്ബിൻസ്പെക്ടർ കൂടിയാകാം. ഒരു ബി.എ. ക്കാരനും പ്രാഥമിക വിദ്യാലയത്തിൽ പഠിപ്പിക്കാൻ വന്നതായി കേട്ടിട്ടില്ല. അലിയാരുടെ

ചായപ്പീടികയിലിരുന്നുകൊണ്ട് മൊല്ലാക്ക പറഞ്ഞു, ‘‘പെരട്ട്! ഊളപ്പെരട്ട്! അവന്റെ കള്ളി ഇപ്പൊ പൊളിഞ്ചിലയാ?’’

ചായയാറ്റിക്കൊണ്ടിരുന്ന അലിയാർ പറഞ്ഞു, ‘‘പൊളിഞ്ച്ത്, ണ്ണ്!’’

തുരുപ്പുചീട്ടാണ് മൊല്ലാക്കയുടെ കൈയിൽ: രവിയ്ക്ക് ഇംഗ്ലീഷറിഞ്ഞുകൂടാ. ഏതു ബി.എ. ക്കാരനാണ് കോണെഴുത്തറിയാത്തത്? ഇങ്ങനെയാണ് സത്യം പുറത്തായത്. ചായപ്പീടികയിലും മൈമുനയുടെ മാറ്റപ്പീടികയിലും പൊതികെട്ടാൻ പഴയ മാസികകളും പത്രങ്ങളും വാങ്ങാറുണ്ടായിരുന്നു. രണ്ടോ മൂന്നോ മാസം കൂടുമ്പോൾ പാലക്കാട്ടു ചെന്നാണ് അലിയാർ പഴയ കടലാസ്സുവാങ്ങിക്കൊണ്ടു വരുക. ഒരു ദിവസം രവി ചായപ്പീടികയിൽ വന്നപ്പോൾ അലിയാർ പഴയൊരു പത്രത്തിന്റെ താളു കൈയിൽ കൊടുത്തു. കാര്യമായി ഉടുപുടയില്ലാത്തൊരു പെണ്ണിന്റെ ചിത്രമുണ്ടായിരുന്നു. അതിൽ.

‘‘ഇന്ത പൊണ്ണ് ആരാക്കും മേഷ്ടരെ?’’ അലിയാർ ചോദിച്ചു.

‘‘ഇപ്പടി കോണകമുട്ത്ത് ന്ക്കറതിന്റെ സത്തിയം എന്നാ? ഒന്ന് പടിച്ച് അർത്തം പറയീ.’’

രവി പത്രമെടുത്തു നോക്കി. ഒരു ജർമ്മൻ പത്രത്തിന്റെ ഏടാണ്.

‘‘ഇത് ഇംഗ്ലീഷല്ലാലൊ,’’ രവി പറഞ്ഞു.

അലിയാർ രവിയെ കിണഞ്ഞുനോക്കി, ‘‘അല്ലേ?’’

‘‘അല്ല.’’

അലിയാർ അമർത്തിയൊന്നു മൂളി.

രവി പോയപ്പോൾ അപ്പാമുത്തിനെ വരുത്തി അലിയാർ കടലാസ്സു കയ്യിൽ കൊടുത്തു.

‘‘പടിയടാ [1] അപ്പാമുത്തേ!’’

കേലൻമാസ്റ്ററുടെ സ്കൂളിൽനിന്ന് എട്ടാംതരം തോറ്റവനാണ് അപ്പാമുത്ത്. അപ്പാമുത്ത് മിനക്കെട്ടു പത്രം കണ്ണോടടുപ്പിച്ചു പിടിച്ചു. എന്നിട്ട് നിർഭയനായി വായന തുടങ്ങി.

''എല്ല്ശീഈപീ—''

മൂലയിൽ നിന്ന് ആരോ ചോദിച്ചു, ''എന്നാ? എന്നാ?''

''പീീീ!''

ആളുകൾ ചിരിച്ചു.

അപ്പാമുത്ത് വായന തുടർന്നു, ''എല്ല് ഈ എപ്പ് ഓ ഇ ഒദ് ന്താണ്ടപ്പാ 'ഓ'വിന്റെ മൊകിളി രണ്ട് കുത്ത്. തപ്പാ അച്ചടിച്ചതാക്ക്ം. ശീകുയുവു—''

ഇത്രയും പിരട്ടു കയ്യിരിപ്പുണ്ടെങ്കിൽ രവിയുടെ തറവാടിന്റെ കഥയും പുളുകലാവണമെന്ന് മൊല്ലാക്ക പറഞ്ഞു. രവിയുടെ അച്ഛൻ ഒരു കാപ്പിത്തോട്ടത്തിലെ ഡോക്ടറായിരുന്നെന്നാണ് മാധവൻനായർ പറഞ്ഞത്. ഒരു ഡോക്ടറുടെ മകൻ എവിടെയെങ്കിലും പ്രാഥമിക വിദ്യാലയത്തിൽ പഠിപ്പിയ്ക്കാൻ വന്നു കേട്ടിട്ടുണ്ടോ?

''പറയിണതില് എ്ന്തെങ്കില്ം നേര് കാണാണ്ടിരിയ്ക്കുവോ?'' ചായപ്പീടികയുടെ മുമ്പിലെ അത്താണിയിലിരുന്നുകൊണ്ട് കുപ്പുവച്ചൻ ചോദിച്ചു.

ആരോ പറഞ്ഞു, ''ഒര്വേള ഹോമാവതി [2] യായിര്ക്കലാം.''

''ഹോമാവതിയും ഒര് ലൊട്ടും അല്ലെ്ല,'' മൊല്ലാക്ക പറഞ്ഞു.

''ഹൗ, അങ്ങനെ പറയാതീ ഞിങ്ങ,'' എന്നായി കുപ്പുവച്ചൻ.

''മ്ണ്ടാണ്ട് കയ്യ്ം മടക്കി ഇര്ന്നാണ് നിയ്യ്, കുപ്പ്വോ. ഇദൊക്കെ പെരട്ടാക്ക്ം,'' മൊല്ലാക്ക തീർത്തുപറയുകയായിരുന്നു, ''ജഗജല്ലിപ്പെരട്ട്!''

അലിയാർ ഏറ്റുപറഞ്ഞു, ''പെരട്ട് താ ണ്ണ്.''

ഇക്കാലത്താണ് മറ്റൊരു സംഭവമുണ്ടായത്. മുഗളന്മാർ ആദ്യമായി ഇന്ത്യയിലേയ്ക്കു വന്ന കഥ രവി കുട്ടികൾക്കു പറഞ്ഞുകൊടുക്കുകയായിരുന്നു. പിൻവരിയിൽ എണീറ്റുനിന്നുകൊണ്ട് മീർ അലംഖാൻ പറഞ്ഞു, ''ഞങ്ങളുടെ ഫൂർവിഗൻ സെയ്ത് മിയാൻ ശെയ്ഖ് തങ്ങൾ ഇന്ത്യയിലേയ്ക്കു വന്നപോലെ—''

ചരിത്രപുസ്തകങ്ങൾ ഇല്ലാതിരുന്നതിനാൽ രവി ഒരു മുഗള രാജാവിന്റെ ചിത്രം ബോഡിൽ വരച്ചുവെച്ചിരുന്നു. കഥാഗതി പൂർവ്വികനിലേയ്ക്കു തിരിഞ്ഞതോടെ ഷെയ്ഖിന്റെ ചിത്രവും വരയ്ക്കണമെന്നായി കുട്ടികൾ. കളർ ച്ചോക്കുകൊണ്ടു രവി വരച്ചുതുടങ്ങി. കൂർത്ത മൂക്ക്; നീണ്ട ഇഴകൾ തെറ്റിപ്പിരിഞ്ഞു നിന്ന താടി, മുക്കാൽക്കയ്യൻ കുപ്പായം; കള്ളിലുങ്കി, തലപ്പാവ്, രണ്ടു കൊമ്പുകൾ, കൂർത്ത വാല്, കയ്യിൽ പാനീസുവിളക്ക്.

''മൊല്ലാക്ക!'' കുഞ്ഞാമിന വിളിച്ചു പറഞ്ഞു.

''കുട്ടികൾ ബഹളം കൂട്ടാണ്ടിരിയ്ക്കൂ!'' രവി മേശപ്പുറത്തടിച്ചു.

''സാർ, സാർ,'' കുട്ടികൾ പറഞ്ഞു, ''ന്ന് മൊല്ലാക്ക ഖൊലുസൂനെ തല്ലി, സാർ.''

''എന്തിനാ തല്ലീത്?''

''അതോ, സാർ—പിന്നെ—വെള്ളേപ്പം കൊണ്ട്വരാത്തതിന്.''

ഓരോരുത്തരും മൊല്ലാക്കയെക്കുറിച്ച് ഓരോ കഥ പറയാൻതുടങ്ങി. മൊല്ലാക്ക കുട്ടികളെ തല്ലിയത്, മൊല്ലാക്ക നെടുവരമ്പിൽ തൂറിവെച്ചത്, മൊല്ലാക്കയെ ജിന്നു വിരട്ടിയത്. അങ്ങനെ പല കഥകളുമുണ്ടായിരുന്നു. അവസാനം കുഞ്ഞാമിന ഒരു കഥ പറയാമെന്നു പറഞ്ഞു.

"പണ്ടൊരു കാട്ടിൽ ഒരു മൊല്ലാക്കയിണ്ടായിര്ന്നു—''

കുട്ടികൾ ചേർന്ന് ഇരുന്നു.

കുഞ്ഞാമിന കഥ തുടർന്നു: ‘‘ആ മൊല്ലാക്ക എന്നും വെള്ളയപ്പം തിന്നാണ് ജീവിച്ചത്. കുട്ടികളാണ് ഇര കൊണ്ടുവന്നു കൊടുത്തത്. എന്നും ഓരോ കുട്ടിയുടെ ഊഴമായിരുന്നു. അവസാനം ഒരു പെൺകുട്ടിയുടെ ഊഴമെത്തി. അവൾ വെള്ളയപ്പം കൊണ്ടുചെന്നില്ല.’’ കഥ അങ്ങനെ നീണ്ടു. അവസാനം യുക്തിമതിയായ പെൺകുട്ടി മൊല്ലാക്കയെ പൊട്ടക്കിണറ്റിൽ ചാടിയ്ക്കുന്നതോടെ കഥ അവസാനിച്ചു.

രവി കുട്ടികളോടു ചോദിച്ചു, ‘‘ഈ കഥേലെ പെങ്കുട്ടിടെ പേരെന്താ, പറയാവോ?’’

കുട്ടികൾ പറഞ്ഞു, ‘‘കുഞ്ഞാമിന! കുഞ്ഞാമിന!’’

അതെല്ലാം തീർന്നപ്പോൾ രവി അവരോടു പറഞ്ഞു, ‘‘ഇനി മതി. ആരെയും ദൂഷ്യം പരേര്ത്ത്ന് ഞാമ്പറഞ്ഞിട്ട്ല്യേ?’’

ക്ലാസ്സ് നിശ്ശബ്ദമായി. കുഞ്ഞാമിനയ്ക്കു വിഷമം തോന്നി.

അന്നു വൈകിട്ടു നടുപ്പറമ്പിൽ കുട്ടികൾ തപ്പുകൊട്ടിക്കളിച്ചു. മീർ അലംഖാൻ, ഇഫ്ത്തിഖാറുദ്ദീൻ, ബീരാൻ, ഉണിപ്പാറതി, കൊച്ചു സൊഹറ, അങ്ങനെ കുറേ പേർ. കുഞ്ഞാമിനയുണ്ടായിരുന്നില്ല. ഒരു തകരപ്പാട്ടയിൽ കൊട്ടിക്കൊണ്ട് അവർ വിളിച്ചു പറഞ്ഞു, ‘‘അള്ളാ മുടിച്ചാ മൊല്ലാക്ക, അള്ളാ മുടിച്ചാ മൊല്ലാക്കാ!’’

സന്ധ്യയ്ക്ക് പള്ളിക്കുളത്തിന്റെ മേട്ടിൽ പാനീസും തൂക്കി മൊല്ലാക്ക നില്ക്കുകയാണ്.

‘‘എന്താ മൊല്ലാക്കാ ഇങ്ങനെ ന്ക്ക്ണത്?’’ മാധവൻനായർ ചോദിച്ചു.

‘‘ശുമ്മാ.’’

മാധവൻനായർ മൊല്ലാക്കയുടെ അടുത്തു ചെന്നു നിന്നു. മുഷിഞ്ഞ കോറക്കുപ്പായത്തിൽ നിറയെ ഏപ്പും തുന്നലുമാണ്. പാവം, തിത്തിബിയുമ്മ തുന്നുന്നു. ഏച്ചു കൂട്ടുന്നു. ഇതു

കീറുമ്പോൾ മറ്റൊന്നു തയ്പ്പിക്കാൻ മൊല്ലാക്കയുടെ കയ്യിൽ പണം കാണില്ല. ഈ കുപ്പായത്തിന്റെതന്നെ കടം അടച്ചു തീർത്തിട്ടില്ല.

മാധവൻനായർ മൊല്ലാക്കയുടെ കൈത്തണ്ടയിൽ പിടിച്ചമർത്തി നിർത്തി.

''തന്തേ,'' മാധവൻനായർ പറഞ്ഞു, ''ഇഞ്ഞെങ്കില്ം പൊട്ടത്തരം മാറ്റിയ്ക്കൂടേ?''

മൊല്ലാക്ക പെട്ടെന്നു വിളറി.

''എന്നാ മാതവാ നീ ശൊല്ലറത്?''

''കുട്ടികള് വന്ന് ചേര്ണത് ഞിങ്ങളെന്തിനാണ്ന്ം മൊടക്ക്ണത്? ആ കേലന്റെ കാശ്ം—''

''ഞമ്മളൊന്ന്ം വാങ്ങീട്ട്ല്ല—''

''കുമ്പളഞ്ഞ കട്ടവന്റെ ചൊകില്!''

മാധവൻനായർ പിടിവിട്ടു.

''മൊല്ലാക്കാ,'' അയാൾ പറഞ്ഞു, ''കേലൻ പലത്ം പറയിം. സ്കോളിന്ന് കുട്ടികൾനെ മൊടക്ക്യാ മാസം മൂന്നുറുപ്യ തരാന്നല്ലേ കരാറ്? 'ഹൈ'ന്ന് പറയാതീൻ. ഞമ്മ്ക്കറിയാ. ശെരി. ഞിങ്ങള് മൊടക്കീൻ. കുട്ടികള്ടെ എണ്ണം കൊറഞ്ഞാലേ, ഈ സ്കോളങ്ങ്ട് പൂട്ട്ം. പിന്നെ കേലന് ഞിങ്ങൾനെ വേണ്ടി വരോന്നും, തന്തേ?''

മാധവൻനായർ പാടത്തേയ്ക്കും മൊല്ലാക്ക നടുപ്പറമ്പിലേയ്ക്കും നടന്നു. സ്കൂളും കടന്നു വേണം നടുപ്പറമ്പെത്താൻ. അവിടെ, വിളക്കത്ത് രവി വായനയാണ്. ആ വിളക്കു കാണുമ്പോൾ അവിടെ കേറണമെന്നു പലപ്പോഴുമോർക്കും. ഇന്നുവരെയും തരപ്പെട്ടില്ല.

പതുക്കെ മൊല്ലാക്ക മേടു കേറി. മുങ്ങാങ്കോഴിയുടെ പുരയുടെ മുൻവശം മൈമുന ഒരു മാറ്റപ്പീടികയാക്കിയിരുന്നു. പീടികയുടെ മുമ്പിൽ ആരുമില്ല. വട്ടത്തിരിയുള്ള തുക്കുവിളക്കിന്റെ വെളിച്ചത്തിൽ ഒരു മലിക്കിനെപ്പോലെ അവൾ അവിടെയിരുന്നു.

“മൈമുവോ,” മൊല്ലാക്ക ചോദിച്ചു, ‘‘ചുക്രു വന്ത്താ?’’

‘‘ഇല്ല,’’ അവൾ പറഞ്ഞു.

‘‘നിന്റെ ഇട്പ്പ്വലി സൊകപ്പെട്ട്താ!’’

മൈമുന ഒന്നു മൂളുക മാത്രം ചെയ്തു.

പീടികമുറ്റത്തെ ബെഞ്ചിൽ മൊല്ലാക്ക ഇരുന്നു. മഴ സ്വല്പം തുവർന്നിരുന്നു. ഒന്നുരണ്ടീയലുകൾ തൂക്കുവിളക്കിനു ചുറ്റും അടിഞ്ഞുവീണു. മൊല്ലാക്ക ഇത്തിരിനേരം അങ്ങനെ ഇരുന്നു.

“മൈമുവോ,” ഒടുവിലയാൾ ചോദിച്ചു, ‘‘ഒര് കാക്കുപ്പി വെളിച്ചെണ്ണ കൊട്ക്കമുടിയുമാ, പുള്ളേ?’’

‘‘ഇങ്കെ വെളിച്ചെണ്ണയൊന്നും കെ്ടയാത്. പോങ്കോ.’’

മൊല്ലാക്ക വീണ്ടും ശങ്കിച്ച് ഇത്തിരി നേരം മിണ്ടാതിരുന്നു.

‘‘മക്ളേ,’’ അയാൾ പറഞ്ഞു, “നിന്റെ ഉമ്മ എണ്ണ തേച്ച്ട്ട് ഒര്പാടായെടീ.’’

‘‘പോങ്കോ, പോങ്കോ.’’

‘‘കുട്ടിയേ, ദാ പാര്—’’

‘‘പോങ്കോ, അത്താ.’’

‘‘സെരി. ഇല്ലെങ്കി വേണ്ടാ,’’ മൊല്ലാക്ക പറഞ്ഞു, ‘‘നാൻ വരേൻ, പുള്ളേ. നിന്റെ ഇട്പ്പ് കടച്ചല് നല്ലോണം പാത്ത്ക്കോ. ഏതാവത് തൈലം പെരട്ട്.’’

മൊല്ലാക്ക നടുപ്പറമ്പിൽ പതുക്കെ ഒരുവട്ടം ചുറ്റി. എന്നിട്ട് വീണ്ടും തിരിഞ്ഞ് സ്കൂളിനു നേർക്കു നടന്നു.

പാനീസുവിളക്ക് പടികേറി വരുന്നതു രവി കണ്ടു. വാതില്ക്കൽ നിന്നു കൊണ്ട് മൊല്ലാക്ക ഒച്ചയനക്കി.

‘‘മേഷ്ടരേ!—’’

‘‘ആരാദ്? മൊല്ലാക്കയല്ലേ? വരാ്, വരാ്!’’

മൊല്ലാക്ക കടന്നുവന്നു.

‘‘അസലാം അലൈഖും.’’

രവി പറഞ്ഞു, ‘‘വലൈഖും സലാം. ഈ വഴിയൊന്നും വരാറില്ലല്ലോ. ഇങ്ങനെയായാൽ മത്യോ, മൊല്ലാക്കാ?’’

മൊല്ലാക്ക രവിയുടെ കാലിൻചോട്ടിൽ നിലത്തിരുന്നു.

‘‘ഇങ്ങട് കേറിയിരിയ്ക്ക്യാ, മൊല്ലാക്കാ.’’

‘‘ഇങ്കെ മതി, കുട്ടീ.’’

എണ്ണ എരിഞ്ഞു തീരാതിരിയ്ക്കാൻ അയാൾ പാനീസുവിളക്കു കെടുത്തിവച്ചു.

‘‘എന്നാ പടിയ്ക്കറെത്, കുട്ടീ? വേതമാക്കുമോ?’’

‘‘ഏയ്, ഇതൊരു കഥയാ.’’

‘‘എത്തര പട്പ്പ് വേ്ണം ഇയ്യ * പൊസ്തഹം പടിയ്ക്കറെത്ക്ക്?’’

രവി ചിരിച്ചു.

‘‘പടിപ്പോ? അതെങ്ങന്യാ പറയ്യാ? ഇതൊര് കഥേല്ല?’’

‘‘ഇദ് ഇങ്കിളീശാക്കുമോ?’’

‘‘ആ, അതെ.’’

ഓർമ്മയിൽ എന്തോ കുറിച്ചുവെയ്ക്കാനായി മൊല്ലാക്ക ഒരു നിമിഷമെടുത്തു.

‘‘ഒരു സിഗരട്ടു വലിയ്ക്കൂ, മൊല്ലാക്കാ.’’

‘‘വേ്ണ്ടാ, വേ്ണ്ടാ. ഞമ്മണ്ടെ കയ്യീ ബീഡിയിരിക്ക്ത്. ശിക്കരെട്ട് ഞമ്മണ്ടെ കൊരലിന് ശേരാത്. ആ, അല്ലെങ്കി, കൊട്ങ്കോ, തന്ന സിതിയ്ക്കി വേ്ണ്ടാന്ന് ശൊല്ലക്കൂടാത്. അപ്പടിതാനേ?’’

സിഗരറ്റിനെ പെരുവിരലിനും ചൂണ്ടുവിരലിനുമിടയ്ക്ക് അമർത്തിപ്പിടിച്ച് മൊല്ലാക്ക ഉഗ്രമായി പുകയൂതിത്തുടങ്ങി.

''ഒര് ബിശയം പറയാനാണ് ഞമ്മള് വന്നത്,'' രണ്ടു സിഗരറ്റുകൾ തീർന്നപ്പോൾ മൊല്ലാക്ക പറഞ്ഞു, ''അത്പ്പൊ മേഷ്ടര്ന്റെ കയ്യിലാണ് കെടക്ക്ണത്.''

''എന്താ, പറയൂ!''

''ഷ്ക്കോളില് ഒര് മസാലച്ചി* വേ്ണംന്ന് മാതവന്നായര് പറഞ്ഞു.''

''ആരെങ്കില്ം മൊല്ലാക്കേടെ അറിവില്ണ്ടോ? മാസം അഞ്ചുറുപ്പ്യ കൊടുത്തോളാൻ കടലാസ് വന്ന്ട്ട്ണ്ട്.''

മൊല്ലാക്ക പിന്നെയുമിത്തിരി സംശയിച്ചു. എന്നിട്ടു പറഞ്ഞു, ''ആ പണി ഞമ്മളെട്ത്താളയാ.''

എന്തു പറയേണ്ടുവെന്നറിയാതെ രവി വിഷമിച്ചു. അവസാനം അയാൾ പറഞ്ഞു, ''ശരി , മൊല്ലാക്കാ.''

മൊല്ലാക്ക എണീറ്റു.

''സെരി കുട്ടീ. ഞമ്മള് വരട്ടെ.''

രവിയുടെ തീപ്പെട്ടിയെടുത്തുരച്ച് അയാൾ വീണ്ടും പാനീസു തെളിച്ചു.

---

1 വായിയ്ക്കെടാ.

2 ഹോമിയോപ്പതി വൈവദ്യൻ.

* ഈ

9. ആദ്യപാഠങ്ങൾ

ഓണം വരുകയായി. ഖസാക്കിന്റെ ആകാശം മേലോട്ടു പടർന്നു പൊങ്ങി. രവിയുടെ രജിസ്റ്ററിൽ മുപ്പത്തിയഞ്ചു പേരുകളുണ്ടിപ്പോൾ.

''മൊല്ലാക്ക പ്പഴ്ം കുട്ട്യേളെ മൊടക്ക്ണ് ണ്ട്,'' രവി മാധവൻനായരോടു പറഞ്ഞു.

''മാസാൽജിപ്പണിടെ കാശ്ം—''

''ആ വകയ്ക്ക് അഞ്ചുറുപ്പ്യ. ഞാൻ പിന്നെ പോട്ടേന്ന് വെച്ചിട്ടാ.''

''ആ ചൊലയുമ്മടെ വക ആവലാതി,'' മാധവൻനായർ പറഞ്ഞു, ''ആ ആമിനപ്പെണ്ണിനെക്കൊണ്ട് അടിച്ച് തളിപ്പിച്ചൂന്ന്ം പറഞ്ഞ്ട്ട്.''

''ഞാനെന്താ ചെയ്യാ, മാധവന്നായരേ? മൊല്ലാക്കേടെ മസാൽജിപ്പണി എട്ക്ക്ണത് ഓത്ത്പള്ളീലെ കുട്ട്യോളാ. ഒര് ദിവസം കുഞ്ഞാമിനേ പറഞ്ഞയച്ചു.''

''അയ്യോ പാവം! ചൂല് തൊടീയ്ക്കാണ്ട് വളത്തിയ പെണ്ണാണ്.''

''എനിയ്ക്കിം വെഷമം മനസ്സിലായി. ഞാനവളെ അടിച്ചുവാരാൻ സമ്മതിച്ചില്യ.''

''മാഷ്ഷ് ആബിദേ നിറ്ത്ത്യോ?''

''നിറ്ത്ത്യോതല്ല: ഈയെടയ്ക്ക് അവള്ക്ക് വയ്യേർന്നു. കൊറേ ദിവസം അങ്ങനെ മൊടങ്ങീതാ.''

''നേരെന്നെ. ദേഹംകൊണ്ട് വയ്യാത്തവ്ളാണ്.''

‘‘ന്നെലെതൊട്ട് അടിച്ച്വാരാൻ ആബിദേതന്നെ ഏല്പിച്ചു.’’

‘‘ഈ തന്തയ്ക്ക് നേരാംവണ്ണം നടന്നൂടേ? എത്ര പറയാ!’’

‘‘ഞാൻ ചെലപ്പൊ നിരീയ്ക്കും ആ ശമ്പളം നിർത്ത്യാലെന്താന്ന്.’’

മാധവൻനായർ എന്തോ ആലോചിച്ചുപോയി.

‘‘അത് വേണ്ടാ, മാഷ്ഷേ,’’ അയാൾ പറഞ്ഞു, ‘‘അങ്ങനെ നടന്ന്പോട്ടെ.’’

കേലൻമാസ്റ്റർ പാലക്കാട്ടു ചെന്ന് ആർക്കൊക്കെയോ കോഴ കൊടുത്തിട്ടുണ്ടത്രെ. സ്കൂളു പൂട്ടിയ്ക്കാനാണ്. കഴിഞ്ഞ മാസം ഇൻസ്പെക്ടർ ഒരു താക്കീതോടെയാണ് പരിശോധന അവസാനിപ്പിച്ചത്. കുട്ടികളുടെ എണ്ണം കൂടണം. അല്ലെങ്കിൽ സ്കൂളു വേണ്ടെന്നു വെച്ചേയ്ക്കാം.

‘‘അങ്ങനെ വര്ല്ല, മാഷ്ഷേ,’’ മാധവൻനായർ പറഞ്ഞു, ‘‘ഈ കുട്ടികളാര്ം പുകില്ല. പിന്നെ വര്ങ്കൊല്ലത്തിയ്ക്ക് നമക്കൊര് നാല്പത്തഞ്ച് കുട്ടിയെങ്കില്ം തെകയ്ക്കണം.’’

‘‘കുപ്പ്വച്ചൻ കൊറെ കുട്ട്യോളെ ചേർത്തിത്തരാന്ന്ം പറഞ്ഞ് പോയിട്ട്ണ്ട്.’’

‘‘കാശ് വാങ്ങിയോ?’’

‘‘ശകലം.’’

‘‘നന്നായി! ന്നലെ ഇബടന്ന് രണ്ട് പിള്ളര്നെ കേലന്റെ സ്കോളില് കൊണ്ട് പോയി ചേർത്തിക്കൊടത്തതാണ് തന്ത. പോണ വഴിയ്ക്ക് അവണീശ് കുടിയ്ക്കാനായി ഞിങ്ങള് കൊട്ത്ത കാശ്.’’

രവി ചോദിച്ചു, ‘‘ഖാലിയാരെവടേ, മാധവന്നായരേ?’’

‘‘അതൊര് ദിന്സാണ്, മാഷ്ഷേ.’’

‘‘അല്ല, ഞാന്നിരീയ്ക്ക്യേ, ആദ്യൊക്കെ ഖാലിയാർക്ക് വല്യതാൽപര്യായിര്ന്നു. മൊല്ലാക്ക കുട്ട്യേളെ മൊടക്കാണ്ടിരിയ്ക്കാൻ ഖാലിയാര് വിചാരിച്ചാ പറ്റില്ലേ?’’

‘‘വിചാരിയ്ക്കണ്ടേ? പാതരയ്ക്കല്ലേ പൊറത്ത് വരുള്ളൂ?’’

‘‘മാധവന്നായരേ,’’ രവി ചോദിച്ചു, ‘‘എന്താ ഈ ഖാലിയാര്ടെ പെരട്ട്?’’

“എന്തോ,‘ മാധവൻനായർ പറഞ്ഞു, ‘‘ആർക്കാനിച്ചയം മാഷ്ഷേ, നേരേതോ നൊണയേതാന്ന്? അതറിയര്ത്ത്നല്ലേ മനിഷജമ്മത്തിന്റെ വിതി?’’

‘‘പൊളിയലാ സ്കൂളിന്റെ വിധി,’’ രവി പറഞ്ഞു, ‘‘ഈ ഓണത്തിന് പൂട്ട്യാല് ഈ ഹാജരൊക്കെ മൊടങ്ങ്ം. പിന്നെ ആദ്യേ ചെന്ന് മുപ്പത്തഞ്ചെണ്ണത്തിന്റ്റീം കാല് പിടിയ്ക്കണം.’’

‘‘അത് ഞാനായി,’’ മാധവൻനായർ ഏറ്റു, ‘‘പതിനഞ്ച് ദിവസത്തെ പൂട്ടലല്ലേ? മാഷ്ഷ് അത്ം പറഞ്ഞ് ഇബടെ കാത്ത് കെടക്കണ്ടാ. നാട്ടിപ്പോയി ഓണം കൊണ്ട് സുകവായി വരിൻ.’’

‘‘ഞാൻ എങ്ങട്ം പോണില്യാ,’’ രവി പറഞ്ഞു.

‘‘നാട്ടിപ്പോണില്ലേ?’’

‘‘പോവാൻ നാടില്യ, മാധവന്നായരേ.’’

‘‘അതെന്താ?’’ ഒന്നും കരുതാതെയാണ് മാധവൻനായർ അതു ചോദിച്ചു പോയത്.

പുറത്തെ ഇളവെയിലിൽ ചിങ്ങപ്പാറ്റകൾ പൊടിഞ്ഞു പൊന്തി. വർഷം കുളിപ്പിച്ച കിഴക്കൻകാറ്റു കരിമ്പനകളിൽ വീശി. കാറ്റിൽ കരിമ്പനകൾ ഇണചേർന്നു. താമരക്കുളത്തിന്റെ മേട്ടിലൂടെ ഒരു സംഘം കുട്ടികൾ ചെതലിയുടെ നേർക്കു നടന്നുപോവുകയാണ്. ഈഴവരുടെയും രാവുത്തന്മാരുടെയും കുട്ടികളുണ്ട്. ഓണപ്പൂക്കൾ തേടിപ്പോവുകയാണ്. പൂവിറുത്തു തിരിച്ചു വന്ന്, മെഴുകി ശമിപ്പിച്ച കൊച്ചു മുറ്റങ്ങളിൽ സമാധികൊള്ളുന്ന ചന്ദനക്കല്ലുകൾക്കു ചുറ്റും കളമിടും. രവിയോർത്തു: കാപ്പിത്തോട്ടങ്ങളുടെ നടുവിൽ കാറ്റു പിടിച്ചുനിന്ന വീട്, കുന്നിൻചെരിവിലെ മഞ്ഞ്, കാട്ടുപൂക്കൾ. പിന്നെ, അപരിചിതമായ സന്ധ്യകൾ, പേരില്ലാത്ത നഗരങ്ങൾ.

യാത്ര. വഴിയമ്പലത്തിലെ വിശ്രമം.

‘‘മാഷ്ഷേ,’’ മാധവൻനായർ പറഞ്ഞു, ‘‘ഒര് കാരിയം.’’

‘‘ഓ?’’

‘‘നൊമ്പടെ കയ്യിലൊര് കുട്ടിയ്ണ്ട്. ചേർത്ത്വോ?’’

“എന്തേ ചോദിയ്ക്കാൻ?’’

‘‘അതോ,’’ മാധവൻനായർ ശങ്കിച്ചു, ‘‘അപ്പുക്ക്ളിയാണ്—’’

‘‘മൂത്താര് പറയണം,’’ ജമ്പറു തുന്നിത്തീരാൻ ഇന്നലെ പീടികയിൽ കാത്തിരിയ്ക്കുമ്പോൾ നീലി പറഞ്ഞതാണ്. നടുപ്പറമ്പിൽ, ഒരു പറ്റം പിള്ളരുമായി, അപ്പുക്കിളി കൂത്താടുന്നു.

‘‘എയ്ക്കിത് കാണാമ്പയ്യ, * ’’ നീലി പറഞ്ഞു.

അവൾ മൂക്കു ചീറ്റിക്കളഞ്ഞു.

‘‘മൂത്താരേ, അതെന്റെ മകനാണ്.’’

മാധവൻനായർ ഒന്നും പറഞ്ഞില്ല. അയാൾ തുന്നിക്കൊണ്ടിരുന്നു. ജാള്യത്തോടെ, പിന്നെ വേദനയോടെ, അയാളോർത്തു. അപ്പുക്കിളിയ്ക്കു താനൊരു കുപ്പായം തയ്ച്ചുകൊടുത്തത്, വെട്ടുതുണികൾ ചേർന്നു തുന്നി കണങ്കാലോളം വരുന്ന ഒരങ്കിക്കുപ്പായം. മുൻവശത്ത് അരിവാളും ചുറ്റികയും ത്രിശൂലവും. പിന്നിൽ ഒരു തുണിസഞ്ചിയിൽ നിന്നു വെട്ടിയെടുത്ത മയിലിന്റെയും ഗാന്ധിജിയുടെയും ചിത്രങ്ങൾ.

‘‘ഞാമ്പറഞ്ഞ്നോക്കാ, നീലിയേ,’’ അയാൾ പറഞ്ഞു.

‘‘മാധവന്നായരേ, അതൊര് പ്രാന്തനല്ലേ?’’ രവി ചോദിച്ചു.

‘‘ഒര് മാന്ന്യം.’’

‘‘വയസ്സ്യോ?’’

‘‘ഇര്വത്.’’

രവി ആലോചിച്ചു. ‘‘എങ്ങന്യാ മാധവന്നായരേ ഇത് ചെയ്യാ?’’

‘‘മാഷ്ഷ് സകായിയ്ക്കണം. ഒന്ന്ം പടിയ്ക്കാനല്ല. അലയാണ്ടിരിയ്ക്കാമ്മാത്രം.’’

പിറ്റേന്ന് കാലത്ത് മാധവൻ നായർ അപ്പുക്കിളിയെയും കൂട്ടി ഞാറ്റു പുരയിലെത്തി. അപ്പുക്കിളിയെ അന്നാണ് രവി സൂക്ഷിച്ചുനോക്കിയത്. ഉന്തിനിന്ന ചുണ്ടുകൾ, പിഞ്ഞാണംപോലെ മങ്ങിയ കണ്ണുകൾ, ഒരു മുക്കാൽ മനുഷ്യന്റെ ഉടല്. പക്ഷെ, കൈകാലുകൾ നന്നെ മുരടിച്ചുപോകയാൽ ആകെ മൊത്തം ഒരു കുട്ടിയുടെ വലിപ്പമേ തോന്നിച്ചുള്ളു. ബാല്യമോ യൗവനമോ വാർദ്ധക്യമോ ആ മുഖത്തു തെളിഞ്ഞില്ല.

അപ്പുക്കിളി മേശയ്ക്കരികിൽ വന്നുനിന്നു. രവി ചോദിച്ചു, ‘‘ബടെ ചേരാൻ അപ്പുക്കിളിയ്ക്കിഷ്ടാണോ?’’

‘‘ഡാ പിള്ളരേ, തൊള്ളയിടാണ്ടിരിയ്ക്കിൻ! എന്റെ ക്ളി വേശാറാക്ണൂ,’’ മാധവൻനായർ ക്ലാസ്സിനെ ശാസിച്ചു. എന്നിട്ട് കിളിയോട്, ‘‘പച്ചപ്പനന്തത്തേ, മാഷ്ഷ് ചോതിച്ചത് കേട്ട്ലേ നിയ്യ്! നെനക്ക് ചേരാൻ ഇഷ്ടവല്ലേ? പറാ.’’

അപ്പുക്കിളി താഴോട്ടു നോക്കി നിന്നതേയുള്ളു.

‘‘എന്തിനാ ചങ്കിക്ക്ണ് നിയ്യ്?’’ മാധവൻനായർ ധൈര്യപ്പെടുത്തി, ‘‘നൊമ്പടെ സ്കോളല്ലേഡാ, അപ്പേ?’’

എന്നാൽ ആ വിശ്വാസം അപ്പുക്കിളിയുടെ മുഖത്തു കാണാനുണ്ടായിരുന്നില്ല. ചങ്ങാതിമാർ പലരും ബെഞ്ചുകളിലിരുന്ന് കണ്ണുകാണിയ്ക്കുന്നുണ്ട്. എങ്കിലും സംഭ്രമം.

രവി അപ്പുക്കിളിയെ ചുമലിൽ കൈവച്ച് പതുക്കെ കസേലയുടെ ഓരത്തേയ്ക്കു ചേർത്തു.

‘‘എന്തിനാ അപ്പുക്കിളി പേടിയ്ക്കണത്? ഒക്കെ കിളിടെ ചങ്ങാതിമാരല്ലേ?’’

“എന്റടത്ത് വന്നിരിയ്ക്ക്, ക്ളിയേ,’’ കുട്ടികൾ വിളിച്ചു, ‘‘ഇബടെ വായോ.’’

മാധവൻനായർ ഇറങ്ങാൻ ഭാവിച്ചപ്പോൾ കിളി നിലവിളിയായി, ‘‘എന്നിം കൊന്ത്പോതാ, മാതവേ്ത്തോ!’’

‘‘ഖകമേ!’’ മാധവൻനായർ പറഞ്ഞു, ‘‘നീയ്യെന്റെ മാനം കളഞ്ഞൂലോഡാ!’’

ഒരണയ്ക്ക് കടലമുറുക്കു വാങ്ങിക്കൊണ്ടുവരാൻ മാധവൻനായർ അലംഖാനെ പറഞ്ഞയച്ചു.

‘‘ഡാ, പഞ്ചവർണ്ണമേ,’’ അയാൾ പറഞ്ഞു, ‘‘ദാ, ഈ മേഷ്ടേരേട്ട * നെനക്ക് മുറുക്ക് തരും.’’

അപ്പുക്കിളി രവിയുടെ മുഖത്തേയ്ക്കു നോക്കി.

അവൻ ചോദിച്ചു, ‘‘നീയ് മുത്ക്ക് തത്വോ?’’

‘‘കിളി ബടെയിര്ന്ന് പടിച്ചാല് മുറുക്കൊക്കെ തരാ.’’

‘‘കതലമുത്ക്കോ?’’

‘‘ഓ, കടലമുറുക്ക്,’’ രവി പറഞ്ഞു, ‘‘അല്ലാ, മാധവന്നായരേ, ശല്യം കൂട്ട്വോ?’’

‘‘ഒന്നും പേടിയ്ക്കണ്ടാ, മാഷ്ഷേ്—ദാ അപ്പേ, ക്ള്ളിയേ, ചതിച്ചാണ്ടാ നീയ്യ്.’’

കടലമുറുക്ക് വന്നപ്പോൾ അപ്പുക്കിളി തെളിഞ്ഞു.

‘‘ഇനി ഞാമ്പോട്ടെ?’’ മാധവൻനായർ ചോദിച്ചു.

രവിയേയും കുട്ടികളേയും മാധവേട്ടനേയും മാറിമാറി നോക്കി, ഏതോ ഗാഢമായ സന്ദേഹമകറ്റിയശേഷം, അപ്പുക്കിളി സമ്മതം മൂളി.

‘‘അവിടെ ചെന്നിരിയ്ക്കൂ.’’ രവി പറഞ്ഞു.

‘‘ഇരിയ്ക്ക്,’’ മാധവൻനായരും ഉപദേശിച്ചു.

അപ്പുക്കിളി മുൻവരിയിൽ സ്ഥലം പിടിച്ചു.

പോകുമ്പോൾ മാധവൻനായർ പറഞ്ഞു, “നല്ലോണം പടിയ്ക്കണം കെ്ട്ട്വോഡാ, അപ്പേ. പടിച്ച് പടിച്ച് ഇഞ്ചിനീരാകണം കെ്ട്ട്വോ.’’

അപ്പുക്കിളി ഒരിയ്ക്കൽക്കൂടി മൂളി... ക്ലാസ്സിലെ പാഠം തുടർന്നു. ബോഡിൽ ഒരു കണക്കെഴുതാനായി രവി തിരിഞ്ഞപ്പോൾ കൊച്ചു സൊഹറ പതുക്കെ കിളിയുടെ

അരികത്തേയ്ക്കു നീങ്ങി. ഒരിലന്തിപ്പഴം അവന്റെ കൈയിൽ വെച്ചുകൊടുത്തിട്ട് അവൾ മെല്ലെ പറഞ്ഞു. ‘‘പേടിയ്ക്കണ്ടാട്ടോ!’’

ഒരു ദിവസം മാറാല തൂത്ത് ഞാറ്റുപുര വെടിപ്പു വരുത്തുകയായിരുന്നു രവിയും കുട്ടികളും. അവർ ചിലന്തികളെ നായാടി. ചോക്കുകൊണ്ടു നേർവര വരച്ച് ആദം അതിൽ നാലു ചത്ത ചിലന്തികളെ കിടത്തിയിരുന്നു. അപ്പുക്കിളി അവയ്ക്കരികിൽ മുട്ടുകുത്തിയിരുന്നു. എന്നിട്ട് ഒന്നിനെ കൈയിലെടുത്ത് ഊതിയുതി ജീവിപ്പിയ്ക്കാൻ ശ്രമിച്ചു.

‘‘സാർ, സാർ,’’ കുഞ്ഞാമിന ചോദിച്ചു, ‘‘വല്യ വല്യ എട്ട്കാലിയായാ എത്ര വല്താകും സാർ?’’

രവി പള്ളിയുടെ കൊത്തളം ചൂണ്ടിക്കാട്ടി.

‘‘ദാ അത്ര.’’

‘‘യാ, റഹമാൻ!’’

ചുമരിലെ വിള്ളലുകളിൽ കൈപ്പടത്തോളംപോന്ന തവിട്ടു നിറത്തിലുള്ള ചിലന്തികൾ പാർത്തുവന്നു. അവ ചുമരിന്മേൽ പറ്റിനില്ക്കുമ്പോൾ കടലാസ്സു ചുരുട്ടിയെറിഞ്ഞാൽ മതി. തിരിച്ചു വിള്ളലുകളിൽ മുളഞ്ഞുകൊള്ളും. പുറത്തെ ചതുപ്പുകളിലെ ചിലന്തികളാവട്ടെ, വലിയവയായിരുന്നു. ഖസാക്കിന്റെ നിബിഡമായ രാത്രിയിൽ പ്രതാപികളായി അവ പിറവികൊണ്ടു. കാലവർഷത്തിന്റെ മുൾത്തുറവകളിൽ കറുത്ത നക്ഷത്രങ്ങളായി ഉദിച്ചുനിന്നു. കാർത്തവീര്യാർജ്ജുനനെപ്പോലെ കൈകളിട്ടു. തല്ലി ചെറുചാതികളെ നായാടി വിനോദിച്ചു... എട്ടുകാലികളുടെ ദുശ്ചരിതങ്ങൾ രവി കുട്ടികൾക്കു പറഞ്ഞുകൊടുത്തു. എട്ടുകാലിപ്പെണ്ണുങ്ങൾ ഇണകളെ കൊന്നുതിന്നുക പതിവാണ്.

‘‘യാ, റഹമാൻ!’’ കുട്ടികൾ പറഞ്ഞു.

ഇതുവരെ പറഞ്ഞുകൊടുത്ത കഥകളിലൊന്നിലുംതന്നെ ആരും ആരെയും തിന്നിട്ടില്ലായിരുന്നു. പക്ഷെ, പ്രകൃതിയിൽ അങ്ങിനെയാണെന്ന് രവി പറഞ്ഞു. അതാരെയും

തൃപ്തിപ്പെടുത്തിയില്ല. അവസാനം കരുവു പറഞ്ഞു, ‘‘കർമ്മപലവാണ്, സാർ.’’

‘‘ആ, സാർ,’’ പലരും പറഞ്ഞു.

എല്ലാവർക്കുമറിയാവുന്ന കാര്യമാണത്. അപ്പനമ്മമാരും, മരിയ്ക്കാൻ വേണ്ടി മാത്രം കാത്തുകൊണ്ട് കീറപ്പുതപ്പുകൾക്കടിയിൽ കിടന്ന മുത്തന്മാരും മുത്തികളുമെല്ലാവരും പറഞ്ഞുകേട്ടിട്ടുള്ളതാണ്. മരിച്ചാൽ വീണ്ടും പിറക്കുമെന്ന സത്യം ഖസാക്കിലെ രാവുത്തന്മാർപോലും സമ്മതിച്ചു.

‘‘ഞമ്മളൊക്കെ എന്ത്ട്ട്കാലിയാക്ം സാർ,’’ കുഞ്ഞാമിന പറഞ്ഞു.

‘‘മൊല്ലാക്ക ഊറാമ്പുലിയാക്ം സാർ,’’ മറ്റാരോ പറഞ്ഞു.

‘‘എന്തേ?’’ രവി ചോദിച്ചു.

‘‘കർമ്മം,’’ കുഞ്ഞാമിന പറഞ്ഞു, ‘‘ഈ കൊന്ന പാവം തീരണ്ടേ?’’

അതോർത്ത് അവളുടെ ചുമലുകൾ കോച്ചി. അവൾ സ്വയം പറഞ്ഞു, ‘‘എന്ന്ട്ട് നാൻ ഇബടെ ചൊകിരി [1] പറ്റി ന്ക്ക്മ്പൊ മേഷ്ഷ് വന്ന്ങ്ങാണ്ട് എന്നെ തല്ലിക്കൊല്ല്ം...നമ്മള് ചാക്ണതോ എന്ത്ട്ട്കാലി ചാക്ണതോ ജാസ്തി വേദന, ആവോപ്പാ!’’

രവി അവളുടെ കൈകൾ രണ്ടും കൂട്ടിപ്പിടിച്ചു മുമ്പിൽ നിർത്തി. സുറുമ പരന്ന കവിളിൽനിന്നു മുടിച്ചുരുളുകൾ മാടിനീക്കിക്കൊടുത്തുകൊണ്ട് അയാൾ പറഞ്ഞു, ‘‘ഞാൻ എന്റെ ആമിനക്കുട്ട്യേ കൊല്ല്വോ?’’

കർമ്മപരമ്പരകളുടെ കഥ ഇങ്ങനെ അവസാനിച്ചെങ്കിലും ജന്തുശാസ്ത്രത്തിലേയ്ക്കു കടക്കാൻ രവി ബാദ്ധ്യസ്ഥനായി. പിന്നത്തെ രണ്ടു മൂന്നു ദിവസമത്രയും ക്ലാസ്സിൽ ജന്തുശാസ്ത്രം മാത്രമേ ഉണ്ടായിരുന്നുള്ളു. ജന്തു ശാസ്ത്രം പഠനത്തിനിടയ്ക്കാണ് കുഞ്ഞാമിന ഒരോന്തിനെ ക്ലാസ്സിലേയ്ക്കു കൊണ്ടുവന്നത്.

‘‘കൊട്ടപ്പാല് [2] കൊട്ത്ത്ട്ട്ണ്ട്, സാർ.’’ ആവേശത്തോടെ അവൾ പടിയ്ക്കൽ നിന്നേ വിളിച്ചുപറഞ്ഞു.

കുഞ്ഞാമിന ഓന്തിനെ രവിയുടെ മുമ്പിൽ കൊണ്ടുവന്നു വിട്ടു. ഒരു കള്ളുകുടിയനെപ്പോലെ ഇത്തിരി തപ്പിത്തടഞ്ഞു നടന്ന്, ഓന്ത് മിഴിച്ചിരിപ്പായി.

‘‘എന്തിനാ ഈ വികൃതി കാട്ടീത്?’’ രവി ശാസിച്ചു.

കുഞ്ഞാമിനയുടെ മുഖം മങ്ങി. എല്ലാവരുടെയും ഉത്സാഹം പെട്ടെന്നു നിലച്ചു. രവി പ്രീതിപ്പെടുമെന്നാണ് അവർ ധരിച്ചിരുന്നത്.

‘‘ഇത് ചാവ്വോ?’’ രവി ചോദിച്ചു.

കുഞ്ഞാമിന ഒന്നും പറഞ്ഞില്ല. തങ്കമാതവി പറഞ്ഞു, “ചെലയപ്പൊ ചാക്കം, സാർ.’’

‘‘അവ്ണീശ് [3] പോലെയാണ്, സാർ.’’ ചാന്തുമുഹമ്മദ് പറഞ്ഞു, ‘‘രാസ്തി കുടിച്ചാ ചാക്കം. അല്ലെങ്കി പെഷയ്ക്കം.’’

‘‘എന്താ ഈ കൊട്ടപ്പാലിന്റെ കാര്യം? പറയൂ.’’ രവി കുഞ്ഞാമിനയോടാണ് വീണ്ടും ചോദിച്ചത്. അവൾ ഉത്തരം പറഞ്ഞില്ല. മറ്റുള്ളവരെല്ലാം ചേർന്നു പറഞ്ഞു: ഓന്തുകൾ മനുഷ്യന്റെ ചോരയീമ്പുന്നവരാണ്. കുടിയ്ക്കണമെന്നില്ല. നോക്കിയാൽ മതി. നോക്കിനോക്കി കാറ്റിലൂടെ വലിച്ചെടുത്ത കുരുതി നുണഞ്ഞിറക്കുമ്പോഴാണ് ഓന്തു തലയാട്ടുക. അതാണ് മുൾപ്പീലിയണിഞ്ഞ ദുർമ്മുഖം പലപ്പോഴും തുടുത്തുകാണുന്നത്. ഇതും പോരാതെ ഓന്തുകൾ തുമ്പികളെ പിടിയ്ക്കുന്നു. തുമ്പികൾ മരിച്ചവരുടെ ഓർമ്മകളാണ്. ഖസാക്കിലെ കുട്ടികളാരുംതന്നെ തുമ്പികളെ പിടിയ്ക്കാറില്ല, അപ്പുക്കിളിയൊഴിച്ച്. പക്ഷെ, അവൻ പൊട്ടനാണ്. ജന്മാന്തരങ്ങളറിഞ്ഞവനാണ്... അങ്ങനെ ജന്മാന്തരങ്ങളുടെ പകപോക്കാനായി കുട്ടികൾ ഓന്തിനെ കൊട്ടപ്പാലു കുടിപ്പിയ്ക്കുന്നു.

വേറെയും കാര്യങ്ങളുണ്ടായിരുന്നു.

‘‘ഓന്ത് പൂതമാക്കം, സാർ,’’ ആദം പറഞ്ഞു.

''അതെന്താത്?''

''പൂതം,'' ആദം വ്യാഖ്യാനിച്ചു, ''അപ്പ്ടിശൊന്നാ, പ്രേതം.''

ആദം നിറുത്തി. അവനുതന്നെ പേടിയായി. കരുവാണ് തുടർന്നത്. മനുഷ്യരുടെമേൽ പ്രേതങ്ങൾ കുടിപാർക്കാറുണ്ട്. അവയെ പായിയ്ക്കാൻ ഓന്തുകളെ വിടുന്നു.

''പച്ചെ, പൊറത്ത് പറയാൻ പഷ്ട്ല്ല,'' കരുവ് പറഞ്ഞു.

ആരും കൂടുതൽ പറയാൻ തയ്യാറുണ്ടായിരുന്നില്ല. അതു ഖസാക്കിന്റെ രഹസ്യമാണ്. പ്രേതബാധിതരായ മനുഷ്യർക്കുവേണ്ടി ഖസാക്കുകാർ ആ രഹസ്യം കാത്തുപോരുന്നു.

ഇതൊക്കെ കേട്ടുകൊണ്ട് രവി ഇരിയ്ക്കെ, കുഞ്ഞാമിന ഒറ്റതിരിഞ്ഞിരിപ്പായിരുന്നു. അവൾ വിതുമ്പുന്നതു കേട്ടാണ് രവി തിരിഞ്ഞു നോക്കിയത്. കുഞ്ഞാമിന കരയുകയായിരുന്നു.

"അയ്യയ്യേ! ഞാൻ വല്ലതും പറഞ്ഞോ?''

ആശ്വസിപ്പിയ്ക്കാൻ ശ്രമിച്ചപ്പോൾ കരച്ചിൽ അധികമായി. സുറുമ പരന്നു താഴോട്ടൊഴുകി. റങ്കുകുപ്പായം നനഞ്ഞു. രവി അവളെ തന്റെ കസേലക്കയ്യിലേയ്ക്കു കേറ്റിയിരുത്തി. വെള്ളിത്തണ്ടയിട്ട കാലുകൾ ആട്ടിയാട്ടി അവൾ കസേലക്കയ്യിലിരുന്നു...അപ്പുക്കിളിയാകട്ടെ, നിലത്തു മിഴിച്ചിരുന്ന ഓന്തിനെ തൊട്ടുതലോടുകയായിരുന്നു. ഓന്തിനു വീണ്ടും ബോധം തെളിഞ്ഞു. അതു വേച്ചുവേച്ചു പുറത്തേയ്ക്കു നടന്നപ്പോൾ അപ്പുക്കിളിയും പതുക്കെ പുറകെ നടന്നു. കുഞ്ഞാമിനയ്ക്കു സമാധാനമായി.

അന്നാണ് ഓന്തുകളുടെ ചരിത്രം രവി അവർക്കു പറഞ്ഞുകൊടുത്തത്. മനുഷ്യൻ ഭൂതലം പിടിച്ചുപറ്റുന്നതിനും മുമ്പ് ഒരു കാലമുണ്ടായിരുന്നു. അന്ന് ഇവിടെ വാണിരുന്നവരാണ് ഓന്തുകൾ. കഥ ഉച്ചവരെ നീണ്ടു. കഴിഞ്ഞില്ല. എല്ലാവരും വീട്ടിലേയ്ക്കോടി, ചോറു വാരിത്തിന്ന് ക്ഷണം തിരിച്ചെത്തി. കഥ തുടർന്നു. അവർ രവിയുടെ ചുറ്റും പൊതിഞ്ഞു. അവരുടെ മുമ്പിൽ ആ കഥയുടെ താളുകൾ അടർന്നും മറിഞ്ഞും പോയി.

മുട്ടകളൊളിച്ചുവെച്ച ശിഖരപാർശ്വങ്ങളിൽനിന്ന് റ്റെറോഡാക്റ്റെലുകൾ ആർത്തു വിളിച്ചു പറന്നുപൊങ്ങി. ഘനാലസന്മാരായ ദിനോസറുകൾ ഗിരിസാനുക്കളിലൂടെ ഇര തേടി നടന്നു. താളുകൾ വീണ്ടും മറിഞ്ഞു.

പണ്ടുപണ്ട്, ഓന്തുകൾക്കും മുമ്പ്, ദിനോസറുകൾക്കും മുമ്പ്, ഒരു സായാഹ്നത്തിൽ രണ്ടു ജീവബിന്ദുക്കൾ നടക്കാനിറങ്ങി. അസ്തമയത്തിലാറാടിനിന്ന ഒരു താഴ്വരയിലെത്തി.

ഇതിന്റെ അപ്പുറം കാണണ്ടേ? ചെറിയ ബിന്ദു വലിയതിനോടു ചോദിച്ചു.

പച്ചപിടിച്ച താഴ്വര, ഏട്ടത്തി പറഞ്ഞു. ഞാനിവിടെത്തന്നെ നില്ക്കട്ടെ.

എനിയ്ക്കു പോകണം, അനുജത്തി പറഞ്ഞു.

അവളുടെ മുമ്പിൽ കിടന്ന അനന്തപഥങ്ങളിലേയ്ക്ക് അനുജത്തി നോക്കി.

നീ ചേച്ചിയെ മറക്കുമോ? ഏട്ടത്തി ചോദിച്ചു.

മറക്കില്ല, അനുജത്തി പറഞ്ഞു.

മറക്കും, ഏട്ടത്തി പറഞ്ഞു. ഇതു കർമ്മപരമ്പരയുടെ സ്നേഹരഹിതമായ കഥയാണ്. ഇതിൽ അകൽച്ചയും ദുഃഖവും മാത്രമേയുള്ളു.

അനുജത്തി നടന്നകന്നു. അസ്തമയത്തിന്റെ താഴ്വരയിൽ ഏട്ടത്തി തനിച്ചു നിന്നു. പായൽക്കുരുന്നിൽനിന്ന് വീണ്ടുമവൾ വളർന്നു. അവൾ വലുതായി. വേരുകൾ പിതൃക്കളുടെ കിടപ്പറയിലേയ്ക്കിറങ്ങി. മൃതിയുടെ മുലപ്പാലു കുടിച്ച് ചില്ലകൾ പടർന്നു തിടംവെച്ചു. കണ്ണിൽ സുറുമയും കാലിൽ തണ്ടയുമിട്ട ഒരു പെൺകുട്ടി ചെതലിയുടെ താഴ്വരയിൽ പൂവിറുക്കാനെത്തി. അവിടെ തനിച്ചു നിന്ന ചമ്പകത്തിന്റെ ചില്ലയൊടിച്ചു പൂനുള്ളിയെടുത്തപ്പോൾ ചമ്പകം പറഞ്ഞു, അനുജത്തീ, നീയെന്നെ മറന്നുവല്ലോ...

കുട്ടികൾ പൊയ്ക്കഴിഞ്ഞിരുന്നു. രവി കണ്ണുചിമ്മി കസേലയിൽ ചാരിയിരുന്നു. ചുറ്റിലും ധൂപക്കൂട്ടിന്റെ മണമുയരുന്നു. ചേങ്ങലയും കുടമണിയും മുഴങ്ങുന്നു.

വേദാനുദ്ധരതേ ജഗന്നിവഹതേ

ഭൂഗോളമുദ്ബിഭ്രതേ

ദൈത്യം ദാരയതേ ബലിം ഛലയതേ

ക്ഷത്രക്ഷയം കുർവ്വതേ

പൗലസ്ത്യം ജയതേ ഹലം കലയതേ

കാരുണ്യമാതന്വതേ

മ്ലേച്ഛാന്മൂർച്ഛയതേ ദശാകൃതികൃതേ

കൃഷ്ണായ തുഭ്യം നമഃ

കണ്ണു തെളിഞ്ഞപ്പോൾ, അകലെ ചെതലിയുടെ താഴ്വരയിൽ അസ്തമയമാണ്. ജനാലയിലൂടെ പോക്കുവെയില് അകത്തേയ്ക്കുവന്നു. അതിന്റെ സുഖജ്ജ്വരം ഞാറ്റുപുരയിലത്രയും പരന്നു.

* എനിയ്ക്കിതു കാണാൻ വയ്യ.

* മാസ്റ്ററേട്ടൻ. 'ഏട്ട' എന്ന പ്രയോഗം പാലക്കാടൻ നായന്മാർക്കിടയിൽ സാധാരണ മാണ്.

1 ചുമരിൽ.

2 ആവണക്കിന്റെ കറ.

3 എസെൻസ്.

10. ഉൾക്കിണറ്

മൈമുനയെ കെട്ടുമ്പോൾ മുങ്ങാങ്കോഴിയ്ക്ക് അൻപതു വയസ്സാണ്. അറുപതേ തോന്നിച്ചിരുന്നുള്ളുവെന്ന് കുപ്പുവച്ചനാണ് പറഞ്ഞത്...

കിണറ്റിൽ വീണ കുടങ്ങളും കോരികകളും മുങ്ങിത്തപ്പിയെടുക്കലാണ് ചുക്രരാവുത്തിന്റെ തൊഴില്. കൊഴണശ്ശേരിയിൽ, കൊടുവായൂരിൽ, വിളയഞ്ചാത്തന്നൂരിൽ, പല്ലശ്ശേനയിൽ, കല്യാണപ്പേട്ടയിൽ, കിഴക്കൻ അതിർത്തിയായ മുതലമടവരെയും പടിഞ്ഞാറ് മങ്കര മണ്ണൂരുവരെയും ചുക്രുരാവുത്തൻ കിണറുകളന്വേഷിച്ചു. നടന്നു. ഖസാക്കുകാർ അയാളെ മുങ്ങാങ്കോഴിയെന്നു വിളിച്ചു. വർഷങ്ങൾ നീങ്ങെ, ചുക്രവെന്ന പേർ അയാൾ മറന്നു. മുങ്ങാങ്കോഴിയെന്നു വിളിച്ചാൽ വിളി കേൾക്കും. നെന്മണിയെറിഞ്ഞാൽ വന്നു കൊത്തിപ്പെറുക്കുമെന്ന് കുപ്പുവച്ചൻ പറഞ്ഞു. പേരു മറന്നുപോയതു പോലെത്തന്നെ, മുകൾപ്പരപ്പിലെ വെളിച്ചം നിറഞ്ഞ ജീവിതവും അയാൾ മറന്നു. വെള്ളി പൊട്ടും മുമ്പേ ഖസാക്കു വിട്ടാൽ പാതിര പിന്നിട്ടാണ് തിരിച്ചെത്തുക. ചിലപ്പോൾ അനവധി ദിവസങ്ങൾ കഴിഞ്ഞായിരിയ്ക്കും.

മധുവിധുവാഘോഷിക്കാൻ മുങ്ങാങ്കോഴി ഖസാക്കിലിരുന്നില്ല. വീണ്ടും കിണറുകളന്വേഷിച്ച് ഇറങ്ങിത്തിരിച്ചു. കല്യാണമുറച്ചപ്പോൾ അതു നടക്കില്ലെന്നും, നിക്കാഹ് കഴിഞ്ഞപ്പോൾ പെണ്ണിരിയ്ക്കില്ലെന്നുമൊക്കെ ആളുകൾ പറഞ്ഞതായിരുന്നു. അങ്ങനെയൊന്നുമുണ്ടായില്ല. മൈമുന ശാന്തമായി ത്തന്നെ വൈവാഹികജീവിതത്തിലേർപ്പെട്ടു. തലയിൽ തട്ടനില്ലാതെ, നീലഞരമ്പോടിയ കൈകളിൽ കരിവളയിട്ട്, അവൾ പിന്നെയും നടുപ്പറമ്പിലൂടെ നടന്നു.

മുങ്ങാങ്കോഴിയുടെ കുടിലിന്റെ മുൻവശത്ത് മൈമുനയുടെ മാറ്റപ്പീടിക കിന്നാരം പറഞ്ഞിരിക്കാൻ ഒരിടമായി. കൂട്ടിനു ചക്കരക്കാരിത്തങ്കയുമുണ്ടാവും. അല്ലെങ്കിൽ മറ്റാരെങ്കിലുമെത്തും. ഒട്ടുമുക്കാൽ സമയവും മൈമുന അവിടെയിരിക്കും...പായലും പിടിച്ച് പാതിരയ്ക്ക് കൂടുപറ്റുന്ന മുങ്ങാങ്കോഴിയെ അവൾ മടിയിൽ കിടത്തുകയും കൊഞ്ചിത്താലോലിയ്ക്കുകയും ചെയ്തു. അവളുടെ ദാർഢ്യമുറ്റ കൈകളിൽ കിടന്നുറങ്ങുമ്പോൾ ഗന്ധക വാതകമൂറുന്ന നെല്ലിപ്പടികളെ അയാൾ സ്വപ്നം കണ്ടു.

ആബിദയ്ക്ക് മൈമുനയേക്കാൾ ആറേഴു വയസ്സേ കുറവുണ്ടായിരുന്നുള്ളു. പ്രഭയറ്റ കണ്ണുകളും വിളർത്ത കവിളുകളുമുള്ള ആ പെൺകുട്ടിയ്ക്കു കൂട്ടുകാരികളുണ്ടായിരുന്നില്ല. തോട്ടുവക്കിൽ, നെടുവരമ്പിൽ, എങ്ങെങ്കിലും അവളെ തനിച്ചു കാണുമ്പോൾ തിത്തിബിയുമ്മ ചോദിയ്ക്കും, ‘‘ഒണ്ടിയാ എങ്കെപ്പോറത്, പുള്ളേ? തൊണ കെടയാതാ?’’

ആബിദ പറയും, ‘‘കെടയാത് ഉമ്മാ.’’

തിത്തിബിയുമ്മ നേരും, ‘‘ഉനക്ക് ശെയ്ഖ്തങ്ങള് തൊണ.’’

മൈമുനയുടെ വരവിനു മുമ്പ് ആബിദയുടെ തുണ അത്തയുടെ സ്നേഹമായിരുന്നു. കിണറുകൾ മുങ്ങിത്തപ്പുന്ന അത്തയ്ക്കു വേണ്ടി ഷെയ്ഖ് തങ്ങളെ ധ്യാനിച്ച് അവളാ കുടിലിൽ ഒറ്റയ്ക്കിരുന്നു. പാതിരവരെ ഉറക്കമിളച്ചു കാത്തിരുന്നു. ഇപ്പോൾ പാതിരയ്ക്ക് അത്ത തിരിച്ചെത്തുമ്പോൾ ആബിദയെ വിളിയ്ക്കാറില്ല. മൈമുനയാണ് കഞ്ഞിയോ ചോറോ വിളമ്പിക്കൊടുക്കാൻ. ആബിദയെ കാണാതെതന്നെയാണ് അത്ത ഉറങ്ങാൻ കിടന്നതും. എങ്കിലും ഇന്നും അവൾ കാത്തിരുന്നു. അറയുടെ പുറത്തെ കൊച്ചു താഴ്വാരത്തിൽ പായ വിരിച്ചു കിടക്കുമ്പോൾ അവൾ ചെവിയോർത്തു. അത്തയുടെയും ശിന്നുമ്മ [1] യുടെയും പതിഞ്ഞ സംസാരം കേൾക്കാം. അതൊടുങ്ങുന്നതുവരെ ആബിദ ഉറങ്ങാതെ കിടന്നു.

പണ്ടൊക്കെ മൈമുന നടുപ്പുറമ്പിലൂടെ നടന്നുപോകുമ്പോൾ ആ ചന്തം നോക്കി ആബിദ നിന്നുപോകാറുണ്ടായിരുന്നു. അത് ഇന്ന് അവരുടെ കുടിലിൽ നിറഞ്ഞുനിന്നപ്പോൾ ആബിദയുടെ ധൈര്യം ക്ഷയിച്ചു. ശിന്നുമ്മയെന്നു വിളിച്ചുപോയെങ്കിൽ മൈമുന മുഖം കനപ്പിക്കും. ചിറ്റമ്മയാകാൻമാത്രം വയസ്സ് അവൾക്കായിട്ടുണ്ടെന്നോ? അവൾ സമ്മതിയ്ക്കില്ല. വേണ്ട, 'അക്ക' യെന്നു വിളിയ്ക്കാമെന്ന് ആബിദയോർക്കും. കൂട്ടുകൂടാമെന്നു കരുതും. പിന്നെ പിന്മടങ്ങും. മൈമുനയുടെ കാച്ചിയും കുപ്പായവുമൊക്കെ ആബിദ തിരുമ്പിക്കൊടുത്തു. വീട്ടിലെ പണിയത്രയും ആബിദതന്നെയാണെടുത്തത്. എന്നിട്ടും മൈമുന കനിഞ്ഞില്ല.

ചിലപ്പോൾ ആബിദ ഇങ്ങനെ പറഞ്ഞു നോക്കും, ''ശിന്നുമ്മോ, ഒര് കത ശൊല്ലിത്താങ്കോ.''

''എന്നാ കത? നിന്റെ ഉമ്മാനെ കള്ളക്കെട്ടിയവൻ [2] കൊന്ന കത ശൊല്ലട്ടുമാ?''

അപ്പോഴാണ് ആബിദ വീട്ടിൽനിന്നു പുറത്തുകടക്കുക. ആരുമറിയാതെ, നിഴലിനെപ്പോലെ അവൾ പുറത്തിറങ്ങി. പിന്നെ തോട്ടുവക്കിൽ ചെന്ന് ഇരുന്നു. അല്ലെങ്കിൽ, പരവതാനിപോലെ അരശിൻ പൂക്കൾ കൊഴിഞ്ഞുതിർന്ന വളർത്തുകാട്ടിൽ ചെന്ന് ഇരുന്നു.

''ശെയ്ഖ്തങ്ങളേ,'' അന്നൊരുദിവസം അവൾ ചോദിച്ചു, ''നിങ്ങ എയ്ക്കി തൊണയിണ്ടാ?''

തോട്ടിലെ വെള്ളം പെട്ടെന്നു നീലച്ചെന്നു തോന്നി. പെട്ടെന്ന്, മഴപോലെ വളർത്തുകാട്ടിൽ അരശിൻ പൂക്കൾ കൊഴിഞ്ഞു.

''യാ റഹമാൻ!''അവൾ പറഞ്ഞു. ഷെയ്ഖ് തമ്പുരാൻ അവളോടു സംസാരിയ്ക്കുകയാണ്. അവളുടെ ഉൾക്കാത് ആ മർമ്മരങ്ങൾക്കായി വട്ടം പിടിച്ചു. അതിന്റെ കോരിത്തരിപ്പിൽ അവൾ വീണ്ടുമൊരു കുട്ടിയായി. അവൾ ചെതലിയുടെ താഴ്വരയിൽ കാത്തുനിന്നു. കിഴക്കൻകാറ്റിൽ കുളമ്പടിച്ചു കൊണ്ട് ഷെയ്ഖ് തമ്പുരാന്റെ പാണ്ടൻകുതിര അതുവഴി വന്നു.

‘‘കുതരത്താനേ, കുതരത്താനേ,’’ അവൾ പറഞ്ഞു, “എന്നെ കൊണ്ട് പുഗ്വോ?’’

അവൾ കുതിരത്താന്റെ പുറത്തുകേറി. കുതിര കിഴക്കൻ കാറ്റിലൂടെ പാഞ്ഞു. കാടും കടലും കടന്ന് അവൾ പറന്നു. അവിടെ അവൾ അവളുടെ ഉമ്മയെ കണ്ടു. ഉമ്മ മൈമുനയെക്കാൾ സുന്ദരിയായിരിയ്ക്കുന്നു. അവർ കെട്ടിപ്പിടിച്ചു. മിനുത്ത കഴുത്തിൽ, കയ്യിൽ, ആബിദ തൊട്ടു. അവിടം ചുളിയാൻ തുടങ്ങി. ജര പടർന്ന് അഴിയാൻ തുടങ്ങി. ആ സങ്കേതം രൂപാന്തരപ്പെടുകയായി. അവിടം കാളികാവിലെ വയ്ക്കോൽപുരയാണ്. പുറത്തെ സന്ധ്യയിൽ ചട്ടുകക്കള്ളികളെപ്പോലെ കയ്പ്പടങ്ങളെടുത്തുപിടിച്ച് അവളുടെ അമ്മാവനിരിയ്ക്കുന്നു.

‘‘കുതരത്താനേ, കുതരത്താനേ!’’ അവൾ വിളിച്ചു.

കുളമ്പടിയില്ല. തോട്ടുവക്കിൽ, അരശിൻ കാട്ടിൽ, കിഴക്കൻകാറ്റുമാത്രം വീശി.

“മൈമുവോ,’’ അള്ളാപ്പിച്ചാമൊല്ലാക്ക ഒരിയ്ക്കൽ മൈമുനയെ ഗുണദോഷിച്ചു, ‘‘നീ എത്ക്ക് അന്ത പൊണ്ണെ വേലയ്ക്കി വ്ടറ്ത്! വയസ്സ് തെകഞ്ച പൊണ്ണാക്ക്ം, പുള്ളേ.’’

‘‘നാനാ പോഹശ്ശൊന്നത്?’’ മൈമുന പറഞ്ഞു,‘‘അവ്ള് ചന്തങ്കാട്ടി കൊണിയാമ്പോറതാക്ക്ം. സുന്തരി!’’

പിറ്റേന്ന് ആബിദ ഞാറ്റുപുര അടിച്ചുവാരാൻ പോയില്ല.

വെയിലു പൊന്തിയപ്പോൾ ചക്കരക്കാരിത്തങ്ക വന്നു. തങ്കയും ചിറ്റമ്മയും വർത്തമാനം പറഞ്ഞിരിപ്പായി. എന്തൊക്കെയോ മനുന്നനെ പറഞ്ഞു ചിരിയ്ക്കുന്നു.

‘‘ആരാണ്ടീ താഴ്വാരത്ത്?’’ ഇത്തിരി കഴിഞ്ഞ് മൈമുന അകായിലേയ്ക്കു വിളിച്ചു ചോദിച്ചു.

‘‘നാനാണ് ശിന്നുമ്മാ,’’ ആബിദ വിളികേട്ടു.

''നീ മിറ്റമടിയ്ക്കാമ്പോയിലേ?'' മൈമുന ചോദിച്ചു.

ആബിദ ഒന്നും പറഞ്ഞില്ല.

''നീ പോറതില്ലെയാ?''

അതിന്നും മറുപടി പറഞ്ഞില്ല.

പൊയ്ക്കോ മരിയാതിയ്ക്കീ,'' മൈമുന പറഞ്ഞു, ''ചോറ് ത്ങ്കറതെപ്പ്ടി? മുങ്ങാങ്കോഴി മുങ്ങിത്തപ്പിക്കൊണ്ട് വര്മാ?''

ആബിദ ഇറങ്ങി ഞാറ്റുപുരയിലേയ്ക്കു നടന്നു. ഞായറാഴ്ചയാണ്.

രവി വിശ്രമിയ്ക്കുകയായിരുന്നു. അന്നാണ് എന്തിനെന്നറിയാതെ, എങ്ങിനെയെന്നറിയാതെ, ആബിദ അവളുടെ കഥ പറഞ്ഞത്.

''ആബിദേ,'' രവി പറഞ്ഞു, ''എനിയ്ക്കും അമ്മയില്ല.''

''റബ്ബുൽ ആലമീനായ തമ്പിരാനേ!'' അവൾ പറഞ്ഞു.

ആബിദയുടെ മക്കു തുടുത്തിരുന്നു.

''എന്താ ആബിദേ,'' രവി ചോദിച്ചു, ''സുഖല്ലേ?''

അവൾ സ്വയം നെറ്റിമേൽ കയ്യമർത്തി.

''പനി വര്മ്പോലെ,'' അവൾ പറഞ്ഞു.

''പോയി കെടക്കൂ.''

വീട്ടിലേയ്ക്കു തിരിച്ചു നടക്കുമ്പോൾ നിയന്ത്രണമറ്റു കണ്ണുനീരൊഴുകി. അവൾ നിന്നു. കരഞ്ഞുകൊണ്ട് വീട്ടിൽ കേറിച്ചെന്നുകൂടാ. മുഖം കഴുകിത്തണുപ്പിയ്ക്കാൻ ആബിദ തോട്ടിലേയ്ക്കു നടന്നു.

തോട്ടുവക്കിൽ അപ്പുക്കിളി തുമ്പി പിടിയ്ക്കുകയായിരുന്നു.

''അച്യേ,'' അവൻ വിളിച്ചു, ''നീയ് വന്നോ!''

''എന്റെ ക്ളിനെ കാണാമ്പന്നതല്ലേ നാന്.'' ആബിദ പറഞ്ഞു. അതു പറയുമ്പോൾ, അവൾക്കെന്തോ ഉള്ളിൽ കുളിരു

വീണപോലെ തോന്നി.

''നീയെന്റെ തുമ്പി നോക്ക്ത്തീ,'' അപ്പുക്കിളി കാണിച്ചുകൊടുത്തു. പളുങ്കുകണ്ണുകളുള്ള വലിയൊരു പച്ചത്തുമ്പി. മങ്ങിയ ഓർമ്മയെപ്പോലെ കണ്ണുകൾ മിനുങ്ങി. ആരുടെയോ പൂർവജന്മസ്മരണയാണത്. അവളുടെ ഉമ്മയുടെയാവാം. ആ കണ്ണുകൾ അവളുടെ മേൽ വീണു. അവളുടെ ദുഃഖമുൾക്കൊണ്ടു.

''ആവൂ, ക്ളിയേ,'' ആബിദ പറഞ്ഞു, ''നീയ് എത്ക്ക് അന്ത തുമ്പിത്താനെ പിടിയ്ക്കറത്? പാവം. അതെ വ്ട്.''

അപ്പുക്കിളി കരയാൻ തുടങ്ങി.

''സെരി, സെരി,'' അവൾ പറഞ്ഞു, ''നാനൊന്നും പറഞ്ഞിലാ.''

കിളി തെളിഞ്ഞു.

''നീയ് തുമ്പിനെ വ്താമ്പതയോ?'' അവൻ ചോദിച്ചു.

''ഇല്ല.''

അവൻ ചിരിച്ചു.

''ഇന്നാ, അച്ച്യേ,'' അവൻ ഒരു പൊതിയഴിച്ച് അവളുടെ മുമ്പിൽവെച്ചു. ചമ്പകപ്പൂക്കൾ.

''ആവൂ. എത്തര പുഗ്ഗാണ്ടാ ക്ളിയേ!''

ആബിദ മുണ്ടു മടക്കി പൂവു നിറച്ചു. ഓരോന്ന് ഓരോ കാതിലും ചൂടി. അവൾ വീട്ടിലേയ്ക്കു നടന്നു.

''ശിന്നുമ്മോ! പുഗ്ഗ്.''

മൈമുനയും തങ്കയും അപ്പഴുമിരുന്ന് കിന്നാരം പറയുകയാണ്. മൈമുന പൂക്കൾ വാങ്ങി കാതിൽ ചൂടി. തങ്കയുടെ മുടിക്കെട്ടിൽ ചൂടിക്കൊടുത്തു. പിന്നെ ആബിദയുടെ നേർക്കു നോക്കി.

''എന്നാടീ കാതീ?''

‘‘ശുമ്മാ പോട്ടത്, ശിന്നുമ്മാ.’’

‘‘കൊടിയാതെടി, കൊടിയാതെ. ആര് പാക്ക്റത്ക്കെടീ പുഗ്ഗ്, എല്മ്പ് ക്കൂടേ?’’

ആബിദ താഴ്വാരത്തിൽ പോയി നിന്നു. ചാരിവച്ചിരുന്ന ചൂലെടുത്ത് അടിച്ചുവാരാൻ ശ്രമിച്ചു. വീണ്ടും ചൂല് മൂലയിൽത്തന്നെ ചാരിനിറുത്തി. കലത്തിൽ കഞ്ഞിയുണ്ടായിരുന്നു. തണുത്തു പാടകെട്ടിയിരുന്നു. ഇത്തിരി കുടിച്ചു. രുചിയില്ല.

അവൾ വീണ്ടും പുറത്തു കടക്കുമ്പോൾ എങ്ങോട്ടെന്ന് മൈമുന ചോദിച്ചില്ല. ആബിദ അരശുമരങ്ങളുടെ തണലിലേയ്ക്കു നടന്നു. അവിടെ ആരുമില്ല. വേനലാകുമ്പോൾമാത്രം ചിലപ്പോഴവിടെ പാമ്പുകൾ പിണഞ്ഞാടാനെത്തും. അരശുകളുടെ തണലിൽ അവൾ പതുക്കെ നടന്നു. അരശുകളുടെ തണലിൽ അവളൊരു തുമ്പിയായി. അവൾ ആരുടെ ഓർമ്മയാണ്? അവളുടെതന്നെ മുൻജന്മത്തിന്റെ , ഖേദം നിറഞ്ഞ പുനർജ്ജനിയുടെ, ഓർമ്മ നടന്നുനടന്ന് വീണ്ടുമവൾ തോട്ടുവക്കിലെത്തി. കാതിൽ ചൂടിയ പൂക്കളെടുത്ത് ഇതളുനുള്ളി തോട്ടിലേയ്ക്കു വിതറി.

‘‘അച്ച്യേ, നീയ്യെന്താന്തീ പുഗ്ഗ് തോത്തില്ത്ണ്?’’

അപ്പുക്കിളി പോയിട്ടില്ല.

‘‘ഒന്നൂല്ലാ, ക്ളിയേ,’’ അവൾ പറഞ്ഞു.

അവൻ അടുത്തു വന്നു നിന്നു.

‘‘നീയ് തന്തൂന്ത് കെ്ത്തോ,’’ [1] അവൻ സമാധാനിപ്പിച്ചു, ‘‘നാന്നിന്നെ കെ്ത്താ, കെത്തോ. [2] നീയെന്നെ കെ്ത്തൂലേ, അച്ച്യേ?’’

“പിന്നെ, നാൻ ബേരെ ആരിനെയെങ്കില്ം കെ്ട്ട്വോ?’’

‘‘നാന്നിനിച്ച് പൂപ്പതിച്ച്തതാ, കെ്ത്തോ.’’

അപ്പുക്കിളി കൈതപ്പൊന്തകളിലേയ്ക്കു തിരിച്ചുപോയി. ആബിദ വീണ്ടും അവിടെ തനിച്ചായി. കൃഷ്ണകാന്തികൾ പുതപ്പിച്ച കരയിൽ അവൾ ഇരുന്നു. തോട്ടുവെള്ളത്തിൽ അങ്ങിങ്ങായി എന്തെല്ലാമോ നുറുങ്ങുകൾ ഒഴുകിക്കടന്നുകൊണ്ടിരുന്നു.

മൈമുന പിന്നെയും ചന്തംവെച്ചുവരുകയാണെന്നു ഖസാക്കുകാർ പറഞ്ഞു. കുപ്പായം കൈത്തണ്ടയോളം തെരുത്തുവെച്ചാണ് അവളിന്നും നടന്നത്. കൈത്തണ്ടയോളം നീലഞരമ്പുകളുണ്ട്. കരിവളയുണ്ട്. ഇന്നും ചക്കരക്കാരി തങ്കയോടു കിന്നാരം പറഞ്ഞുതീർന്നിട്ടില്ല.

ഒരു ദിവസം ആബിദ അവരുടെ അടുത്തു വന്നു നിന്നു.

''ഉനക്കെന്നെടീ വേ്ണം?'' മൈമുന ചോദിച്ചു.

ആബിദയുടെ മുഖത്തു ഭയമില്ല. അവൾ പറഞ്ഞു, ''അത്ത വരട്ട്ം. നാൻ ശൊല്ലിക്കൊട്ക്കപ്പോറേൻ.''

''ശൊല്ലിക്കൊട്ക്കാറതാ?'' സ്വല്പമൊന്നു വിളറിക്കൊണ്ട് മൈമുന ചോദിച്ചു, ''എന്നാ ശൊല്ലിക്കൊട്ക്കറത്?''

ആബിദ ഇത്തിരിനേരം ഒന്നും പറയാതെ നിന്നു. എന്നിട്ട് പറഞ്ഞു, ''കാലിയാര് ഇങ്കെ വന്തത്.''

തങ്കയാണ് ചൊടിച്ചത്, ''ആഹാ! അമ്പടീ, കാലിയാര്ക്ക് ഇബടെ വരാമ്പ ഷ്തില്ലയോ, ഊതാന്ം മന്തിരം ചെയ്യാന്ം?''

''നാൻ ശൊല്ലിക്കൊട്ക്കപ്പോറേൻ.''

''അമ്പടീ, നീയൊന്ന് പറ!...നീയെന്താണ്ടി മൈമുനോ മ്ണ്ടാണ്ടിരിക്കിണ്? നീയിതടക്കിയ്ക്കോ!''

മൈമുനയുടെ വിളറിച്ച മാറിയിരുന്നു. കവിളുകൾ വീണ്ടും തുടുത്തു പ്രസന്നങ്ങളായി. അവൾ പറഞ്ഞു, ''നീയ് മ്ണ്ടാണ്ടിര്ന്നാണ്ടീ, തങ്കപ്പെണ്ണേയ്.''

പാതിരയ്ക്കു നിലവിളികേട്ട് ഖസാക്കുകാരുണർന്നു. നെറ്റിയിൽനിന്ന് ധാരയായൊഴുകിയ ചോരയുമായി ആബിദ മൊല്ലാക്കയുടെ വീട്ടിലേയ്ക്കോടുന്നു. കൈയിൽ വിറകുകൊള്ളിയുമായി കലികൊണ്ട ഒരു വെട്ടുകിളിയെ പ്പോലെ, മുങ്ങാങ്കോഴി പിന്തുടരുന്നു.

ആബിദയെ അകത്താക്കി വാതിലടച്ച് തിത്തിബിയുമ്മ മുങ്ങാങ്കോഴിയെ തടഞ്ഞു.

“എന്നെടാ പാവീ, ഉനക്ക് പൈത്തിയമാ?”

‘‘കതക് തൊറങ്കോ,’’ മുങ്ങാങ്കോഴി കിതച്ചു,

‘‘കതക് തൊറങ്കോ, തിത്തി ബിയക്കോ.’’

മൊല്ലാക്ക തിണ്ണയിൽനിന്നു താഴോട്ടിറങ്ങിവന്നു. ചുമരിൽ ഒരാണിയിൽ കൊളുത്തിയിട്ടിരുന്ന ബൽട്ടിൽനിന്ന് തന്റെ കത്തിവലിച്ചെടുത്തു. നീർത്തിപ്പിടിച്ച് മൊല്ലാക്ക പറഞ്ഞു, ‘‘ന്നാ, മുങ്ങാങ്കോഷിയേ, ഇദെട്ത്ത്ക്കോ, ഇന്ത തല നരച്ച തലയാക്ക്ം. ആത്തിയം അതങ്ങ്ണ്ട് അറ്ത്താളാ.’’

വിറകുകൊള്ളി നിലത്തിട്ടു മുങ്ങാങ്കോഴി പതുക്കെ തിരിഞ്ഞു നടന്നു. മൊല്ലാക്ക അകായിലേയ്ക്കു വിളിച്ചു പറഞ്ഞു, ‘‘ആബിദോ, എന്റെ മക്ള് ഇങ്കെ തൂങ്ക്. * തിര്മ്പി പുഗാതെ!’’

പിറ്റേന്ന് രാവിലെ കാതിലെ ചിറ്റുകളിൽ പനിനീർപ്പൂക്കളുമണിഞ്ഞ് ഖസാക്കിലെ സുന്ദരി നടന്നു...പകലത്രയും മയങ്ങിക്കിടന്ന് ആബിദ സന്ധ്യയ്ക്കെണീറ്റു. നെറ്റിയിലെ മുറിവിൽ തിത്തിബിയുമ്മ പച്ചിലവെച്ചു തുണി കെട്ടിയിരുന്നു. ‘‘ഉമ്മാ, നാന് ഒന്ന് തോട്വരെ പോയിട്ട് വരാ,’’ ആബിദ പറഞ്ഞു.

നേരിയ ചുകന്ന വെയിലുണ്ട്. പതഞ്ഞൊഴുകുന്ന തോട്ടുവെള്ളത്തിൽ ചമ്പകത്തിന്റെ ഇതളുകൾ ഒഴുകിപ്പോയത് അവൾക്കോർമ്മ വന്നു.

ഒറ്റയടിപ്പാലം കടന്ന് അവൾ മറുകര പറ്റി. പാടങ്ങൾ മുറിച്ചു പോവുന്ന നെടുവരമ്പിലൂടെ അവൾ നടന്നു. ഇരുളുന്ന ചുകപ്പിൽ കരിമ്പനകൾ നഷ്ടപ്പെടാൻ തുടങ്ങി. ദൂരെ, നെറുകയിൽ മാണിക്യവുമായി കിഴക്കൻവണ്ടി പാഞ്ഞകലുകയായിരുന്നു. ഇനിയും നടക്കണം കാളികാവെത്താൻ...

സന്ധ്യമയങ്ങെ, നാഴികകളകലെ, ഇരുട്ടുകെട്ടിയ ഒരു നാലുകെട്ടിനകത്തെ കിണറ്റിന്റെ ആൾമറമേൽ മുങ്ങാങ്കോഴി ഇരുന്നു. ദുരൂഹമായ ആഴത്തിൽ മഷിനോട്ടക്കാരന്റെ വെറ്റിലയിലെ മഷിപോലെ ജലമുഖം തെളിഞ്ഞു. ഉമ്മയില്ലാതെ കിടന്നു നിലവിളിച്ച കൊച്ചുമകളെ ഉറക്കാനായി താൻ പണ്ടു പാടിയൊരു പാട്ടുണ്ടായിരുന്നു. ആൾമറമേലിരുന്നുകൊണ്ട്, തുരുപ്പിടിച്ച അപസ്വരത്തിൽ മുങ്ങാങ്കോഴി പാടി:

''തലമൂത്ത മീനേ

എന്റെ ചേറമ്മീനേ–

എന്റെ കുട്ടിമക്ള്ക്കൊര്

മണി കൊണ്ട് വായോ–''

അയാൾ കിണറ്റിലേയ്ക്കു കൂപ്പുകുത്തി. കിണറു കടന്ന് ഉൾക്കിണറ്റിലേയ്ക്ക്. വെള്ളത്തിന്റെ വില്ലീസുപടുതകളിലൂടെ അയാൾ നീങ്ങി. ചില്ലു വാതിലുകൾ കടന്ന്, സ്വപ്നത്തിലൂടെ, സാന്ധ്യപ്രജ്ഞയിലൂടെ, തന്നെ കൈ നീട്ടി വിളിച്ച പൊരുളിന്റെ നേർക്ക് അയാൾ യാത്രയായി. അയാൾക്കു പിന്നിൽ ചില്ലുവാതിലുകൾ ഒന്നൊന്നായടഞ്ഞു.

---

1 ചിറ്റമ്മ.

2 ജാരൻ.

1 നീ ചന്തമുണ്ട് കേട്ടോ.

2 ഞാൻ നിന്നെ കെട്ടാം, കേട്ടോ.

* ഉറങ്ങ്.

11. നരി

പള്ളിക്കാട്ടിൽ മുങ്ങാങ്കോഴിയുടെ വിശ്രമത്തിനു മുകളിൽ കാലൂന്നിക്കൊണ്ട് ഖാലിയാർ നിന്നു. ഇന്നലെ കിളച്ച മണ്ണ് അപ്പോഴും കറുത്തു കിടന്നു.

ഉച്ച. വിജനത. കനത്തു ശ്വസിയ്ക്കുന്ന പാതിരപോലെ എല്ലാം ഉറങ്ങിക്കിടക്കുകയാണെന്നു തോന്നി. താമരക്കുളം കടന്ന് പാടം മുറിയ്ക്കുന്ന നെടുവരമ്പിലൂടെ അയാൾ നടന്നു. പാടത്തിന്റെ മറുകരയ്ക്ക് ഒരൊറ്റപ്പുരയുണ്ട്. അതിന്റെ ഇല്ലിപ്പടിയ്ക്കൽ ഖാലിയാർ ചെന്നുനിന്നു.

''ആരൂല്ലേ?'' അയാൾ വിളിച്ചുചോദിച്ചു.

ഉച്ചനേരത്ത് മലമ്പണിയ്ക്കു പോകുന്നവർ ആരും വീട്ടിൽ കാണില്ലെന്ന് അറിയാതെയല്ല. വീടു കാത്തുകൊണ്ട് അവിടെ നീലി മാത്രമാണിരിയ്ക്കാറ്.

''ആരാദ്?'' നീലി അകായിൽ നിന്നു വിളിച്ചു ചോദിച്ചു. അവൾ പുറത്തേയ്ക്ക് എത്തിനോക്കി.

''ഹായി!'' അവൾ പ്രതീക്ഷിച്ചിരുന്നില്ല.

''സുകം താനാ?'' ഘനഗംഭീരമായി ഖാലിയാർ ചോദിച്ചു.

നീലി എന്തോ പറഞ്ഞു. ചുണ്ടുകൾക്കിടയിലൂടെ സീൽക്കാരം പുറപ്പെടുവിച്ചു.

തിണ്ണയിലേയ്ക്ക് അവൾ നീക്കിയിട്ട തടുക്കിന്മേൽ ഖാലിയാർ ഇരുന്നു.

"ചെക്കനെങ്കെ? അയാൾ ചോദിച്ചു.

''സ്കോളി പോയെട്ക്കണൂ, കാലിയാരേ!''

‘‘ബേഷ്!’’

നീലി കച്ചമുറിയുടെ തുമ്പുകൊണ്ട് കണ്ണു തുടച്ചു.

“എ്ന്തോ ആവോ, കാലിയാരേ. എന്റെ ചെ്ക്കൻ’’

‘‘ബയപ്പെപ്പെ്ടണ്ട,’’ അയാൾ പറഞ്ഞു, ‘‘ശെയ്ഖ് തങ്ങളോടെ കിർഫ യിര്ക്ക്മ്പോത് എത്ക്ക് ബയം?’’

രണ്ടു കിളിവാലൻവെറ്റിലയും ഒരു പഴുക്കടയ്ക്കയും അവൾ അയാളുടെ മുമ്പിൽ കൊണ്ടുവന്നു വെച്ചു. പത്മാസനത്തിലിരുന്നുകൊണ്ട് ഖാലിയാർ മുറുക്കിച്ചുവപ്പിയ്ക്കാൻ തുടങ്ങി.

‘‘ചെക്കനിയ്ക്കി ഒന്ന് ഊതിക്കളയണം,’’ ഖാലിയാർ പറഞ്ഞു, ‘‘അവനോടെ സരീരത്തിലപ്പ്ടി പൂതമാക്ക്ം.’’

“തെന്നെ, കാലിയാരേ?’’

‘‘അപാരമാന പൂതങ്കൾ!’’

‘‘തമ്പിരാാാക്കളേ!’’

‘‘ബയപ്പെ്ടണ്ട,’’ അയാൾ വീണ്ടും പറഞ്ഞു, ‘‘നിനിയ്ക്കിം ഒര് പൂശ ശെയ്താളയാ—’’

നീലി വാതിൽ മറഞ്ഞു നിന്നു. കുറച്ചുനേരം രണ്ടുപേരും ഒന്നും പറഞ്ഞില്ല.

‘‘ബയം ബേണ്ടാ,’’ ഖാലിയാർ ആവർത്തിയ്ക്കുന്നത് നീലി വീണ്ടും കേട്ടു...

ആ ഒറ്റപ്പുരയിൽ ഇരുപതു കൊല്ലം മുമ്പാണ് അഞ്ചമ്മമാരുടെ മകനായി അപ്പുക്കിളി പിറന്നത്. നാച്ചിയും കോച്ചിയും പാച്ചിയും കാളിയും നീലിയും ഏട്ടത്തിയനിയത്തിമാരായിരുന്നു. ആദ്യത്തെ നാലുപേർക്കും കെട്ടിയവന്മാരുണ്ടായിരുന്നു. എന്നിട്ടും അവർ പെറ്റില്ല. കെട്ടിയവനില്ലാഞ്ഞും പതിനാറു കാരിയായ നീലി നല്ലൊരാൺകുട്ടിയെ പെറുകയും ചെയ്തു. ആദ്യത്തെ മൂന്നു മൂത്തച്ചന്മാരും * നീലിയെ കുടിയിറക്കണമെന്നായി. നീലി

എങ്ങുമിറങ്ങില്ലെന്ന് കാളിയുടെ കെട്ടിയവനും പറഞ്ഞു. അങ്ങനെ നീലി അവിടെ താമസിച്ചു.

കുട്ടിയ്ക്ക് കാളിയും നീലിയുംകൂടി അപ്പു എന്നു പേരിട്ടു. കാളിയുടെ കെട്ടിയവന്റെ പേര് കുട്ടാപ്പു എന്നായിരുന്നു.

കെട്ടിയവന്മാരുള്ള നാലേട്ടത്തിമാരും പിന്നെയും പെറ്റില്ല. പെറ്റവൾക്ക് കെട്ടിയവനുമുണ്ടായില്ല. ഏട്ടത്തിമാർ പാലില്ലാത്ത മുലമൊട്ടുകൾ അപ്പുവിന്റെ കുഞ്ഞിച്ചുണ്ടിലമർത്തി തൃപ്തിപ്പെട്ടു. അങ്ങനെ അവർ അവനെ മകനാക്കി. അഞ്ചമ്മമാരും ചേർന്ന് അവനെ താലോലിച്ചു.

‘‘ദാരേ, ദാരെ്ടാ!’’ നാച്ചി പറയും.

“എന്റെ രാശമ്മകനാ? ഡാ രാശേ!’’ കോച്ചി പറയും.

“എന്റെ മകരാശി! തമ്പാട്ടി മകനാണ്ടാ?’’ പാച്ചി പറയും.

കൊച്ചുഭാഷയിൽ കാളി പറയും, ‘‘ദാഡേ്, ദാഡ് വന്നേ്, പെ്ത്തേ!’’

അവൻ നടക്കാൻ തുടങ്ങിയപ്പോൾ, കൊഞ്ചാൻ തുടങ്ങിയപ്പോൾ, അമ്മമാർക്കു സഹിച്ചില്ല.

“നങ്ങണ്ടെ ക്ളിയാണേ,’’ അവർ പറഞ്ഞു.

അങ്ങിനെയാണ് അപ്പുകിളിയായത്.

‘‘മാമ് വേ്ണടാ, അപ്പ്ക്ക്ളിയേ?’’ ഒന്നാമത്തെ അമ്മ ചോദിയ്ക്കും.

‘‘മാണ്ടാ.’’

‘‘കീച്ചീ?’’

വറുത്ത ഇറച്ചി നാരുനാരായി ചീന്തിയെടുത്ത് അവന്റെ ചുണ്ടത്തു വെച്ചുകൊണ്ട് രണ്ടാമത്തെ അമ്മ അവനെ മടിയിലിരുത്തും. മൂന്നാമത്തവൾ അവനെ തട്ടിപ്പറിയ്ക്കും. ‘‘പോടീ, എന്റെ ക്ളിമകന് കീച്ചി മാണ്ടാ. വീണച്ചക്കര തരട്ടടാ അപ്പ്ക്കിളിയേ?’’

അവൾ അവന്റെ ചുണ്ടിൽ ചക്കരപ്പാവു പുരട്ടിക്കൊടുക്കും. കുതിരക്കുഞ്ഞിനെപ്പോലെ ഇരിയ്ക്കുന്ന ആ ഇരിപ്പിൽ മധുരപ്രിയനായ അപ്പുക്കിളി ഗർജ്ജിക്കും, ''ഞ്ഞും താതീ!''

നാലാമത്തെ അമ്മയുടെ മടിയിലിരുന്ന് 'കൂമനാടു'മ്പോഴാണ് നീലി മകനെ തന്റെ മടിയിലേയ്ക്കു വിളിയ്ക്കുക. പെറ്റമ്മയല്ലേ, ഒരു പരുക്കൻ ചിരിയോടെ അപ്പുക്കിളി നീലിയുടെ മടിയിലേയ്ക്കു ചായും.

ഇങ്ങിനെയാണ് ആ ശുകശിക്ഷണം നടന്നത്.

നാലു കെട്ടിയവന്മാരിൽ കേമൻ പല്ലശ്ശേനക്കാരനായ കുട്ടാപ്പുവായിരുന്നു. പല്ലശ്ശേനയിലെ മലഞ്ചെരുവുകളിൽ കൃഷി നടത്തുന്നവരായിരുന്നു അവന്റെ പൂർവ്വികന്മാർ. കൃഷിയില്ലാത്ത കാലങ്ങളിൽ അവർ നരികളെ കൂടുവെച്ചു പിടിച്ചു. അതു കാരണത്താലാണ് പെൺവഴിയ്ക്കു വന്നു താമസമുറപ്പിച്ച കുട്ടാപ്പുവിനെ ഖസാക്കുകാർ കുട്ടാപ്പുനരിയെന്നു വിളിച്ചത്.

കുട്ടാപ്പുനരിയുടെ വലിയ ചുവന്ന കണ്ണും തുറിച്ചു തൂങ്ങിയ ചുണ്ടും അപ്പുക്കിളിയ്ക്കും കിട്ടിയിരുന്നു.

''ചെക്കൻ അയ്യാളിന്റെ കൂടത്തന്നെ കളിയ്ം ചിറിയ്ം കെ്ടത്തൂം,'' നീലി പറഞ്ഞു, ''അതാണ് അയ്യാളിന്റെ പാഷ് * കൊണ്ടടക്ക്ണ്.''

അപ്പുക്കിളി വളർന്നു. കയ്യിനും കാലിനും ഒരം വെച്ചു. പക്ഷെ, അവൻ കുട്ടികളുടെ കൊച്ചുഭാഷയിൽ സംസാരിച്ചു. ക്രമേണ അമ്മമാരുടെയും ഭാഷ അതുതന്നെയായി. പത്താമത്തെ വയസ്സിൽ അവന്റെ വളർച്ച നിലച്ചു. ഉടലും തലയും മാത്രം വലുതാവാൻ തുടങ്ങി. കയ്യും കാലും മുരടിച്ചു. കുട്ടിയുടെ വളർച്ച ശരിയല്ലെന്നു. പറയാൻ തുനിഞ്ഞവരോട് കുട്ടാപ്പുനരി വഴക്കിനു ചെന്നു. കോച്ചിയും നാച്ചിയും പാച്ചിയും കാളിയും പറഞ്ഞു, ''നങ്ങണ്ടെ രാശകുമാരിയാണേ! പഞ്ചവറണക്ക്ളിയാണേ!'' നീലി മാത്രം വേദനിച്ചു. അവളുടെ വേദനയിൽ പങ്കുചേരാൻ ആരുമുണ്ടായിരുന്നില്ല.

നീലിയുടെ വീട്ടിൽ ചെന്നതിന്റെ രണ്ടാം ദിവസം അലിയാരുടെ ചായപ്പീടികയിൽ ചായ കുടിച്ചുകൊണ്ടിരുന്ന ഖാലിയാർ ഒരു ജിന്നിന്റെ കഥ പറയുകയായിരുന്നു.

''എന്നാണ്ണ്, അന്ത ഓട്ട്കമ്പിനിയില്ലവാ, അന്ത കോമൺ ടാക്കീശ് ഓട്ട് കമ്പിനി, ഒലവക്കോട്ട് പാലത്ത് ക്ട്ടെ. അതിന്റെ മിമ്പി ഒര് രാവ്ത്തര് ശർവത്ത് കട വെച്ചിരിക്കറത് പാത്ത്ട്ട്ണ്ടല്ലാ. അത്ക്ക് പടിഞ്ഞാപ്പറത്ത്. എന്താ നാമ്പറയട്ടെ, കുപ്പ്വച്ചാ, ഞിങ്ങ കണ്ടാ ഞെട്ടിച്ചത്താളയ്ം. പ്ഷായിണ്ണ് [1] ശൊന്നാ സെരിയാന പ്ഷായി. പച്ചെ നമ്മണ്ടെ കയ്യി കെട്ക്ക്ണൂ ഇബന്റ്റീം ഇബന്റെ മുത്തപ്പന്റ്റീം കുട്മ. നാനൊര് മന്തിരം ജപിച്ച്ങ്ങാണ്ട് ഒരൊറ്റ ഊത്ത്. പൂ!''

ചായപ്പീടികയുടെ മൂലയിൽനിന്ന് ഒരു ശബ്ദമുയർന്നു, ''ഡാ കാലീ!''

''കാലീ!'' കുട്ടാപ്പുനരി തുടർന്നു, ''നീ ആര്നെ വേണ്ങ്കി ഊതിയ്ക്കോ, നങ്ങണ്ടെ കുട്ടിനെ മാത്തിരം ഊതാമ്പരണ്ടാ! ഊതിയോ, നിയ്ക്കത് നല്ലതിനല്ല.''

ഈ ക്ഷോഭത്തിന്റെ സാരം ആർക്കും മനസ്സിലായില്ല. അന്നത്രയും കുട്ടാപ്പുനരി അതേ നിലയിൽ കഴിഞ്ഞു. പിറ്റേന്ന് നേരം പുലർന്നപ്പോൾ പേടി പിടിച്ചു. ഖാലിയാരുടെ കയ്വശം ഷെയ്ഖിന്റെ പ്രേതമാണ്. ചെതലിയിൽ വിറകൊടിയ്ക്കാൻ ചെല്ലുമ്പോൾ പ്രേതം വന്നു പിടിച്ചെങ്കിലോ?

അയാൾ നീലിയോട് ഉപദേശം ചോദിച്ചു. നീലി മിണ്ടുന്നില്ല. പിണക്ക മാണോ? ആത്മരക്ഷയ്ക്കായി കുട്ടാപ്പുനരി കുട്ടാടൻ പൂശാരിയെ സമീപിച്ചു.

വെഷത്താന്മാരുടെയും ഊട്ടുദൈവങ്ങളുടെയും നടുവിലിരുന്നുകൊണ്ട് കുട്ടാടൻ പ്രശ്നം വെച്ചു. ആ കാലമത്രയും തന്റെ ദൈവങ്ങളും രാവുത്തന്മാരുടെ ദൈവങ്ങളും തമ്മിൽ കലഹിയ്ക്കാതെ കഴിഞ്ഞുപോന്നതാണ്. ഹിന്ദു ദൈവങ്ങൾക്കുവേണ്ടി, ശിവരാമൻനായർ മിയാൻ ഷെയ്ഖിനെതിരെ നടത്തിയ സമരങ്ങളിലൊന്നുംതന്നെ താൻ

പങ്കു ചേർന്നിട്ടില്ല. എന്നല്ല, ഖസാക്കിലാരുംതന്നെ പങ്കുചേർന്നിട്ടില്ല.

''അത് വേ്ണ്ടാ, നരിയേ,'' പൂശാരി പറഞ്ഞു, ''തെയ്വങ്ങ തമ്മി കടി പെ്ണ്ണയാമ്പഷ്തില്ല.'' [2]

കുട്ടാപ്പുനരി പണം നീട്ടി. ആടു വെട്ടി കളിയാട്ടു കഴിയ്ക്കാമെന്നു പറഞ്ഞു. ജീവനിൽ പിടിയ്ക്കുന്ന കാര്യമാണ്. പക്ഷെ, അതിലൊന്നും കുട്ടാടൻ പൂശാരി വീണില്ല.

അവിടെനിന്നു തിരിയ്ക്കുമ്പോൾ എന്തു ചെയ്യണമെന്ന് കുട്ടാപ്പുനരിയ്ക്ക് വെളിവുണ്ടായിരുന്നില്ല. അന്നുച്ചയ്ക്ക് ആടിന് തഴയൊടിയ്ക്കാൻ പോയപ്പോഴാണ് കാര്യത്തിന്റെ ഭയങ്കരത മനസ്സിലാക്കിയത്. കുറ്റിക്കാട്ടിൽ തനിച്ചു നിന്നുകൊണ്ട് തഴയൊടിയ്ക്കുകയാണ്. ചുറ്റും ഏകാന്തത. മരീചിക. അകലെ പൊടിഞ്ഞുപൊന്തിയ പാപ്പാത്തികൾപോലും കുട്ടാപ്പുനരിയെ പേടിപ്പിച്ചു. സെയ്യദ്ദ് മിയാൻ ഷെയ്ഖിന്റെ പ്രേതവും ജിന്നുകളും ആ നൊച്ചിത്തഴപ്പുകളിൽ, നീലപ്പൂക്കൾക്കു പിന്നിൽ, പറ്റിക്കിടക്കുന്നുണ്ടാവും. അല്ല, അവർ തന്നെ പിന്തുടരുകയാണ്. കുട്ടാപ്പുനരി വരമ്പത്തുകൂടെ പ്രാണനും കൊണ്ടു പാഞ്ഞു. ഖസാക്കിലേയ്ക്കല്ല, അന്ധമായൊരു പ്രേരണ അയാളെ കൂമൻകാവിനു നേർക്കാണ് പായിച്ചത്.

നന്നെ തളർന്നാണ് കൂമൻകാവിലെത്തിയത്. തോട്ടുവക്കത്തെ കൈതപ്പൊന്തകളുടെ മറവിൽ ഇത്തിരിനേരം ഇരുന്നു കനമയച്ചശേഷം അയാൾ എസൈൻസുപീടികയിൽ കയറി. സ്വല്പം അകത്തു ചെന്നപ്പോൾ ക്ഷീണം തീർന്നു. എങ്കിലും അവിടെ നിന്നുകൂടാ. കൂമൻകാവും ചെതലിയുടെ നിഴലിൽ കിടക്കുന്ന സ്ഥലമാണ്. കുട്ടാപ്പുനരി പാലക്കാട്ടേയ്ക്കു വെച്ചടിച്ചു. സർക്കാർ നിരത്താണ്. ഇവിടെവച്ചു പ്രേതം പിടിയ്ക്കുകയാണെങ്കിൽ അതൊന്നു കാണട്ടെ. ഒരു സംഘം കാളവണ്ടികൾ പാലക്കാട്ടേയ്ക്കു പോകുന്നുണ്ടായിരുന്നു. അവയെച്ചേർന്ന് കുട്ടാപ്പുനരി നടന്നു. നാലു കണ്ണുകളെ കെട്ടാൻ ഒടിയന്മാർക്കോ പ്രേതങ്ങൾക്കോ കഴിയില്ല. വാടാ, മിയാൻ

ഷെയ്വേ, ഉശിരുണ്ടെങ്കിൽ! അറിയാതെ ഒരു പോർക്കുവിളിയുടെ ആത്മഗതത്തിൽ കുട്ടാപ്പുനരി മുണ്ടു തെരുത്തുയർത്തി.

''അതെന്ന ഊര കാട്ടറത്?'' വണ്ടി തെളിച്ച രാവുത്തർ കുട്ടാപ്പുനരിയോടു ചോദിച്ചു.

കുട്ടാപ്പുനരി കാളയുടെ ചേരേ നടന്നു. കാളയുടെ മുതുകു തലോടി. അയാൾ രാവുത്തരോടു ചോദിച്ചു, "ബീഡിയ്ണ്ടോ മരയ്ക്കാരേ?''

ബീഡി വലിച്ചുതീരോളം കാളയുടെ മുതുകു തലോടിത്തന്നെ നടന്നു. പിന്നെ രാവുത്തരോടു ചോദിച്ചു, ''ഞമ്മള് കയിരിയിരിയ്ക്കട്ടേ?''

വണ്ടി കാലിയടിച്ചു മടങ്ങുകയാണ്. രാവുത്തർ കയറിയിരുന്നോളാൻ പറഞ്ഞു.

''എന്നാ അന്ത ഊര കാട്ടിയതിനോടേ സത്തിയം?'' രാവുത്തർ പിന്നെയും ചോദിച്ചു.

കുട്ടാപ്പുനരി പറഞ്ഞു, ''ഒര് പൂതം നമ്മൾനെ പ്ടിയ്ക്കാമ്പര്ണ്ണ്ട്. എന്നാ ഒന്നു കാണണല്ലോ.''

''നീയ് പേടിയ്ക്കാണ്ടിരി,'' രാവുത്തർ പറഞ്ഞു, ''ഇയ്യ ആൾന്റെ എടീന്ന് ഒര്ത്തനെ പൂതം പിട്ച്ചാ ഈ കച്ചോടം ന്റ്ത്ത്ം നമ്മ * പിറ്റേ തെവസം.''

''ഏത് കച്ചോടം?''

''വണ്ടിയാട്ട്ണ കച്ചോടം.''

വണ്ടികൾ പതുക്കെ മുന്നോട്ടു. നീങ്ങി. പാലക്കാട്ടെത്തുമ്പോഴേയ്ക്ക് അന്തി മയങ്ങിയിരുന്നു. നരി രാവുത്തരോടു യാത്ര പറഞ്ഞു പിരിഞ്ഞു. കോട്ടമൈതാനം വഴി അയാൾ നഗരത്തിലേയ്ക്കു കടന്നു. മൈതാനത്തു. കിസാൻ സംഘക്കാരുടെ യോഗം നടക്കുകയാണ്. നിരുന്മേഷവാനായി നരി കുറേനേരം പ്രസംഗം കേട്ടു നിന്നു. കൂലിയുടെയും പതമ്പിന്റെയും കാര്യമാണ് പറയുന്നത്. തന്നെ സ്പർശിയ്ക്കുന്ന കാര്യംതന്നെ. പക്ഷെ, കേട്ടു നില്ക്കാൻ ക്ഷമയില്ല.

സുൽത്താൻപേട്ടയിലെത്തിയപ്പോൾ വീണ്ടും ദാഹം തോന്നി. രണ്ടുമൂന്നു ഡ്രാം കൂടി അകത്തു ചെന്നതോടെ സ്ഥിതിയാകെ മാറി. ഇനി മിയാൻഷെയ്ഖിനെ പേടിയ്ക്കുകയോ? ഛെ! ഇപ്പോൾത്തന്നെ ഖസാക്കിലേയ്ക്കു മടങ്ങീട്ടേയുള്ളു വേറെ കാര്യം. നേരേ ചെതലിമല കേറി പിടിയ്ക്കണം മിയാൻഷെയ്ഖിനെ.

‘‘പൂതമേ വാടാ, തരനനനാ,’’ എന്നിങ്ങനെ ആലപിച്ചുകൊണ്ട് കുട്ടാപ്പുനരി ഖസാക്കിലേയ്ക്കു തിരിച്ചു നടന്നു.

ഒരു കരിലോറി നരിയെ കൂമൻകാവിനു സമീപം ഇറക്കിവിട്ടു... ചന്ദ്രൻ മങ്ങി പ്രകാശിച്ചു. ചെതലിയുടെ കൊടുമുടി അകലെ പ്രത്യക്ഷപ്പെട്ടു. കുല്ലത്തൊപ്പിയിട്ട ഒരു പടുകൂറ്റൻ രാവുത്തനാണതെന്ന് കുട്ടാപ്പുനരിയ്ക്കു തോന്നി. പെട്ടെന്ന് വീണ്ടും വിയർപ്പു പൊടിയാൻ തുടങ്ങി. ഷെയ്ഖും ജിന്നുകളും തന്റെ പുറകെ വരുകയാണ്. കുട്ടാപ്പുനരി ഉറക്കെ നിലവിളിയ്ക്കാൻ ശ്രമിച്ചു. ശബ്ദം പൊന്തിയില്ല. കുതിരക്കുളമ്പടികൾ പുറകെ വരുന്നു...

---

* ഏട്ടത്തിമാരുടെ കെട്ടിയവന്മാർ.

* രൂപസാദൃശ്യം

1 പിശാച്.

2 ദൈവങ്ങൾ തമ്മിൽ കടികൂടാൻ പാടില്ല.

* നമ്മൾ അഥവാ ഞാൻ.

12. സന്ധ്യ

പിറ്റേന്ന് കാളിയും നീലിയും ഖാലിയാരെ ശരണം പ്രാപിച്ചു. കുട്ടാപ്പുനരി പെരുമ്പനിയും പനിച്ചു കിടപ്പാണ്. പുകചുറ്റിയ കണ്ണുകൾ നീലിയെ അടിമുടി തഴുകി. ഖാലിയാർ പറഞ്ഞു, ''സെരി, പൊയ്ക്കോളീ.''

നീലി എന്തോ പറയാൻ ഭാവിച്ചു. പക്ഷെ, അവിടെ മറുചോദ്യത്തിന് പഴുതില്ല. രാജാവിന്റെ പള്ളിയ്ക്കകത്തെ നിശ്ചലതപോലും അവളെ വിലക്കി. ഖാലിയാരുടെ കണ്ണുകൾ ഇപ്പോൾ പാതിയടഞ്ഞിരുന്നു.

കൈയുയർത്തിപ്പിടിച്ചുകൊണ്ട് അയാൾ പറഞ്ഞു, ''പൊയ്ക്കോളീ! ഞമ്മള് ആലോസിയ്ക്കും. പൊയ്ക്കോളീ!''

കാളിയും നീലിയും വീട്ടിലെത്തി. നീലി അപ്പോഴും കരയുകയാണ്. അപരാധം ക്ഷമിച്ചെന്നോ ക്ഷമിച്ചില്ലെന്നോ ഖാലിയാരുടെ വാക്കിൽനിന്ന് തെളിഞ്ഞിരുന്നില്ല. ഖാലിയാരാകട്ടെ, പള്ളിക്കാട്ടിൽ ചുറ്റിച്ചുറ്റി നടന്നു. മയ്യത്തുകളുടെ ചതുപ്പിൽ ചന്ദനത്തിരികൾ കുത്തിനിർത്തി. പുകയത്രയും ശ്വസിച്ചു തീർത്ത് അയാൾ പാടത്തേയ്ക്കിറങ്ങി. ഖസാക്കിനെ ഒരു വട്ടം വെച്ചു. വരമ്പിൽ എതിരുമുട്ടിയ ഒരു ഖസാക്കുകാരൻ അറിയിച്ചു, ''കുട്ടാപ്പൂന്റെ പണി തീർന്നു, കാലിയാറേ...''

സ്വപ്നത്തിലെന്നപോലെ ഖാലിയാർ നീലിയുടെ വീടിനു നേരേ നടന്നു. ശവമെടുക്കാൻ ദേശക്കാർ കൂടിയിട്ടുണ്ട്. അയാൾ ഇല്ലിപ്പടിയ്ക്കൽ നിന്നു. ഉടലത്രയും തകിലു കൊട്ടി വിറയ്ക്കവേ, ഷെയ്ഖ് തങ്ങളുടെ മന്ത്രം മൂന്നു വട്ടം അയാളുരുവിട്ടു. പിന്നെ, അതിന്റെ ഫലമറിയാൻ കാത്തു നില്ക്കാതെ അവിടെ നിന്ന് ധൃതിവെച്ചു നടന്നു.

പിറ്റേത്തെ മാസം ചൈത്രമായിരുന്നു. ഖാലിയാർ അപ്പുക്കിളിയ്ക്ക് കണ്ണിനൂതുകയും രക്ഷയടച്ചു കെട്ടുകയും ചെയ്തു. അപ്പുക്കിളിയെ പെറ്റിട്ട് ഇരുപതു കൊല്ലമായിരുന്നു. നീലിയ്ക്കു വീണ്ടും സുഖമില്ലാതായി.

ഊതാൻ വന്ന ഖാലിയാരോട് അവൾ പറഞ്ഞു:

''കാലിയാരേ —''

''എന്നാ, എന്നാ ശങ്ങതി?''

നീലി മുഖം കുനിച്ചു. ഉലർന്നു കിടന്ന ചുണ്ടിലെ നനവിന്മേൽ വെയിലു തട്ടുന്നത് ഖാലിയാർ നോക്കി.

അവൾ പറഞ്ഞു, ''എയ്ക്കി വയ്യ.''

ഖാലിയാർ ആലോചിച്ചു.

''ഉം, സെരി,'' അയാൾ പറഞ്ഞു, ''മര്ന്ന് ശെയ്താളയാ.''

ഖാലിയാർ ചികിത്സിച്ചു. ചൈത്രം കഴിഞ്ഞു. മൂന്നു മാസം ചികിത്സ തുടർന്നു. അലസവും മധുരവുമായ ഒരാവലാതിയിൽ നിന്ന് നീലിയുടെ രോഗാവസ്ഥ ഒരാസന്നതയായി മാറി. നിസ്സഹായയായി അവൾ വിളിച്ചു, ''കാലിയാരേ!—''

അങ്ങിനെ ഒരു രാത്രി ഖാലിയാർ ചെതലിയിൽനിന്നു കുറേ വേരുകൾ കൊണ്ടുവന്ന് നീലിയ്ക്കു കലക്കിക്കൊടുത്തു...പാതിരായോടടുത്തു വേദന തുടങ്ങി. കുടലുകൾ മുറിഞ്ഞുമുറിഞ്ഞു പോവുകയാണോ? ഒടുവിൽ നിയന്ത്രണമറ്റ് അവൾ ഉറക്കെ നിലവിളിച്ചു. പാനീസുവിളക്കുകൾ നീലിയുടെ വീടിനുനേർക്ക് നീങ്ങി. നീലി നിലത്തുകിടന്നുരുളുകയാണ്. അവിടമാകെ ചോരക്കളം... കുട്ടാപ്പുനരിയെ കുഴിച്ചിട്ടതിന്റെ സമീപം നീലിയും നിദ്ര കൊണ്ടു.

അപ്പുക്കിളി നാലഞ്ചുദിവസം പണിക്കൻപൊട്ട [1] കരഞ്ഞു കിടന്നു. രാത്രികാലങ്ങളിൽ മുനിയിരപ്പകളിലും പാലകളിലും കാലൻകോഴികൾ പറന്നെത്തി. അവ അവനോടു സംസാരിച്ചു. രാത്രി, മഴ പെയ്തപ്പോൾ, ചുളുക്കുന്ന കാനൽത്തുള്ളികൾ അവന്റെ മേൽ വീണു.

പുലർച്ചയ്ക്കാണ് രവിയും മാധവൻനായരും അപ്പുക്കിളിയെ തേടിപ്പിടിച്ചത്.

‘‘ആവൂ, അപ്പേ, നെണക്ക് പനിയ്ക്കിണല്ലോഡാ!’’

രവിയും തൊട്ടുനോക്കി. പനിയ്ക്കുന്നുണ്ട്.

‘‘അപ്പുക്കിളി എന്തിനാ ബടെ കെടന്നേ?’’ രവി ചോദിച്ചു.

അപ്പുക്കിളി ഉത്തരം പറഞ്ഞില്ല.

‘‘ശരി. ഖകമേ, നീ എണീയ്ക്ക്,’’ മാധവൻനായർ പറഞ്ഞു.

അപ്പുക്കിളി എണീറ്റു. മാധവേട്ടന്റെയും രവിയുടെയും കൈകളിൽ പിടിച്ചുതൂങ്ങിക്കൊണ്ട് അവൻ ഖസാക്കിലേയ്ക്ക് തിരിച്ചു നടന്നു.

ഞാറ്റുപുരയിലെത്തിയ ഉടനെ രവി കിളിയെ താഴുവാരത്തു പുതപ്പിച്ചു കിടത്തി. ചുടുകാപ്പി കുടിക്കാൻ കൊടുത്തു.

“രണ്ടനാസിൻ കൊട്ക്കാം, എന്താ മാധവന്നായരേ?’’ രവി ചോദിച്ചു.

“മാഷ്ഷിന്റെ ഇഷ്ടം,’’ മാധവൻനായർ പറഞ്ഞു, ‘‘എന്നോട് കേട്ടാ [2] , മര്ന്നൊന്ന്ം വേണ്ടാന്ന് ഞാമ്പറയ്ം.’’

രവി തെർമോമീറ്റർ വെളിച്ചത്തേയ്ക്കു പിടിച്ചു നോക്കി. നൂറ്റിനാലു പനിയ്ക്കുന്നു. രവി കിളിയുടെ നെറ്റി തലോടി.

‘‘കിളിയേ!’’ രവി വിളിച്ചു.

കിളി കണ്ണു തുറന്നില്ല. തളർന്നൊന്നു ചിരിയ്ക്കുക മാത്രം ചെയ്തു.

“പിന്നെന്ത് ചെയ്യാനാ, മാധവന്നായരേ?’’ രവി ചോദിച്ചു.

"ഊതിയ്ക്കാ. കുട്ടാടമ്പൂശാരിനെക്കൊണ്ട്.’’

“എന്തോ, എനിയ്ക്കറിഞ്ഞൂടാ. നൂറ്റിനാലാ പനി!’’

അപ്പുക്കിളിയുടെ കൈപ്പടങ്ങൾ കൂട്ടിപ്പിടിച്ച് മാധവൻനായർ കട്ടിലിന്റെ ഓരത്തിരുന്നു.

‘‘മാധവന്നായരേ,’’ രവി പറഞ്ഞു, ‘‘കൊഴണശ്ശേരീല് ഒരു ഡോക്ടറില്ലേ? ഒന്ന് ചെന്ന് വല്ല മര്ന്ന്ം കൊണ്ട്വന്നെങ്കിലോ?’’

‘‘ഒന്ന്ം വേ്ണ്ടാ, മാഷ്ഷേ.’’

‘‘ചൊമതലയാ മാധവന്നായരേ. കിളീടേ ആളോളോട് ചെന്ന് പറയ്വാ.’’

‘‘ആര്നോട് പോയ് പറയാനാ, മാഷ്ഷേ? ക്ളിയ്ക്കാരാ ഇനി ആള്?’’

അന്നേദിവസം ക്ലാസ്സുകഴിഞ്ഞ ഉടനെ, അലിയാരുടെ സൈക്കിൾ കടം മേടിച്ച്, രവി കൊഴണശ്ശേരിയ്ക്ക് ചവിട്ടി. പകുതി വഴി ഉരുട്ടണം.

പിന്നെ വരമ്പുകളിലൂടെ, വണ്ടിത്താരകളിലൂടെ. കഷ്ടിച്ചു ചവിട്ടിപ്പോകാം.

മരുന്നുമായി തിരിച്ചെത്തുമ്പോൾ രാത്രിയായിരുന്നു. ഞാറ്റുപുരയുടെ മുറ്റത്തു കുത്തുവിളക്കുകളെരിയുന്നതാണ് രവി കണ്ടത്. തെച്ചിമാല ചൂടി, ചന്ദനക്കല്ലിന്മേൽ അപ്പുക്കിളി ചമ്രം പടിഞ്ഞിരിയ്ക്കുന്നു. ഉടുക്കു കൊട്ടിക്കൊണ്ട് മാധവൻനായർ അടുത്തിരുന്നു.

കുട്ടാടൻ പൂശാരി ഉറഞ്ഞു വെട്ടി.

‘‘നീലിയച്ചി വര്ത്തപ്പെട്ടണ്ടാ!’’ പൂശാരി ഉരുവിട്ടു, ‘‘നീലിയച്ചി ഇഞ്ഞി ബടെ ന്ക്കണ്ടാ!’’

സൈക്കിൾ തിണ്ണയിൽ ചാരി രവി മാധവൻനായരുടെ അടുത്തു ചെന്നു നിന്നു. തുടികൊട്ടുയർന്നു. കുത്തുവിളക്ക് ആന്തിക്കത്തി.

‘‘നീലിയച്ചി കരയണ്ടാ,’’ കുട്ടാടൻ പിന്നെയും പറഞ്ഞു. ‘‘ഇയ്യ പൊട്ടൻ നങ്ങണ്ടെ കുട്ടിയാണൂ. നങ്ങ അവന്റെ കൊറ്റ് മൊടക്കൂലാ. നീലിയച്ചി ഇഞ്ഞി ന്ക്കര്ത്. പുഗീൻ! പോയ് കൂട് പറ്റീൻ!’’

കുട്ടാടൻ പൂശാരിയുടെ കണ്ണുകൾ കനച്ചു. ഒരു പിടി തിരുനൂറുവാരി ഊക്കോടെ അപ്പുക്കിളിയുടെ നേർക്കെറിഞ്ഞു.

‘‘ഫോ!’’ പൂശാരി അട്ടഹസിച്ചു.

അപ്പുക്കിളി മലർന്നടിച്ചു വീണിരുന്നു. വാള് നിലത്തിട്ട് കുട്ടാടൻ പൂശാരി ചോടുകൾ വെച്ചു. തുടികൊട്ടിന്റെ സ്ഥായി മാറി പ്രസാദപൂർണ്ണമായി. മഞ്ഞൾപ്പൊടിയും കരിയുംകൊണ്ടെഴുതിയ കളത്തിൽ കുട്ടാടൻ പൂശാരി ഇത്തിരി നേരം നൃത്തംചവിട്ടി. പിന്നെ, പൊടുന്നനെ വാളു പെറുക്കിയെടുത്ത് ദൈവപുരയിലേയ്ക്ക് തിരിഞ്ഞു നടന്നു.

ആളുകൾ പിരിഞ്ഞുപോയി. രവിയും മാധവൻനായരും കൂടി അപ്പുക്കിളിയെ താങ്ങിയെടുത്ത് താഴുവാരത്തു കിടത്തി. രവി തൊട്ടുനോക്കി. പനിയിറങ്ങിയിരുന്നു: മരുന്നുകുപ്പി ജനാലപ്പടിയിലിരുന്നു.

‘‘കിളിടെ വീട്ട്കാരോട് പറഞ്ഞ്വോ, മാധവന്നായരേ?’’

‘‘പറഞ്ഞു.’’

‘‘ആര്ം വന്നില്ല്യേ?’’

‘‘ഇല്ല.’’

പിന്നെയുമെന്തോ ഓർത്തുകൊണ്ട് മാധവൻനായർ പറഞ്ഞു, ‘‘പാവം, ആ നീലി ഈ പൊട്ടനെച്ചെല്ലി ഒര്പാട് കേതിച്ചതാണ്, മാഷ്ഷേ. ആ പാശം ഇതോണ്ടൊന്ന്ം മുറിയില്ല. അവ്ള് ഇനീം വര്ം.’’

പുറത്ത്. രാത്രിയുടെ തുറവകളിലെവിടെയോ, ഖേദം തീരാഞ്ഞിട്ട് നീലി തിരിഞ്ഞുനിന്നു. അപ്പുക്കിളിയുടെ കൈയും കാലും ചൊട്ട പിടിച്ചു. ഉറക്കത്തിൽ അവനെന്തോ പറഞ്ഞു.

കുട്ടാപ്പുവിന്റെയും നീലിയുടെയും തിരോധാനത്തോടെ ആ വീട്ടിൽ ഒന്നിനും അർത്ഥമില്ലാതായി. കാളിയെയും പാച്ചിയുടെ കെട്ടിയവനെയും ഒരു ദിവസം കാണാതായി. രണ്ടു മാസം കഴിഞ്ഞ് പൊള്ളാച്ചിച്ചന്തയിൽ നിന്നു മടങ്ങുന്ന രാമച്ചാർ മീനാക്ഷിപുരത്തിനു സമീപം അവരെ കണ്ടുവെന്നു പറഞ്ഞു.

പാച്ചി പിന്നെ ഖസാക്കിലിരുന്നില്ല. കൊട്ടേക്കാടൻമലകളിൽ പാറ പൊളിയ്ക്കുന്നുണ്ട്. പുന്നപ്പാറയിലെ അണക്കെട്ടിനുവേണ്ടിയാണ്. ക്വാറികളിൽ ആർക്കുവേണെങ്കിലും പണിയുണ്ട്. പാച്ചിയും അങ്ങോട്ടു ചെന്നു. പിറ്റേത്തെ ആഴ്ച നാച്ചിയും പുന്നപ്പാറയിലേയ്ക്കു പോവാൻ തീർച്ചയാക്കി. അവളുടെ കെട്ടിയവൻ അരുതെന്നു പറഞ്ഞു. അവൾ നിന്നില്ല. ഏട്ടത്തിയും അനുജത്തിയും പാറ പൊളിയ്ക്കുന്നതിൽ പെട്ടുവെന്ന് ആളുകൾ പറഞ്ഞു. അല്ല, മലമ്പുഴയിൽ ചായക്കട വച്ചിരുന്ന ഒരു ചേട്ടനോടു കൂട്ടുകൂടി രണ്ടു പേരും തെക്കോട്ടു പോയെന്നും ശ്രീതിയുണ്ടായിരുന്നു. ആ വീട് പിന്നേയും ദ്രവിക്കാൻ തുടങ്ങി. കോച്ചിയ്ക്കു ചോരവാർച്ച പിടിപെട്ടു. നിലയ്ക്കാതായി. കെട്ടിയവന്മാർ അവളെ പാലക്കാട്ടാസ്പ്രതിയിൽ കൊണ്ടുചെന്നാക്കി. കോച്ചിയും പിന്നെ മടങ്ങുകയുണ്ടായില്ല. രണ്ടാണുങ്ങൾ മാത്രമവശേഷിച്ച ആ വീട്ടിൽ വാക്കേറുന്നത്, അടി വീഴുന്നത്, ഒന്നുംതന്നെ അപ്പുക്കിളിയറിഞ്ഞില്ല. അവൻ ചിലപ്പോൾ മാത്രം അവിടെക്കേറി. അല്ലെങ്കിൽ വീടിന്റെ തൊടികയിലെ പഴയ കാവച്ചാളയിൽ കിടന്നുറങ്ങി...അവസാനം, പഞ്ചഭൂതങ്ങളഴിയുന്നപോലെ, പെൺവഴിയ്ക്കുവന്നു താമസമാക്കിയ കെട്ടിയവരിൽ ശേഷിച്ചവരും അവരവരുടെ നാടുകളിലേയ്ക്കു തിരിച്ചുപോയി.

പലരും അപ്പുക്കിളിയ്ക്കു ചോറു കൊടുത്തു. അലിയാരുടെ ചായപ്പീടികയിൽ കേറിക്കഴിഞ്ഞാൽ അള്ളാപ്പിച്ചാമൊല്ലാക്ക ചോദിയ്ക്കും, ''എന്നാ വേണം, ക്ളിയോ?''

''കതലമുത്ക്ക്.''

കടലമുറുക്കു കഴിഞ്ഞാൽ പിന്നെ ചായ. അല്ലെങ്കിൽ നിലവിളി.

''ചായ മട്ടുമാ?'' അലിയാർ പറയും. ''ഉശിര് വേ്ണേ്ങ്കി കൊട്ക്കാതാ 1 നിയ്ക്കി ഞമ്മള്!''

ചായയും കുടിച്ച് മൈമുനയുടെ മാറ്റപ്പീടികയിലേയ്ക്കാണ് നടക്കുക.

‘‘ബീതി താതീ, അച്ച്യേ.’’

‘‘പോയി കുറ്റി പെറ്ക്കെക്ക്ടാ, പന്നീ!’’ അവൾ പറയും.

അതു കേട്ടാൽ പിന്നെയും കരച്ചിലായി. പിന്നെ മാധവൻനായരാണ് സമാധാനിപ്പിയ്ക്കുക.

അഞ്ചമ്മമാരുടെയും നാലപ്പന്മാരുടെയുമായ ആ കുടില് പുതുമഴയ്ക്ക് ഇടിഞ്ഞുവീണു. അതോടെ അപ്പുക്കിളി മാധവൻനായരുടെ തുന്നൽപീടികയിലേയ്ക്ക് താമസം മാറ്റി. കുറേക്കൊല്ലം മുമ്പ് തന്റെ അമ്മ മരിച്ചതിൽ പിന്നെ തുന്നൽപ്പീടികയും വീടുമായ ആ കൊച്ചുപുരയിൽ മാധവൻനായർ തനിച്ചു താമസമാണ്. അതിഥിയോ അനാഥനോ ആയല്ല അപ്പുക്കിളി അവിടെ വന്നത്. മാധവൻനായരുടെ പീടികയിൽ ഒരു ജമുക്കാളം കണ്ട കിളി താമസം മാറ്റിയ ആദ്യരാത്രിയിൽത്തന്നെ പറഞ്ഞു, ‘‘തൊത്തി കെ്ത്തിത്താതാ, മാതവേ്ത്തോ.’’ [1] പീടികമുറ്റത്തെ പുളിങ്കൊമ്പിൽ മാധവൻനായർ ജമുക്കാളം മടക്കി തൊട്ടിലുകെട്ടി. അപ്പൻകാളയെ കിടത്തിയുറക്കാൻപോന്ന തൊട്ടിലായിരുന്നു. അതിൽ, കാല്പടങ്ങൾ പുറത്തേയ്ക്കിട്ട്, അപ്പുക്കിളി കിടന്നുറക്കമായി.

ആ തൊട്ടിലിലേയ്ക്കു നോക്കുമ്പോൾ മാധവൻനായർക്കു ചിലപ്പോൾ ഓർമ്മകളുണർന്നു. താണു പടർന്ന കൊയ്യാമരത്തിന്റെ കൊമ്പിന്മേൽ വാഴച്ചപ്പുകൊണ്ട് തൊട്ടിലുകെട്ടിയത്, തൊട്ടിലിൽ കല്ലിനെ കിടത്തിയുറക്കി ശിവരാമൻനായരുടെ മകൾ കല്യാണിക്കുട്ടിയും താനും അമ്മയുമച്ഛനുമായി കളിച്ചത്. അതൊക്കെ എന്നായിരുന്നു?

ഒരു രാത്രി തൊട്ടില് കീറി.

‘‘ഹൗ ഖകമേ,’’ പിറ്റേന്ന് മാധവൻനായർ ഖേദിച്ചു, ‘‘ദെങ്ങനെ പൊളിഞ്ഞെടാ, അപ്പേ? ഇങ്ങനെ വരാൻ ഞായം പോരാലോ.’’

‘‘വട രാസ്തി ത്ന്ട്ടാക്ക്ം,’’ അലിയാർ പറഞ്ഞു.

‘‘ഹൗ, മാപ്ലേ, നീയങ്ങനെ പറയാതേ. ഇന്നലെ രാത്രി ബൂമി കുല്ങ്ങീ ട്ട്ണ്ടാക്ം. അല്ലെങ്കി ഇ്ത് പൊളിയാൻ ഞായം പോരാ.’’

ആ ജമുക്കാളം അവസാനത്തെ കയ്യിരിപ്പായിരുന്നു. ഇനിയെന്തു വേണമെന്നോർത്തുകൊണ്ട് മാധവൻനായർ നിന്നു. അവസാനം ഒരു പോംവഴി തോന്നി.

‘‘പച്ചപ്പനന്തത്തേ,’’ മാധവൻനായർ ചോദിച്ചു, ‘‘ചേക്കയിരിയ്ക്കാൻ നിന യ്ക്കി സമ്മതം തന്ന്യോ?’’

കിളി സമ്മതം മൂളി.

‘‘എന്നാല് നീയെന്റെ കൂടെ വാ.’’

കിളിയെയും കൂട്ടി മാധവൻനായർ സ്കൂളിലേയ്ക്കു ചെന്നു. ഞായറാഴ്ചയാണ്. മുറ്റത്തെ പുളിന്തണലിൽ ചാരുകസേലയിട്ടു രവി കിടന്നു.

‘‘മാഷ്ഷേ,’’ മാധവൻനായർ പടിയ്ക്കന്നേ വിളിച്ചു ചോദിച്ചു, ‘‘ചേക്കയിരിയ്ക്കാൻ എടം തരുവോ?’’

‘‘എന്തു പറ്റി?’’

മാധവൻനായർ തൊട്ടിലിന്റെ കാര്യം പറഞ്ഞു. ഇന്നലെ രാത്രി ഭൂമി കുലുക്കമുണ്ടായിരുന്നു. അതിൽ ജമുക്കാളം കീറിപൊളിഞ്ഞു. ഇനി തൊട്ടിലു കെട്ടാൻ ഒന്നുമില്ല. പീടികമുറിയ്ക്കകത്തു സ്ഥലവും പോരാ. മാസ്റ്റരേട്ടയുടെ കൂടെയാണെങ്കിൽ തൊട്ടിലിന്റെ ആവശ്യമില്ലെന്ന് കിളിയെക്കൊണ്ടു സമ്മതിപ്പിച്ചിട്ടുണ്ട്. ഞാറ്റുപുരയിൽ ചേക്കയിരിയ്ക്കാൻ ഇടം തരുമോ?

‘‘മാധവന്നായരേ,’’ രവി പറഞ്ഞു, ‘‘രാത്രി ബടെ തനിച്ചിരിയ്ക്കുമ്പോ എന്നെ കൊത്തിയാലോ?’’

‘‘അമ്മേ, ബഗവതീ! ഞിങ്ങള് യാതൊന്ന്ം ചങ്കിയ്ക്കണ്ടാ, മാഷ്ഷേ.’’

“എന്തോ, നിങ്ങടെ ഒറപ്പ്.’’

ഞാറ്റുപുരയിൽ ഒരു വലിയ മുറിയും ഒരു ചെറിയ മുറിയും രണ്ടിനും ചേരെ ഒരിടുങ്ങിയ താഴ്വാരവുമാണ്.

''എവ്ടെ വേണച്ചാല്ം ചേക്കയിരിയ്ക്കാ,'' രവി പറഞ്ഞു.

''മേഷ്ടരേട്ട നെനക്ക് പഞ്ചസാരയ്ം പാല്ം പായസം ഗുളങ്ങള്ം തര്ം ക്കെട്ടോ, ചാതിയേ,'' മാധവൻനായർ കിളിയെ ധൈര്യപ്പെടുത്തി.

മൈമുനയുടെ പീടികയിൽ ചെന്ന് രവി ഒരു പലം ബിസ്കറ്റു വാങ്ങിക്കൊണ്ടുവന്നു. കിളി തെളിഞ്ഞു. ബിസ്കറ്റു തീർന്നപ്പോൾ കിളി പറഞ്ഞു, ''തായെ!'' രവി സ്റ്റൗ കത്തിച്ചു വെള്ളം തിളയ്ക്കാൻ വെച്ചു. തവിട്ടു നിറത്തിലുള്ള പൊടി വെള്ളത്തിൽ കലക്കുന്നത് തെല്ലു സംശയത്തോടെ കിളി നോക്കി. ഒരു ഗ്ലാസ്സു കൊക്കൊ കുടിയ്ക്കാൻ കൊടുത്തിട്ടു രവി ചോദിച്ചു, ''ഈ ചായ കിളിയ്ക്ക് ഷ്ടായോ?''

വൈകുന്നേരം സുഖവിവരമന്വേഷിയ്ക്കാൻ മാധവൻനായർ

വീണ്ടുമവിടെ കേറി.

''വിദ്യ അഭ്യസിയ്ക്ക്ണൂ, മാധവന്നായരേ,'' രവി അറിയിച്ചു.

ബോർഡിലും നിലത്തും ചുമരിലും വാതിലിലുമൊക്കെ കളർച്ചോക്കു കൊണ്ടു വലിയ 'ഠ'കാരങ്ങൾ എഴുതിവെച്ചിരുന്നു.

''ഖകമേ,'' മാധവൻനായർ പറഞ്ഞു, ''നീയ് നൊമ്പടെ ദേശത്തിന്റെ മാനം രക്ഷിച്ചു...കിളിയ്ക്ക് പിത്തിയ്ണ്ടോ ഇല്യോ? നിങ്ങളന്നെ പറയീ, മാഷ്ഷേ. പത്തുകൊല്ലം നുമ്പേ ഞാൻ പടിപ്പിച്ച്കൊട്ത്തതാണീ അക്ഷരം. ഇപ്പള്ം മറക്കാണ്ട് എഴ്തീലേ പുത്തിശാലി!''

''നേരോ!'' രവി പറഞ്ഞു.

മാധവൻനായർ ചാരുകസലേയിലേയ്ക്ക് കേറിക്കിടന്നു. ചുമരിൽ കുത്തിനിർത്തിയ തലയിണയിൽ ചാരി ബെഞ്ചിൽ കാലു നീട്ടി രവിയുമിരുന്നു. പച്ചയും നീലയും ചുവപ്പുമായി 'ഠ'കാരങ്ങൾ അവിടമാസകലം വിതറിക്കിടന്നു.

‘‘ഒരക്ഷരം പടിച്ചാ മതി,’’ മാധവൻനായർ പറഞ്ഞു.

‘‘നേരാ,’’ രവി പറഞ്ഞു. രവി നേരമ്പോക്കു പറയുകയായിരുന്നില്ല.

“നേരമ്പോക്കല്ല ഞാന്ം പറഞ്ഞത്,’’ മാധവൻനായർ പറഞ്ഞു, ‘‘നൊമ്പടെ ഗുരുപൂതര് പറഞ്ഞ് തന്നതാ, മാഷ്ഷേ...’’

കുറച്ചുകാലം മുമ്പ് മണ്ണൂരിനടുത്ത് ഒരു കടച്ചിക്കൊല്ലന് [2] കണ്ണു കാണാതെയായി. നിരക്ഷരനായ കടച്ചിക്കൊല്ലൻ വേദങ്ങളെക്കുറിച്ചും ശാസ്ത്രങ്ങളെക്കുറിച്ചും സംസാരിച്ചു തുടങ്ങി. ഒരു ചാണക്കല്ലിന്റെ ശബ്ദം ചെകിടോർത്തുകൊണ്ട് അയാൾ തിണ്ണയിലിരിയ്ക്കും. ആളുകൾ അയാളുടെ മുമ്പിൽ തൊഴുതുനിന്നു. ഞങ്ങൾക്കു വഴി കാണിച്ചുതരുക, അവർ പറഞ്ഞു. അവരുടെ കണ്ണുകൾ കളഞ്ഞിട്ടു തിരിച്ചുവരാൻ അയാളവരോടു പറഞ്ഞു...

കരിമ്പനകളുടെ ചക്രവാളത്തിൽ സന്ധ്യ കറുത്തുതുടങ്ങിയിരുന്നു. പച്ചക്കിളികൾ കൂട്ടം ചേർന്നു പറന്നുപോവുന്നതും നോക്കി അപ്പുക്കിളി പടിയ്ക്കൽ നിന്നു.

‘‘ഈ ക്ളിയ്ക്ക് എന്ന്ം അന്തിയാണ്, മാഷ്ഷേ,’’ മാധവൻനായർ പറഞ്ഞു, ‘‘എന്നാലോ, കൂടൊട്ട് പറ്റൂമില്ല.’’

‘‘ആര്ം കൂട് പറ്റാറില്ല, മാധവന്നായരേ.’’

‘‘നേരാ, മാഷ്ഷേ.’’

അപ്പോഴും അസ്തമയത്തിലൂടെ, പനന്തത്തകളുടെ ധനുസ്സുകൾ പറന്നകന്നുകൊണ്ടിരുന്നു.

---

1 ഹിന്ദുക്കളുടെ ശവപ്പറമ്പ്.

2 എന്നോടു ചോദിച്ചാൽ.

1 ജീവൻ.

2 തൊട്ടി കെട്ടിത്താടാ, മാധവേട്ടോ.

13. അച്ഛൻ

ആ കൊല്ലമങ്ങിനെ കടന്നുപോയി...

വേനലിനു സ്കൂളു പൂട്ടി തുറന്നു.

പുതുമഴ കഴിഞ്ഞു. ഞാറ്റുവേല കഴിഞ്ഞു. കുട്ടികൾ ഇരുപത്തിയഞ്ചേയുള്ളു.

''ഇതാര്ം മൊടക്കീട്ടല്ല,'' മാധവൻനായർ പറഞ്ഞു.

''മനസ്സിലായി,'' രവി പറഞ്ഞു, ''പക്ഷെ, ഇക്കൊല്ലം പുത്യേ ഇൻസ്പെക്ടറാ, മാധവന്നായരേ. എന്താ പറിയ്യാന്ന് നിശ്ചല്ല.''

''പൂട്ടിയ്ക്ക്വോ?''

''ആവോ!''

''മൊടങ്ങിപ്പോയ പിള്ളര്ന്റെ പേരൊക്കെ എഴ്തിവെയ്ക്കീ, മാഷ്. അപ്പളോ?''

''അതിനല്ലേ ഇൻസ്പെക്ഷൻ? കള്ള ഹാജരാണോ അല്ല്യോന്ന് പരിശോധിയ്ക്കം.''

മാധവൻനായർ ഒന്നും പറഞ്ഞില്ല. ഇത്തിരികഴിഞ്ഞ് രവി പറഞ്ഞു, ''അതോർത്ത് വെഷമിച്ചിട്ട് കാര്യല്ല്യ.''

ഓണപ്പൂട്ടല് കഴിഞ്ഞതിന്റെ രണ്ടാമാഴ്ച ഇൻസ്പെക്ടർ വന്നു. ഖസാക്കുകാർ പതിവുപോലെ കാണാൻ കാത്തിരുന്നു. ഇത്തവണയും ഇൻസ്പെക്ടറുടെ വരവു പ്രമാണിച്ച് തോരണം തൂക്കണോ എന്ന് ശിവരാമൻനായർ അന്വേഷിച്ചു. പക്ഷെ, അവർക്കെല്ലാം നിരാശയായി. ചെവിവെച്ച പോത്തിൻ തോൽ ചെരിപ്പിട്ട്, ചുമലു തുന്നി നിർത്തിയ ചീട്ടിക്കോട്ടിട്ട്, താടി വടിച്ചിട്ടില്ലാത്ത മുഖത്ത് വെള്ളിക്കുറ്റിരോമങ്ങളുമായി ഇൻസ്പെക്ടർ ഖസാക്കിലെത്തി.

''അന്ത വില്ല വെച്ച ശിപായെ പാര്,'' അലിയാർ മുത്തുപണ്ടാരത്തോടു പറഞ്ഞു, ''അവനിയ്ക്കിരിക്കറ ഫൗറിര്ക്കാ ഇസ്പേറ്ററ്ക്ക്?''

''മേഷ്ടര് മൂത്ത് ഇസ്പേറ്ററാനതാക്കും. എലവ്,'' മുത്തുപണ്ടാരം പറഞ്ഞു.

''ഉടുമ്പിനോടെ സത്തിയംപോലവാ?''

''അപ്പ്ടിതാ, ണ്ണ്.''

''ഇന്ത കാലത്തിലെ നടക്കറ പെരട്ട്,'' മൂലയിലിരുന്ന അള്ളാപ്പിച്ചാമൊല്ലാക്ക തന്നോടുതന്നെ പറഞ്ഞു.

അവിടെ പെട്ടെന്നൊരു മൂകത വീണു.

അവസാനം ആരോ ചോദിയ്ക്കാൻ മുതിർന്നു, ''മൊല്ലാക്ക ഇസ്പേറ്ററിനെ കാണാമ്പോണില്ലേ?''

''ഇല്ല.''

ആരുമൊന്നും പറയാതായി. ആ നിശ്ശബ്ദതയുടെ നടുവിൽ ഖസാക്കിന്റെ പുരോഹിതൻ ഇരുന്നു... സ്കൂളിലെ മസാൽജിപ്പണി ഏറ്റതിൽപ്പിന്നെ ശമ്പളം പറ്റാനല്ലാതെ മൊല്ലാക്ക അവിടെ ചെന്നിട്ടില്ല. ആബിദയുണ്ടായിരുന്നപ്പോൾ രവി അതിനെക്കുറിച്ച് ഓർക്കാതിരിയ്ക്കാൻ ശീലിച്ചതായിരുന്നു. പക്ഷെ, ഇപ്പോൾ പരിസരം വെടിപ്പാക്കാൻ ആരെങ്കിലും വരണമെന്ന് രവി നിർബ്ബന്ധിച്ചു. ഓത്തുപള്ളിയിൽ നിന്ന് നിത്യവും ഒരു കുട്ടിവീതം ഊഴമിട്ട് ഞാറ്റുപുരയടിച്ചുവാരാനെത്തി. അവരിൽ പലരും സ്കൂളിലും പഠിയ്ക്കുന്നവരായിരുന്നു. ഈ ഏർപ്പാട് ഒട്ടും ചൊവ്വായിരുന്നില്ല. ഓരോ മാസവും രവി നിരീയ്ക്കും അടുത്ത മാസം മൊല്ലാക്കയെ നിഷ്കർഷിക്കാമെന്ന്. അങ്ങിനെയാണ് അതൊക്കെ പതിവായിത്തീർന്നത്. പക്ഷെ, അന്നെങ്കിലും മൊല്ലാക്ക വരുമെന്ന് രവി കരുതിയതായിരുന്നു. ഇൻസ്പെക്ടരെങ്ങാനും ചോദിച്ചാൽ മസാൽജി മുഖം കാണിയ്ക്കേണ്ടതുണ്ട്.

കാൽപടങ്ങൾ തമ്മിലുരസി പൊടിതട്ടി കാലുകൾ കസേരയിലേയ്ക്ക് കേറ്റി വെച്ച് ഇൻസ്പെക്ടർ ഇരുന്നു. താടി വടിച്ചിട്ടില്ലാത്ത ആ മുഖവും അഴിവിന്റെ ഗന്ധവും രവി പിന്നീട് പലവുരു ഓർക്കുകയുണ്ടായി.

''മാഷേ, ഇരിയ്ക്ക്യാ,'' ഇൻസ്പെക്ടർ പറഞ്ഞു. പിന്നെ, നെറ്റിയിൽ നിന്ന് വിയർപ്പ് തുടച്ച് കളഞ്ഞ്, ''നല്ല തലവേദന.''

''ഒരാസ്പ്രോ കഴിച്ചെങ്കിലോ?'' രവി ചോദിച്ചു.

''വേണ്ട.''

''എന്നാൽ ഇത്തിരി വിശ്രമിയ്ക്കാ. ഇതിൻന്റെ പിന്നിലെ താഴ്വാരത്തിൽ കട്ടില്ണ്ട്.''

''ഈ വെയ്ലത്ത് നടന്ന്ട്ടാ. സാരല്ല. ഞാൻ ബടെ ഇര്ന്നോളാ.''

രജിസ്റ്ററും രേഖകളും രവി മേശപ്പുറത്തു നിരത്തിയിരുന്നു.

''അതൊക്കെ അവടെ അടുക്കിവെച്ചോളൂ.'' ഇൻസ്പെക്ടർ പറഞ്ഞു, "പിന്നെ ഒപ്പിടാം, പൂവുമ്പഴ്.''

ഇനിയെന്തെന്നോർത്തുകൊണ്ട് രവി നില്ക്കുമ്പോൾ ഇൻസ്പെക്ടർ പറഞ്ഞു, ''ക്ലാസ് വിട്ടോളു. മാഷേ.''

ശിപായി ഒരു പിൻബെഞ്ചിലും രവി ഒരു സ്റ്റൂളിലുമിരുന്നു. കുട്ടികൾ പിരിഞ്ഞുപോകാൻ കൂട്ടാക്കാതെ സ്കൂളിന്റെ പരിസരങ്ങളിൽ പതുങ്ങി നിന്നു. ഞാറ്റുപുരയുടെ ഉടമയെന്ന നിലയിൽ തേവാരത്തു ശിവരാമൻ നായർ സ്കൂളിന്റെ മുമ്പിലെ ചവിട്ടടിപ്പാതയിലൂടെ രണ്ടു ചാൽ നടന്നു. ഖസാക്കിനു വെളിയിലെ പറച്ചേരിയിലാകട്ടെ, കൈകുത്തുകാർ വന്നെന്നാണ് ആളുകൾ ധരിച്ചത്. പറയരുടെ കുട്ടികൾ വയ്ക്കോൽ കുണ്ടുകളുടെ പിന്നിൽ ഓടിയൊളിച്ചു.

''നല്ല ദാഹം.'' ഇൻസ്പെക്ടർ പറഞ്ഞു. മൂലയിലെ കലം രവി ശിപായിയ്ക്കു കാണിച്ചു കൊടുത്തു. വെള്ളം ഗ്ലാസ്സിൽ നിറച്ചു മേശപ്പുറത്തു കൊണ്ടുവന്നു വെയ്ക്കുമ്പോൾ ശിപായി മാസ്റ്ററെ തറഞ്ഞൊന്നു നോക്കി. ഇൻസ്പെക്ടർ വെള്ളം കുടിച്ചില്ല.

അലസമായി സ്കൂളിന്റെ പൊതു വിവരങ്ങളന്വേഷിച്ചുകൊണ്ട് അവിടെയിരുന്നു.

കുട്ടികൾ പിരിഞ്ഞുപോകാൻ തുടങ്ങി.

''എവട്യാ മാഷടെ നാട്?'' ഇൻസ്പെക്ടർ ചോദിച്ചു.

''ഏ?''

വെള്ളി നിറത്തിലുള്ള കുറ്റിരോമങ്ങളിൽ വെയിലേറു വീണു —

''മോൻ എന്നെ താങ്ങിയിരുത്തൂ.'' രവി ഓർത്തുപോയി.

അച്ഛൻ തന്റെ മാറിൽ ചാരി ഇരിയ്ക്കുന്നു. ജനാലയിലേയ്ക്കു പടർന്ന മുല്ലയിലൂടെ കാറ്റ് അകത്തേയ്ക്കു വീശുന്നു.

''വേദനേണ്ടോ?'' നിരർത്ഥമായി ചോദിച്ചുപോവുകയാണ്.

''വയ്യ.''

''അച്ഛൻ താടി വടിച്ചില്യ, വ്വോ?''

ചുളി വീണ മുഖത്തെ വെള്ള നിറമുള്ള കുറ്റിരോമങ്ങളിൽ അയാൾ വെറുതെ തടവുകയാണ്—

''എവട്യാ നാട്, ന്ന്?'' ഇൻസ്പെക്ടർ ചോദിച്ചു.

''ഓ—പട്ടാമ്പി.''

രവി എണീറ്റു ചെന്ന് കലവറപ്പെട്ടി തുറന്ന് നാലു മധുരനാരങ്ങ പുറത്തെടുത്തു.

''കഴിയ്ക്കണം സേർ, ദാഹത്തിനു നല്ലതാ.''

ഇൻസ്പെക്ടർ നാരങ്ങയിൽ ശ്രദ്ധയത്രയും ചെലുത്തി. തിന്നു തീർന്നപ്പോൾ, അല്ലികളിൽനിന്ന് നുള്ളിയെടുത്ത നാരും കുരുവുമൊക്കെ പെറുക്കി നാരങ്ങത്തൊലിയിൽ മടക്കി സൂക്ഷിച്ചു.

"ട്രെയിനിങ് കഴിച്ചിട്ട്ണ്ടോ? ഇൻസ്പെക്ടർ ചോദിച്ചു.

‘‘ല്യ.’’

‘‘അതെന്താ? സാധിയ്ക്ക്ംച്ചാ നല്ലതാ. പ്രൈമറിക്കാർക്ക് ഒരുവിധം നല്ല സ്കെയ്ലാ പ്പൊ.’’

‘‘അല്ല, അതോണ്ടല്ല.’’

“അല്ലെങ്കിൽ പിന്നെ കോളജിൽ പോണം. ശ്ശി കാലം പിടിയ്ക്ക്ം. ചെലവ്ം.’’

“കോളജൊക്കെ കഴിഞ്ഞു.’’

‘‘ആഹാ? ഇൻററാ?’’

‘‘ഓണേഴ്സ് പരീക്ഷയ്ക്ക് പോവാഞ്ഞതാ.’’

കുറേനേരം രണ്ടു പേരും ഒന്നും പറഞ്ഞില്ല.

‘‘വല്ലതും കഴിയ്ക്കണ്ടേ?” രവി ചോദിച്ചു.

‘‘ഉം.’’

രവി മൂന്നു ഗ്ലാസ്സുകളിൽ കൊക്കോ കലക്കി മേശപ്പുറത്തു വെച്ചു. പതമുള്ള കെയ്ക്കിന്റെ കഷ്ണങ്ങൾ പിഞ്ഞാണത്തിൽ നിരത്തി. പുരികങ്ങളുയർത്തി, ഏകാഗ്രതയോടെ ഇൻസ്പെക്ടർ തിന്നാൻ തുടങ്ങി. കെയ്ക്കിന്റെ കഷ്ണങ്ങൾ എടുത്തുകൊണ്ടുപോയി ചുമരോരം തിരിഞ്ഞു നിന്ന് ശിപായിയും തിന്നു. ഭക്ഷണത്തിന്റെ ചെറുപൊട്ടുകൾ ഇൻസ്പെക്ടറുടെ ചീട്ടിക്കുപ്പായത്തിൽ അങ്ങിങ്ങ് ചിതറിവീണു.

‘‘മാഷ് ഏത് കോളേജിലാ പഠിച്ചത്?’’

‘‘താംബരത്ത്.’’

‘‘കൃസ്ത്യൻ കേളേജിലോ?’’

‘‘അതെ—’’

അവിടെ മുൾക്കാടുകളുണ്ടായിരുന്നു. കോളേജിന്റെ മേൽപ്പുര ചുവന്നതായിരുന്നു. മുൾക്കാടുകളിൽ മുയലും കൂരാനുമുണ്ടായിരുന്നു. നനുത്ത പുല്ലുകൾ കാശ്മീരങ്ങൾ

വിടർത്തിയ തുറസ്സുകളായിരുന്നു. അവിടെ പത്മയും താനുമിരുന്ന് സന്ധ്യയുടെ നക്ഷത്രങ്ങളെണ്ണാറുണ്ടായിരുന്നു—

''ഓണേഴ്സ്, അല്ലേ?''

''അതെ.''

''എന്തോണേഴ്സാ?''

''ഫിസിക്സ്....''

ലബോറട്ടറിയുടെ മണമോർമ്മവരുന്നു. നോസിലുകളിൽ നിന്നയഞ്ഞ ഗ്യാസിന്റെ മദഗന്ധം. യൂണിവേഴ്സിറ്റി ലൈബ്രറി. നീണ്ടു നീണ്ട വായനയുടെ ദിവസങ്ങൾ. ആസ്ട്രോ ഫിസിക്സ്. ഉപനിഷത്തുകൾ. പുറത്തെ സന്ധ്യ. കടലോരം—

''മാഷ്ക്ക് അച്ഛന്വമ്മേണ്ടോ?''

''അമ്മ മരിച്ചുപോയി. അച്ഛന്ണ്ട്.''

''അച്ഛൻ ജോലീലാ?''

"എസ്റ്റേറ്റിൽ ഡോക്ടറായിര്ന്നു. ഇപ്പൊ പിരിഞ്ഞെട്ക്കാ, നല്ല സുഖല്ലാണ്ടായിട്ട് കൊറച്ചായി.''

''ഏട്ടാന്ജമ്മാര് ണ്ടോ?''

''തനിച്ചാന്ന് വേണച്ചാ പറയാ. ചിറ്റമേലള്ള രണ്ടനിയത്തിമാര്ണ്ട്. രണ്ടാളും പഠിക്യാ. അമേരിയ്ക്കേല്—''

സുമയും രമയും പഴയ ഛായാപടങ്ങളെ അനുസ്മരിപ്പിച്ചു. താളുകൾക്കിടയിൽ എട്ടുകാലികൾ അമർന്നു ചത്ത് ഉണങ്ങിപ്പറ്റിനിന്ന പഴയ ആൽ ബത്തിൽനിന്ന് അവരുടെ ചിത്രങ്ങൾ എത്തിനോക്കി. ചിത്രങ്ങളുടെ ഓരങ്ങൾ വെള്ളിമീനുകൾ അരുമ്പിപ്പോയിരുന്നു—

''എനിയ്ക്കൊര് മോള്ണ്ടാര്ന്നു,'' ഇൻസ്പെക്ടർ പറഞ്ഞു. വികാരം തീണ്ടാതെ ഒരു വാർത്താശകലം പോലെ പറഞ്ഞു പോയി. അനുജത്തിമാരുടെ പഠിപ്പു നിർത്തീട്ടാണ് ധാത്രിയെ ബി. എ. വരെ പഠിപ്പിച്ചത്. പരീക്ഷയ്ക്കു പത്തു ദിവസമുള്ളപ്പോൾ ഉറക്കമിളച്ചു പഠിയ്ക്കുകയാണ്. അനുജത്തിമാർ

കട്ടൻകാപ്പിയുണ്ടാക്കി കാത്തിരുന്നു. ഉറക്കമിളച്ചിരുന്ന മകൾക്കരികെ അച്ഛനുമിരുന്നു. കൺപോളയടയുമ്പോൾ തൂവാലയിൽ വെള്ളം നനച്ച് കണ്ണിലും കവിളിലും നെറ്റിയിലും പതുക്കെ തടവിക്കൊടുത്തു. പാതിര താണ്ടിയിരുന്നു.

''ഒറക്കം പോണില്ലാ, അച്ഛാ,'' ധാത്രി പറഞ്ഞു, "ഞാമ്പോയി ഒന്ന് തല കുളിച്ചിട്ട് വരാ.''

ധാത്രി ഇറയത്തു ചെന്ന് കുമ്പിട്ടു നിന്ന് തലയിൽ വെള്ളം മുക്കിയൊഴിച്ചു.

"നല്ലോണം തോർത്തണേ മോളേ. ഞാന്തോർത്തിതരട്ടേ?''

''വേണ്ടച്ഛാ, ഞാന്തോർത്തിലേ?''

ആ നീരിറങ്ങി പിറ്റേന്ന് ചെറുന്നനെ പനിച്ചു. പനി കേറി ശ്വാസകോശ ങ്ങളിലേയ്ക്ക് പഴുപ്പു കടന്നു. ധാത്രി മരിച്ചു—

''അച്ഛനെന്താ ദണ്ണം?'' ഇൻസ്പെക്ടർ ചോദിച്ചു.

''വാതം.''

''വേദന, പരാധീനത. അല്ലേ?''

''അതെ.''

"അച്ഛനൊക്കെ പട്ടാമ്പീലാ താമസം?''

''അല്ല, ഊട്ടീലാ. ഊട്ടീല് ഞങ്ങക്കൊര് വീട്ണ്ട്—''

ആ വീടിനു ചുറ്റും വിസ്തൃതമായ നിലമുണ്ട്. ഒരു കുന്നിൻ ചെരുവത്രയും. അതിൽ പൈൻ മരങ്ങളും പഴച്ചെടികളുമുണ്ട്. കുന്നുകളിൽ വസന്തം വരുമ്പോൾ പൂത്തിട്ടുകൾ തെളിയും. പടി കടന്ന്, നീണ്ടൊരു ഡ്രൈവിലൂടെ വേണം വീട്ടിലേയ്ക്കു വരാൻ. വീട്ടിനകത്ത് ദാരുശില്പങ്ങളുണ്ട്. വർഷങ്ങളായി വിരലു പതിഞ്ഞിട്ടില്ലാത്ത ഒരു പിയാനോവുണ്ട്. അകലെ കിടന്ന മഞ്ഞപ്പുൽത്തട്ടുകളിലേയ്ക്കു നോക്കിയ കിടപ്പറയുണ്ട്. അവിടെ യാണ് താൻ ചിറ്റമ്മയെ അറിഞ്ഞത്. ഇൻറർമീഡിയറ്റു കഴിഞ്ഞ വേനൽ പൂട്ടലിലായിരുന്നു അത്, അതു കഴിഞ്ഞിട്ടിപ്പോൾ പത്തോളം കൊല്ലങ്ങളായി—

‘‘ആ പരീക്ഷ എങ്ങന്യെങ്കിലും എഴ്തണം മാഷേ.’’ ഇൻസ്പെക്ടർ പറഞ്ഞു: ‘‘ഡിഗിരി കളയര്ത്—’’

ഓണേഴ്സു പരീക്ഷയ്ക്ക് രണ്ടു മാസമുള്ളപ്പോൾ സന്ദർശകനായി താംബരത്തു വന്ന അമേരിക്കൻ പ്രഫസർ രവിയെ തന്റെ മുറിയിലേയ്ക്ക് ആളയച്ചു വരുത്തി.

‘‘നിങ്ങളുടെ ആ പ്രബന്ധം വിചിത്രമായിരിയ്ക്കുന്നു,’’ പ്രഫസർ പറഞ്ഞു, ‘‘ഉപനിഷത്തുകളുടേയും ആസ്ട്രോ ഫിസിക്സിന്റെയും രസാവഹമായ കലർപ്പ്.’’

രണ്ടുപേരുമിരുന്നു സംസാരിച്ചു... ദുരൂഹമായ സ്ഥലരാശി. കാലത്തിന്റെ ഗംഗാതടം. ദുരൂഹതയുടെ ദുഃഖം. രവിയുടെ കഥ കുട്ടിക്കാലത്തേക്കു മടങ്ങി. ഉച്ചവെയിലിൽ, ആകാശത്തിന്റെ തെളിമയിൽ, മരണമില്ലാത്ത ദേവന്മാർ ദാഹം മാറ്റി. കല്പകവൃക്ഷത്തിന്റെ കരിക്കിൻതൊണ്ടുകൾ താഴോട്ടുതിർന്നുവന്നു. കളിപ്പാട്ടങ്ങളുടെ മുമ്പിൽ തനിച്ചിരുന്ന കുട്ടി ആ കരിക്കിൻതൊണ്ടുകളെണ്ണാൻ മുതിർന്നു...

പിറ്റേന്നു ഹൈവകുന്നേരം മുൾക്കാടിന്റെ തുറസ്സിൽ, പത്മ രവിയോടു പറഞ്ഞു, ‘‘ഇന്നലെ വൈകുന്നേരം ആ അമേരിയ്ക്കക്കാരൻ വീട്ടിൽ വന്നിരുന്നു. അച്ഛനുമയാളും രവിയെപ്പറ്റിയായിരുന്നു സംസാരം.’’

പത്മയുടെ അച്ഛൻ രവിയുടെ പ്രഫസറായിരുന്നു.

‘‘ഞാനെന്തു പിഴച്ചു?’’ രവി ചോദിച്ചു.

‘‘ചിരിയ്ക്കാതെ, രവി, ആ പേപ്പറിനെക്കുറിച്ചാണ് സംസാരിച്ചത്. രവിയ്ക്കൊരു ഫെല്ലോഷിപ്പു തരാൻ അയാളാഗ്രഹിക്കുന്നു. രവിയോടു പറഞ്ഞിരുന്നില്ലേ?’’

‘‘ഞാനീ പരീക്ഷയിൽ പൊട്ടിപ്പോയെങ്കിലോ?’’

‘‘കളി പറയാതെ രവി.’’

പരീക്ഷയടുക്കുന്നു, ഹോസ്റ്റലിലെ ഹാളുകളിൽ പഠനത്തിന്റെ മുറജപമാണ്. രവി മാത്രം വിശ്രമിച്ചു. പക്ഷേ, മനസ്സു വിശ്രമിച്ചില്ല. ഒരു ശീട്ടിൻ കെട്ടിനെയെന്നപോലെ,

ഓർമ്മയുടെ ചിത്രങ്ങളെ അതു മാറ്റിയും മറിച്ചും വെച്ചു. സ്നേഹശാലിയായ അച്ഛന്റെ , ഗർഭവതിയായ അമ്മയുടെ, കുറുനിരകൾ നെറ്റിയിലേയ്ക്കുതിർന്നു. വീണ്, കവിളിൽ കൺമഷി വിയർത്തു പരന്ന, ചിറ്റമ്മയുടെ...

''രവീ, ഇന്നു വൈകുന്നേരം മെറീനയിൽ പോകാം,'' ഒരു ദിവസം പത്മ പറഞ്ഞു.

''തിരിച്ചെത്തുമ്പോൾ ഒരുപാടു വൈകില്ലേ?''

''ഓ, സാരമില്ല. അച്ഛനുമമ്മയും ഒരു വിരുന്നിനു പോകുന്നു.''

കടൽപ്പുറത്തെ തണുത്ത മണലിൽ.

''പത്മ ഇതു വായിച്ചു നോക്കൂ.''

അച്ഛന്റെ കത്താണ്.

''എനിക്കു സുഖക്കേട് അധികമൊന്നുമില്ല മകനേ. ചിലപ്പോൾ തല ചുറ്റുന്നു. മയക്കം വരുന്നുണ്ട്. എങ്കിലും പേടിയ്ക്കാനില്ല. പക്ഷെ, മനോവ്യഥകളാണ് എന്തിനായി ദുഃഖിക്കുന്നു എന്ന് എനിയ്ക്കുതന്നെ അറിഞ്ഞുകൂടാ. ഞാൻ ഈ കിടക്കുന്ന കിടപ്പിൽനിന്ന് എഴുന്നേല്ക്കില്ലെന്ന ബോധംപോലുമല്ല എന്നെ ദുഃഖിപ്പിയ്ക്കുന്നത്. ഒന്നേയുള്ളു. എല്ലാ സായംസന്ധ്യകളും ദുഃഖമാണ്. ആ ദുഃഖത്തിന്റെ ഹൃദ്യതയിൽ ഞാൻ സ്വയം താഴ്ന്നുപോകുന്നുവെന്നു മാത്രം... മകനേ, നീ അച്ഛനെ ഇപ്പോൾ കണ്ടാലറിയില്ല. ഞാൻ എന്തിനാണ് നിനക്ക് ഇതൊക്കെ എഴുതിപ്പോകുന്നത്? ഇതോർത്തു നിന്റെ ഏകാഗ്രത നഷ്ടപ്പെടുത്തരുത്. അച്ഛന് അത്രമേൽ സുഖക്കേടൊന്നുമില്ല. നിന്നെക്കുറിച്ച് നിന്റെ പ്രഫസർക്ക് മതിപ്പുണ്ടെന്നറിഞ്ഞപ്പോൾ ഞാൻ കൃതാർത്ഥനായി. ആസ്ട്രോഫിസിക്സിൽ ഗവേഷണത്തിനു പ്രിൻസ്റ്റണിലേക്കു ചെല്ലാൻ പറ്റിയാൽ നല്ലതുതന്നെ. നാലഞ്ചു കൊല്ലം നീയവിടെയായിരിയ്ക്കും, അല്ലേ? എന്റെ യീ സന്ധ്യയിലിരുന്നുകൊണ്ട് ഞാനും ആ നക്ഷത്രങ്ങളിലേയ്ക്കു നോക്കുകയാണ്. അസ്തമയം കാണാൻ എന്നുമെന്നെ തിണ്ണയിലേയ്ക്കു കൊണ്ടുവരും. നിന്റെ പ്രിയപ്പെട്ട

ചിറ്റമ്മയാണ് വീൽച്ചെയർ ഉന്തിക്കൊണ്ടു. വരുക. ആ തിണ്ണയിലിരുന്നുകൊണ്ട് അച്ഛൻ നിനക്കു കഥ പറഞ്ഞു തന്നതോർമ്മയുണ്ടോ?

''പരീക്ഷയിൽ നല്ലപോലെ എഴുതണം. പരീക്ഷ കഴിഞ്ഞതും മോൻ ഉടൻ വീട്ടിലേയ്ക്കു വരണം. ഒന്നുരണ്ടു മാസമെങ്കിലും നീ എന്റെ കൂടെ ഉണ്ടായിരിയ്ക്കുമല്ലോ. അതുമതി.

''നിന്റെ കൂട്ടുകാരി പത്മയ്ക്കു സുഖമാണല്ലോ.

''നിനക്കു നല്ലതു വരട്ടെ, മകനേ.''

സന്ധ്യ കറുക്കുന്നു, തണുക്കുന്നു.

തണുത്ത മണലിൽ കിടക്കുകയാണ്.

ഒരുപറ്റം രാപ്പക്ഷികൾ മുകളിലൂടെ പറന്നുപോയി. നഗരത്തിന്റെ പ്രസരം തട്ടി അവ മങ്ങിയ എയ്ത്തുനക്ഷത്രങ്ങളെപ്പോലെ തിളങ്ങി—

സന്ധ്യയ്ക്കാണ് ഇൻസ്പെക്ടറെ വഴിക്കൂട്ടി രവി കൂമൻകാവിലെത്തിയത്. പാലക്കാട്ടേയ്ക്കുള്ള അവസാനത്തെ ബസ് അവിടെ കാത്തുനില്പുണ്ടായിരുന്നു. പഴയ സർവ്വത്തുകടയുടെ ബെഞ്ചിലിരുന്ന് നന്നാരിസർവ്വത്തു കുടിയ്ക്കുമ്പോൾ ഇൻസ്പെക്ടർ പറഞ്ഞു, “ഒക്കെ ഒര് യോഗാ, മാഷെ! അല്ലെങ്കിൽ മാഷെന്തിനാ ഇവിടെ വന്നെത്ത്യത്?''

അതിനുത്തരമെന്നോണം രവി ഓർത്തു: പരീക്ഷയുടെ തലേന്ന് ഹോസ്റ്റലിൽ നിന്ന് ഇറങ്ങിത്തിരിച്ചത്. ഒരു തീവണ്ടി മുറിയിൽ ആ പലായനം തുടങ്ങി. പരിചയമില്ലാത്ത, പേരില്ലാത്ത മുഖങ്ങൾ. അവയൊന്നുംതന്നെ തന്റെ കഥയറിയാൻ തിരക്കിയില്ല. അവ തന്നെ തനിച്ചു വിട്ടു. ഉറക്കം വരുമ്പോൾ ലഗേജുറേക്കുകളിൽ ചുരുണ്ടുകിടന്നുറങ്ങി. ആ ഉറക്കത്തിനിടയിൽ റെയിലുകൾ പതിഞ്ഞ സ്വരത്തിൽ താളം കൊട്ടി. തീവണ്ടിയാപ്പീസുകളുടെ പേരുകൾ മാറി. പൊടിപടലത്തിന്റെ നിറങ്ങൾ മാറി. മണങ്ങൾ മാറി. ഋതുക്കൾ മാറി. ഉദയത്തിന്റെയും അസ്തമയത്തിന്റെയും ദിക്കുകൾ മാറി.

ബസ്സുകളിൽ കുന്നുകളുടെ ഓരം ചുറ്റിപ്പോകുന്ന ചുവന്ന ചരൽപ്പാതകളിലൂടെ ആ യാത്ര പിന്നെയും നീണ്ടു. കമ്പം പിടിച്ച, വെളുത്തു കൊഴുത്ത, അന്തേവാസിനികളുള്ള ആശ്രമങ്ങൾ. ചെവിടിമണ്ണു നിറഞ്ഞ ഗ്രാമങ്ങൾ. സംഘർഷവും ആശയും നിലച്ച കുഷ്ഠരോഗാലയങ്ങൾ. ഉമിത്തീപോലെ സിഫിലിസ്സു നീറിപ്പിടിച്ച നനഞ്ഞ തെരുവുകൾ. അങ്ങനെ എത്രകാലം കഴിഞ്ഞു? എന്തിന്? എന്തിനെന്നറിയാതിരിയ്ക്കാൻ—

ക്ഷീണിതനായി ഈ വഴിയമ്പലത്തിലെത്തി—

''ഇനീം കാണണം, രവീ,'' ഇൻസ്പെക്ടർ പറഞ്ഞു.

ഇൻസ്പെക്ടറുടെ കൈവിരലുകളെ രവി തന്റെ കൈപ്പടങ്ങൾക്കിടയിലമർത്തി.

''കാണാം,'' രവി പറഞ്ഞു.

''ഞാനീ ആറാം മാസം പിരിയ്യാണ്.''

''പിരിഞ്ഞാല്ം,'' രവി എന്തോ ഓർക്കുന്നപോലെ തോന്നി, "അട്ത്തല്ലേ, കാണാലോ.''

"അട്ത്തുള്ളോരാ, മാഷേ, ദൂരത്ത്, ഇതൊരപക്ഷെ, നമ്മടെ അവസാനത്തെ കാണലാവ്ം, നേരമ്പോക്കല്ലേ?''

രണ്ടുപേരും ചിരിച്ചു.

''എന്നാൽ വരട്ടേ.''

''തലവേദനല്യാലോ?''

''ഏയ്, ഇല്ല, തണ്ത്ത കാറ്റ്. സുഖം തോന്നണൂ, എന്നാൽ യാത്രേല്ല.''

''നമസ്കാരം!''

ബസ്സു നീങ്ങി. അസ്തമയം ചെമ്മണ്ണിന്റെ നിറം മാറ്റിയിരുന്നു. അതു വീണ്ടും ശമിക്കുന്നതുവരെ രവി കാത്തുനിന്നു. പിന്നെ ഈരച്ചൂട്ടും കത്തിച്ച് ഖസാക്കിലേയ്ക്കു നടന്നു.

തിരിച്ചെത്തുമ്പോൾ തോട്ടിലെ വെള്ളം തണുത്തു കഴിഞ്ഞിരുന്നില്ല. കുളിച്ച്, ഞാറ്റുപുരയിലെത്തി കിടക്ക നീർത്തിക്കിടന്നു.

''അല്ലാഹു അക്ബർ!—

അല്ലാഹു അക്ബർ!—

അശഹ്ദ് അൻ ല ഇലാഹ് ഇല്ല്ള്ളല്ലാഹ്!—''

പള്ളിയിൽനിന്ന് അവസാനത്തെ വാങ്കുവിളിയാണ്. സ്മൃതിധാരയെ പൊട്ടിച്ച് വാങ്കുവിളി വീണ്ടും രാത്രിയിലൊടുങ്ങി.

ഇശ്വരാ, രവി പറഞ്ഞു. ഇപ്പോൾ ആ പദം അത്രയ്ക്ക് പരുഷവും നിരർത്ഥവുമായി തോന്നിയില്ല. എണീറ്റ് ഒരു ഗ്ലാസ്സു വെള്ളം കുടിച്ച് വീണ്ടും തിരികെ വന്നു കിടന്നു. വിയർത്തടങ്ങുന്ന പനിപോലെ ഓർമ്മകൾ രവിയെ തെല്ലു ശാന്തനാക്കിയിരുന്നു.

പുറത്ത് വിസ്തൃതിയുടെ ലഹരിയിൽ മുഴുകിയ രാത്രി. ഖസാക്കിലെ കരിമ്പനകളിൽ കാറ്റു പിടിച്ചു. ദൂരെ ദൂരെ, ഈരച്ചൂട്ടുകൾ മിന്നിമിന്നിക്കടന്നു പോയി. കണൽത്തുമ്പിന്റെ ചലനത്തിലൂടെ ഏതോ വ്യഥിതമായ സന്ദേശമാവർത്തിച്ചുകൊണ്ട് ബഹിരാകാശക്കപ്പലുകളെപ്പോലെ അവ രാത്രിയിൽ അകന്നകന്നു മറഞ്ഞു.

14. തുമ്പികൾ

ശിവരാമൻനായർ കസേലയിലേയ്ക്ക് കേറിയിരുന്നില്ല. തിണ്ണയിൽ പോക്കു വെയിലുണ്ട്. അവിടെ മതിയെന്നു പറഞ്ഞു. അവിടെ ഒതുക്കിലേയ്ക്ക് കാലുനീട്ടി അയാളിരുന്നു.

രവിയും അടുത്തു ചെന്നിരിപ്പായി.

''എന്താ ശിവരാമന്നായരേ,'' രവി ചോദിച്ചു, ''ഒരു വല്ലായ?''

''എങ്ങന്യാ നിയ്ക്ക് വൈയ്ക്ക്യാ? പറയിൻ.''

ശിവരാമൻനായർ ക്ഷോഭിച്ചിരുന്നു.

"അയ്യയ്യോ, എന്ത് പറ്റി?''

ശിവരാമൻനായർ മറുപടി പറഞ്ഞില്ല.

ചുമച്ചു തുടങ്ങി. വാരിയിൽ പറിഞ്ഞുപിടിക്കുന്ന ചുമ. രക്തസമ്മർദ്ദമാണെന്ന് മാധവൻനായർ രവിയോടു പറഞ്ഞിരുന്നു.

ഒരുകുടം വെള്ളവുമായി ഒരു മദ്ധ്യവയസ്ക മുറ്റം കടന്നു പിന്നാപ്പുറത്തേയ്ക്കു പോയി.

''അതേതാ?'' ശിവരാമൻനായർ ചോദിച്ചു.

''ആബിദ പോയേൽപിന്നെ മാധവന്നായര് കൊണ്ടന്നാക്കീതാ.''

'ബൗദ്ധച്ചി, അല്ലേ?''

''അതെന്താ ശിവരാമന്നായരേ?—''

അവൾ പോയ് മറയുന്നവരെ ശിവരാമൻനായർ അവളുടെ പുറകെ നോക്കി. എന്നിട്ട് രവിയോടു ചോദിച്ചു, ''എന്താ മേഷ്ഷേ, നിങ്ങടെ ഗവ്റ്മണ്ട് പൊളിഞ്ഞ് പാപ്പറ്സൂട്ടായോ?''

പണിക്കാരി കുടവുമായി വീണ്ടും പുറത്തേയ്ക്കു പോയി.

ശിവരാമൻനായർ തുടർന്നു, ‘‘ഇവ്ള്ക്കാരാ ചമ്പളം കൊട്ക്ക്ണ്?’’

‘‘ഏ? എന്താ?’’

‘‘സൊന്തം കൈയിന്ന്, അല്ലേ?’’

‘‘അതെ.’’

‘‘എത്ര്യാ?’’

‘‘പത്തുറുപ്യ.’’

‘‘അതാ ഞാഞ്ചോതിച്ചത്, സർക്കാര് പണം കൊട്ത്ത് ഒര് മസാലച്ച്യേ വെച്ചൂടേന്ന്.’’

“അഞ്ചുറുപ്യേ കല്പനേള്ളു, ശിവരാമന്നായരേ, അതിനാരാ വരാ് പണി മുഴോന്ം ചെയ്യാൻ?’’

‘‘ആ അഞ്ചുറുപ്യ ആ മൊല്ലത്തൊണ്ടന്ം കൊട്ത്ത് കളഞ്ഞോളിൻ—’’

‘‘പാവം ന്ന് കര്തീട്ടാ, ശിവരാമന്നായരേ.’’

‘‘ആ പണം എന്റെ കയിത്തരീൻ. ഞാനതോണ്ട് വെഷത്തമ്മാരക്ക് എണ്ണ പാര്വാടന്നല്ലോ. ന്ങ്ങളെടെ പാവം പുക്വാടന്നല്ലോ.’’

വെള്ളവുമായി അവൾ വീണ്ടും വന്നു. ശിവരാമൻനായരുടെ മുഖം തുടുത്തു.

‘‘നേര്ങ്ട്ട് വരട്ടെ മേഷ്ഷേ,’’ എന്നായി അയാൾ, ‘‘ഞിങ്ങ്ക്കെന്തിനാ ഈ ബൗദ്ധമ്മാര്ടെ സന്തു ബന്തുത്തം?’’

‘‘എനിയ്ക്കെന്തിനാ? ഒന്നിനൂല്ല ഒരാളെ വേണംന്ന് ഞാനല്ലേ പണ്ടേ ശിവരാമന്നായരോട് പറഞ്ഞത്? ആരീം അയച്ച് തന്നില്യാലോ.’’

ശിവരാമൻനായർ എണീറ്റു പടിയ്ക്കൽ ചെന്ന് ഒരലകുവാരി നിവർത്തി ശരിയ്ക്കാക്കിവെച്ചു. വീണ്ടും തിണ്ണയിൽ

വന്നിരിപ്പായി.

“എന്തേ മിണ്ടീലാ?’’ രവി ഓർമ്മിപ്പിച്ചു.

ശിവരാമൻനായർക്കു ശുണ്ഠി വന്നു.

“അതൊക്കെ ഇനി പർഞ്ഞ്ട്ടെന്താ പലം? ഞിങ്ങടെ ബന്ധു ബൗദ്ധൻ, യവനൻ. ഞാനെന്തിന് അതിന്റെ ടീ കടന്ന് വരണൂ!’’

ശിവരാമൻനായർ യാത്രയായി. ശരീരം ഭാരിച്ചിരുന്നു. ഇഴഞ്ഞിഴഞ്ഞു പോവുകയാണെന്ന് രവിയ്ക്കു തോന്നി.

ആബിദ പോയിട്ട് ഒരുപാടു ദിവസം കഴിഞ്ഞാണ് മാധവൻനായർ ചാന്തുമ്മയെ കൂട്ടിക്കൊണ്ടു. വന്നത്. ദേശാടനക്കാരനായ തങ്ങളു പക്കീരിയുടെ മകളാണ് ചാന്തുമ്മ. നാലു വർഷം മുമ്പ് ഖസാക്കുവിട്ട പക്കീരി ഇന്നും ആണ്ടിൽ ഒന്നോ രണ്ടോ തവണ ഖസാക്കിൽ വരുന്നു. ചിലപ്പോൾ വേനലിൽ, ചിലപ്പോൾ കാലവർഷത്തിൽ. അയാൾ ഖസാക്കിലൂടെ കടന്നുപോയി... മഞ്ഞളുപോലെ ചോരവാർന്ന ചാന്തുമ്മയുടെ ശരീരം ഒരുകാലത്തു സാമാന്യം സമൃദ്ധമായിരുന്നിരിയ്ക്കണം. പരന്നു വിളറിയ കവിളുകളിൽ ചുണങ്ങുപാടുകളുണ്ടായിരുന്നു. കണ്ണിനടിയിലും പാടുകളുണ്ടായിരുന്നു.

‘‘എന്താ ഇത്തിരി അരി വെയ്ക്കാൻ സഹായിയ്ക്കാവോ?’’ രവി അന്വേഷിച്ചതാണ്.

‘‘ഓ,’’ അവൾ പറഞ്ഞു.

‘‘ഉമ്മ ഇവടെ ഉണ്ടോളൂ.‘ രവി പറഞ്ഞു.

അവളതു പ്രതീക്ഷിച്ചില്ലെന്നു. തോന്നി. അവളുടെ കാച്ചിത്തുണിയിൽ പിടിച്ചു തൂങ്ങിനിന്ന മകന്റെ തല അവൾ പതുക്കെ തലോടി.

‘‘ഇതാ മൂത്തത്?’’ രവി ചോദിച്ചു.

‘‘ഓ. ആത്തിയം കണികണ്ടതാക്കം.’’

‘‘എന്താ പേര്?’’

‘‘പറയെടാ,’’ ചാന്തുമ്മ പറഞ്ഞു.

പയ്യൻ കാച്ചിത്തുണിയുടെ തുമ്പുകൊണ്ടു മുഖം മറച്ചു. അതിനടിയിൽ നിന്നു പറഞ്ഞു, ‘‘കുഞ്ഞുനൂറു.’’

‘‘മിട്ക്കൻ!’’ രവി പറഞ്ഞു, ‘‘കുഞ്ഞുനൂറു എന്താ സ്കൂളിച്ചേരാത്തേ്?’’

കുഞ്ഞുനൂറു കൗതുകത്തോടെ ചിരിച്ചു.

‘‘കുഞ്ഞുനൂറുന് വയസ്സെത്ര്യായി?’’

‘‘എ്ട്ട്,’’ ചാന്തുമ്മ പറഞ്ഞു.

‘‘ഏതായാല്ം നൂറു ഇവടെച്ചേരട്ടെ,’’ രവി ചാന്തുമ്മയോടു പറഞ്ഞു.

‘‘യ അല്ലാഹ്!’’ ചാന്തുമ്മ തന്നോടെന്നപോലെ പറഞ്ഞു, ‘‘പടിച്ച്ട്ട് നങ്ങ എ്ന്ത് കാട്ടാനാണ്?’’

‘‘ചാന്തുമ്മ അവന്റെ പേര് ചേർത്തു. ഇതാ, ഇതിരിയ്ക്കട്ടെ,’’ രവി അവളുടെ കൈയിൽ ഒരഞ്ചുറുപ്പിക വെച്ചുകൊടുത്തു, ‘‘ഇത് മാധവന്നായര്ടെ കയ്യിലേല്പിയ്ക്കൂ. നൂറൂന് ഒരു കൂട്ടം കുപ്പായം തയ്ച്ചു തരാമ്പറയൂ.’’

പിറ്റേന്നു. ഹൈവകുന്നേരം കോടിക്കുപ്പായവുമിട്ട് കുഞ്ഞുനൂറു രവിയുടെ അടുത്തു വന്നുനിന്നു. നൂറുവിന്റെ കൈവിരലിൽ പിടിച്ചുകൊണ്ട് നാലു വയസ്സുചെന്ന ചാന്തുമുത്തുവും നിന്നു. ചാന്തുമുത്തുവിന് ഉടുപുടയുണ്ടായിരുന്നില്ല.

അവളെ തന്റെ അരികിലേയ്ക്കണച്ചുകൊണ്ട് രവി പറഞ്ഞു, ‘‘ഞാൻ മറന്നുപോയി. നാളെ ചാന്തുമുത്തൂന് പാവാട തയ്പിച്ച് തരാട്ട്വോ.’’

‘‘മാണ്ടാ,’’ അവൾ പറഞ്ഞു.

“വേണ്ടേ? അതെന്താത്?’’

‘‘തെക്കന് [1] കൊട്ത്താ മതി.’’

‘‘അതെന്താ ചാന്തുമുത്തൂന് കുപ്പായം വേണ്ട?’’

‘‘ത്ക്കമ്പെല്ത്താകട്ടെ.’’ [2]

കുഞ്ഞുങ്ങളുടെ പുറകിൽനിന്ന ചാന്തുമ്മ കുടുകുടാന്നു ചിരിച്ചു, എന്നിട്ടവൾ തട്ടനെടുത്തു കണ്ണു തുടച്ചു; അവൾ പറഞ്ഞു, ‘‘അവളിന്റെ സൊബാഗം അപ്പ്ടിയാക്ക്ം.’’

മൺമണ്ടകളിൽ കഞ്ഞി വിളമ്പി മൂന്നു പേരും അത്താഴത്തിനിരുന്നാൽ ചാന്തുമുത്തു തന്റെ മണ്ടയിൽനിന്നു വറ്റു പിടിച്ചെടുത്ത് കുഞ്ഞുനൂറു വിന്റെ മണ്ടയിലേയ്ക്കിടും.

‘‘ഉമ്മാ, ത്ക്കൻ ബെക്കം ബല്താകട്ടെ,’’ അവൾ പറയും.

‘‘ബല്താകട്ടെ മക്ളെ.’’ ചാന്തുമ്മയും പറയും.

‘‘എന്റെ മക്ളിന്റെ കഷ്ടം തീരട്ടെ.’’

‘‘എപ്പൊ വല്താകുവുമ്മാ?’’

‘‘ഒരു പെര്നാള് കളിഞ്ചാ വല്താക്ം, കണ്ണേ.’’

‘‘പെര്നാള് എപ്പക്കളിയുമ്മാ?’’

‘‘നാല് വാവ് കളിഞ്ചാ, കണ്ണേ.’’

അങ്ങിനെ ഉമ്മയും മകളും കാത്തിരുന്നു.

കുഞ്ഞുനൂറുവിന് സ്ലെയിറ്റും പുസ്തകങ്ങളുമായി. രവി വാങ്ങിക്കൊടു ത്തതായിരുന്നു. എണ്ണവിളക്കിനു മുമ്പിലിരുന്ന് എഴുതിപ്പഠിയ്ക്കുന്നത് ചാന്തുമ്മ നോക്കിനില്ക്കും. ഒരുപാടു നേരം അങ്ങിനെ നോക്കി നിന്നു പോകും. പിന്നെ, ആ നോക്കിന്റെ സാന്ദ്രത കുതിർന്നിറങ്ങിയിട്ടെന്നപോലെ കുഞ്ഞുനൂറു തിരിഞ്ഞ് ഉമ്മയെ നോക്കും...

‘‘എന്നാ ഉമ്മാ?’’

‘‘ഒന്നൂല്ലാ, കണ്ണേ.’’

അവൻ അസ്വസ്ഥനാവുകയാണ്. അങ്ങിനെ നോക്കിനിന്നുകൂടെന്ന് അവൾക്ക് തോന്നി.

“പടിച്ച്ക്കോ, കണ്ണേ.’’

വൈകുന്നേരങ്ങളിൽ രവി ഉമ്മറത്ത് ചാരുകസേല വലിച്ചിട്ടിരിയ്ക്കുമ്പോൾ ചാന്തുമുത്തു ഒതുക്കിലുമിരിയ്ക്കും. നിറച്ച മൺകുടം ഒക്കത്തുവെച്ച് ചാന്തുമ്മ മുന്നിലൂടെ നടന്നു പോകുമ്പോൾ രവി ആ ഉടലിന്റെ ദൈർഘ്യം സൂക്ഷിച്ചു. നിറകുടത്തിനിടയിൽ സ്വല്പമൊടിഞ്ഞ ഇടുപ്പ് ആ ദൈർഘ്യത്തെ കൂടുതൽ വെളിപ്പെടുത്തിയെന്നു. തോന്നി. ഇഴ പറിഞ്ഞ കാച്ചിയിൽ ഈറ നായേടം നീണ്ട കാലുകളുടെ ദൃഢരേഖകൾ തെളിഞ്ഞു.

ചാന്തുമ്മ ഓരോ നട വരുമ്പോഴും ചാത്തുമുത്തു ചോദിയ്ക്കും, ‘‘ഉമ്മാ, തളന്ത്താ?’’

‘‘ഇല്ല, മക്ളേ.’’

‘‘തെ്ക്കമ്പെല്താ‍യാ ഉമ്മ വെള്ളം കോരണ്ടാ, അല്ലുമ്മാ?’’

‘‘തെന്നെ, മക്ളെ. തെ്ക്കമ്പെല്താകട്ടെ.’’

‘‘എ്പ്പൊ ബല്താകൂമ്മാ?’’

‘‘പെര്നാള് കളിയറപ്പൊ, കണ്ണേ.’’

‘‘അപ്പൊ നാനോ, ഉമ്മാ?’’

‘‘എന്റെ മക്ള്ം ബല്താക്ം.’’

ഒരു ദിവസം രവി പാലക്കാട്ടു നിന്ന് മിഠായി വാങ്ങിക്കൊണ്ടു. വന്നിരുന്നു. നന്നാലു മിഠായി കുഞ്ഞുനൂറുവിന്റെയും ചാന്തുമുത്തുവിന്റെയും കൈകളിൽ വെച്ചുകൊടുത്തിട്ട് രവി ചോദിച്ചു, ‘‘ചാന്തുമുത്തൂ, എന്താ മിഠായി ചെക്കന് കൊടുക്കണില്ലേ?’’

ചാന്തുമുത്തു ഓർത്തുകൊണ്ടു നിന്നു. പിന്നെ, ചുരുട്ടിവെച്ച കടലാസ്സുതുമ്പിൽ പിടിച്ച് ഒരു മിഠായി കുഞ്ഞുനൂറുവിന്റെ നേർക്കു നീട്ടി. കുഞ്ഞുനൂറു വാങ്ങിയില്ല.

‘‘ശിന്നപുള്ളേ,’’ അവൻ പറഞ്ഞു, ‘‘നീ ശാപ്പ്ട്ട് ക്കോ.’’

ക്ഷണത്തിൽ ചാന്തുമുത്തു മിഠായി പുറകോട്ടു വലിച്ചു;

രവി ചിരിച്ചു പോയി.

ഇതു കണ്ടുകൊണ്ടാണ് ചാന്തുമ്മ വന്നത്.

‘‘ദൊന്നും കൊട്ക്കണ്ട,’’ അവൾ പതുക്കെ പറഞ്ഞു.

അവളുടെ മുഖം മ്ലാനമായിരുന്നു.

‘‘ഞിങ്ങ ഇബടന്ന് പോയാ,’’ അവൾ പറഞ്ഞു, ‘‘ദൊക്കെ നെനച്ച് എന്റെ മക്ള് ഉര്ക്കും.’’

രണ്ടുമാസം കഴിഞ്ഞു. ചാന്തുമ്മയുടെ കവിളിലെ, കൺതടത്തിലെ, പാണ്ടുകൾ മിയ്ക്കതും മാഞ്ഞുകഴിഞ്ഞിരുന്നു.

വീണ്ടുമൊരു വൈകുന്നേരം ശിവരാമൻനായർ ഞാറ്റുപുരയിൽ കേറിവന്നു.

‘‘എന്ത് പറ്റീ ശിവരാമന്നായരേ?’’ രവി പറഞ്ഞു, ‘‘വഴി മറന്നൂന്നല്ലേ ഞാൻ കര്ത്യേത്.’’

‘‘മേഷ്ഷ്ക്കാ വഴി മറന്നത്,’’ ശിവരാമൻനായർ പറഞ്ഞു.

നേരാണ്. ശിവരാമൻനായരുടെ വീട്ടിൽ പോയിട്ടെത്ര കാലമായി? ആറുമാസം മുമ്പ് ശിവരാമൻനായരുടെ പിറന്നാളുണ്ണാൻ പോയതാണ്.

‘‘ഇപ്പൊ മേഷ്ഷ്ക്ക് കൂട്ടായി,’’ ശിവരാമൻനായർ പറഞ്ഞു, ‘‘ഞാനാ, ഒരതികപ്പറ്റ്.’’

ഭംഗിവാക്ക് എന്തു പറയേണ്ടു എന്നോർത്തുകൊണ്ട് രവി ഇരിയ്ക്കെ, ശിവരാമൻനായർ തുടർന്നു, ‘‘ഞാൻ ഒര് കാരിയം പറവാൻ വന്ന്ട്ടക്കാ്, മേഷ്ഷേ, എനിയ്ക്കി പറയേണ്ടതല്ലാന്ന് വെച്ചോളിൻ. ന്നാലും നൊമ്പടെ ധർമ്മാധർമ്മാദികളില്ലേ-ഞിങ്ങള് ആ മാപ്ലേച്ച്യേ ഇബടെ പാർപ്പിച്ചത് ശെരി യായ്ലാ.’’

രവി വിഷമിച്ചുപോയി.

‘‘അയ്യോ, ശിവരാമന്നായരേ, ആര് പറഞ്ഞൂ അവളെ ബടെ പാർപ്പിച്ചൂന്ന്?’’

‘‘പാർപ്പിച്ചിലേ?’’

‘‘ല്യ, എടയ്ക്കെങ്ങാനും അപ്പുക്കിളി വന്ന് കെടന്നൊറങ്ങ്ം. അല്ലാണ്ട് വേറെ ആര്ം ബടെ പാർപ്പില്യ.’’

‘‘പാർപ്പിച്ചിലേ?’’

"ഇതെന്തേ ഇങ്ങനെ ധരിയ്ക്കാൻ?’’

‘ബൗദ്ധച്ച്യേ പാർപ്പിച്ചൂന്നങ്ങട് സമ്മതിയ്ക്കീൻ.’’

‘‘സമ്മതിയ്ക്കാൻ പേടിച്ചിട്ടല്ല. പക്ഷെ, ഇതെന്ത് തമാശാ? ആരേ ഈ പറഞ്ഞത്?’’

‘‘അതാരോ ആകട്ടെ.’’

ശിവരാമൻനായർ തുവർത്തെടുത്ത് തലയിലെ കുറ്റിരോമങ്ങളിലെ വിയർപ്പു തുടച്ചു.

‘‘ധർമ്മക്ഷയം, ധർമ്മക്ഷയം!’’ പിറുപിറുത്തുകൊണ്ട് ശിവരാമൻനായർ പടിയിറങ്ങി, ‘‘മഹാമായേ, എന്തൊക്കെ കാണണ്ടിവരണൂ!’’

ശിവരാമൻനായരെ മടക്കി വിളിച്ചെങ്കിലെന്തെന്ന് രവിയോർത്തു. കാര്യങ്ങൾ സാവകാശം പറഞ്ഞു ബോദ്ധ്യപ്പെടുത്താം. പിന്നെന്തോ, അതു വേണ്ടെന്നുവെച്ചു.

പിറ്റേന്ന് ഒഴിവുദിവസമായിരുന്നു. പത്തുപതിനൊന്നു മണിയോടെ ചോറു വെയ്ക്കാൻ ചാന്തുമ്മ വന്നപ്പോൾ രവിയും താഴ്വാരത്തേയ്ക്കു ചെന്നു. രവി ചെന്നു കട്ടിലിലിരുന്നു. രവിയുടെ നേർക്കു നോക്കാതെ, താഴ്വാരത്തിന്റെ മൂലയിൽ ചെന്നു ചാന്തുമ്മ സ്റ്റൗ കത്തിച്ചു.

‘‘ചാന്തുമ്മ ഇങ്ങട് വരൂ,’’ രവി വിളിച്ചു.

ആ വിളി എന്തുകൊണ്ടോ അവൾ പ്രതീക്ഷിച്ചിരുന്നതുപോലെ തോന്നി. അവൾ രവിയുടെ മുമ്പിൽ വന്നു നിന്നു.

‘‘ഇരിയ്ക്കൂ.’’

നിലത്തിട്ട തടുക്കപ്പായിൽ അവൾ ഇരുന്നു.

‘‘ഇന്താ ഈ കേക്കണത്?’’ രവി ചോദിച്ചു, ‘‘ഞാൻ ചാന്തുമ്മേ ബടെ പാർപ്പിച്ചൂന്ന് ആരാ ശിവരാമന്നായരെ തെറ്റിദ്ധരിപ്പിച്ചത്?’’

അവൾ പതുക്കെ പറഞ്ഞു, ‘‘കുപ്പ്വച്ചൻ ശൊന്നതാക്കം.’’

‘‘കുപ്പ്വച്ചൻ എന്തിനാ നൊണ പറേണത്?’’

‘‘അയ്യാള് അപ്പ്ടിയാക്കം.’’

കത്തിച്ച സ്റ്റൗ അണഞ്ഞുപോയിരുന്നു.

‘‘അട്പ്പ് കെട്ടാച്ച്, നാമ്പോയി കൊള്ത്തട്ടെ,’’ അവൾ പറഞ്ഞു.

‘‘ഇരിയ്ക്കൂ.’’

ഒരു ചില്ലോട്ടിലൂടെ താഴോട്ടു തറഞ്ഞ വെളിച്ചം ചാന്തുമ്മയുടെ മുഖത്തു വീണു. വിളർത്ത തൊലിയിലൂടെ അതു താഴോട്ടിറങ്ങിയപ്പോൾ ആ മുഖം ചുവന്നു പ്രസരിച്ചു.

‘‘ചാന്തുമ്മേടെ രാവുത്തര് മരിച്ചിട്ട് എത്ര കാലായി?’’ രവി ചോദിച്ചു.

‘‘നാല് വര്ശം.’’ അവൾ മുഖം കുനിച്ചു. ‘‘ഇന്ത ചാന്ത്മുത്തുവെ പെറ്റപോത്—’’

ഒരക്ഷയവടത്തെപ്പോലെ പടർന്നുയർന്നാണ് പോതി [1] യുടെ പുളി നിന്നത്. അതിന്റെ ചോട്ടിൽ ചതുപ്പുപിടിച്ചു കിടന്നത് പണിയ്ക്കൻ പൊട്ടയാണ്. പണ്ട് അവിടെ ഒരു കണിയാരപ്പണിയ്ക്കരും അയാളുടെ മകളും താമസിച്ചിരുന്നുവത്രെ. ഒട്ടകങ്ങൾക്കു വെള്ളം തേടി അവിടെ വന്ന കുപ്പണിപ്പട [2] പെണ്ണിനെ ബലാൽസംഗം ചെയ്തു. പുളിഞ്ചോട്ടിൽ അവളുടെ ശവം കിടന്നു. കിഴക്കൻമലകളിലേയ്ക്കു യാത്ര തുടർന്ന

ചോതറുപട്ടാളക്കാരുടെ തൊകിൽച്ചട്ടകൾക്കുള്ളിൽ കരിന്തേളുകൾ നുഴഞ്ഞുകേറി. പാമ്പുകൾ ഒട്ടകങ്ങളുടെ കണങ്കാലുകളിൽ കൊത്തി. വെള്ളപ്പട കുറ്റിയറ്റു... പണിയ്ക്കത്യാരുടെ പ്രേതം പുളിങ്കൊമ്പിൽ കുടി പാർത്തു. പുളിങ്കൊമ്പത്തെ പോതിയെ ഖസാക്കിലെ ചാരിത്രവത്തികൾ അവരുടെ പരദേവതയാക്കി.

കാലം ചെന്നിട്ടും പുളിമരം ശോഷിച്ചില്ലത്രെ. പിടിച്ചു കേറാനാവാത്ത വണ്ണം അതിന്റെ തടി തിടം വെച്ചു. പ്രാചീനമായ പായലുകൾ അതിന്മേൽ പാടുകൾ വരച്ചു. കൊമ്പുകൾ മാനം മുട്ടുവോളം ഇണർച്ചു പൊങ്ങി. ഇണർപ്പുകളിൽ ഉഗ്ര വിഷമുള്ള പാമ്പെറുമ്പുകൾ കൂടുവെച്ചു. എങ്കിലും അതിന്മേൽ കേറാൻ പേടിയ്ക്കേണ്ടതില്ല. പെണ്ണുങ്ങൾ ചാരിത്രവതികളാണെങ്കിൽ അവരുടെ കെട്ടിയവന്മാരുടെ മുമ്പിൽ പാമ്പെറുമ്പുകൾ മാറിക്കൊള്ളും. പായൽ അവർക്കു വഴുക്കില്ല. പുളിങ്കൊമ്പത്തെ പോതി ചാരിത്ര വതികളെ കാക്കുന്നവളാണ്. എന്നിട്ടും ഖസാക്കിലെ പുളിപറിക്കാർ ആ മരം കേറിയില്ല.

നാലു കൊല്ലം മുമ്പ് ഒരുച്ചയ്ക്ക് ചാന്തുമ്മയുടെ രാവുത്തർ പുളിഞ്ചോ ട്ടിൽ നിന്നുകൊണ്ട് മേലോട്ടു നോക്കി. വിളഞ്ഞ കണ്ടംപോലെ പുളി കായ്ച്ചിരിക്കുന്നു. തെറ്റത്തെ പുളിഞ്ചില്ലകളിൽ മേഘങ്ങൾ വിശ്രമിയ്ക്കുകയാ ണെന്നു തോന്നി. ചൂടിത്തളപ്പിട്ട് അയാൾ പിടിച്ചു കേറി.

പിറ്റേന്ന് ഖസാക്കുകാർ പുളിഞ്ചോട്ടിലെത്തിയപ്പോൾ അയാൾ അവിടെ ചിതറിക്കിടക്കുകയായിരുന്നു. പാമ്പെറുമ്പുകളുടെ വിഷമേറ്റ് കൈയും കാലും തലയും വീങ്ങിയിരുന്നു. മലർക്കെ മിഴിച്ച കണ്ണിലും ഗുഹ്യപ്രദേശത്തും അപ്പോഴും പാമ്പെറുമ്പുകൾ തടിച്ചു പറ്റി നിന്നു. അന്നാണ് ചാന്തുമ്മയുടെ അത്ത ഖസാക്കു വിട്ടത്. അയാൾ ദേശാടകനായി. ആളൊഴിഞ്ഞ മലബെഞ്ചരുവുകളിലൂടെ ഷെയ്ഖിന്റെ മൊഴികൾ പാടിക്കൊണ്ട് തങ്ങളു പക്കീരി നടന്നു.

ആ വൈധവ്യം ചാന്തുമ്മയെ ഒറ്റപ്പെടുത്തി. പോതിയുടെ പുളിയിൽ നിന്നു വീണു ചത്തവന്റെ പെണ്ണ്! പള്ളിയുടെ

അങ്ങേതിലെ പറമ്പിൽ നിന്ന അവരുടെ കുടില് അതിൽപ്പിന്നെ കെട്ടിമേഞ്ഞില്ല. പുതുമഴ വരുമ്പോൾ ഇടിമിന്നലിന്റെ നീലവെളിച്ചമത്രയും അകത്തേയ്ക്കടിച്ചു. അവിടെയാണ് കുഞ്ഞുനൂറു വളർന്നു വലുതാകാൻ അമ്മയും മകളും കാത്തിരുന്നത്...

താഴ്വാരത്തിൽ രവിയും ചാന്തുമ്മയുമിരുന്നു—

സ്റ്റൗവിന്റെ നേരിയ പുക നിശ്ശേഷം ശമിച്ചിരുന്നു. പുറത്ത് കുഞ്ഞുനൂറുവും ചാന്തുമുത്തുവും കളിയ്ക്കുകയായിരുന്നു. അവരുടെ പാട്ടും വിളിയും കേൾക്കാം. ഉച്ചവെയിലിൽ അകലത്തെവിടെയോ, കീലിട്ടിട്ടില്ലാത്ത ഭാരവണ്ടി ച്ചക്രങ്ങളുടെ ഞരക്കം കേൾക്കാം... പുളിമരത്തിന്റെ കഥ പറഞ്ഞു തീർന്നപ്പോൾ ചാന്തുമ്മ മുഖം കുനിച്ചു.

ആ കഥ അവളെക്കൊണ്ടു. പറയിച്ചതിൽ ഇരുണ്ട കൃതാർത്ഥത തോന്നുകയാണ് രവിയ്ക്ക്. അയാൾ ചോദിച്ചു, ‘‘നേരായ്ര്ന്നോ? ഭഗവത്യേ തീണ്ട്യേത്?

ചാന്തുമ്മ മറുപടി പറഞ്ഞില്ല. കഠിനമായ ആക്ഷേപത്തോടെ അവൾ രവിയെ നോക്കി. വീണ്ടും മുഖം കുനിച്ച് അവളിരുന്നു. പെട്ടെന്ന് താടിയ്ക്കടിയിൽ കയ്പ്പടം വെച്ച് രവി ചാന്തുമ്മയുടെ മുഖം പിടിച്ചുയർത്തി. ചാന്തുമ്മ കരയുകയായിരുന്നു. അയാൾ അവളുടെ കണ്ണു തുടച്ചു കൊടുത്തു. കൺതടത്തിൽനിന്ന്, കവിളിൽനിന്ന്, അയാൾ കൈയെടുത്തില്ല. പിന്നെ, അയാളവളെ പിടിച്ചുയർത്തി കട്ടിലിലിരുത്തുകയായിരുന്നു.

ചാന്തുമ്മ കുതറി പിടി വിടീച്ചു. അവൾ കിതച്ചു. താഴ്വാരത്തിന്റെ ചുമരു ചാരിക്കൊണ്ട് അവൾ നിന്നു. അവൾ പറഞ്ഞു, ‘‘ഓഹോ, ഇതാ?’’

രവിയ്ക്കു വല്ലായ്മ തോന്നിയില്ല. കൗതുകം തോന്നി. പുളിങ്കൊമ്പത്തെ പോതിയോടും അവളുടെ പാമ്പെറുമ്പുകളോടും കൃതജ്ഞത തോന്നി.

എത്രനേരം കഴിഞ്ഞെന്ന് രവിയ്ക്കു നിശ്ചയമുണ്ടായിരുന്നില്ല. ചാന്തുമ്മ തിരിച്ചു വന്നു. അവൾ കട്ടിലിലിരുന്നു. രവി അവളുടെ ചുമലിൽ കൈ വെച്ചു.

''ഉങ്കള്ക്ക് തെരിയാത്—''ചാന്തുമ്മ പറഞ്ഞു.

''എന്ത്?'' രവി ചോദിച്ചു.

''ചിന്ന കൊളന്തകളോടെ നോവ്.''

രവിയുടെ കൈ അവളുടെ ചുമലിൽ നിന്നു താഴോട്ടു തടഞ്ഞു. അവൾ ചേർന്നിരുന്നു. മുഖം നിരുന്മേഷമായിരുന്നു.

''ഉമ്മാ!''

കുഞ്ഞുനൂറു താഴ്വാരത്തിൽ വന്നു നില്ക്കുന്നു; ചാന്തുമ്മയും രവിയും എണീറ്റു.

''നാൻ പോണൂ,'' ചാന്തുമ്മ പറഞ്ഞു.

അന്നു ചോറു വെച്ചില്ല.

രവി അലിയാരുടെ പീടികയിൽ ചെന്നു. വെള്ളയപ്പമുണ്ടായിരുന്നു. ഇത്തിരി തണുത്തെങ്കിലും പുളിങ്കള്ളിന്റെ മണവും പുന്നെല്ലിന്റെ മധുരവും.

കുപ്പുവച്ചൻ അപ്പോഴും അത്താണിപ്പുറത്തിരുന്ന് വെയിലുകായുകയാണ്.

''കുപ്പ്വച്ചാ,'' രവി ക്ഷണിച്ചു, ''കൊറച്ച് ചായ കുടിയ്ക്ക്യാ?''

''ആയ്. വേ്ണ്ടാ കുട്ടീ!''

''എന്നാല്ം.''

''കുട്ടി പറയ്യാണെങ്കി സെരി. അലിയാരേ ഒര് വെള്ളേപ്പൂം എട്ത്താണ്.''

വെള്ളയപ്പവും ചായയും അലിയാർ അത്താണിപ്പുറത്തു കൊണ്ടു ചെന്നു നേദിച്ചു. വെള്ളയപ്പവും ചായയും

കഴിഞ്ഞപ്പോൾ കുപ്പുവച്ചന്റെ മുഖം മലീമസമായി.

‘‘നല്ല എളവെയ്ല് കുട്ടീ.’’ കുപ്പുവച്ചൻ പറഞ്ഞു, “മീമ്പടിയ്ക്കാമ്പുഗ്വാ?”

‘‘ഞാനില്ല, കുപ്പ്വച്ചാ.’’

‘‘ഹായ്, അങ്ങനെ പറയാതീ. ചേറമ്മീന് വെയ്ല് കായാമ്പര്ണ് നേരവാണ് കൊളത്തി.’’

‘‘കുപ്പ്വച്ചൻ നടക്കൂ ഞാനില്ല.’’

രവി നെടുവരമ്പിലൂടെ നടന്നു. അപ്പുക്കിളി കയ്തപ്പൊന്തകളുടെ നടുവിൽ തുമ്പി പിടിച്ചുകൊണ്ടു നടക്കുകയായിരുന്നു.

‘‘എ്ത്തോ, തുമ്പി വേണതാ?’’

‘‘മാസ്റ്ററേട്ട ഒന്ന് നടന്ന്ട്ട് വരാട്ട്യോ,’’ അപ്പുക്കിളിയുടെ ഭാരിച്ച തല തൊട്ടുഴിഞ്ഞുകൊണ്ടു രവി പറഞ്ഞു, “വൈകുന്നേരം വര്മ്പൊ ഒര് വല്യ തുമ്പ്യേ കൊണ്ട്വര്ല്ലേ?’’

ചൂടു നഷ്ടപ്പെട്ട വെയില്. കരിമ്പനകളുടെ സീൽക്കാരം. എന്താണു മനസ്സിലൂടെ കടന്നു പോയത്? കരുണ, ആസക്തി, നീരസം, ക്രമൂരമായ ജിജ്ഞാസ, കൃതാർത്ഥത—എന്തായിരുന്നു. അത്? അല്ലെങ്കിൽ അത് എല്ലാമായിരുന്നു. ജന്മാന്തരങ്ങളുടെ ഇളവെയിലിൽ തുമ്പികൾ പറന്ന ലഞ്ഞു. രവി നടന്നു. നെടുവരമ്പ് അറ്റമില്ലാതെ നീണ്ടു കിടന്നു.

---

1 ചെക്കന്ന്.

2 ചെക്കൻ വലുതാവട്ടെ.

1 ഭഗവതിയുടെ

2 ഈസ്റ്റിന്ത്യാക്കമ്പനിയുടെ വെള്ളപ്പട.

15. അവശിഷ്ടങ്ങൾ

ചെത്തുകാരൻ കുപ്പുവിനെ ചാന്തുമ്മ ഓർത്തിരിയ്ക്കാനിടയില്ല. ശിവരാമൻ നായരുമോർത്തില്ല. ഖസാക്കിലാരുംതന്നെ ഓർത്തില്ല. കുപ്പുവച്ചനുപോലും ആ ഓർമ്മ അന്യവും അകന്നതുമായി തോന്നി. എന്നാൽ പകയോടെ ഒന്നു മാത്രം കുപ്പുവച്ചൻ ഓർത്തു. പതിനഞ്ചു കൊല്ലം മുമ്പ് ഒരു ദിവസം. വെയിലു താണിട്ടില്ല. കുപ്പുവച്ചന്റെ കള്ളുഷാപ്പിൽ അന്ന് തിരക്കുണ്ടായിരുന്നില്ല. ഒരു പണ്ടാരനും അപരിചിതനായ ഒരു വഴിപോക്കനും മാത്രം പഴങ്കള്ളു മോന്തിക്കൊണ്ടിരുന്നു. പുറത്ത് കട്ട വിണ്ടു കിടന്ന പാടങ്ങളിൽ മരീചികയുണ്ടായിരുന്നു. അകായിൽ കല്യാണിയുടെ പാദസരം കിലുങ്ങിയിരുന്നു.

തപാൽക്കാരൻ കേളുമേനോൻ വയലു മുറിച്ചു വരുന്നത് കുപ്പുവച്ചൻ ദൂരെനിന്നേ കണ്ടു. മാസത്തിൽ രണ്ടുതവണയാണ് കേളുമേനോൻ വരാറ്. പഴയ പത്രങ്ങളും ഒരുപാടു വർത്തമാനവുമായാണ് കേളുമേനോൻ വരുക. വന്നാൽ ഒന്നോ രണ്ടോ ദിവസം താമസിയ്ക്കുകയും ചെയ്യും.

ഒരു പാത്രം വെള്ളക്കള്ളും രണ്ടു ചാൺ ചാക്കണ * യുമായി മേനോൻ ഇരുപ്പുറപ്പിച്ചു. എന്നിട്ട്, ആവതും മയപ്പെടുത്തി, മദ്യനിരോധത്തിന്റെ വർത്തമാനം കുപ്പുവച്ചനെ ധരിപ്പിച്ചു.

കുപ്പുവച്ചൻ ഒന്നും പറഞ്ഞില്ല. പ്രതികരണമുണ്ടായിരുന്നില്ല.

മദ്യനിരോധം വന്നു. കൊഴണിശ്ശേരിയധികാരി പറഞ്ഞയച്ച ഒരു തോൽ ക്കൊല്ലൻ അവിടെ വന്നു കൊട്ടിയറിയിച്ചു. എന്നിട്ടും കുപ്പുവച്ചൻ ഒന്നും പറഞ്ഞില്ല. ഷാപ്പു മൂടിയില്ല. ദിവസവും രാവിലെ തഴമ്പു പിടിച്ച മാറിൽ മാറുതാലി കെട്ടി അയാൾ പനകേറി. അരുതെന്നു പറയാൻ ഖസാക്കിലാരും ധൈര്യപ്പെട്ടില്ല.

മൂന്നു നാലു ദിവസം കഴിഞ്ഞ് ഒരു വൈകുന്നേരം കുപ്പുവച്ചനും മാധവൻ നായരും പനങ്കാട്ടിലൂടെ നടന്നു.

''കുപ്പ്വച്ചാ, ഇത് പറ്റില്ല.''

''ഉം—''

''ഷാപ്പ് പൂട്ടാണ്ടിര്ന്ന്ട്ട് കാരിയൂല്ല, കുപ്പ്വച്ചാ.''

കുപ്പുവച്ചൻ സംസാരിച്ചു; അത്രയും ദിവസങ്ങളിലാദ്യമായി സംസാരിയ്ക്കുകയാണ്.

''അങ്ങന്യാണ് നീ പറയിണത്, കുട്ടിമൂത്താരേ?''

"എന്നെ വേണ്ടീട്ട്—കുപ്പ്വച്ചൻ ഷാപ്പ് പൂട്ടണം.''

''ഉം—''

ചെമ്മാനം ഇരുളാൻ തുടങ്ങിയിരുന്നു. പനന്തടികളിൽ ചൂടുണ്ട്. ഒരു പന ചാരി നിന്നുകൊണ്ട് കുപ്പുവച്ചൻ പറഞ്ഞു, ''മായാണ്ടി എന്നോടെന്താ പറഞ്ഞ്ന്ന് നിയ്ക്കറിയോ, മാതവാ?''

''ങ?''

''കള്ളക്കാച്ച് തൊടങ്ങാൻ. ഫാ!''

''പോട്ടെ, കുപ്പ്വച്ചാ.''

''പുക്ഷ്ഏ? നാനവനെ—''

കുപ്പുവച്ചൻ ക്ഷോഭിച്ചിരുന്നു. ശാന്തനും അതികായനുമായ ആ മനുഷ്യൻ ഭാവം പകരുന്നതു മാധവൻനായർ കൗതുകത്തോടെ നോക്കിക്കണ്ടു. പിന്നെ, പനങ്കാറ്റ് കുപ്പുവച്ചനെ തണുപ്പിച്ചെന്നു. തോന്നി. മാധവൻനായർ പറഞ്ഞു, ''മറക്കീ, കുപ്പ്വച്ചാ.''

പനകേറ്റക്കാരന്റെ ഇതിഹാസം അങ്ങനെ മറന്നുപോയി... പണ്ട്, പറന്നു പറന്ന് ചിറകുകടയുന്ന നാഗത്താന്മാർ പനങ്കുരലിൽ മാണിക്യമിറക്കിവെച്ചു ക്ഷീണം തീർക്കാറുണ്ടായിരുന്നു. നാഗത്താന്മാർക്കായി പനകേറ്റക്കാരൻ കള്ളു നേർന്നുവെച്ചു. പനഞ്ചോട്ടിലാകട്ടെ, അവൻ കുലദൈവങ്ങൾക്കു തെച്ചിപ്പൂ

നേർന്നിട്ടു. ദൈവങ്ങളെയും പിതൃക്കളെയും ഷെയ്ഖ് തമ്പുരാനെയും സ്മരിച്ചേ പന കേറുകയുള്ളു. കാരണം, പിടിനിലയില്ലാത്ത ആകാശത്തിലേയ്ക്കാണ് കേറിപ്പോകുന്നത്. പനമ്പട്ടകളിൽ ഇടിമിന്നലും കാറ്റുമുണ്ട്. പനയുടെ കൂർത്ത ചിതമ്പലുകളിലാണെങ്കിൽ തേളുകളുണ്ട്. ആ ചിതമ്പലുകളിലുരഞ്ഞു പനകേറ്റക്കാരന്റെ കൈയും മാറും തഴമ്പു കെട്ടും. ആ തഴമ്പുകൾ കണ്ടാണ് പെണ്ണുങ്ങൾ ആണിനെയറിഞ്ഞത്. കെട്ടിയവന്മാർ പനങ്കാട്ടിലേയ്ക്കു പോയാൽ ഉച്ചയ്ക്ക് പെണ്ണുങ്ങൾ ചപ്പലടിക്കാൻ പോകും. ചപ്പലു കത്തിച്ചാണ് കള്ളുകാച്ചി ചക്കര കുറുക്കുക. മാന്തോപ്പിലും തേക്കിൻകാട്ടിലും ചപ്പലടിയ്ക്കുമ്പോഴാണ് ലോകവർത്തമാനവും പരദൂഷണവുമൊക്കെ. അട്ടിയട്ടിയായുറങ്ങുന്ന ചപ്പലുകളെ ചൂലു കൊണ്ടു ചികയാൻ പെണ്ണുങ്ങൾ പേടിച്ചില്ല. ചപ്പലിനകത്തെ വിഷത്താന്മാർ ചാരിത്രവതികളെ കൊത്തില്ല. അഥവാ, എന്നെങ്കിലുമൊന്നു. പിഴച്ചുപോയെങ്കിൽ ഖസാക്കിലെ സർപ്പശിലകളിൽ ആരുമറിയാതെ ഒരു തുളസിയില വെച്ചേ അവർ ചപ്പലടിയ്ക്കാൻ ചെന്നുള്ളു. ഒറ്റപ്പനകളുടെ ചോട്ടിലും അവർ 'തെറ്റു' വെച്ചു. കാരണം, കരിമ്പനയ്ക്ക് കാണാൻ വയ്യാത്തതൊന്നുമില്ല. പണ്ടുപണ്ടൊരു കാലമുണ്ടായിരുന്നു: പുള്ളുവന്റെ പാട്ടുകൾ ഇന്നുമാ കാലത്തെയോർക്കുന്നു. അന്ന് പന കേറേണ്ടതില്ലായിരുന്നു. ചെത്തുകാരനു വേണ്ടി കരിമ്പന കുനിഞ്ഞു കൊടുത്തു. ചെത്തുകാരന്റെ പെണ്ണു പിഴച്ചതിൽപ്പിന്നെയാണ് അതു കുനിയാതെയായത്.

കുപ്പുവച്ചന്റെ കല്യാണി യാക്കരക്കാരിയാണ്. സാമാന്യം ഭേദപ്പെട്ടൊരു കുടിയാന്റെ ഏഴാമത്തെ മകളായിരുന്നു അവൾ. യാക്കരത്തോടിന്റെ വക്കത്തോളമെത്തുന്ന വലിയ മുറ്റമാണ് അവളുടെ അപ്പന്റെ വീട്ടിൽ. ചുറ്റിലും മാവും ചീതാറവും കായ്ച്ചുനിന്ന കറ്റക്കളമാണ്. നാലരക്കന്ന് തളഞ്ഞു നിന്ന തൊഴുത്താണ്. പുല്ലുവട്ടിയ്ക്കരികെ അവൾ ചെന്നു നിന്നാൽ മതി, പോത്തുകൾ മുക്രയിടും. പക്ഷെ, ആറു സ്ത്രീധനങ്ങൾ

കൊടുത്തു തീർന്നതോടെ ഇതൊക്കെ കടം പറ്റി. അങ്ങിനെയാണ് ഒരു പനകേറ്റക്കാരന്റെ കുടിയപ്പാട്ടിലേയ്ക്ക് കല്യാണി വന്നത്. വരുമ്പോൾ അവൾക്കു പതിന്നാലു വയസ്സാണ്. പതിന്നാലു പത്തിന്റെ തൻേറടവും. പടി കടന്നു വലതുകാൽ അകത്തു കുത്തുമ്പോൾ ചനുപിനെ മഴയായിരുന്നു. കോഴിയ്ക്കു ചിനക്കാൻ പോലുമിടമില്ലാത്ത മുറ്റം കണ്ടപ്പോൾ അവൾക്കു കരച്ചിൽ വന്നു. ഇത്തിക്കണ്ണി പറ്റിയ പുളിമരത്തിന്റെ കാനലു വീണ് അവിടം ചതുപ്പായിത്തീർന്നിരുന്നു. കല്യാണി കണ്ണീരു തുടച്ചു കളഞ്ഞു. പന കേറി നന്നായവർ പലരുമുണ്ട്. കണ്ടവും കൃഷിയുമെടുത്തവരുണ്ട്. ഷാപ്പുകൊണ്ടു മുതലാളി മാരായവരുണ്ട്. കല്യാണം കഴിഞ്ഞതിന്റെ രണ്ടാം കൊല്ലം അവൾ പറഞ്ഞു, ''പിന്നേ, നിങ്ങ ഇത്തിരി ക്റിഴി ഏറ്റെട്യ്ക്കീ.''

കുപ്പുവച്ചൻ ഇരുപതു പറയ്ക്കു നിലം പാട്ടത്തിനെടുത്തു. ആദ്യത്തെ കൊയ്ത്തു കഴിഞ്ഞ് പാട്ടമളക്കാൻ ചെന്നപ്പോൾ ജന്മി മര്യാദയില്ലാതെ സംസാരിച്ചു. കുപ്പുവച്ചൻ ഒന്നടിച്ചതേയുള്ളു. ജന്മി അനവധി കാലം ചികിത്സയിലായി. അങ്ങിനെ കൃഷി അവസാനിച്ചു. കുപ്പുവച്ചൻ കള്ളുഷാപ്പു വിളിച്ചെടുത്തു. കല്യാണി വീണ്ടും ആശിച്ചു. മുട്ടിപ്പാനികളിൽ കള്ളും ചക്കരപ്പാവും നിറയുമ്പോൾ എന്തെങ്കിലും മിച്ചം വരും. പക്ഷെ, മിച്ചം വന്നില്ല. എങ്കിലും കാലം ചെല്ലുന്തോറും അവൾ ആ മുട്ടിപ്പാനികളെ സ്നേഹിച്ചു. അവിടെ കുടിയ്ക്കാൻ വരുന്നവർ അവളുടെ മുലക്കുഞ്ഞുങ്ങളാണെന്ന് അവൾക്കു തോന്നി...

ഷാപ്പു പൂട്ടിയിട്ട് ദിവസങ്ങളായി. ഒരു രാവിലെ കുപ്പുവച്ചൻ വഴുകത്തളയും കൈയിലെടുത്ത് പനങ്കാട്ടിലേയ്ക്കു നടന്നു. മാറുതാലി കെട്ടിയിട്ടുണ്ട്. ഇടുപ്പിൽ ചേറ്റുകത്തിയുണ്ട്.

കൈതപ്പൊന്തയുടെ മറവിൽ കുന്തിച്ചിരുന്ന മൊല്ലാക്ക വിളിച്ചുചോദിച്ചു, "എങ്കെപ്പോറത്. കുപ്പോ?''

കുപ്പുവച്ചൻ ഒരു നിമിഷം ശങ്കിച്ചെന്നു. തോന്നി. പിന്നെ പറഞ്ഞു, ''പട്ട വെട്ടാൻ.''

ചെത്തുകാരന്റെ വേഷം കെട്ടി പനങ്കാട്ടിലേയ്ക്കു നടക്കുകയാണ്. വിഷാദത്തോടെ അതു നോക്കി മൊല്ലാക്ക

ഇരുന്നു. കാലിൽ തളപ്പിട്ട് കുപ്പുവച്ചൻ പനകേറാൻ തുടങ്ങി. കേറിക്കേറിയുയർന്നു. കാട്ടുതുളസിയുടെ മണമുള്ള കിഴക്കൻകാറ്റ്. കോടയിറങ്ങി നിന്നിരുന്നു. അതും കടന്ന് അയാൾ മേലോട്ടുയർന്നു. പട്ടത്തണ്ടിൽ കാലുകളിരുവശവുമിട്ട് കുപ്പുവച്ചൻ ഇരുന്നു.

കല്യാണി മുട്ടിപ്പാനികളെ പൊടി തട്ടി വെച്ചു. കള്ളിന്റെ മണം മാറിയിട്ടില്ല. ദാഹം ശമിയ്ക്കുവോളം അവൾ ആ മണമുൾക്കൊണ്ടു. പരിയമ്പുറത്തു ചെന്നുനിന്ന് അവൾ അകലേയ്ക്കു നോക്കി. കരിമ്പനകൾ ഇരുവശവും വളർന്നു നിന്ന നെടുവരമ്പിലൂടെ. യാക്കരയിലെ തോട്ടുപാലവും കറ്റക്കളവും ചീതാറമരങ്ങളും കൺമുന്നിലുയരുകയായി. കല്യാണി അകായിലേയ്ക്കു തിരിച്ചുവന്നു. ആരുമില്ല. അവളുടെ മകൻ കിഴക്കെവിടെയോ ചായത്തോട്ട ത്തിലാണ്. അവൾ പെട്ടി തുറന്നു. പൊതിഞ്ഞ കാപ്പും കാലേയരയ്ക്കാൽ പവന്റെ പതക്കവും പണയത്തിലാണ്. സാരമില്ല. ശേഷിച്ച മെഞ്ചിയും മോതിരവും വെള്ളിപ്പാദസരവും അവൾ വെറ്റിലവട്ടിയിൽ തിരുകി നിറച്ചു. മുറ്റത്തിറങ്ങി അവൾ ഇത്തിരി നേരം നിന്നു. മുറ്റത്തു കാനലു വീണു പായൽ പിടിച്ചേടം അവളുടെ കണ്ണുകൾ വീണു. എന്തെല്ലാമോ ഓർമ്മകളുണ്ടായി. കൂടുതലോർമ്മിയ്ക്കാൻ നില്ക്കാതെ കല്യാണി ഖസാക്കു വിട്ടു...

ഇക്കാലത്താണ് എസെൻസുകൾ പാലക്കാട്ടു പ്രചരിയ്ക്കാൻ തുടങ്ങിയത്, പച്ചയും ചുകപ്പുമായ ഈ ദ്രാവകങ്ങൾ ഔൺസു കണക്കിൽ അളന്നായിരുന്നു വില്പന. ഖസാക്കുകാർ അതുകാരണം അവയെ അവിണീശെന്നു വിളിച്ചു. ഖസാക്കുകാരൻ മായാണ്ടി ഏറെത്താമസിയാതെ എസെൻസു വില്പന തുടങ്ങി. ചിലർക്കൊഴിച്ചാൽ ഖസാക്കുകാർക്കു പൊതുവെ അവിണീശ് ഇഷ്ടപ്പെട്ടില്ല. മണവും നിറവും ശരിയല്ല. ശർക്കരവെള്ളം നുരപ്പിച്ചു കള്ളാക്കുന്നതു പഴക്കമുള്ള മറ്റൊരു സമ്പ്രദായമായിരുന്നു. നുരപ്പന് ഏതാണ്ട് വെള്ളക്കള്ളിന്റെ സ്വാദുണ്ട്. ലഹരി കുറയുമെന്നേയുള്ളു. തേരട്ടയും

മിന്നാമിനുങ്ങും ചതച്ചുചേർത്തപ്പോൾ നുരയ്ക്കു വീര്യം കൂടി. കള്ളുകാരുടെ കുട്ടികൾ നാടാകെ തേരട്ടനായാട്ടിനിറങ്ങി. പാലക്കാട്ടെ പ്രാഥമിക വിദ്യാലയങ്ങളിൽ ഹാജരു കുറഞ്ഞു. പതിനഞ്ചു കൊല്ലം കഴിഞ്ഞിട്ടും നായാട്ടു നിന്നില്ല. നാലു ദിവസമായി ചാമുണ്ണിയോ നാകേലനോ വരാത്തതെന്തെന്നു. രവി ചോദിച്ചാൽ മറ്റു കുട്ടികൾ പറയും, ''ചേരട്ട പ്ടിയ്ക്കാമ്പോയി, സാർ!'' വെള്ളക്കള്ളിന്റെ സ്ഥാനം ഏറക്കുറെ നുരപ്പൻ പിടിച്ചുപറ്റി. നുരപ്പൻ വാറ്റിയാലാകട്ടെ, പണ്ടെപ്പോലെ ശുദ്ധിയുള്ള ചാരായവും കിട്ടാനുണ്ടായിരുന്നു.

പലരും പുതിയ കൂട്ടുകൾ പരീക്ഷിച്ചുകൊണ്ടിരുന്നു. തലയോടു പൊട്ടിച്ചു ചേർത്താൽ നന്നെന്ന് ഒരു പല്ലശ്ശേനക്കാരൻ പറഞ്ഞു. അമോണിയം സൽഫേറ്റു ചേർത്താൽ ഉഗ്രമാണെന്ന് ഖസാക്കുകാരൻ ചാത്തേലൻ കണ്ടു പിടിച്ചു. കൃഷിവകുപ്പുകാർ വിതരണം ചെയ്യുന്ന സൽഫേറ്റ് എത്ര വേണമെങ്കിലും കിട്ടാനുണ്ട്. പക്ഷെ, 'ചളുവട്ടിന്' ഒരു തരക്കേടേയുള്ളു. നുരപ്പനിൽ അതിന്റെ തോത് അല്പം കൂടിപ്പോയെങ്കിൽ ഉടനെ 'ശങ്ക' തോന്നുകയായി. നിമിഷങ്ങൾക്കകം മറവന്വേഷിച്ച് പറമ്പിലിരുന്നേ പറ്റൂ. ഒരു കൂമൻകാവുകാരൻ പിന്നെയുമാരാഞ്ഞു. ലഹരി ഒരു തരം കറന്റാണെന്ന് അയാൾ സമർത്ഥിച്ചു. അങ്ങിനെ ഒടുവിൽ പാലക്കാട്ടു ചെന്ന് പഴയൊരു മോട്ടോർ ബാറ്ററിയിൽ നിന്ന് ഗാന്ധികാമ്ലം ചോർത്തിയെടുത്തു നുരപ്പനിൽ കലക്കി. എട്ടു കൂമൻകാവുകാർ കുടലെരിഞ്ഞു ചത്തു. ഒമ്പതാമത്തെ ഖസാക്കുകാരൻ ചാത്തൻ ഒരു മാസത്തെ ചികിത്സയ്ക്കു ശേഷം ഉയിർത്തു ഖസാക്കിലെത്തി. ഇവൻ പില്ക്കാലത്തു 'പരലോകം കണ്ട ചാത്തൻ' എന്നറിയപ്പെട്ടു.

കുടിലിന്റെ മൺചുമരിൽ ആണിയറഞ്ഞ് മാറുതാലിയും ചേറ്റു കത്തിയും കുപ്പുവച്ചൻ അവിടെ തൂക്കിയിട്ടു. ഏറെ താമസിയാതെ വലിയ കറുത്ത ചിലന്തികൾ അതിനടിയിൽ പറ്റിയിരിപ്പായി. രണ്ടും മൂന്നും ദിവസമടുപ്പിച്ച് അവിടെ അടുപ്പു പുകയില്ല. പിന്നെ കുടിലിന്റെ ഏകാന്തയിൽനിന്ന് വെളിമ്പുറങ്ങളുടെ ഏകാന്തതയിലേയ്ക്കു കുപ്പുവച്ചൻ നടന്നു. ചിലപ്പോൾ ചെതലി വരെ നടന്നു. അല്ലെങ്കിൽ മലങ്കാറ്റുകൊണ്ട്

വെളിമ്പുറങ്ങളിലിരുന്നു. അങ്ങനെ തനിച്ചിരുന്നാൽ ഓർത്തുപോവുക കല്യാണിയുടെ വീടിനെക്കുറിച്ചാണ്. അവളുടെ അപ്പനുമമ്മയും മരിച്ചുപോയ്ക്കഴിഞ്ഞിരുന്നു. അറയിൽ ഒരു മൂലയിൽ കൂനിയിരുന്ന ഒരു മുത്തി മാത്രമുണ്ട് ആ വീട്ടിൽ. ഒരു തുവർത്തുമാത്രം ചുറ്റി യാക്കരത്തോട്ടിൽ കല്യാണി കുളിച്ചു നില്ക്കുന്നത് കുപ്പുവച്ചനോർത്തു. തുവർത്തു മാത്രം ചുറ്റി, നാരായണിയമ്മയെപ്പോലെ. ഓട്ടുകമ്പനിയിൽ പണിയെടുക്കാൻ വരുന്നവർ ആ കടവിൽത്തന്നെ കുളിയ്ക്കാനിറങ്ങുന്നതും സന്ധ്യമയങ്ങെ ആണില്ലാത്ത ആ വീട്ടിനുമുമ്പിൽ ചുറ്റിക്കറങ്ങുന്നതും അയാളോർത്തു... വീട്ടിൽ തിരിച്ചുചെന്ന് ഉറങ്ങാൻ കിടന്നാലും അതുതന്നെയാണ് മനസ്സിൽ. പിന്നെപ്പിന്നെ മറ്റെല്ലാംതന്നെ കുപ്പുവച്ചന്റെ മനസ്സിൽനിന്നകന്നു. ഒറ്റത്തുവർത്തു ചുറ്റി കല്യാണിമാത്രം അവിടെ നീരാടി. പുറത്ത് മഞ്ഞും കാറ്റും നിറയുമ്പോൾ കുപ്പുവച്ചൻ പായിൽ കമഴ്ന്നു കിടന്നു. അങ്ങിനെ കൊല്ലം പതിനഞ്ചു കഴിഞ്ഞു.

ഖസാക്കിലെ അത്താണിപ്പുറത്ത് കുപ്പുവച്ചൻ പ്രത്യക്ഷപ്പെടുന്നു. നെറ്റിയിലേയ്ക്കു വീഴുന്ന നരപടർന്ന ചെമ്പൻമുടിയും കോട്ടുപല്ലുകൾ കൊഴിഞ്ഞ് ഒട്ടിപ്പിടിച്ച കവിളുമുതൽ കവിളുവരെ പടരുന്ന ചിരിയുമായി കുപ്പുവച്ചൻ അവിടെ കുന്തിച്ചിരുന്നു. എന്നുതൊട്ടാണ് കുപ്പുവച്ചനെ അത്താണിപ്പുറത്തു കണ്ടുതുടങ്ങിയതെന്ന് ഖസാക്കുകാർക്കു പറഞ്ഞുകൂടാ. എന്നും അവിടെ ത്തന്നെയിരുന്നിരിക്കണം. കഴിഞ്ഞകാലങ്ങളെ ബന്ധിച്ച കണ്ണികളത്രയും അറ്റുപോയിരുന്നു.

തല കാൽമുട്ടുകൾക്കിടയിലേയ്ക്കിറക്കിവെച്ച് മെലിഞ്ഞൊട്ടിയ കൈകൾ സ്വസ്തികാബദ്ധമാക്കി, വലതുകൈപ്പടം മുറുകെ അടച്ചുപിടിച്ച് കുപ്പുവച്ചൻ അത്താണിപ്പുറത്തിരുന്നു. വരുന്നവർ ആരായാലും കുപ്പുവച്ചൻ കുശലം ചോദിച്ചുകൊള്ളും. ചിലപ്പോൾ, ആ ക്ഷണം നിരസിയ്ക്കപ്പെടുമെന്ന പൂർണ്ണ ബോദ്ധ്യമുണ്ടെങ്കിൽ, അത്താണിപ്പുറത്തു നിന്ന് ചായപ്പീടികയിലേയ്ക്ക് വിളിച്ചുപറയും,

‘‘നമ്മണ്ടെ കണക്കി ഒര് കോട്ടറ് കൊടുത്താണ്.’’ അല്ലെങ്കിൽ, കൈ മടക്കിപ്പിടിച്ച് ഇടുതലയിട്ട് ഓരോ അടിയും അളന്നു മുറിച്ചുവച്ച് പതുക്കെ നടുപ്പറമ്പിലൂടെ നീങ്ങുമ്പോൾ ആരെയെങ്കിലും എതിരു മുട്ടിയാൽ പറഞ്ഞു തുടങ്ങും, ‘‘നീയ് കേട്ടോന്ന്ം, കുട്ടീ? നമ്മ പറയാമ്പഴ്തില്ലാത്തതാണ്. എന്നാല്ം അയ് മേഷ്ടര് ചെക്കൻ എവ്ടന്നാ പാല് വാങ്ങ്ണ്ന്നറിയോ? അയ് തൂങ്ങിച്ചത്ത നാകുമണിന്റെ മക്ള് ലഷ്മിന്റട്ത്ത്ന്ന്. പിന്നെ, നമ്മണ്ടെ പങ്ങേലന്റെ പെണ്ണിന് മാസം പത്താണ്. പങ്ങേലൻ എന്നാണ് മലയ്ക്കു പോയത്? ഇന്നെയ്ക്കി മാസം പതിനൊന്നായിലേ? നമ്ക്കെന്ത് പറയണ്ട കാരിയം!’’

ഈ പറഞ്ഞുതീരുന്നതിനിടയിൽ കുപ്പുവച്ചൻ നിലത്തിരുന്നുപോകും. ഇരുന്നാൽ തല, കയ്യ്, കാല്, ഇവയത്രയും അതതിന്റെ സ്ഥാനത്തു ചെന്നു പെടുകയും ചെയ്യും.

ശിവരാമൻനായർ ചാന്തുമ്മയുടെ കാര്യത്തിൽ രവിയെ അധിക്ഷേപിച്ച തിന്റെ പിറ്റേന്ന് മാധവൻനായർ കുപ്പുവച്ചനോടു ചോദിച്ചു, ‘‘തന്തേ, കയ്യ്ം മടക്കി മ്ണ്ടാണ്ട് ര്ന്നാ പോരേ?’’

മാധവൻനായർ അലിയാരുടെ പീടികയിൽ ചായ കുടിച്ചുകൊണ്ടിരിയ്ക്കുകയായിരുന്നു.

‘‘ഹായ്, ഹായ്! എന്തേ മാതവാ?’’ അത്താണിപ്പുറത്തുനിന്ന് കുപ്പുവച്ചൻ തടുത്തു.

‘‘എന്താ കയ് നൂർത്ത്വോ?’’

‘‘ഛായ്! നല്ല കാരിയം!’’ അലിയാർ പറഞ്ഞു, ‘‘കയ് നൂർത്ത്യാ കുപ്പ്വച്ചൻ പറന്നാളയില്ലെ!’’

‘‘ശെരി,’’ മാധവൻനായർ പറഞ്ഞു, ‘‘ഒരാപ്പ് ചായ കുടിയ്ക്കീ.’’

‘‘ത്തിരി മുറ്ക്ക്ം താടാ നായര്കുട്ട്യേ.’’

‘‘ദെന്താദ്, അപ്പുക്കിളിയോ?’’

‘‘ത്തിരി മുറ്ക്ക് തിന്നാന്തോന്ന്ണ്ടാ.’’

അലിയാർ ചായയും മുറുക്കും അത്താണിപ്പുറത്തു വെച്ചുകൊടുത്തു. മുറുക്കു പൊട്ടിയ്ക്കാൻ ഒരു കല്ലും കൊടുത്തു.

‘‘അവടെ പിണ്ണംവെച്ച് കയ്കൊട്ട്, അലിയാരേ,’’ മാധവൻനായർ പറഞ്ഞു, ‘‘വന്ന് കൊത്തട്ടെ.’’

കൂർത്തുനീണ്ട കഴുകൻകൊക്കിനടിയിൽ അശ്ലീലമായൊരു ചിരി പടർന്നു. കുപ്പുവച്ചന്റെ മനസ്സു നൊടിനേരത്തേയ്ക്ക് ഉഗ്രമായുണർന്നു... എന്തൊക്കെയോ കുപ്പുവച്ചനോട് എടുത്തു ചോദിയ്ക്കണമെന്ന് മാധവൻ നായർ കരുതിയതായിരുന്നു. മറിച്ച്, ഏതോ ഓർമ്മയിൽ അയാളും സ്വയം നഷ്ടപ്പെട്ടു. ആ ഓർമ്മയിൽ പതിനഞ്ചു കൊല്ലം മുമ്പത്തെ ആ വൈകുന്നേ രവും പനങ്കാടും കള്ളക്കാച്ചുകാച്ചാനുപദേശിച്ച് തന്റെ ധർമ്മത്തെ കളങ്കപ്പെടുത്തിയ മായാണ്ടിയെ കൊല്ലാൻ നിന്ന ചെത്തുകാരൻ കുപ്പുവുമെല്ലാം തെളിഞ്ഞോ ആവോ. അത്താണിപ്പുറത്ത് അപ്പോഴുമിരുന്ന് കുപ്പുവച്ചൻ മുറുക്ക് കുത്തിപ്പൊടിച്ചു. പീടികയ്ക്കകത്ത്, അലിയാർ മാധവൻനായരോടു പറയുകയായിരുന്നു, ‘‘ഒര് ബിശയം. അറബിക്കൊളത്തി ഏറ്റ്മീന് കയിരിയിരിയ്ക്ക്റത്. പുഗ്ഗ് ഇന്ന് രാത്തിരി?’’

‘‘ഓ, രെഡി, പുഗ്ഗ്!’’ അത്താണിപ്പുറത്തുനിന്ന് ഉന്മേഷം നിറഞ്ഞ മറുപടി വന്നു.

പുറത്തേയ്ക്കു നോക്കിക്കൊണ്ട് അലിയാർ പറഞ്ഞു, ‘‘എത്ക്ക്, കെഷവാ, വയ്യാതകാലത്തി? ആര്ന്റെ മണ്ടീലാണ് മെ്ളകരയ്ക്കാൻ ന്ം നെനച്ച് കയ്യ്ംമടക്കി കുത്ത്ര്ന്നാപ്പോരേന്ം?’’

‘‘മീമ്പിടിയ്ക്ക്മ്പൊ എങ്ങന്യായാല്ം മെളകരയ്ക്കണ്ടേ അലിയാരേ?’’ മാധവൻനായർ പറഞ്ഞു.

ആരെക്കുറിച്ചും ഒന്നും പറയാനില്ലാത്തപ്പോൾ കുപ്പുവച്ചൻ മീൻ പിടിയ്ക്കാനിറങ്ങും. ഒറ്റലുംകൊണ്ട് തോട്ടിലും ചേറ്റിലും ഞാറക്കൊറ്റിയെപ്പോലെ കൊക്കിനടക്കുന്ന കുപ്പുവച്ചനെ വെട്ടിച്ചുപോകാൻ പരൽമീനുകൾക്കു പോലും

വിഷമമമുണ്ടായിരുന്നില്ല. ജീവനും ഓജസ്സുമുള്ളതത്രയും തന്നെ വെട്ടിച്ചു കടന്നുകളയുന്നു. എങ്കിലും മീൻപിടുത്തം ഒരാശ്വാസമാണ്. വെള്ളത്തിലും ചേറ്റിലും നിഴലിച്ചുകണ്ട ആകാശത്തിനു മീതേ സഞ്ചരിക്കുമ്പോൾ, ശക്തവും സമൃദ്ധവുമായൊരു ജീവിതത്തിന്റെ മങ്ങിയ ഓർമ്മകൾ പരൽമീനുകളെപ്പോലെ കുപ്പുവച്ചനെ തൊട്ടും ഉരസിയും കടന്നു പോയി.

അന്നു സന്ധ്യയ്ക്ക് കുപ്പുവച്ചൻ സ്കൂളിൽ ചെന്നു.

''മേഷ്ടരേ,'' അയാൾ പറഞ്ഞു, ''ന്ന് രാത്തിരി ഊണ്. നമ്മണ്ടവടെ.''

''ഞാനിവിടെ ചോറ് വെച്ചൂലൊ,'' രവി പറഞ്ഞു.

''അയ്, അദ് പോട്ടെ. നമ്മണ്ടവടെ മീങ്കറിയാണ്.''

കുപ്പുവച്ചന് നിർബ്ബന്ധമായി. ഒടുവിൽ രവി സമ്മതിച്ചു.

കുപ്പുവച്ചന്റെ വീടെത്തിയപ്പോഴേയ്ക്കും വിളക്കുകൾ തെളിഞ്ഞിരുന്നു.

''വാടീ, വാടീ, ഉണ്ണിപ്പെണ്ണേ,'' കുപ്പുവച്ചൻ അകായിലേയ്ക്കു വിളിച്ചു, ''ദാരാണ് വിര്ന്നാര് വന്നടക്ക്ണ് നോക്ക്.''

കച്ചമുറി ചുറ്റി ബോഡീസ് മാത്രമിട്ട ഒരു ചെറുപ്പക്കാരി തിണ്ണയിൽ വന്നു നിന്നു.

''നമ്മണ്ടെ മര്മക്ളാണ്, മകന്റെ പെണ്ണ്,'' കുപ്പുവച്ചൻ കേശിയെ പരിചയപ്പെടുത്തി.

കേശി ചെമ്പുകിണ്ടിയിൽ വെള്ളം കൊണ്ടുവന്നു വെച്ചു. രവിയും കുപ്പു വച്ചനും കാലുകഴുകി തടുക്കപ്പായകളിലിരുന്നു.

''കുട്ടീ, ത്തിരി അവ്ണീശായാലോ?''

''എനിയ്ക്ക് വിരോധല്യ.''

കുപ്പുവച്ചന്റെ ആതിഥേയത്വത്തിന് രവി തയ്യാറെടുക്കുമ്പോഴാണ് കുപ്പുവച്ചൻ പറഞ്ഞത്, ''രണ്ടുറുപ്യന്റെ

കാശ്ണ്ടാന്നല്ല മേഷ്ടര്ന്റെ കയ്യീ? ഞമ്മ്ള് പോയി അവ്ണീശ് വാങ്ങിക്കൊണ്ട് വന്നാളയാ.''

ചില്വാനം മേടിച്ച് കുപ്പുവച്ചൻ പുറത്തിറങ്ങി.

തടുക്കപ്പൊായ നീക്കിയിട്ട് കേശി രവിയുടെ അരികെ വന്ന് ഇരുന്നു.

''എപ്പള്ം പറയ്ം, അപ്പൻ,'' അവൾ സംഭാഷണം തുടങ്ങി, ''ഒര് തെവസം ഉണ്ണ്ണാമ്പിളിയ്ക്കണെംന്ന്.''

രവി എന്തോ ഭംഗിവാക്കു പറഞ്ഞു.

''കേശീടെ ഭർത്താവ് ഏർക്കാട്ടിലോ മറ്റോ ആണെന്ന് കുപ്പ്വച്ചൻ പറഞ്ഞിരുന്നു,'' രവി പറഞ്ഞു.

''ഓ, ആ. പോയിട്ടൊര്പ്പാടായി. നാനെന്റെ വീട്ട്ലാടന്നു. പിന്നെ അപ്പൻ ഇങ്ങ്ട് വന്ന് പാർക്കാമ്പറഞ്ഞു.''

കുപ്പുവച്ചൻ എസെൻസുമായി തിരിച്ചെത്തി. കേശി രണ്ടു പിഞ്ഞാണക്കോപ്പകൾ അവരുടെ മുമ്പിൽ വെച്ചു.

''നിയ്ക്കി വേണ്ടീ?'' കുപ്പുവച്ചൻ ചോദിച്ചു.

കേശി കഴുത്തു വെട്ടിച്ചു, ''ഹായ്, ഈ അപ്പൻ!''

''മോന്തിയ്ക്കാണീ, കുട്ടീ,'' കുപ്പുവച്ചൻ പറഞ്ഞു, ''ബെയ്ക്കം.''

കുപ്പി പകുതിയായി.

''കുട്ടി ഇരിയ്ക്കീ, നാമ്പോയി മീന്ങ്കൊണ്ട് വരാ.''

''മീനുംകൊണ്ട് വര്ഏ?'' രവി ചോദിച്ചു.

''കഴായി കെട്ടി നിറ്ത്തീട്ട്ണ്ട്. ഒറ്റല്ങ്കൊണ്ട് പുഗ്ഗേ വേ്ണ്ടൂ.''

കുപ്പുവച്ചൻ ഒറ്റലുമെടുത്തു പുറപ്പെട്ടു.

"പത്തേപത്ത് മിനിട്ട്, കുട്ടീ.''

കുപ്പുവച്ചൻ ചായപ്പീടികയിലെത്തിയപ്പൊഴും അലിയാർ ഇരുന്നു കണക്കു കൂട്ടുകയായിരുന്നു. ചായക്കുറ്റിയിലെ

കണലുകളെല്ലാം കെടുത്തി ക്കഴിഞ്ഞിരുന്നു.

“നായര്കുട്ടിയെവടയാണ്ടാ രാവ്ത്തച്ചെ്ക്കോ?'' കുപ്പുവച്ചൻ ചോദിച്ചു.

''അയാള് വര്ണല്ലാവേ,'' അലിയാർ പറഞ്ഞു, ''ഞമ്മളൂല്ല.''

ഹൈ, ദ്വെന്താദ്' കുപ്പുവച്ചൻ പിണങ്ങി, ''ഞമ്മൾനെ എ്ളക്കി വ്ട്ടങ്ങാണ്ട്''

''ഞിങ്ങ തന്നേ എ്ള്ക്യതല്ലേന്നും?'' അലിയാർ പറഞ്ഞു, ''നങ്ങ ആരെങ്കില്ം ചെ്ണിച്ചോ?''

“ഹൈ, പ്ള്ളര് കളമ്പം കാട്ടാതെ. വന്നാണ് നിയ്യ്.''

''തൊല്ലയായല്ലോ ഒടയതമ്പിരാനേ!''

''ഹായ്, വന്നാണ് നിയ്യ്.''

അങ്ങനെ അവസാനം അവർ പുറപ്പെട്ടു.

''തന്തേ,'' അലിയാർ പറഞ്ഞു, ''എങ്കൊപ്പോറതണ്ണ് തെരിയ്മാ?''

''ഏ, എ്ന്തേ?''

''അറബിക്കൊളത്തിലാക്ക്ം. അങ്കെ. നെറയെ പൂതമാക്ക്ം, പൂതത്തോട് പൂതം!''

''ഹൗ, പോടാ, നിയ്യ് ഞമ്മൾനെ തൂറ്റിയ്ക്കാതെ.''

പള്ളിക്കാടെത്താറായി.

''മൊട്ടേയ്!''

''എ്ന്താന്നൂം?''

''എയ്ക്കി കുളിര്ണെടാ.''

''ആര് ചെ്ണിച്ച്?''

''ഇ്ത്തിരി ന്ക്കെടാ. നാനെന്റെ പൊതപ്പ് കൊണ്ട്വരട്ടെറാ.''

യാക്കരത്തോടിന്റെ കടവിൽ നില്ക്കുന്ന കല്യാണിയെ ഓർത്തപോലെ, കേശിയെ ഓർത്തുപോവുകയാണ്. ഓർത്തോർത്ത് മനസ്സു കലുഷമാവുന്നു. കൈപ്പടം മടക്കിപ്പിടിച്ച്, കൈകൾ ചുമലിൽ കെട്ടി, ദയനീയമായ അഭ്യർത്ഥന യാവർത്തിച്ചുകൊണ്ട് കുപ്പുവച്ചൻ അലിയാരെ പിന്തുടർന്നു. മഞ്ഞുകൊണ്ട് അയാൾ വിറയ്ക്കാൻ തുടങ്ങി.

''ഡാ, പൊന്ന്മകനല്ലേ, മൊട്ടേയ്.''

അപ്പോഴാണ് പള്ളിക്കാട്ടിൽനിന്ന് അലൗകികമായൊരു ശബ്ദം അവരോടു സംസാരിച്ചത്.

''നിക്കട്ടെ!''

തുടർന്ന് മന്ത്രോച്ചാരണവും.

''ആരാദ്?'' അലിയാർ വിളിച്ചുചോദിച്ചു.

''നാന്തന്നെ.''

''ആര്, കാലിയാരോ?''

''ആ.''

''എന്നാണ്ണ്?''

കബറുകൾക്കിടയിലെരിഞ്ഞ എണ്ണത്തിരിയുടെ വെട്ടത്തിൽ നൈസാമലിയുടെ ചടച്ചുയർന്ന രൂപം പതുക്കെ തെളിഞ്ഞു, ഒരു കയ്യുയർത്തിപ്പിടിച്ചു കൊണ്ട് ഖാലിയാർ പറഞ്ഞു: ''ശ്! ഒര് ജ്ന്ന്ണ്ട്ബടെ!''

കുപ്പുവച്ചൻ തരിച്ചു നിന്നുപോയി.

''ഞിങ്ങ ബയപ്പെട്ടണ്ടാ. ഞമ്മണ്ടെ സുയച്ചക്ക് തിയാക്കും. ഇൻശാള്ളാ! തിരിയാണ്ടും മറിയാണ്ടും അബടെത്തന്നെ ന്നോളീ. ഉമിനീര് മാത്തരം എറക്കിയ്ക്കാണ്ടാ.''

ഖാലിയാർ അതു പറഞ്ഞതും കുപ്പുവച്ചൻ ഉമിനീരിറക്കിയതും ഒരുമിച്ചായിരുന്നു. കുപ്പുവച്ചൻ ജീവച്ഛവമായി.

ഒന്നുരണ്ടു നിമിഷം കഴിഞ്ഞ് ഖാലിയാർ പറഞ്ഞു, “കടന്നോളീ. മൂപ്പര് പോയി...ദാര്, കുപ്പ്വച്ചനല്ലേ? മീമ്പിടിയ്ക്കാനോ?’’

കുപ്പുവച്ചൻ ഒന്നു മൂളിയതേയുള്ളു. സ്വരം പൊന്തിയില്ല.

‘‘സെരി, അലിയാരേ,’’ യാത്ര പറഞ്ഞുകൊണ്ട് ഖാലിയാർ ഖസാക്കിലേയ്ക്കും അലിയാരും കുപ്പുവച്ചനും അറബിക്കുളത്തിലേയ്ക്കും നടന്നു.

കഴായിനു സമീപം മീൻപിടുത്തക്കാർ കാത്തിരിപ്പായി. കുപ്പുവച്ചൻ വീണ്ടും ഞരങ്ങി, ‘‘ഡാ, രാവ്ത്തക്കുട്ട്യേ—’’

ഛെ! ദെന്താണ്ന്നും!’’

‘‘എയ്ക്കി കുളിര്ണ്ടാ, മൊട്ടേയ്.’’

‘‘ദാ, കൊത്തിക്കെ്ഷവാ. എന്നെ മൊട്ടേ മൊട്ടേന്ന് കൂപ്പ്ട്ടാ എയ്ക്കി ഹാലെളക്ം, തെരിയ്മാ?’’

‘‘ഹൗ, എയ്ക്കി കുള്ന്ന്ട്ടാണ്ടാ.’’

‘‘എന്ത് വേണം അതിന്പ്പൊ? അവ്ണീശ് കുടിയ്ക്കണോ?’’

‘‘വേണ്ട്റാ. നാനെന്റെ കമ്പ്ളി കൊണ്ട് വരട്ട്റാ.’’

‘‘അപ്പഷ്യ്ക്കി മീന് മീനിന്റെ പാട്ടി പുഗം.’’

‘‘ല്ലാ, ദാ, പ്പൊ—’’

കലുഷമായ മനസ്സോടെ, കലുഷമായ പ്രതീക്ഷയോടെ, കുപ്പുവച്ചൻ വീട്ടിലേയ്ക്കു നടന്നു... അറവാതിലടച്ചിരുന്നു. വാതിൽപ്പുറമേ രവിയുടെ ചെരിപ്പും ഞെക്കുവിളക്കുമിരുന്നു. വാതിൽവിടവിലൂടെ കുപ്പുവച്ചൻ അറയിലേയ്ക്കു നോക്കി. എന്നിട്ടു തിരിയെ വന്നു തിണ്ണപ്പടിയിലിരുന്നു. ബാക്കിയിരുന്ന എസൈൻസ് അപ്പോഴുമവിടെത്തന്നെയുണ്ട്. കുപ്പുവച്ചൻ അതു മുഴുവനുമെടുത്തു മോന്തി, കണ്ണു ചുടാൻ തുടങ്ങി.

കുളവരമ്പത്തെത്തിയപ്പോഴാണ് നെഞ്ചത്തു കനം വീണത്. അലിയാരെ ക്കാണാനില്ല. തന്നെ കളിപ്പിയ്ക്കാനായി അവിടെങ്ങാനും പറ്റിയിരിയ്ക്കുകയാവണം.

''ഡാ, രാവ്ത്തത്തലമുറിയോ!'' യശോദ കൃഷ്ണനെ വിളിയ്ക്കുംപോലെ കുപ്പുവച്ചൻ വിളിച്ചു. ആരും വിളി കേട്ടില്ല. കാറ്റുവീശിയപ്പോൾ കബറുകളുടെ മണം മാത്രമുയർന്നു.

''അലിയാരേ!''

അലിയാരുടെ പ്രവൃത്തി ഹൃദയമില്ലാത്ത ചതിയായാണ് കുപ്പുവച്ചന് അനുഭവപ്പെട്ടത്. കൊലപാതകത്തിനു തുല്യമായിരുന്നു അത്.

''ഡാ പാവിയേ!'' കുപ്പുവച്ചൻ കരയാൻ തുടങ്ങി. അറബിക്കുളത്തിൽ കബന്ധങ്ങൾ നീരാടാനെത്താറായി. അവിടെനിന്ന് പാഞ്ഞു രക്ഷപ്പെടണം. പക്ഷെ, വെള്ളിയമ്പുകളെപ്പോലെ ചാടുന്ന കണ്ണൻമീനുകളെയോർത്തപ്പോൾ അവിടെത്തന്നെ നില്ക്കാൻ കുപ്പുവച്ചൻ തീരുമാനിച്ചു. കമ്പിളിപുതച്ചൊരു കബന്ധത്തെപ്പോലെ അയാൾ കുളവരമ്പിലൂടെ നടന്നു.

''ഹതാ ചാടീ കണ്ണൻ!''

കാലെടുത്തുവെച്ചതും ആകാശം പൊട്ടിവീണെന്ന് കുപ്പുവച്ചനു തോന്നി. വെള്ളത്തിന്റെ അന്ധമായ ആശ്ലേഷം. ശ്വാസമടയുന്നു. കമ്പിളി ഈയക്കട്ടിപോലെ കനക്കുന്നു. കുറേ നേരം കയ്യുംകാലുമിട്ടു പിടഞ്ഞശേഷം കുപ്പുവച്ചൻ കരയ്ക്കു കേറി. കണ്ണിലാകെ പായലടിഞ്ഞിരുന്നു. കുളക്കടവിലെ പാറയിലിരുന്നുകൊണ്ട് കുപ്പുവച്ചൻ നിലവിളിച്ചു, ''നാഞ്ചാക്ണോ! ഓടി വരിയേ!''

---

* ആട്ടിൻകുടല് ഉപ്പും മുളകുംകൂട്ടി ചുട്ടെടുത്തത്.

16. കിഴക്കു പോകുന്നവർ

പൊതുവേ ഖസാക്കുകാർ സഞ്ചാരികളല്ല. എന്നാൽ പണ്ടാരന്മാരുടെ സ്ഥിതി മറിച്ചാണ്. അവർക്ക് ഖസാക്കിൽ വേരുകളില്ല.

പിൻകുടുമകൾ മാത്രമേയുള്ളു. ഖസാക്കിലെ പുള്ളിവെയിലും കടന്ന് അവർ പുറത്തിറങ്ങി. പൊള്ളാച്ചിയും ഉഡുമലപ്പേട്ടയും വഴി അവർ കൊങ്ങു നാട്ടിലൂടെ ചുറ്റിത്തിരിഞ്ഞു. അവിടെ വേലായിപണ്ടാരം വടിവേൽചാമിയും കരുമാണ്ടിപണ്ടാരം കരുമപെരുമാളുമായി.

ഈ കാടാറുമാസം കഴിഞ്ഞു നാട്ടിലെത്തിയാൽ പിന്നെ ‘കാടയാറു’ മാസമാണ്. തമിഴ്നാട്ടിലെ സന്ന്യാസത്തിന്റെ മിച്ചം ഓരോ പണ്ടാരന്റെ കയ്യിലും കാണും. ഒട്ടുകോൽ വെച്ചു കാടപിടിച്ച് അതത്രയും കുടിച്ചു തീർക്കും. മായാണ്ടിയുടെ എസെൻസുപീടികയിൽ കാടയിറച്ചി വേകാൻ കാത്തിരിയ്ക്കുമ്പോഴാണ് പണ്ടാരന്മാർ കഥ പറയുക. കഥ കേൾക്കാൻ കുപ്പുവച്ചനുണ്ടാകും. മൊല്ലാക്കയുണ്ടാവും.

ചിലപ്പോഴൊക്കെ ഗോപാലുപണിയ്ക്കരും ഷാപ്പിൽ ചെന്നു. പണിയ്ക്കന്മാർ ചെയ്യാറുള്ള കാര്യമല്ല. പക്ഷെ, ആ കഥകൾ കേട്ടുകൊണ്ട് ഗോപാലു അവിടെയിരുന്നു. എഴുത്തുപള്ളിയിലാണെങ്കിൽ വലിയ പണിയില്ല. അഞ്ചേയഞ്ച് സനാതനികൾ മാത്രമാണ് അവിടെ പൂഴിയിലെഴുതിപ്പോന്നത്. ഏകാദ്ധ്യാപക വിദ്യാലയം വന്നിട്ടും ഓത്തുപള്ളി നിലനിന്നുപോന്നു. കാരണം, അവിടെ മതപഠനമുണ്ട്. എഴുത്തുപള്ളിയിൽ അക്ഷരങ്ങളല്ലാതെ മറ്റൊന്നുമില്ല. കേയാ–ഖേയാ–കീയ–ഖീയാ–എന്നിങ്ങനെ, മഞ്ചൽക്കാരുടെ

മൂളലുപോലെ, വായ്ത്താരി മുഴങ്ങി. വിരൽത്തുമ്പു തേയുവോളം പൂഴിയിലെഴുതി.

ആറും ഏഴും കൊല്ലം അങ്ങിനെ പൂഴിയിലെഴുതണം. അത്രയും തപസ്യയ്ക്കുശേഷം അക്ഷരമാല വശമായ്ക്കഴിഞ്ഞാൽ പിന്നെ മറക്കണമെങ്കിൽ തല വെട്ടണം. ഇന്നാകട്ടെ, ഏകാദ്ധ്യാപക വിദ്യാലയത്തിൽ അതൊക്കെ ഏതാനും മാസങ്ങളുടെ ജോലിയാണ്.

''വല്ല അടിസ്സാനും ണ്ടോ ഇതിനോക്കെ?'' എസെൻസുപീടികയിലിരുന്നു കൊണ്ട് ഗോപാലുപണിയ്ക്കർ പറഞ്ഞു, ''നൊമ്പടെ നാട് മുടിഞ്ഞു.''

''അതിനെന്ത് തമിശയം,'' കുപ്പുവച്ചൻ പറഞ്ഞു.

കിഴക്കുപോയി തിരിച്ചുവന്ന മയിൽവാഹനപണ്ടാരം അതത്ര ഗൗനിച്ചില്ല. ഈ നാടു മുടിഞ്ഞാൽത്തന്നെ അതു തന്നെ ബാധിയ്ക്കുന്ന കാര്യമല്ല.

പലപ്പോഴും ചോദിയ്ക്കണമെന്നു കരുതിയിട്ടും ചോദിയ്ക്കാൻ കഴിയാതെ പോയത് ഗോപാലു ചോദിച്ചു, ''കെഴക്ക് എന്താ സ്സിതി, പണ്ടാരച്ചെട്ടിയാരേ?''

പണ്ടാരൻ കഥ പറഞ്ഞുതുടങ്ങി. കിഴക്കു പോകുന്നതു പൊള്ളാച്ചി വണ്ടിയിലല്ല. കാൽനട. കാൽനടയുടെ, ഭിക്ഷാടനത്തിന്റെ, പ്രാകൃതാനുഭൂതി. നല്ലെണ്ണയുടെയും ചാന്തുപൊട്ടിന്റെയും മണമുള്ള പെണ്ണുങ്ങൾ. മറ്റേതോ വെയിലിന്റെ തീക്ഷ്ണതയ്ക്കടിയിൽ ചെവിടിമണ്ണിന്റെ വ്യതിയാനശൂന്യതയിലൂടെ നീളുന്ന ചവിട്ടടിപ്പാത. വഴിയമ്പലം.

''പോകാമെ ഇര്ക്ക മുടിയാത്, കുര്വേ,'' മയിൽവാഹനപണ്ടാരം പറഞ്ഞു.

''അന്ത വിളി വരറതിനോടെ സത്തിയം എന്നാ?'' അള്ളാപ്പിച്ചാമൊല്ലാക്ക ചോദിച്ചു.

ഖസാക്കിൽ കിടന്നുറങ്ങുമ്പോൾ അവർ കിഴക്കൻ കാറ്റിലൂടെ ചുരം കടന്നു വന്ന് മയിൽവാഹനപണ്ടാരത്തെ

തൊട്ടുവിളിച്ചു. ചെവിടിമണ്ണിലെ ദൈവങ്ങളായിരുന്നു. അവർ...ഉറങ്ങാൻ കിടക്കുമ്പോൾ ഗോപാലുപണിയ്ക്കരും ചെകിടോർത്തു കിടന്നു. കിഴക്കൻകാറ്റിൽ ആ വിളി വന്നില്ല. പട്ടക ളുടെ സീൽക്കാരം മാത്രം ഉയരുകയും താഴുകയും ചെയ്തു.

ഒരു ദിവസം വൈകീട്ട് പാലക്കാട്ടു ചെന്നു തിരിച്ചു വന്ന ഗോപാലു പണിയ്ക്കർ ഭാര്യയോടു ചോദിച്ചു, ‘‘ലക്ഷ്മീ, ന്ന് രാമങ്കുട്ടി ഷ്ക്കോളി പ്പോയോ?’’

ലക്ഷ്മിപ്പണിയ്ക്കത്ത്യാർ മിണ്ടാതെ നിന്നു.

‘‘ആരാ അവനെ ചേർത്തീത്?’’

മൗനം.

ഗോപാലുപണിയ്ക്കർ പാലക്കാട്ടുപോയ പഴുതിലാണ് ലക്ഷ്മി എഴുത്തുപള്ളിയിൽ നിന്ന് മകനെ പിടിച്ചെടുത്ത് രവിയുടെ അടുത്തു ചെന്നത്.

‘‘മേഷ് ഇംഗ്ലീഷ് പഠിപ്പിച്ച്കൊടുക്ക്ണം.’’ അതു മാത്രമാണ് അവൾക്കു രവിയോടു പറയാനുണ്ടായിരുന്നത്. എന്നാൽ പറഞ്ഞു കൂടാത്തത് പലതുമുണ്ടായിരുന്നു. രാമൻകുട്ടി ഇംഗ്ലീഷ് പഠിച്ചു വളരണം. പത്തു പാസായി റേഷണിങ്ങാപ്പീസു ഗുമസ്തനായി വാച്ചുകെട്ടി ചിറ്റില്ലാത്ത കണ്ണടവെച്ച് സിഗരറ്റു പുകച്ച് ഖസാക്കിൽ സൈക്കിൾ ചവിട്ടി വരണം. ഇതു പറഞ്ഞുകൂടാ. കാരണം, ആ വിശേഷണങ്ങളെല്ലാംതന്നെ മറ്റൊരാളു ടേതാണ്. അവളുടെ അമ്മാമന്റെ മകൻ രഘുനന്ദനന്റെ.

ഗോപാലുപണിയ്ക്കർ ആവർത്തിച്ചു, ‘‘ആരാ ചെക്കനെ ചേർത്തീത്?’’

ലക്ഷ്മി അപ്പോഴും മറുപടി പറഞ്ഞില്ല.

“നെന്നോടാരാ ഇത് ഒപതേശിച്ചത്?’’

ഗോപാലുപണിയ്ക്കർ പൊടുന്നനെ ചോദിച്ചു, ‘‘രഘുനന്നനനോ?’’

ലക്ഷ്മി കരയാൻ തുടങ്ങി, ''എന്നാല് കുട്ട്യേ പറഞ്ഞയയ്ക്കണ്ടാ നാളെ ത്തൊട്ട്.''

ഗോപാലുപണിയ്ക്കരാണ് മിണ്ടാതായത്. അയാൾ രാമൻകുട്ടിയെ സ്കൂളിൽ നിന്നു മുടക്കിയില്ല. ആ മൗനം നാലുദിവസം നീണ്ടുനിന്നു. അഞ്ചാം ദിവസം ഗോപാലു ഭാര്യയോടു വിടവാങ്ങി.

''ലക്ഷ്മീ, ഞാൻ പോയ്‌വരാ.''

ചൂട്ടും മിന്നിച്ചു സഞ്ചിയുമായി പണിയ്ക്കർ ഖസാക്കിനു വെളിയിലെ പറമ്പുകളിലേയ്ക്കിറങ്ങി. ചൂട്ടിന്റെ മഞ്ഞളിപ്പ് ഉഷസ്സന്ധ്യയിൽ അകലുന്നതും നോക്കി ലക്ഷ്മി പടിയ്ക്കൽ നിന്നു. അവൾ പ്രാർത്ഥിച്ചു, “പുളിങ്കൊമ്പത്തെ പോതീ, നീ കാക്ക്!''

ഗോപാലുപണിയ്ക്കർ എവിടെ പോയ്മറഞ്ഞെന്ന് ആരുമറിഞ്ഞില്ല. തീർത്ഥാടനത്തിനാണെന്നും ജ്യോതിഷം പഠിപ്പിയ്ക്കാനാണെന്നും ലക്ഷ്മി പറഞ്ഞത് ഗണ്യമായി പ്രചരിച്ചുമില്ല.

“നമ്മണ്ടെ പൂവാലു പറവഞ്ചി കെട്ടിക്കളഞ്ഞല്ലാ!'' കുപ്പുവച്ചൻ അത്താണിപ്പുറത്തിരുന്നുകൊണ്ടു പറഞ്ഞു.

''കരിനാക്ക് അടക്കിയ്ക്കാണ് കൊരട്ടിയേ,'' അലിയാർ പറഞ്ഞു, ''പണിയ്ക്കരെച്ചൻ പടയ്ക്കി പോയെടക്ക്ണൂ, ദേകോപ്രദിയം ഒന്നൂല്ലാണ്ട് വരട്ടെ.''

കുപ്പുവച്ചന്റെ കരിനാക്ക് ബാധിയ്ക്കുമെന്ന വിശ്വാസവും ഖസാക്കിലില്ലാതല്ല. അതാണ് അലിയാരും വിഷമിച്ചുപോയത്. ഒന്നേമുക്കാലുറുപ്പിക പറ്റു ബാക്കിയുണ്ട്. പരദേശത്തെങ്ങാനും ചെന്ന് മരിച്ചുകളഞ്ഞെങ്കിലോ?

അന്നു സന്ധ്യയ്ക്ക് ലക്ഷ്മിയുടെ പിന്നാലെ അലിയാർ മനഞ്ഞുകൂടി.

''അല്ല, പണിയ്ക്കത്ത്യാരമ്മേ, അയ് പണം—''

''അലിയാരേ, ഞാനെന്റേല്ണ്ടെങ്കി തരില്ലേർന്നോ?''

അലിയാർക്കു നാണമായി. രാത്രി ചായപ്പീടികയിൽ വെച്ച് മൊല്ലാക്ക അലിയാരെ ഗുണദോഷിച്ചു, ''നീ അദ് ശെയ്തത് കട്പ്പംതാനേ? അന്ത പണിയ്ക്കത്യാര് പൊണ്ണ് എങ്കെര്ന്ത് കൊട്ക്കറെത്?''

അലിയാർ സമ്മതിച്ചു, ''സെരിതാ, ണ്ണ്.''

മൂന്നുമാസം കഴിഞ്ഞ് ഗോപാലുപണിയ്ക്കർ തിരിച്ചു വന്നു. പണിയ്ക്കരുടെ വേലിയോരേ നടന്നുപോയ ഖസാക്കുകാർ ചക്കരച്ചോറിന്റെയും ഇറച്ചിക്കറിയുടെയും മണം കേട്ടു. ഒരു വാവു കഴിഞ്ഞ് അയാൾ വീണ്ടും അപ്രത്യക്ഷനായി.

എവിടെ പോയെന്ന് ലക്ഷ്മിപ്പണിയ്ക്കത്യാർ പറയാതിരുന്നതിനാൽ കുപ്പുവച്ചൻ സംസാരിയ്ക്കാൻ ബാദ്ധ്യസ്ഥനായി. വേലിയിൽ പുത്തൻ വാരികളും ഇറയത്ത് വെടിപ്പുള്ള കോട്ടുപട്ടകളും കാണുമ്പോൾ എങ്ങിനെ സംസാരിയ്ക്കാതിരിയ്ക്കും? ഗോപാലുവിന് തമിഴ്നാട്ടിൽ മൂരിയറവും കൈവണ്ടിവലിയ്ക്കലുമാണെന്ന് തനിയ്ക്ക് സ്വകാര്യമായി അറിവുകിട്ടിയതായി കുപ്പുവച്ചൻ പറഞ്ഞു. ഏതായാലും പണിയ്ക്കത്യാരുടെ കഴുത്തിൽ ഒരു തൊരടും പതക്കവും മിന്നി.

ഖസാക്കുകാരനായ രാമച്ചാർ പലപ്പോഴും പൊള്ളാച്ചിയ്ക്കു പോകുക പതിവാണ്. കന്നുകാലിച്ചന്തയിൽ തരകുപറയുന്ന പണിയാണ്. ഒരിയ്ക്കൽ തരകു പറയാൻപോയി. കച്ചവടമൊന്നും പന്തിയായില്ല. കൈയിലുള്ള കാശും തീർന്നു. വിശന്നിട്ടാണെങ്കിൽ കണ്ണിരുട്ടുന്നു. ഈശ്വരാ, തങ്ങളേ, ഒന്നു നാടെത്തിക്കിട്ടണമല്ലോ. അങ്ങിനെ ഖിന്നനായി നടക്കുമ്പോഴുണ്ട് എതിരെ കാഷായവസ്ത്രധാരിയായ ഒരു ഗംഭീരൻ വരുന്നു. രാമച്ചാർ നെടുംശ്വാസം വലിച്ചുപോയി.

''കുര്വേ!'' *

''ഉണ്ണീ!''

ഗോപാലുപണിയ്ക്കർ രാമച്ചാരെ കെട്ടിപ്പിടിച്ചു. ചന്തയിലെ ചായക്കടയിൽ കൊണ്ടുചെന്ന് ഓമപ്പൊടിയും പൊരികടലയും പാറ്റ വറുത്തതും വാങ്ങിക്കൊടുത്തു. വിശപ്പു മാറിയില്ല. എങ്കിലും ഒരു പാത്രം ചൂടുചായ കൂടി അകത്തു ചെന്നപ്പോൾ രാമച്ചാരുടെ പരിഭ്രമം തീർന്നു.

രണ്ടുമൂന്നു കല്ല് അകലെ കിടന്ന ഒരു ഊരിൽ ഒരു കൌണ്ടപ്രമാണിയുടെ വീട്ടിലാണ് ഗോപാലുപണിയ്ക്കരുടെ താമസം. അങ്ങോട്ടു. തിരിയ്ക്കുകയായി. വഴിയ്ക്കുവെച്ചുതന്നെ ഗോപാലുപണിയ്ക്കർ രാമച്ചാർക്ക് മുന്നറിയിപ്പു കൊടുത്തു. ''ദാ, ഉണ്ണീ, നൊമ്പടെ പഴേ ചങ്ങാതിത്തം കാട്ടര്തേ. പറേണത് മൻഷ്യായിലേ?''

തോർത്തുമുണ്ട് കക്ഷത്തിലിറുക്കി ഓച്ഛാനിച്ചുകൊണ്ടു രാമച്ചാർ ഗോപാലുപണിയ്ക്കരെ പിന്തുടർന്നു. പണിയ്ക്കർ രാമച്ചാരെ കൌണ്ടന് പരിചയപ്പെടുത്തിക്കൊടുത്തു. ''നാം ശിഷ്യൻ. രാമാനന്ദൻ.''

''വണക്കം, വണക്കം!'' കൌണ്ടൻ തൊഴുതു.

അന്നു രാത്രി ഉറങ്ങാൻ കിടന്നപ്പോൾ ഗോപാലുപണിയ്ക്കരും രാമച്ചാരും പല കാര്യങ്ങളെക്കുറിച്ചും സംസാരിച്ചു. തന്റെ ചെറിയ മകൾ രുഗ്മിണിയ്ക്കു വിഷപ്പനിയായിരുന്നെന്ന് അപ്പോഴാണ് ഗോപാലുപണിയ്ക്കരറിഞ്ഞത്.

''ഒര്പാട് പനിച്ചോ, രാമച്ചാരേ?''

''ഒര്പാട് പനിച്ചു, കുര്വേ.''

"എന്റെ മകള് ഒര്പാട് മെലിഞ്ഞോ, രാമച്ചാരേ?''

''ഹൗ, ഒര്പാട് ഒടഞ്ഞാളഞ്ഞൂ, കുര്വേ.''

ചികിത്സിയ്ക്കാൻ ആദ്യം ആരുമുണ്ടായിരുന്നില്ലെന്നു. രാമച്ചാർ പറഞ്ഞു. മൊല്ലാക്കയും കുട്ടാടൻ പൂശാരിയും മന്ത്രവാദം ചെയ്തു. പിന്നെ ഖാലിയാർ വന്നു. പനിയിറങ്ങിയില്ല.

അപ്പോൾ രവി പാലക്കാട്ടു പോയി മരുന്നു വാങ്ങിക്കൊണ്ടുവന്നു കൊടുത്തു.

‘‘ആര്? ആ മേഷ്ടരോ?’’

‘‘ഓ.’’

ഗോപാലുപണിയ്ക്കർ ഇത്തിരിനേരത്തേയ്ക്കു നിശ്ശബ്ദനായി. എന്നിട്ട് പതുക്കെ പറഞ്ഞു, “നൊമ്പടെയൊക്കെ ജീവിതം എന്ത് ജീവിതാ, രാമച്ചാരേ! ദുഃഖിയ്ക്കാൻ ജനിച്ചോരാ, ഈശ്വരാ!’’

മുറിയ്ക്കകത്ത് ചെരാത് വറ്റിയണഞ്ഞു. ആ രാത്രിയ്ക്കപ്പുറത്ത്, ദൂരെ ദൂരെ, ഖസാക്കു കിടന്നു. അവരുടെ മക്കളും പെണ്ണുങ്ങളും കീറക്കമ്പിളികളിൽ വിശ്രമംകൊണ്ട അപ്പനമ്മമാരും.

‘‘കുര്വേ, ഞിങ്ങ ഒറങ്ങ്യോ?’’

‘‘ല്ല; ഞാനങ്ങിനെ എന്തോ നിരീച്ച് കെടക്ക്യേ.’’

ആ നിമിഷംവരെയും തോന്നിയിട്ടില്ലാത്ത സഹാനുഭൂതിയ്ക്കായുള്ള ദാഹം. രാമച്ചാർ പറഞ്ഞു, ‘‘കുര്വേ, നാമ്പല്ലാണ്ട് * വലഞ്ഞെടക്കാണ്. ഞിങ്ങൾനെക്കൊണ്ട് പറയണ്ടാന്ന് കര്ദി ഇര്ന്നതാണ് ഇദ്നേരവ്ം, കുര്വേ. തരക് പറയാമ്പന്ന്ട്ട് ഉള്ള നാല് കാസ്ം തൊലച്ചു. മടങ്ങി പുഗാന്ം വഷിയില്ല. ഞിങ്ങ എ്ന്തെങ്കിലും വഷിയ്ണ്ടാക്കിത്തരീന്നും, കുര്വേ’’—

അങ്ങിനെയാണ് രാമച്ചാർ ഗോപാലുവിന്റെ സഹമാന്ത്രികനായത്. നേരം പുലർന്നതും സമയം പാഴാക്കാതെ രാമച്ചാർ തന്റെ പുതിയ കർമ്മങ്ങളിലേർപ്പെട്ടു. രണ്ടുപേരും കുളിച്ച് ഭസ്മചന്ദനാദികൾ പൂശി പതിയിരുന്നു. പൂജയ്ക്കു വേണ്ട വട്ടങ്ങൾ ഒരുക്കിയിട്ടുണ്ട്. മൺചെരാത്, തലയോട്, അരി, യവം, ഗോരോചനാദി ഗുളിക, ചെമ്പരുത്തിപ്പൂവ്, വെടിമരുന്ന്, ശംഖ്, മീൻമുള്ള് അങ്ങിനെ പലതും. വെയിലു മൂക്കുന്നതിനുള്ളിൽ അഞ്ചാറു കൊങ്ങന്മാർ വന്നുപോയി. മൂന്നുറുപ്പിക പിരിഞ്ഞു കിട്ടി. ഗോപാലു തെളിഞ്ഞു.

ഉച്ചയ്ക്ക് മധ്യവയസ്കയായ ഒരു ചെട്ടിച്ചി വന്നു. ഉയർന്നു ദൃഢഗാത്രിയായ ഒരെണ്ണമൈലി. അവളുടെ സങ്കടമിതായിരുന്നു. ഭർത്താവിനു തന്നെ മടുത്തിരിയ്ക്കയാണ്. ചെട്ടിയാർ കൂത്തിയാരുടെ കൂടെ താമസമാക്കിയിട്ടു മാസമൊന്നായി. ഭർത്താവിനെ വീണ്ടും സ്നേഹിപ്പിയ്ക്കാൻ അവൾക്കൊരു വശ്യമരുന്നു വേണം. ദക്ഷിണയായി മുമ്പിൽ വെച്ച മൂന്നുറുപ്പികയിലേയ്ക്കു നോക്കാതെ പണിയ്ക്കർ തന്റെ കവിടിക്കൂമ്പാരത്തിൽനിന്ന് ഒരുപിടി വാരിയെടുത്തു.

‘‘ഓ, ഹരിശ്രീ ഗണപതേ നമഃ കാളി കൂളി പ്രേതം ചാത്തമാമൻ—’’

ചിമ്മിയ കണ്ണുകളുടെ വാതിൽപ്പുറകിലിരുന്നുകൊണ്ട് ഗോപാലു പണിയ്ക്കർ മന്ത്രമുരുവിടാൻ തുടങ്ങി. രാമച്ചാരും വെറുതെയിരുന്നില്ല. മനസാ ഷെയ്ഖ്തങ്ങളുടെ കാലുപിടിച്ച് അയാളും മന്ത്രം ചൊല്ലാൻ തുടങ്ങി. ആ മന്ത്രത്തിന്റെ നൂല്പാലത്തിലൂടെ താൻ അനായാസം നീങ്ങുന്നതു കണ്ടപ്പോൾ രാമച്ചാർക്കുതന്നെ അതിശയം തോന്നി. കാണെക്കാണെ ആത്മവിശ്വാസം വളർന്നു. കർപ്പൂരം കത്തിച്ചു കവിടികളെ തൊട്ടു നിറുകയിൽ വെച്ച് അങ്ങുമിങ്ങും ചാടി രാമച്ചാർ തകർക്കാൻ തുടങ്ങി. ഈ താണ്ഡവം നടക്കുമ്പോഴത്രയും ഗോപാലുപണിയ്ക്കരുടെ മനസ്സ് സൂചിത്തുമ്പത്തായിരുന്നു. നിസ്സഹായനായി, കവിടികളെ തടവിക്കൊണ്ട് അയാൾ പ്രാർത്ഥിച്ചു, ‘‘ചതിക്കര്തേ, ഗൃഹദേവന്മാരേ!’’ എന്നിട്ട്, എണ്ണമൈലിയോട്, ‘‘എല്ലാം ഭഗവതികൃപയാൽ സരിയായ് വിടും. മൂന്റ ദിവതത്തിർക്കപ്പാൽ വശ്യമരുന്ത് കൊടുക്കിറേൻ.’’

ചെട്ടിച്ചി പൊയ്ക്കഴിഞ്ഞപ്പോൾ ഗോപാലുപണിയ്ക്കർ രാമച്ചാരുടെ മുഖത്തു മിഴിച്ചു നോക്കി.

‘‘എന്ത് വശ്യമര്ന്നാണ്ടാ രാമച്ചാരേ ഞാങ്കൊട്ക്ക്ണ്? ങേ? വണ്ടിക്കീ ലെട്ത്ത് കൊട്ക്ക്യ്യേ?’’

‘‘ത്തിരി ചൊകന്ന ചാന്തെട്ത്താണീ കുര്വേ,’’ രാമച്ചാർ ധൈര്യപ്പെടുത്തി.

‘‘ഉം, ചാന്ത്. പിന്നെ?’’

“കാന്താരിമെളകിന്റെ പൊടി, എരപ്പെണ്ണ, നല്ലെണ്ണ, കൊട്ടെണ്ണ, പൊകല–’’

‘‘ഉണ്ണീ!’’

‘‘ആടലോടകം, ചന്നിനായകം, മുത്താറി, നന്നാറി, കോമൂത്തരം— മതിയോ?’’

‘‘മതി.’’

ശാലിനിയായ സന്ധ്യ. കുളിച്ചു കുറിതൊട്ട് ഗോപാലുപണിയ്ക്കർ ജപിയ്ക്കാനിരുന്നു. ചാന്തും ചെറുതേനും കൺമഷിയും ചാലിച്ചുചേർത്ത ഒരു ചെപ്പ് മുമ്പിലിരിയ്ക്കുന്നു. അയാളത്തിന്മേൽ കൈപ്പടം വെച്ചു. ഗോപാലു പണിയ്ക്കർ രുഗ്മിണിയുടെ വിളറിയ മുഖം കണ്ടു. ചുണ്ടുകൾ ചോരവാർന്നു വെളുത്തിരുന്നു. അയാൾ അവയെ ചെറുതേനിൽ നനച്ചു. കണ്ണുകളിൽ മയെഴുതിക്കൊടുത്തു. വിയർത്തു തണുത്ത നെറ്റിമേൽ ചാന്തു തൊടീച്ചു.

മൂന്നു ദിവസം കഴിഞ്ഞ് ആ ചെട്ടിച്ചി ഇവിടെ വരും, ഈ ചെപ്പ് അവൾക്കു കൊടുക്കണം.

---

* പണിയ്ക്കന്മാരെ ഈഴവർ ‘ഗുരു’ എന്നും പണിയ്ക്കന്മാർ തിരിച്ച് ‘ഉണ്ണി’യെന്നുമാണ് ആചാരവിളി.

* ഞാൻ വല്ലാണ്ട്.

17. ശ്ലഥാക്ഷരങ്ങൾ

നല്ലമ്മയുടെ പൂജാരിയായ കുട്ടാടൻ ഒരു ദിവസം തോട്ടുവക്കത്തിരുന്നു വെയിലുകായുകയായിരുന്നു. അപ്പോഴാണ് രാമൻകുട്ടി എന്തിനെയോ പിന്തുടരുന്നത് കണ്ടത്. പൂശാരിയ്ക്കു ക്ഷണത്തിൽ സംഗതി മനസ്സിലായി.

‘‘കുട്ട്യേ,’’ അയാൾ ചോദിച്ചു, ‘‘അപ്പൻ വീട്ട്ല്ണ്ടോ?’’

‘‘ഉം.’’

‘‘പൂഷ * കൊള്ളണ്ണ്ട്ടാ?’’

‘‘ഓ—ഒന്നൂല്ല.’’

‘‘പിന്നെന്തിനാണ്ടാ ഓന്ത്?’’

എട്ടു വയസ്സായൊരു കുട്ടിയ്ക്ക് ഒരു രഹസ്യം മൂടിവെയ്ക്കാൻ വിഷമമാണ്. അവൻ ഒരു മാന്ത്രികന്റെ കുഞ്ഞാണെങ്കിലും.

രാമൻകുട്ടി സമ്മതിച്ചു, ‘‘ഉഡുമലപ്പേട്ടേന്ന് ഒര് കൊങ്ങൻ വര്ണ്ണ്ട്. അരിമില്ല്ള്ള കൊങ്ങനാണ്വേ.’’

കുട്ടാടൻ പൂശാരി രാമൻകുട്ടിയുടെ അടുത്തു ചെന്നു നിന്നു. തലയിലേയ്ക്കു തരിപ്പുകേറി. അതിനെ അടക്കിക്കൊണ്ട്, ഒരു ചെറുചിരിയോടെ പറഞ്ഞു, ‘‘സെരി, അതിനെന്തിനാണ്ടാ ഈ പല്ലിപോലത്തെ ഓന്തിനെ പ്ടിയ്ക്കിണ്? വല്തിനെ പ്ടി.’’

കൊട്ടത്തറിയിലിരുന്നു വെയിലുകാഞ്ഞ വലിയൊരോന്തിനെ കുട്ടാടൻ പൂശാരി കാണിച്ചു കൊടുത്തു.

‘‘പ്ടിയെടാ!’’

രാമൻകുട്ടി സ്വല്പം പരിഭ്രമത്തോടെ ഓന്തിനെ സമീപിച്ചു.

‘‘അപ്പോ!’’ അവൻ പറഞ്ഞു, ‘‘ഒരു മൊതലന്റെ വല്പ്പൂണ്ട്!’’ ഓന്ത് കുട്ടാടൻ പൂശാരിയേയും രാമൻകുട്ടിയേയും മാറിമാറി നോക്കി. ദുർമ്മുഖം ചുവപ്പിച്ച് അവൻ തറിയുടെ മറുവശത്തേയ്ക്കു മാറി.

‘‘പ്ടിയെടാ!’’ ആവേശത്തോടെ കുട്ടാടൻ പൂശാരിയും രാമൻകുട്ടിയും ആർത്തുവിളിച്ചു. രണ്ടു ഭാഗത്തുനിന്നും ആക്രമണം തുടങ്ങിയപ്പോൾ
ഓന്ത് തറിയിൽ നിന്നിറങ്ങി. വേലിയിലേയ്ക്കോടുന്ന ഓട്ടത്തിൽ കുട്ടാടൻ പൂശാരി അതിനെ മുണ്ടിട്ടു പിടിച്ചു.

‘‘ഇ്ന്നാ, പ്ടിച്ചോ!’’

അയാൾ ഓന്തിനെ രാമൻകുട്ടിയുടെ കൈയിലേല്പിച്ചു.

തോട്ടിൽ കുളി കഴിഞ്ഞ് കുട്ടാടൻ പൂശാരി ദൈവപ്പുരയിലേയ്ക്കു മടങ്ങി. തനിച്ച്, എന്നും തനിച്ച്, അങ്ങിനെയാണ് ഈ പത്തുകാലവും ദേവിയെ ഉപാസിച്ചത്. നല്ലമ്മയുടെ മുമ്പിൽ അയാളിരുന്നു. ഒരേയൊരു ചിന്ത ആവർത്തിയ്ക്കുകയാണ്: ഗോപാലുപണിയ്ക്കരെ കാണാൻ തമിഴ് നാട്ടിൽനിന്ന് ആ വഴിയത്രയും ആളുകൾ വരുന്നു!

‘‘വായിയ്ക്കെടാ, പാറ്റാടാ! * ’’ നാടുനീങ്ങിയ രാമപ്പണിയ്ക്കരെച്ചന്റെ ശബ്ദം കുട്ടാടൻ പൂശാരി വീണ്ടും കേട്ടു, ‘‘ദെന്താ?’’

വർഷങ്ങൾക്കു മുമ്പ്, എഴുത്തുപള്ളിയിൽ, അപ്രാപ്യമായ അക്ഷരമാലയുടെ മുമ്പിൽ താനിരിയ്ക്കുകയാണ്.

‘‘മാ—’’

‘‘പിന്നെ?’’

‘‘എൻ—’’

‘ൻ’ എന്ന ചില്ലാണ്.

‘‘കൂട്ടി വായിയ്ക്ക്.’’

‘‘മായൻ.’’

പണിയ്ക്കരച്ചൻ ചെകിട്ടത്തു തല്ലി. തിരുത്തി വായിച്ചുകൊടുത്തു, ‘‘മാൻ.’’

കുട്ടാടൻ വിതുമ്പി, ‘‘മാൻ.’’

‘‘വേറേ വേറീം കൂട്ടീട്ടും വായിയ്ക്ക്.’’

‘‘മാ—എൻ—മായൻ.’’

എന്തുതന്നെ ശ്രമിച്ചിട്ടും ആ അനിവാര്യതയെ ജയിയ്ക്കാൻ കുട്ടാടനു കഴിഞ്ഞില്ല. ഓരോ തല്ലു വീഴുമ്പോഴും ദയനീയമായ ആവർത്തനമാണ്: ‘‘മായൻ!’’

തല്ലുകൊണ്ടുവിങ്ങി വീട്ടിലേയ്ക്കു മടങ്ങുന്ന കുട്ടാടനെ രാമപ്പണിയ്ക്കരച്ചന്റെ മകൾ ലക്ഷ്മി വിളിച്ചു.

‘‘ഞാമ്പടിപ്പിച്ച് തരട്ടേ?’’

കുളികഴിഞ്ഞ് ഉലർത്തിയിട്ട മുടിയും പാവുമുണ്ടുമായി അവൾ പുളിഞ്ചോട്ടിൽ നിന്നു. റൗക്കയിട്ടിരുന്നില്ല. അവിടെ പൊന്നും ചന്ദനവും കലരുന്നത് കുട്ടാടൻ കണ്ടു.

‘‘വരൂ കുട്ടാടാ.’’

അവൻ അടുത്തു ചെന്നു. താഴമ്പൂവിട്ടു കാച്ചിയ എണ്ണയുടെ മണമുണ്ട്.

അവൾ പറഞ്ഞുകൊടുത്തു, ‘‘മാ—എൻ—’’

‘‘മായൻ.’’

‘‘അയ്, അങ്ങന്യല്ലാ!’’

‘‘എയ്ക്കീ വയുവില്ല.’’ *

കുട്ടാടൻ അങ്ങിനെ പറഞ്ഞപ്പോൾ ലക്ഷ്മി അവന്റെ കവിളിലും തുടയിലും നുള്ളി. കുട്ടാടനു കരയണമെന്നു തോന്നി. എങ്കിലും അവൾ ഇനിയും നുള്ളണമെന്നു തോന്നുകയാണ്.

‘‘നൊന്തോ?’’ അവൾ ചോദിച്ചു.

‘‘ഉം.’’

‘‘എവടേ, കാണട്ടെ—’’

അവനുടുത്ത പരുക്കൻ തുവർത്ത് അവൾ പതുക്കെ പൊക്കിനോക്കി. ചുവന്ന ചന്ദ്രക്കലകൾ പോലെ നഖക്ഷതങ്ങൾ വീണിരുന്നു.

‘‘നുള്ളേ്യത് ആരോടെങ്കിലും പറയ്യോ?’’

‘‘ഇല്ല.’’

‘‘സത്യം?’’

‘‘സത്തിയം.’’

‘‘ഷെയ്ക്ക് തങ്ങളാണെ സത്യം?’’

‘‘ഷെയ്ക്ക് തങ്ങളാണെ സത്തിയം.’’

എഴുത്തുപഠിപ്പ് അവസാനമായി പരാജയപ്പെട്ടശേഷവും പലപ്പോഴും കുട്ടാടൻ അവളെ കണ്ടു. ലക്ഷ്മി യാതൊരു പരിചയവും നടിച്ചില്ല. എന്തോ പറയണമെന്നുണ്ട് കുട്ടാടന്. പക്ഷെ, ആ ഉദ്വേഗത്തിന്റെ അക്ഷരങ്ങളെ കൂട്ടിവായിയ്ക്കാനറിഞ്ഞുകൂടായിരുന്നു.

വർഷങ്ങൾ കഴിഞ്ഞു. ലക്ഷ്മി ഗോപാലുപണിയ്ക്കരുടെ ഭാര്യയായി.

ഉഡുമലപ്പേട്ടയിൽ നിന്ന് ഗോപാലുവിനെ കാണാൻ പ്രേതബാധിതനായ കൊങ്ങൻ വരുന്നു. അരിമില്ലിന്റെയും മോട്ടോർ വണ്ടിയുടെയും ഉടമസ്ഥനാണ്!

“വാങ്കോ, വാങ്കോ,’’ ഗോപാലുപണിയ്ക്കർ കൊങ്ങനെ പടിയ്ക്കൽച്ചെ ന്നെതിരേറ്റു. കൊങ്ങനും അകമ്പടിക്കാരും പിള്ളത്തിണ്ണയിൽ ഇരിപ്പുറപ്പിച്ചു. ഗോപാലുപണിയ്ക്കർ തടുക്കപ്പായ നീട്ടിയപ്പോൾ കൊങ്ങൻ പറഞ്ഞു, “പറവായില്ലൈ. പറവായില്ലൈ!” അത്തരം ഉപചാരങ്ങൾക്കൊന്നും സമയമില്ല.

മുന്നിരുട്ട്. ഖസാക്കിലെ തുറവകളിൽ ചീവീടുകളുടെ വിപത്സ്വരമുയരുകയാണ്. ചോറു വിളമ്പുന്ന ലക്ഷ്മിപ്പണിയ്ക്കത്ത്യാരുടെ കൈകളിലേയ്ക്ക് പ്രേതബാധിതൻ

നോക്കിപ്പോയി. മലയാളത്തിലെ മന്ത്രത്തെപ്പോലെത്തന്നെ മലയാളത്തിലെ സുന്ദരിമാരെക്കുറിച്ചും ഒട്ടേറെ കേട്ടിട്ടുണ്ട്. വാഴയിലയുടെ പച്ചയ്ക്കെതിരെ പച്ചമഞ്ഞളുപോലെ വിളറിയ കൈകൾ കളമച്ചോറും പുളിങ്കറിയും കണ്ണിമാങ്ങയും വിളമ്പി.

പാതിരയായി. ചെതലിയിൽ കാട്ടുതീ പിടിയ്ക്കുന്നു.

''നല്ല സകനം,''രാമച്ചാർ പറഞ്ഞു.

''ശംഭോ, മഹാത്മൻ!'' ഗോപാലുപണിയ്ക്കർ പറഞ്ഞു, ''സെയദ്ദ് മിയാൻ ഷെയ്ഖ്!''

ഗോപാലുപണിയ്ക്കരും രാമച്ചാരും കൊങ്ങനും പണിയ്ക്കൻ പൊട്ടയിലെത്തി.

''ന്നാൽ, ഉണ്ണീ!'' ഗോപാലുപണിയ്ക്കർ രാമച്ചാരെ നോക്കി.

''ഓ, കുര്വേ!''

കലങ്ങിയ നിലാവ്. ചിതാഭസ്മവും അസ്ഥിമാലയുമണിഞ്ഞ പണിയ്ക്കൻ പൊട്ടയിൽ കാട്ടുചെടികളുടെ നടുവിൽ ഗോപാലുപണിയ്ക്കർ നിന്നു. കൊങ്ങനെ നിലത്തിരുത്തി മന്ത്രം ജപിച്ചുതുടങ്ങി, ''കാളി ഭദ്രകാളി പ്രേതം ചാത്തമാമൻ—''

വിഷാദപൂർണമായൊരു ഫലിതംപോലെ രാമച്ചാരും അതേറ്റു പറഞ്ഞു, ''കാളി പത്തിരകാളി പ്രേതം ചാത്തമാമഞ്—''

മന്ത്രമുരുവിടുന്നതിനിടയിൽ കൊങ്ങന് ഏഴുതവണ വാറ്റുചാരായം കൊടുത്തു. ചാരായം ദൈവപ്രേതാദികളുടെ പ്രസാദമാണ്. കൊങ്ങൻ പ്രതീക്ഷയോടെ മോന്തിക്കുടിച്ചു. സാമ്പ്രാണിപ്പുകയിൽ അയാൾക്കു ശ്വാസംമുട്ടി.

രാമച്ചാർ എണീറ്റ് ഒരിരുപതുവാര നടന്നു. ഗോപാലുപണിയ്ക്കർ ഉച്ചത്തിൽ ഒരാട്ടാട്ടി: ''ഫോ!''

പെട്ടെന്ന് രാമച്ചാർ നിന്നെടത്തുനിന്ന് ഒരു തീനാളം തെളിഞ്ഞു. വ്രണം പറ്റിപ്പരന്ന ചുടലപ്പറമ്പിലൂടെ അതു നീങ്ങി. വാറ്റുചാരായത്തിന്റെ മത്തിലും കൊങ്ങപ്പാടിന് പട്ടാങ്കമായി

കാണാമായിരുന്നു. പണിയ്ക്കരുടെ സിദ്ധിയുടെ തീയിൽ കത്തിയെരിഞ്ഞുകൊണ്ട് പ്രേതത്താൻ അതാ പാഞ്ഞകലുന്നു!

മാന്ത്രികന്മാരും കൊങ്ങനും തിരിച്ചുപോയി. ഒരു മനുഷ്യൻ മാത്രം ശ്മശാനത്തിൽ പതുങ്ങിക്കിടന്നു. പിന്നെ, സത്യത്തെപ്പോലെ എണീറ്റുനിന്നു കൊണ്ട് കുട്ടാടൻ പൂശാരി നിലത്തു കിടന്നു പിടച്ച ഓന്തിനെ പെറുക്കിയെടുത്തു. കത്തിയെരിഞ്ഞ വാൽക്കുറ്റിയിലെ എണ്ണത്തുണി അയാൾ ചുറ്റഴിച്ചെടുത്തു. ഓന്തിന്റെ പ്രാചീനങ്ങളായ കണ്ണുകളിലേയ്ക്ക് കുട്ടാടൻ പൂശാരി നോക്കി. പെട്ടെന്ന് അയാൾക്കു പേടിയായി. ഓന്തല്ല, പരകായ പ്രവേശം ചെയ്ത പ്രേതമാണത്. അതിനെ ജീവിയ്ക്കാൻ അനുവദിച്ചുകൂടാ. അയാൾ അതിനെ കഴുത്തൊടിച്ചു. കൊന്നു.

ഓന്തിന്റെ ദേഹവും പേറി, ചന്ദ്രമതിയെപ്പോലെ, കുട്ടാടൻ പൂശാരി ഒരു പാടുനേരം ചുടലപ്പറമ്പിൽ നിന്നു. തലയിലേയ്ക്ക് ആ തരിപ്പു വീണ്ടും കേറി. ഓന്തിനെയുമെടുത്തുകൊണ്ട് കൊങ്ങന്റെ പുറകെച്ചെന്നെങ്കിലോ?

അടുത്ത ക്ഷണത്തിൽ വ്യഥിതമായ മനസ്സിൽ നിലാവുദിയ്ക്കുകയായി. പച്ചമഞ്ഞളുപോലുള്ള കൈകൾ, നഖക്ഷതമേല്പിക്കുന്ന വിരൽത്തുമ്പുകൾ, പാവുമുണ്ട്, അതിനടിയിൽ പട്ടുകോണകത്തിന്റെ പ്ലാശിൻപൂവ്.

‘‘ആയീ, അങ്ങന്യെല്ലാ, മാ—എൻ—മാൻ.’’

‘‘എയ്ക്കി വയുവില്ല.’’

കണ്ണുകൾ മഞ്ഞുമൂടുന്നു.

കുട്ടാടൻ പൂശാരി ഓന്തിനെ തലചുറ്റി വലിച്ചെറിഞ്ഞു. പ്രേതഭൂമിയുടെ കഥാന്തരങ്ങളിലെവിടെയോ അതും ചെന്നു നിലംപറ്റി.

---

* പൂജ

* തെങ്ങിൻകുരലുകൾ നശിപ്പിയ്ക്കുന്ന ഒരുതരം പറക്കുന്ന ഓന്താണ് പാറ്റാടൻ.

* എനിക്ക് വശമില്ല.

18. ഉത്സവം

പിറ്റേന്ന്, പിന്നെ പിറ്റേന്നും, പിറ്റേന്നും കുട്ടാടൻ പൂശാരി ദൈവപ്പുരയിൽ വാതിലടച്ചു തപസ്സിരുന്നു. പിന്നെ പുറത്തിറങ്ങി ഉറഞ്ഞു വെട്ടി.

എങ്ങും കണ്ടിട്ടില്ലാത്ത ഊറ്റം. വെളിച്ചപ്പാടന്മാർ ഇങ്ങിനെ വെട്ടിയിട്ടില്ല. വെട്ടിയപ്പോൾ ഇറച്ചിയുടെ നുറുങ്ങുകൾ തെറിച്ചു. തിരുനൂറിൽ കട്ടകെട്ടിയ ചോരയുമായി കുട്ടാടൻ പൂശാരി കണലിൽ നടന്നു. വാൾമുനപോലെ, കണലു പോലെ, ഒരോർമ്മമാത്രമുണ്ട്. പട്ടുകോണകത്തിന്റെ മുകളിലുടുത്ത പാവുമുണ്ട്. പൊന്നും ചന്ദനവും. താഴമ്പൂവിട്ടു കാച്ചിയ എണ്ണയുടെ മണം. മാന്ദ്യമുറ്റ മനസ്സിൽ മറ്റൊന്നിനും ഇടമില്ല. വാൾമുനയുടെയും കണലിന്റെയും വേദനയറിയാൻ വയ്യ... ആ ഓർമ്മയിൽ അവൾ വളർന്നു. പാവുമുണ്ടിന്നടിയിൽ അയാൾ അവൾക്ക് ഋതുമതിയുടെയും പ്രൗഢയുടെയും അംഗവികാസങ്ങൾ കൊടുത്തു. തന്റെ ബ്രഹ്മചര്യത്തിനു കാരണക്കാരിയായ നല്ലമ്മയെ കുട്ടാടൻ പൂശാരി പാവുമുണ്ടുടുപ്പിച്ചു. പട്ടുകോണകത്തിന്റെ ചുകപ്പ് കണ്ണിൽ കണലുകൾ വിതറവേ, രാമപ്പണിയ്ക്കരെച്ചന്റെ വായ്ത്താരി കാതിൽ മുഴങ്ങവേ, കുട്ടാടൻ പൂശാരി മൂർദ്ധാവിൽ ആഞ്ഞുവെട്ടി.

ഖസാക്കുകാരികൾ പറഞ്ഞു, ‘‘തമ്പിരാാട്ടി!’’

‘‘എന്താണ്ടിയച്ച്യേ ഒരൂറ്റവോ!’’

‘‘ത്ര്ഴ്ട്ടാന്തം!’’

മാസങ്ങൾ കഴിഞ്ഞു. ‘കല്പന’കൾ പലർക്കും ഫലിച്ചത്രെ. നല്ലമ്മ പ്രസാദിച്ചിരിയ്ക്കയാണെന്ന് ഖസാക്കുകാർ പറഞ്ഞു. കൂമൻകാവുകാരും കൊഴണശ്ശേരിക്കാരും പറഞ്ഞു.

‘‘അവനിയ്ക്കിപ്പോ ശേയ്ഖ്തങ്ങളോടെ വൈറാക്ക്ം,’’ അള്ളാപ്പിച്ചാമൊല്ലാക്ക പറഞ്ഞു, ‘‘ശൊന്നാ ശൊന്നപടിയാക്ക്ം. എന്നാണ്ണ്, അലിയാരേ?’’

‘‘അപ്പ്ടിതാ, ണ്ണ്.’’

ബുധനാഴ്ചയും ഞായറാഴ്ചയുമാണ് ‘കല്പന’യുണ്ടാവുക. ബുധനാഴ്ച സ്കൂളിന്റെ കലമ്പലിൽ അതൊന്നും കേട്ടുകൂടാ. ഞായറാഴ്ചയാകട്ടെ, പ്രാതലും കഴിഞ്ഞ് താഴ്വാരത്തെ കട്ടിലിൽ ചെന്നുകിടന്ന് രവി ചെകിടോർത്തു. വിശ്രമത്തിന്റെ തെളിമയിലൂടെ ചിലമ്പൊച്ച വന്നു. ചവിട്ടിന്റെ നാദം, താളം. പിന്നെ വാൾമുന നെറുകയിൽ വീഴുന്നതിന്റെ പരുഷമായ ആർപ്പു വിളി. രവി കണ്ണടച്ചു ചെകിടോർത്തു കിടന്നു. ഉള്ളിലെ ചുഴലികളത്രയും മേലോട്ടു പൊങ്ങി. അവിടെ, നെറുകയിൽ, അസഹ്യമായി അവ കട്ടകെട്ടി.

‘‘മാധവന്നായരേ,’’ രവി ഒരു ദിവസം പറഞ്ഞു, ‘‘നമുക്കൊര് ദിവസം പൂശാരിടട്ത്ത് പൂവ്വാ.’’

‘‘കല്പന കേക്കാനോ, മാഷ്ഷേ?’’

‘‘അതെ.’’

ഇത്തിരിനേരം ഓർത്തിരുന്നശേഷം മാധവൻനായർ ചോദിച്ചു, ‘‘എന്തി ലിയ്ക്ക്?’’

നിരർത്ഥമായൊരു ദുഃഖത്തിനറുതി തേടാനോ? നിരർത്ഥമായ ദുഃഖത്തിന്റെ ധാരാളിത്തത്തിൽ ഖസാക്കിന്റെ പുള്ളിവെയിലിൽ വിശ്രമിച്ച താൻ എന്തേ പെട്ടെന്ന് ആ ദൈവവുരയിലേയ്ക്കു തിരിയാൻ? അവിടത്തെ ദേവതയോടു സാഹോദര്യം തോന്നിയിട്ട്. അവളും തന്നെപ്പോലെ ഒരഭയാർത്ഥിയാണെന്നറിഞ്ഞിട്ട്. സൃഷ്ടിസ്ഥിതിലയങ്ങളുടെ ദുരൂഹതയെ ഭയന്നാണ് പൂശാ രിയുടെ നൈവേദ്യമുണ്ടുകൊണ്ട് അവളാ പുരയിൽ കുടിപാർത്തത്. യാഥാർത്ഥ്യത്തിന്റെയും മിഥ്യയുടെയും അപാരതകളിൽ നിന്ന് ഓടിയകന്ന താനും ഈ ഗ്രാമത്തിലെ ദൈവവുരയിൽ അഭയം തേടുകയായിരുന്നു. അതിന്റെ ഗർഭത്തിൽ അവളുടെ കൂടെ ചുരുണ്ടുറങ്ങാൻ

അയാൾ കൊതിച്ചു. ആ സായൂജ്യത്തിലാകട്ടെ, അയാൾ അവളുമായി ദുഃഖം പങ്കിടുകയായി. അതോടെ അതു നിരർത്ഥമല്ലെന്ന് അയാളറിഞ്ഞു. മറിച്ച് അർത്ഥങ്ങൾക്കതീതമായി, പ്രതീകങ്ങൾക്കതീതമായി. അതു പടർന്നുപൊങ്ങി. അതിന്റെ പടർപ്പിൽ എല്ലാമെല്ലാമടങ്ങി. അതു പാപിയുടെ കറയായിരുന്നു. അനാഥ ശിശുവിന്റെ ഉരുകുന്ന മനസ്സായിരുന്നു. അറിവാരാഞ്ഞവന്റെ വ്യർത്ഥതയായിരുന്നു. അതിന്റെ വേരുകളൂന്നിയ മൂർദ്ധാവ് ഇതിന്നായി തപം ചെയ്തു. സ്നിഗ്ദ്ധമായ വാൾമുന, ഇത്തിരി വേദന.

‘‘വെറ്തെ,’’ രവി മാധവൻനായരോടു പറഞ്ഞു, ‘‘നമ്ക്കൊന്ന് ചെല്ലാം.’’

ദൈവപ്പുര ഒരു കാവായി വളർന്നതു പെട്ടെന്നായിരുന്നു. കൂമൻകാവിൽ ചാലുവെട്ടുന്ന ഒരു തമിഴത്തി അവിടെ വന്നതിനെത്തുടർന്ന് തമിഴരുടെ ഒരു പട കല്പന കേൾക്കാനെത്തി. ദൈവപ്പുരയുടെ മുമ്പിൽ കുട്ടാടൻ പൂശാരി ഒരു കോമ്പുര വെച്ചുകെട്ടി. വേലി പുതുക്കിക്കെട്ടി. മുറ്റം നികത്തി മെഴുകി. ഈർച്ചക്കാരനായി ഉഡുമലപ്പേട്ടയിൽ കുറേക്കാലം താമസിച്ചിരുന്ന തെയ്നാകൻ കുട്ടാടൻ പൂശാരിയുടെ ശിഷ്യനുമായി.

കാവിൽ വേല * യാണ്—

പൂജയും ഉറച്ചിലും എഴുന്നള്ളത്തുമുണ്ട്. ഉത്സവത്തെയുദ്ദേശിച്ച് ദൈവപ്പുരയുടെ മുമ്പിൽ കച്ചവടങ്ങൾപോലും തുടങ്ങിയിരുന്നു. മൂന്നു നാലു തട്ട് വെങ്കായണി മിഠായിയും കോലുമിഠായിയും അവിടെ നിരന്നു. പീപ്പികളും കാറ്റാടികളും തിരുകിനിറച്ച ഒരു കാവടിക്കാരനും ലാലി മിഠായിക്കാരനും കുരങ്ങുകളിക്കാരൻ ചെന്തിയാവുതൊട്ടിയനും വന്നുചേർന്നു. മൈമുനയുടെ പീടികയിലും രാജാവിന്റെ പള്ളിയിലും മാധവൻനായരുടെ സിങ്ങർ മെഷീനിലും തോരണങ്ങൾ തൂങ്ങി.

ഉച്ചയായപ്പോഴേയ്ക്ക് തട്ടിന്മേൽക്കൂത്തുകാരായ ചെറുമക്കൾ ചുട്ടികുത്തി തയ്യാറായി. മുളയും അലകും പനമ്പും വെച്ചു പണിഞ്ഞ തട്ടുകളെ എട്ടും പത്തും ആളുകൾ ചേർന്നു താങ്ങിയെടുക്കും. ആ തട്ടുകളിന്മേൽ കഥകളി വേഷമണിഞ്ഞ കൂത്തുകാർ ആർപ്പുംവിളിയുംകൂട്ടി ചാടുകയെന്നതാണ് തട്ടിന്മേൽക്കൂത്ത്...ഉച്ചതിരിഞ്ഞു, പൂജയെ അനുഗ്രഹിയ്ക്കാനായി ഖാലിയാർ അവിടെ വന്ന് ഒരു കെട്ട് ചന്ദനത്തിരി കൊളുത്തിവെച്ചു തിരിച്ചു പോയി. ഉറയേണ്ട മുഹൂർത്തമടുത്തു. ഉറഞ്ഞുവെട്ടിക്കൊണ്ടാണ് പൂശാരി ഉത്സവഘോഷയാത്ര നയിക്കേണ്ടത്..

ദൈവപ്പുരയ്ക്കകത്തു പൂശാരി കച്ച ചുറ്റിനിന്നു. തെയ്നാകൻ അകത്തു വന്ന് ഉണർത്തിച്ചു, ''മാധവമ്മൂത്താര്ക്ക് ഒന്ന് കാണണവേ. പൊറത്ത് ന്ക്ക്ണ്ണ്ട്.''

''എന്താന്നല്ല?''

"എന്തോ ബഗവതിനോട് പോതിപ്പിയ്ക്കാന്ണ്ട്.''

''വരാമ്പറാ.''

മാധവൻനായർ വന്നു തൊഴുതു.

''എന്താന്നും മാതവമ്മൂത്താരേ?'' ഭഗവതി ചോദിച്ചു.

''നൊമ്പടെ മാഷ്ഷ്ക്ക് ചെലത് ചോദിയ്ക്കാന്ണ്ട്,'' മാധവൻനായർ പറഞ്ഞു, ''മൂപ്പര്ക്ക് മനസിന് ഒരസ്ക്ക്യത. കൊറച്ചായി. അതൊന്ന് ബഗവതിന്റട്ത്ത് പോതിപ്പിക്കണംന്നൊര് ആശാപാശം കൊറേക്കാലവായിട്ട്.''

''ഓ, ബഗവതിയ്ക്കി സന്തോഴം. മേഷ്ടര് വന്നോട്ടെ.''

''ഒറച്ചല്തൊടങ്ങി ആള്കള് കൂട്മ്പോ കൊണ്ട്വരാ.''

''ഓ, അങ്ങന്നെ. ബഗവതിന്റെ അട്ത്ത് ആരാ വര്ണത്ന് മാളോര് കാണട്ടെ.''

മാധവൻനായർ പോയപ്പോൾ തെയ്നാകൻ വീണ്ടും പ്രവേശിച്ച് തൊഴുതുനിന്നു.

''ബഗവതീ, ഒന്ന് പോതിപ്പിയ്ക്കാന്ണ്ട്. മേഷ്ടരൊക്കെ പടിച്ച ആൾക്കാരാണൂ. ന്നത്തെ ഊറ്റം കണ്ട്ട്ട് വേ്ണം നമ്മണ്ടെ അടിമയായ് വരാൻ.''

''വര്ം! ബടത്തന്നെ വര്ം!''

''പൂസാരി ന്നലെ അകത്തമുടിയാക്മ്പൊ തല വലിയ്ക്ക്ണൂന്ന് * പറൺലേ? ഒറയ്മ്പൊ സക്ക്തി കെടയ്ക്കാൻ ത്തിരി മര്ന്ന് കൊണ്ട് വന്ന്ട്ട്ണ്ട്. ഊറ്റം തേ്റിക്കാണട്ടെ''

കുട്ടാടൻ പൂശാരി വാളു നിലത്തൂന്നി നിന്നു.

''ബഗവത്യ്ക്കി ഒറയാൻ മര്ന്ന് വേണ്ടാ.''

''നൊരപ്പൻ,'' തെയ്നാകൻ സ്വരം താഴ്ത്തി പറഞ്ഞു, ''പെശലായി നൊരപ്പിച്ചതാണൂ.''

''ചള്വട്ട്ണ്ടാ? '' *

സൽഫേറ്റു ചേർന്നെങ്കിലേ നുരപ്പന് ലഹരിയുണ്ടാവൂ. പക്ഷെ, സൽഫേറ്റിന്റെ തോതുകൂടിപ്പോയെങ്കിൽ പെട്ടെന്നു. വയറിളകുമെന്നതാണല്ലൊ നുരപ്പന്റെ പ്രത്യേകത.

''രാസ്തിയില്ല,'' തെയ്നാകൻ ബോധി പ്പിച്ചു, ''പാകംപോലെ. ചാത്തേലൻ പെശലായി നൊരപ്പിച്ചു വെച്ചതാണൂ.''

''അയ് മൂലയ്ക്കി വെയ്യ്. ഇ്ത്തിരി കൂത്ത് കാര്ക്ക്ം കൊട്.''

കഥകളിക്കിരീടങ്ങളണിഞ്ഞ കൂത്തുകാർ ഓരോരുത്തരായി ദൈവപ്പുരയിൽ വന്നു കുടം ചെരിച്ചു കള്ളുമോന്തി തിരിച്ചു പോയി. കുട്ടാടൻ പൂശാരി വാളുമടിയിൽ കിടത്തി, കാലിന്മേൽ കാലേറ്റി വെച്ച് നിയോഗ പീഠത്തിലിരുന്നു. ഇന്ന് തന്റെ സന്നിധിയിൽ രവി വരുന്നു. തന്റെ വെളിപാടിനു വേണ്ടി. പണിയ്ക്കൻ പൊട്ടയിൽ കിടന്നു പിടഞ്ഞ ഓന്തിനെ കുട്ടാടൻ പൂശാരി പെട്ടെന്നോർത്തുപോയി. ഒരു നിമിഷം; സഫലതയുടെ സുഖപ്രവാഹത്തിൽ അതു വീണ്ടും മുങ്ങി മറഞ്ഞു. നുരപ്പൻ തികട്ടിയപ്പോൾ നിലാ വെടിക്കെട്ട്

പൊങ്ങിപ്പൊട്ടുന്നപോലെ തോന്നി. നിലാവെടിയോടെ ഉത്സവം തുടങ്ങി.

ദൈവപ്പുരയ്ക്കകത്ത് മൂന്നു വലം വെച്ചിട്ട് കുട്ടാടൻ പൂശാരി ആർത്തു വിളിച്ചു, ''അ–ഹ–ഹ–ഹ–ഹാാാർച്ച്!''

തട്ടിന്മേൽനിന്ന് ചെറുമക്കൾ മറുപടി കൊടുത്തു, ''ഹുയ്യാ!''

ഉറച്ചിൽ തുടങ്ങുകയായി.

ദൈവപ്പുരയിലേയ്ക്കെ ത്തിനോക്കി, ചെണ്ടകൊട്ടിന്റെ ആരവത്തിനു മുകളിൽ തെയ്നാകൻ അറിയിച്ചു, ''മേഷ്ടര്ം കൂട്ടര്ം വരണൂ.''

കീരിമണി കെട്ടിയ കാല് ഊന്നിച്ചവിട്ടി പൂശാരി ഒന്നട്ടഹസിച്ചു. ആൾക്കൂട്ടം ദൈവപ്പുരയുടെ നേർക്കു പ്രതീക്ഷയോടെ നോക്കുകയാണ്. ആ അട്ടഹാസത്തിൽ വയറൊന്നമർന്നു. അതിനകത്ത്, അന്തർവാഹിനികളിലൂടെ മെഴുക്കു പിടിച്ചൊരു പദാർത്ഥം നീങ്ങി. നിസ്സഹായമായി കുട്ടാടൻ പൂശാരിയുടെ ചേതന ആ ചലനത്തിൽ കേന്ദ്രീകരിച്ചു.

ഇപ്പോൾ നുരപ്പന്റെ മത്തില്ല. തെയ്നാകൻ വീണ്ടും ദൈവപ്പുരയിലേയ്ക്കു കടന്നപ്പോൾ, കാലുകൾ പിണച്ച്, വയറു താങ്ങിപ്പിടിച്ച്, കടിഞ്ഞൂലൂ പെറുന്ന പെണ്ണിനെപ്പോലെ കുട്ടാടൻ പൂശാരി നില്ക്കുന്നു. എന്തോ പറയാൻ പാടുപെടുന്നുണ്ട്. ശബ്ദം പൊങ്ങുന്നില്ല. അർദ്ധസ്വരങ്ങളിൽ ഇളിച്ചു കാട്ടി പൂശാരി ശിഷ്യനെ അറിയിച്ചു, ''ഒറച്ചിലില്ലാ—ബഗവതി കോപിച്ചെടക്ക്ണൂ—പറാ.''

തെയ്നാകൻ പുറത്തേയ്ക്കോടി. ആളുകൾ കലങ്ങിമറിയുന്നു! തട്ടുകളെല്ലാം ഇറക്കിവെച്ചിട്ടുണ്ട്. ഭഗവതിയുടെ കോപത്താൽ വേല മുടങ്ങിയെന്ന് തെയ്നാകൻ വിളിച്ചുപറഞ്ഞത് ആരും കേട്ടില്ല, ഒന്നുരണ്ടു കൂത്തുകാർ നിലത്തിറക്കിവെച്ച തട്ടുകളിന്മേൽത്തന്നെ ജീവച്ഛവങ്ങളായി കുന്തിച്ചിരിപ്പാണ്. ബാക്കിയുള്ളവർ പാടത്തേയ്ക്കു കുതിച്ചു പായുകയാണ്. ദേവീ, ചതിച്ചോ! തെയ്നാകൻ അകം നൊന്തു വിളിച്ചു.

അതിനുത്തരമെന്നോണം വയറ്റിനകത്തൊരു ശബ്ദമുയർന്നു. രൗദ്രമൂർ ത്തിയുടെ ശംഖുവിളിപോലെ. കലിതുള്ളിയ ദേവി കുടലുകളെ കട കോലിട്ടു കടയുകയാണ്. വയറൊന്ന് അമർത്തിപ്പിടിച്ചുനോക്കി. നിലയ്ക്കുന്നില്ല. തെയ്നാകനും വയലുകളുടെ നേർക്കു പാഞ്ഞു.

ആളുകളും നായ്ക്കളും ചിന്നിച്ചിതറാൻ തുടങ്ങിയിരുന്നു. രവി പാടത്തേ യ്ക്കു നോക്കി. അപ്പുക്കിളി തുമ്പികളെ നായാടുന്ന കൈതപ്പൊന്തകളിലേയ്ക്ക്. കൈതത്തഴപ്പിനു മുകളിൽ നാലു കിരീടങ്ങൾ പൊങ്ങിക്കാണാമായിരുന്നു.

---

* ഉത്സവം.

* തല വേദനിയ്ക്കുന്നു.

* സൽഫേറ്റ് ഉണ്ടോ?

19. പൂവിന്റെ മണം

ഉറങ്ങിയെണീറ്റുകഴിഞ്ഞപ്പോൾ തലേന്നത്തെ സംഭവങ്ങളോർത്ത് രവിയ്ക്കു വേദനയാണ് തോന്നിയത്. കൈതപ്പൊന്തകൾക്കു മുകളിൽ പൊങ്ങിക്കണ്ട കഥകളിക്കിരീടങ്ങളോർക്കുമ്പോൾ ഇപ്പോഴും ചിരിവരാതെയല്ല. പക്ഷെ, ചിരിയ്ക്കുന്നല്ലോ എന്നോർത്തു വല്ലായ.

അന്നു വൈകിട്ട് മാധവൻനായർ പറഞ്ഞു, ‘‘മാഷറിഞ്ഞോ?’’

‘‘ഏ?’’

‘‘ആ നൊരപ്പൻ കൊണ്ട്വന്ന് കൊട്ത്തത് ആരാന്നറിഞ്ഞോ?’’

‘‘ഇല്ല. എന്തേ?’’

‘‘കുപ്പ്വച്ചൻ.’’

രവിയ്ക്കപ്പോഴും മനസ്സിലായില്ല.

‘‘നൊരപ്പന്ല് സൽപേറ്റ് ജാസ്തി കൂട്ടിച്ചത്—’’ മാധവൻനായർ പറഞ്ഞു.

‘‘ചതി.’’

‘‘ഇത് കെടയ്ക്കാണ്ട് പുകില്ല, മാഷ്ഷേ. ഈ തന്ത കീരിപ്പുഴുവായി പുനർജ്ജമ്മിയ്ക്ക്ം.’’

ആ ഒരു ദിവസംകൊണ്ടുതന്നെ തലേന്നത്തെ നുരപ്പനിൽ കലർന്ന സൽഫേറ്റിന്റെ കഥ ഖസാക്കുകാരത്രയും അറിഞ്ഞിരുന്നു. ഒരു ദേവതയുടെ പതനത്തിന്റെ കഥയായിരുന്നു അത്.

രവി ചോദിച്ചു, “ദൈവപ്പെര കഴ്കിച്ച്വോ?’’

‘‘ഹൗ, ഒന്ന്ം പറയണ്ടാ, മാഷ്ഷേ. സാക്ഷാൽ അപിഷേകം. ആറാട്ട്. ആ വഴിയ്ക്കൊന്ന്ം നടന്നൂടാ, നാറീട്ട്.’’

‘‘മാധവന്നായരേ,’’ രവി പറഞ്ഞു, ‘‘ഞാനീ ഞായറാഴ്ച പൂശാരിടെ കാവിൽ പൂവ്വാ.’’

മാധവൻനായർ കൗതുകത്തോടെ ചോദിച്ചു, ‘‘ഇനിയോ?’’

‘‘അതെ.’’ രവി പറഞ്ഞു.

ഞായറാഴ്ചയ്ക്ക് ഇനിയും അഞ്ചു ദിവസമുണ്ട്...അന്തിവെളിച്ചത്തിലൂടെ നടക്കുമ്പോൾ രവി ഖസാക്കിന്റെ ഈശ്വരന്മാരെ കണ്ടു. ഇരുട്ടു കെട്ടിയ പള്ളിത്തളത്തിൽ, പള്ളിച്ചതുപ്പിൽ, പുളിങ്കൊമ്പിൽ, ചാൺ കവിയാത്ത സർപ്പശിലയിൽ, ചവിട്ടടിപ്പാതയുടെ വിജനതയിൽ, അങ്ങിനെ ആ കാവൽ പ്പടികളിൽ അവർ കുടികൊണ്ടു. ഞായറാഴ്ച കാവിൽ ചെല്ലുമ്പോൾ വിഷാദവാന്മാരായ അവരോട് ഒന്നും ചോദിയ്ക്കാനില്ല. ഒന്നും ആരായാനില്ല. കുട്ടാടൻ പൂശാരിയോടു സഹതപിയ്ക്കാനുമല്ല അവിടെ ചെല്ലുന്നത്. പിന്നെയോ? വീണ്ടും സ്വയം ചോദിച്ചുപോവുകയാണ്. ചോദ്യം അപാരമായ ഉത്തരത്തിന്റെ സന്നിധിയിൽ രവിയെ എത്തിച്ചു. അറ്റമില്ലാത്ത കരിമ്പന ക്കാടുപോലെ, ഉദിയ്ക്കാത്തതു മസ്തമിയ്ക്കാത്തതുമായ സന്ധ്യപോലെ, പടർന്ന തന്റെ പാപത്തിൽ നൊടിനേരം അയാൾ ആബദ്ധനായി. തൂണിലും തുരുമ്പിലും കാവൽ നിന്ന ഈശ്വരന്മാർ അതിന്റെ ധന്യതയുടെ സാക്ഷികളായി.

ഞായറാഴ്ച രവിയും മാധവൻനായരും പൂശാരിയുടെ ദൈവപ്പുരയിലേയ്ക്കു പുറപ്പെട്ടു. അപ്പുക്കിളിയും പുറപ്പെട്ടു.

‘‘ക്ളിയെന്തിനാണ്ടാ വര്ണ്?’’ മാധവൻനായർ നിരുത്സാഹപ്പെടുത്തി. കിളിയ്ക്കു സങ്കടമായി.

‘‘കിളി പോയി തുമ്പിപിടിയ്ക്കൂ,’’ രവി പറഞ്ഞു.

കിളി നിന്നു. കിളി മടങ്ങി. രവിയും മാധവൻനായരും നടന്നു. ഇത്തിരി നടന്നേയുള്ളു. വീണ്ടും പുറകിൽ കിളി വിളിച്ചു, ''എ്ത്തോ!''

''പഞ്ചവർണ്ണമേ,'' മാധവൻനായർ ഗുണദോഷിച്ചു, ''നീയ് പറഞ്ഞാ ക്കേ്ക്ക്ല്ലാ? കാരിടെ പ്രേതവാണ് നീ വെറ്തേ പിന്നാലെ വരാൻ?''

കിളി പതിവുപോലെ ചിരിച്ചില്ല. അവൻ അകലെ ദൈവപ്പുരയിലേയ്ക്കു നോക്കി നെറ്റി ചുളിച്ചുകൊണ്ടു നിന്നു. ''ശെരി,'' രവി പറഞ്ഞു,

''കിളി വന്നോളൂ.''

ദൈവപ്പുരയുടെ മുമ്പിൽ ആരുമില്ല. വേലയുടെ കഥ അപ്പോഴും ദേശത്തു നിന്ന് ദേശത്തേയ്ക്കു പടരുകയായിരുന്നു...അടിച്ചുവാരാത്ത മുറ്റത്തു തറയോരം ചേർന്ന് പടുവിത്തുകൾ മുളയെടുത്തിരുന്നു. വീരാളിക്കച്ച ചുറ്റിയ ഒരു ചാത്തൻ കോഴി മുറ്റത്തെ ചന്ദനക്കല്ലിനു ചുറ്റും ചിനക്കി നടന്നു. ദൈവപ്പുരയുടെ വാതിൽ പാതിയടഞ്ഞു കിടന്നു. രവി അകത്തേയ്ക്കെത്തി നോക്കി. അകത്ത് ആരുമില്ല. അപ്പോഴാണ് അയാൾ ദൈവവുരയിൽ നിന്ന് പൂശാരിയുടെ വീടിനുനേർക്കു നോക്കിയത്. ഇറയത്തു തിരികിയ കോട്ടുപട്ടകൾ തിണ്ണയെ മുക്കാലും മറച്ചിരുന്നു. അവിടെ കമ്പിളിയും പുതച്ച് ഒരു കിഴവി ഇരുന്നു. പതിഞ്ഞ സ്വരത്തിൽ അവർ ഉരുവിട്ടു കൊണ്ടിരുന്നു, 'ദേവ്യേ, അമ്മ!''

രവി ഇറയോളം ചെന്നു ശങ്കിച്ചു നിന്നു.

''പൂശാരിയില്ലേ?'' മാധവൻനായർ ചോദിച്ചു.

കിഴവി ഒരുനിമിഷം അവരുടെ നേർക്കു തിരിഞ്ഞു. തിമിരം മൂടിയ കണ്ണുകളിൽ നിന്ന് എണ്ണിയാലൊടുങ്ങാത്ത ചുളികൾ മാത്രം രശ്മികളെപ്പോലെ പടർന്നു.

''എ്ത്തോ,'' അപ്പുക്കിളി രവിയുടെ ചെറുവിരലിൽ പിടിച്ചു, ''പുഗ്ഗ്വാ.''

‘‘ശ്ശ്ശ്,’’ മാധവൻനായർ കിളിയെ ശാസിച്ചു.

കിളി ഞരങ്ങി.

‘‘അതാ പൂശാരി,’’ മാധവൻനായർ പറഞ്ഞു.

മാധവൻനായരും രവിയും ചുവടുവച്ച് വഴിമാറി നിന്നു. നിണമണിഞ്ഞു വരുന്ന വേഷത്തെപ്പോലെ പൂശാരി മുറ്റത്തുകൂടെ പാഞ്ഞു. എവിടെനിന്നു വന്നെന്ന് രവിയോ മാധവൻനായരോ കണ്ടില്ല. തൊടിയുടെ അപ്പുറത്തെ ഉടവിൽ നിന്നായിരിയ്ക്കണം ഉറഞ്ഞു പൊങ്ങിയതെന്ന് രവി നിരൂപിച്ചു. പരുവക്കൂട്ടങ്ങൾ തുറ്റുവളർന്നുനിന്ന ഉടവിൽ കച്ചയഴിച്ച്, പൊന്തയുടെ മറവിൽ കുന്തിച്ചിരുന്നു കൊണ്ട് മണ്ണിലും വളത്തിലും പൂശാരി വേരു പിടിയ്ക്കുന്നതു രവി മനസ്സിൽ കണ്ടു.

‘‘ഹാ–ഹ–ഹ–ഹാാർഷ്!’’

ഉഗ്രമായാട്ടി കുട്ടാടൻ പൂശാരി മുറ്റത്തു കോണോടുകോണായോടി. വീരാളിക്കച്ച ചുറ്റിയ ചാത്തൻകോഴി വിപൽസൂചകമായി കൂവി പുരപ്പുറത്തു കയറി നിന്നു. പൂശാരി നടമുറ്റത്തു നിന്നുകൊണ്ട് ഉറഞ്ഞുവെട്ടിത്തുടങ്ങി. താരണവും ഇറച്ചിയും തെറിച്ചു. തിരുനൂറും മഞ്ഞൾപ്പൊടിയുമില്ലാതെ ചോര താഴോട്ടൊലിച്ചു.

മുറ്റത്തെ ചന്ദനക്കല്ലിൽ ഭഗവതി നിലപാടുകൊണ്ടു.

നട്ടുവന്റെ മുമ്പിലെന്നപോലെ താളം ചവിട്ടി. പിന്നെ ദൈവപ്പുരയിലേയ്ക്കു കേറി. ദൈവപ്പുരയുടെ വാതിൽ മലർക്കെ തുറന്നു. പടുതിരികളുടെ മെഴുക്കും കരിയും അവശേഷിച്ച കോവിലിൽ നഗ്നയായി, അഭിഷേകങ്ങളുടെ മദജലം പുരണ്ട്, നല്ലമ്മ നിന്നു.

രവിയ്ക്കു വിയർത്തു. തണുത്തു. തണുത്ത ചരൽക്കല്ലുകൾപോലെ മേലാസകലം വിയർപ്പുതുള്ളികൾ കടഞ്ഞു.

‘‘പരിഘാതം! * ’’ കുട്ടാടൻ പൂശാരി പ്രലപിച്ചു. ‘‘പരിഘാതം!’’

എന്നിട്ട് ഒരുപിടി തിരുനൂറെടുത്തു പൂശാരി രവിയുടെ മുഖത്തേയ്ക്കെറിഞ്ഞു. നിമിഷനേരത്തേയ്ക്ക് കണ്ണിലും മൂക്കിലും അതു നിറഞ്ഞു. വീണ്ടും കണ്ണുതെളിഞ്ഞപ്പോൾ നല്ലമ്മയുടെ തുടകൾ വാരിപ്പിടിച്ചുകൊണ്ട് പൂശാരി ഇരിയ്ക്കുകയാണ്. മൂർദ്ധാവിൽനിന്നൊഴുകിയ ചോര അയാളുടെ മുഖത്തും മാറിലും ചുമലിലും കട്ടകെട്ടിത്തുടങ്ങിയിരുന്നു.

ഞാറ്റുപുരയിൽ തിരിച്ചെത്തിയപ്പോൾ രവിയ്ക്കു നേരിയൊരു നെഞ്ചിടിപ്പു തോന്നി.

''ഇരിയ്ക്കിൻ മാധവന്നായരേ.''

രവി ചാരുകസേലയിലും മാധവൻനായർ വരാന്തയിലെ ഒതുക്കുകല്ലിലുമിരുന്നു.

''മാഷ്ഷേ,'' മാധവൻനായർ പറഞ്ഞു, ''ത്തിരി വല്ലത്ം മോന്താനെന്താ വഴി?''

''ത്തിരി കാത്തിര്ന്നാൽ ചാന്തുമ്മ പാല് കൊണ്ടുവര്ം. ചായതരാ.''

''നമ്ക്ക് പൊറത്തെറങ്ങാ്.''

''ശെരി.''

അലിയാരുടെ ചായപ്പീടികയിലിരുന്നു ചായയും കടിയും പറഞ്ഞു. അത്താണിപ്പുറത്തു കുത്തിയിരുന്ന് കുപ്പുവച്ചൻ ഉറങ്ങുകയായിരുന്നു. രവി അങ്ങോട്ടു നോക്കിയില്ല.

ചായ കുടിച്ചു പുറത്തിറങ്ങുമ്പോൾ മാധവൻനായർ ചോദിച്ചു, ''ദാഹം മാറിയോ?''

''ഇല്ല,'' രവി പറഞ്ഞു.

''എന്നാ വരീൻ, മാഷ്ഷേ.''

തോടും താമരക്കുളവും കടന്ന് അവർ നടന്നു. നെടുവരമ്പു കഴിഞ്ഞാലുള്ള നീണ്ട താഴ്വരയിലൂടെയാണ് കിഴക്കു പോകുന്ന തീവണ്ടിപ്പാളം കിടന്നത്. അതിനപ്പുറം ഒരു മാവിൻതോപ്പും ഒരു

തേക്കിൻകാടുമാണ്. ഇരുട്ടു കെട്ടിയ മാവിൻകൊമ്പുകളിൽ മൂങ്ങകൾ ഇരുന്നുറങ്ങുന്നതും കുരങ്ങന്മാർ തേക്കിൻതളിരെടുത്തു കൈകൾക്കിടയിൽ ചതച്ചു മുഖത്തു പുരട്ടുന്നതും രവി കണ്ടു. അവിടന്നും അവർ നടന്നു. അഞ്ചാറുനാഴിക പിന്നിട്ടിരിയ്ക്കണം. ചെതലിമലയുടെ അടിവാരത്തിലാണിപ്പോൾ. മേഘത്തിന്റെ നിഴലുപോലെ പടർന്ന കാട്ടുതേനാട്ടികളിലേയ്ക്കു രവി നോക്കി. അവയ്ക്കുമപ്പുറം ഷെയ്ഖ് തമ്പുരാന്റെ മിനാരങ്ങളാണ്.

ചെതലിയുടെ അടിവാരത്തിൽ ഒരു കാവും നാലഞ്ചു കുടികളുമുണ്ടായിരുന്നു. രവിയും മാധവൻനായരും അങ്ങോട്ടു ചെന്നു. അമ്പലവാതിൽ ചിതൽ തിന്നു പൊതിർന്നു വീണിരുന്നു. ചുമരുകളിൽ ആടലോടകവും നാഗവള്ളിയും പടർന്നു നിന്നു. കുടികളൊന്നിൽ നിന്നു പുക പൊങ്ങിക്കാണായിരുന്നു.

മുറ്റത്തെ കുഴിയടുപ്പിലിരുന്നു കാഞ്ഞ കലത്തിൽ കയിലിട്ടിളക്കി ക്കൊണ്ടു നിന്ന മദ്ധ്യവയസ്ക അവരുടെ നേർക്ക് നോക്കി.

“ത്ര വെള്ളം തര്വോ?'' മാധവൻനായർ വിളിച്ചു ചോദിച്ചു.

''ങ്ങ്ണ്ട് വന്നിരിയ്ക്കാ്,'' അവൾ പറഞ്ഞു. അവൾ പിള്ളത്തിണ്ണയിലേയ്ക്ക് തടുക്കപ്പായകൾ നീക്കിയിട്ടു.

''മൂത്താര്ക്ക് സുകംതന്നെ?'' അവൾ ചോദിച്ചു.

ഇത്തിരി കഴിഞ്ഞ് രണ്ടു പിഞ്ഞാണവസ്സികൾ നിറയെ വാറ്റുചാരായം അവൾ അവരുടെ മുമ്പിൽ കൊണ്ടുവന്നു വെച്ചു. ചാരായത്തിന് ചൂടുണ്ടായിരുന്നു.

''കടിയ്ക്കണോ?'' അവൾ ചോദിച്ചു.

“പിന്നെ! കൊണ്ട്വന്നാണ്ടീ,'' മാധവൻനായർ പറഞ്ഞു.

അവൾ ഒരു മാറ് ചാക്കണ പൊട്ടിച്ചു കൊണ്ടുവന്ന് അടുപ്പിൽ കാട്ടിയെടുത്തു.

''കോടച്ച്യേ,'' മാധവൻനായർ ചോദിച്ചു, “നെന്റെ കെട്ടിയവൻ ഇഞ്ഞെപ്പളാ വരവ്?''

‘‘അട്ത്ത മാസം, ചെലയപ്പോ,’’ അവൾ പറഞ്ഞു.

തിണ്ണയിൽ രണ്ടു വയസ്സോടടുത്ത ഒരാൺകുഞ്ഞ് നീന്തിക്കൊണ്ടിരുന്നു. അതൊഴിച്ചാൽ അവിടെ ആരുമില്ല. വീടിനു ചുറ്റും ചീതാറ മരങ്ങൾ തഴച്ചു നിന്നു. മല കേറിപ്പോകുന്ന വഴിപോക്കന്മാർക്കുള്ള വിശ്രമസ്ഥാനമായിരുന്നു. കോടച്ചിയുടെ കുടി. അവളുടെ കെട്ടിയവൻ മലകേറി അപ്പുറത്തെ തറകളിൽ ചെന്ന് കറുപ്പു വിറ്റു തിരിച്ചുവരുക ഒന്നും രണ്ടും മാസം കഴിഞ്ഞാണ്.

കോടച്ചി മുറ്റത്തു ചെന്ന് അടുപ്പിലെ കലം ഇറക്കിവെച്ചു. കാറ്റുതട്ടി കുഴിയടുപ്പ് വീണ്ടും കനച്ചു. അവളുടെ നെറ്റിയിലും മാറത്തും വിയർപ്പു പൊടിഞ്ഞു നിന്നു. മുലകൾക്കിടയിലൂടെ അതു താഴോട്ടിറ്റി.

ചെതലിയുടെ ചെരിവിൽ നേരം താണു. പൂവാക മരങ്ങൾക്കിപ്പോൾ അസ്തമയത്തിന്റെ ഇരുണ്ട നിറമാണ്... അകത്തെ മുറിയിൽ ചെന്നപ്പോൾ, പൊട്ടിയൊലിയ്ക്കുന്ന ചലംപോലെ, ജമന്തിയുടെ മണം. പായിലും അതേ മണം. അവളുടെ ഉടലിൽ എവിടെനിന്നെല്ലാമോ രവി വിയർപ്പ് ഒപ്പിയെടുത്തു നോക്കി. അങ്ങിനെതന്നെ മണക്കുന്നു.

‘‘നെണക്ക് പനിയ്ക്ക്ണോ?’’ രവി ചോദിച്ചു.

ഒരുപക്ഷെ, പനിയായിരിയ്ക്കില്ല. ഉടല് ഉണരുന്നതിന്റെ ചൂടുമാത്രമായിരിയ്ക്കും. മുഖത്തെ തിണർപ്പ് സന്ധ്യയുടെ ചുവപ്പായിരിയ്ക്കും. അവൾ എന്തോ മറുപടി പറഞ്ഞു. പറഞ്ഞതെന്തെന്ന് രവി കേട്ടില്ല. അവളുടെ ചുവന്നു വീർത്ത മുഖം തന്റെ മുഖത്തോടു പറ്റിക്കിടക്കുന്നു. അറയ്ക്കു വെളിയിലെ അസ്തമയത്തെ അതു പാടെ മറച്ചു. രവി അങ്ങിനെ കിടന്നു... ഇപ്പോൾ നീണ്ട തീവണ്ടിയാത്ര കഴിഞ്ഞെത്തിയപോലെ തളർന്നിരുന്നു. ആ മുഖവും, അതു മറച്ച അസ്തമയവും, മുഖത്തെ തിണർപ്പും ചൂടും, താഴ്വാരത്തിലെ കുഞ്ഞിന്റെ കരച്ചിലുമെല്ലാം പ്രയാണത്തിന്റെ അമ്പരപ്പിൽ നഷ്ടപ്പെടുകയായി. തീവണ്ടിയുടെ ചൂളംവിളി, റെയിലുകളുടെ

താളം, ചിലമ്പിന്റെ താളം. ദൂരെ, പണ്ടാരശ്ശവത്തെ ചുറ്റി മാടന്മാർ താളം ചവിട്ടി.

പരിഖാതം, പരിഖാതം! ചേങ്ങലംപോലെ.

വേദനയോടെ ഉണരുന്നു. ചരൽക്കല്ലുകൾ, നീറിക്കടയുന്ന വിയർപ്പു തുള്ളികൾ. എന്താണ് തന്റെ ശരീരത്തിലത്രയും? തൊട്ടുനോക്കാനായി കൈയുയർത്താൻവയ്യ. തണുത്ത എന്തോ ഒരു നീര് ആരോ കണ്ണിൽ പകരുന്നു. അതിന്റെ പാടകൾ നീങ്ങിയപ്പോൾ രവി ഞരങ്ങി, ‘‘അമ്മേ!’’

മഞ്ഞളിച്ചു സമൃദ്ധമായ ഒരടിവയറു കാണാം. പതുക്കെ, പാടുപെട്ടു കൊണ്ട് മുഴുവനും കാണാൻ ശ്രമിച്ചു. ഒരു പെണ്ണ്, മുകൾനിരപ്പിലെ ഇരുട്ടിലേയ്ക്ക് അവൾ പൊങ്ങിനിന്നു.

ആരാണ്?

ആ അടിവയറ്റിൽ ചാരിക്കിടക്കുകയാണ്. ചാരിക്കിടന്നുകൊണ്ട് കല്പ വൃക്ഷത്തിന്റെ കരിക്കിൻതൊണ്ടുകളെണ്ണുകയാണ്.

ഒന്ന്, രണ്ട്, മൂന്ന്, നാല്... പന്ത്രണ്ട്.

പിന്നെ വീണ്ടും ഉറക്കം.

ഉണരുമ്പോൾ വീണ്ടും ആ മഞ്ഞളിച്ച അടിവയറ്.

‘‘അമ്മേ!’’

അടിവയറു ചാരിയിരിയ്ക്കാനായി എണീയ്ക്കുകയാണ്.

‘‘അനങ്ങണ്ട,’’ അവൾ പറയുന്നു.

അനങ്ങാൻ വയ്യ. ശരീരത്തിന്റെ വിദൂരങ്ങളായ അതിരുകൾ മാത്രമേ അനങ്ങിയുള്ളു. പതുക്കെ കണ്ണു തെളിഞ്ഞു. കണ്ണുകൾ നനഞ്ഞും തണുത്തുമിരുന്നു.

പായയ്ക്കരുകിൽ നിന്ന മൈമുനയെ രവി കണ്ടു. ഇപ്പോൾ തെളിഞ്ഞു കണ്ടു. താനെവിടെയാണ്? എന്താണ്?

“രാജാവിന്റെ പള്ളീല്,’’ അവൾ പറഞ്ഞു.

പുറത്തു മണി കിലുങ്ങി. സൈക്കിളാണ്. ആരോ സൈക്കിളിനെ ചാരി വെയ്ക്കുന്നു. എന്തോ ചുമന്നുകൊണ്ടു മുറിയിലേയ്ക്കു വരുന്നു.

“നൈജാമണ്ണൻ,” മൈമുന പറഞ്ഞു.

‘‘എളനീര്,’’ ഖാലിയാർ പറഞ്ഞു, ‘‘ചെത്തിക്കൊടുത്താണ് മൈമുനോ!’’

‘‘എളനീരോ?’’ രവി ചോദിച്ചു, ‘‘എന്തിന്?’’

‘‘മേഷ്ഷ്ക്ക് ദെണ്ണം ബെക്കം സൊകപ്പെടാന്.’’

അകലത്തെവിടെയോ ഉടുക്കുകൊട്ടുന്നു. അശരണമായ നിലവിളി, ‘ദേവ്യേ, അമ്മേ!’’

രവിയുടെ കണ്ണുകൾ ഇരുവശത്തേയ്ക്കും പതറി. രണ്ടു കൈയിലും പറ്റിനിന്ന തണുത്ത വൈരക്കല്ലുകൾ പൊട്ടി തണുത്ത ചലം ഒഴുകിപ്പരന്നു. അയാൾക്കു കാണാൻ വയ്യാത്തേടത്തുനിന്നൊക്കെയും അവ പൊട്ടി യൊലിയ്ക്കുന്നുണ്ടായിരുന്നു. പൊട്ടിയൊലിയ്ക്കുന്ന ചലം നല്ലമ്മയുടെ പ്രസാദമാണ്. അതിൽനിന്നാണ് ആ മാദകമായ ഗന്ധമുയർന്നത്. പാതിരയിൽ കുളിർമഞ്ഞിൽ, വിടരുന്ന ജമന്തിയുടെ മണം.

---

* പരിഹാസം

20. വിളയാട്ടം

ഖസാക്കിൽ, ചെതലിയുടെ താഴ്വരയിൽ, കൂമൻകാവിൽ, അവിടെയത്രയും ജമന്തിപ്പൂക്കൾ വിരിഞ്ഞുപൊട്ടി. ആ മണവും കൊണ്ടു കിഴക്കൻകാറ്റു വീശി. വേനലിന്റെ രാത്രിയിലൂടെ പണ്ടാരശ്ശവങ്ങൾ ചുമന്നുകൊണ്ട് പറ യന്മാർ നടന്നു. അവരുടെ മുഖങ്ങളിൽ വസൂരിക്കലകളുടെ മേടും പള്ള വുമുണ്ടായിരുന്നു.

''പണിയ്ക്കരച്ചൻ ഒരെണ്ണം പറയട്ടെ.''

''വേണ്ട്ലാ, ഉണ്ണീ. ദേവി പ്രസാദിച്ചെടക്ക്ണൂ.''

"എന്തേ മ്ണ്ടീലാ, കാലിയാര്?''

''നല്ല സാനത്താണ് പൊങ്ങിയെടക്ക്ണൂ. ചതിയ്ക്കൂലാ.''

''മാരിയമ്മേ, ബഗവതീ!''

രവി ചെകിടോർത്തു. ഏടുകൾ മറിയ്ക്കുംപോലെ ബോധം മങ്ങുകയും തെളിയുകയുമാണ്. വേദന മങ്ങുകയും തെളിയുകയുമാണ്. കണ്ണുകൾ പരിസരമാരാഞ്ഞു. രാജാവിന്റെ പള്ളിയുടെ അകമാണ്. മാധവൻനായർ, മൈമുന, ഖാലിയാർ, ഗോപാലുപണിയ്ക്കർ, അങ്ങിനെ പലരുമുണ്ട്. താൻ കിടന്നത് ഒരു കൈതോലപ്പായിലാണ്. പായ തണുത്തിരുന്നു. പതുക്കെ രവിയുടെ ഓർമ്മകൾ തിടം വെച്ചു. കോടച്ചിയുടെ വീട്ടിൽനിന്ന് ഖസാക്കിലേയ്ക്കു തിരിച്ചു നടന്നതോർമ്മവന്നു. കാലു നിലത്തു തൊടാതെ മലയോരത്തു കൂടെ നടന്നത്. നിലാവ്. മോഹാലസ്യംപോലെ കാറ്റ്. പിന്നെ ജമന്തിപ്പൂക്കൾ വിരിഞ്ഞുനിന്ന വനഭൂമിയിലൂടെ പ്രയാണം. കാറ്റുയരുമ്പോൾ വിദൂരമായ ഉടുക്കിന്റെ താളം. വനഭൂമിയും മലന്താരയും നിലാവും മങ്ങിയും തെളിഞ്ഞും മങ്ങിയും പോയി.

ഇരുട്ടു തെളിയുമ്പോൾ ആരോ പറയുംപോലെ തോന്നുന്നു, ''ഇല്ല, ഈ വെയർപ്പോടെ പനിപോയി.'' ആരാണത്? അച്ഛൻ മുതുകു തലോടിത്ത രുകയാണ്. നെറ്റിയിലെ വിയർപ്പുപൊടികൾ തുടച്ചുതരുകയാണ്. അച്ഛന്റെ കൈകളിൽ കിടന്നുറങ്ങിപ്പോകുന്നു. ഉണരുമ്പോൾ അസ്തമയമാണ്. അച്ഛന്റെ ചെറുവിരലിൽ പിടിച്ചും കൊണ്ടു നടക്കാനിറങ്ങുന്നു. വിജനമായ ചുവന്ന പാത. കാപ്പിച്ചെടികളിലെ സാന്ധ്യതീവ്രത.

''ആ പക്ഷിയെ മോൻ കണ്ടോ?'' അച്ഛൻ ചോദിയ്ക്കുന്നു.

വെള്ളിലങ്ങളുടെ ഇടയിൽ.

''ആ വല്യ എലകളിലല്ലേ?''

''അതെ, അവനാ തയ്യക്കാരൻപക്ഷി. എല ചേർത്തു തുന്നിയ ആ കൂട് മോൻ കണ്ടോ?''

നടന്നകലുമ്പോൾ ചോദിയ്ക്കുന്നു, ''തയ്യക്കാരൻ പക്ഷീടെ മുട്ടയ്ക്ക് പുള്ളിക്കുത്തുണ്ടോ അച്ഛാ?''

''എളം നീലനെറത്തിലുള്ള കുത്ത്.''

ഇളം നീലനിറത്തിലുള്ള കുത്തുകളോർത്ത് സ്വയം ചിരിച്ചുപോവുന്നു. പക്ഷിക്കുഞ്ഞിനെപ്പോലെ അമ്മയുടെ അടിവയറു ചാരി ചുരുണ്ടിരിയ്ക്കുമ്പോൾ അമ്മ ചോദിക്കുന്നു, "നക്ഷത്രക്കുട്ടാ, ഈ കണ്ണ് ഏതാന്നറിയോ?''

അമ്മയുടെ വിരലുകൾ രവിയുടെ കൺപോളകളെ പതുക്കെത്തൊടുന്നു.

''ഏതാമ്മേ?''

''നിന്റച്ഛന്റെ.''

''ഈ മൂക്കോ?''

''അത് അമ്മേടെ.''

''പിരികം?''

''അച്ഛന്റെ.''

''ചെവി?''

''അച്ഛന്റീമമ്മേടീം.''

അമ്മ വാരിയെടുത്തുമ്മവെയ്ക്കുന്നു.

പുൽത്തകിടികൾക്കപ്പുറത്തെ മൃഗതൃഷ്ണയിലേയ്ക്കു യാത്ര തിരിയ്ക്കുമ്പോൾ അവർ പറഞ്ഞുകൊടുത്തു, ''എന്റെ നക്ഷത്രക്കുട്ടൻ ഇതൊക്കെ സൂക്ഷിയ്ക്കണം. ഇതൊക്കെ വളർന്നു ചന്തം വെയ്ക്കണം.''

ഗർഭത്തിന്റെ കരുണയിൽ വിശ്രമിയ്ക്കുന്നു. ഓർമ്മയുടെ കരുണയിൽ പുനർജ്ജനിയ്ക്കുന്നു. പിന്നെ, വളരുന്നു.

''ചിറ്റമ്മ കരയ്യാണോ?'' ചോദിയ്ക്കുന്നു.

തന്റെ ചുമലിൽ ചുണ്ടമർത്തിക്കൊണ്ട് അവർ കരയുന്നു. അവർ പറയുന്നു, ''എനിയ്ക്ക് എന്തോര് വല്ലായ.''

''പാപം അല്ലേ?''

''ഈശ്വരാ!''

നേരിയ പട്ടുരോമങ്ങൾ കുരുത്ത അവരുടെ മേൽച്ചുണ്ടിൽ ചുണ്ടമർത്തുന്നു.

''എനിയ്ക്കൊന്നും തോന്നണില്ല,'' ഖേദത്തോടെ അവരോടു പറയുന്നു.

''രവീ!''

ചെകിടോർക്കുന്നു. രാത്രിയിൽ അച്ഛൻ ശ്വാസം വലിയ്ക്കുന്നതു കേൾക്കാം. ശ്വസിയ്ക്കാൻ എന്തു മാത്രം ശ്രമപ്പെടുന്നു!

''അച്ഛന് വയ്യ,'' പറയുന്നു.

ജനാലയിലൂടെ പുറത്തേയ്ക്കു നോക്കുന്നു. ജനാലയിലൂടെ, നിലാവു നിറഞ്ഞ താഴ്വരയാണ്. നിലാവു പൂത്തുനിന്ന കാപ്പിച്ചെടികളാണ്. ആ കാപ്പിച്ചെടികൾക്കിടയിലൂടെ

നടന്നതോർക്കുന്നു. എന്നിട്ടും ആ ഓർമ്മകളി ലൊന്നുംതന്നെ വേദന കലരുന്നില്ല.

‘‘ചിറ്റമ്മേ, ഞാനെന്റെ മുറീൽ പോയി കെടക്കാം.’’

‘‘പോവരുത്.’’

നേരിയ കുരുന്നു രോമങ്ങളുള്ള കൈകൾകൊണ്ട് അവർ തന്നെ വരിയുന്നു.

‘‘മതി,’’ ദൃഢതയോടെ പറയുന്നു, ‘‘ചിറ്റമ്മ എണീറ്റ് പുടവ ചുറ്റൂ.’’

രാത്രിയിൽ രോഗത്തിന്റെ ഉച്ഛ്വസനം. ചെകിടോർക്കുന്നു. വേദനയില്ല. അക്ഷമയും നീരസവും മാത്രം. കമ്പിളിപ്പുതപ്പിനകത്ത് മോഹാലസ്യപ്പെട്ടു. കിടന്ന അച്ഛന്റെ കാലു കെട്ടിപ്പിടിച്ച് യാത്രചോദിയ്ക്കുന്നു: പുരികങ്ങളുടെയും കണ്ണുകളുടെയും ചുവന്ന പാതയിലെ സായാഹ്നയാത്രയുടെയും അച്ഛാ, ഇലകൾ തുന്നിച്ചേർത്ത ഈ കൂടുവിട്ട് ഞാൻ പുറത്തേയ്ക്കു പോവുകയാണ്. യാത്ര.

‘‘മഴ രക്ഷിച്ചു,’’ ആരോ പറഞ്ഞു, ‘‘ഇനി ഒന്നടങ്ങും.’’

‘‘ദേവീ!’’

പനിയിറങ്ങിക്കഴിഞ്ഞിരുന്നു. രവിയ്ക്ക് എന്തെന്നില്ലാത്ത സുഖം തോന്നി. തിരിയുമ്പോഴും നിവരുമ്പോഴും മാത്രം ആ നീറലുണ്ടായി. പൊള്ളങ്ങൾ നിറഞ്ഞുനിന്നിരുന്നു. പായിലമർന്നേടം അവ പൊട്ടിപ്പരന്ന് കാക്കപ്പൊന്നു. പോലെ പൊറ്റംകെട്ടി.

അന്നു രാവിലെ മാധവൻനായർ രാജാവിന്റെ പള്ളിയിൽ വന്നു.

“എന്തോ മാഷ്ഷേ,’’ മാധവൻനായർ പറഞ്ഞു, ‘‘രക്ഷിച്ചു.’’

രവി ചിരിച്ചു.

‘‘നൊമ്പടെ കാർണോര് ഒര്കൊല എളന്നീര് കൊടുത്തയച്ച്ട്ട്ണ്ട്, മാഷ്ഷ്ക്ക്.’’

‘‘വിശേഷം! അപ്പൊ ശിവരാമന്നായര്ക്ക് എന്നോട്ള്ള പെണക്കം തീർന്നോ, മാധവന്നായരേ?’’

‘‘പെണക്കം തീര്ഏ! നിങ്ങൾനെ ബൗദ്ധന്റെ പള്ളീ കെടത്ത്യേതിലല്ലേ ഇപ്പൊ പെണക്കം മുറ്കീരിയ്ക്ക്ണ്ത്!’’

രവിയ്ക്കു വസൂരിയുടെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയതോടെ ഞാറ്റുപുരയിൽ കിടക്കുന്നതു ശരിയല്ലെന്ന് ആദ്യം പറഞ്ഞതു ശിവരാമൻനായരായിരുന്നു. അതു നേരാണെന്ന് മാധവൻനായർക്കും തോന്നി. ഞാറ്റുപുരയിൽ വസൂരിപിടിച്ചു കിടന്നാൽ പിന്നെ കുട്ടികൾ അനവധികാലത്തേയ്ക്ക് അവിടെ വരാതാവും. പിന്നെയുള്ള സ്ഥലം, മാധവൻനായരുടെ പീടിക. നടുപ്പറമ്പിലാണ്. കിടക്കാൻ ചിതമുള്ള സ്ഥലമല്ല. അപ്പോഴാണ് ഖാലിയാർ അവിടെ വന്നത്.

‘‘നമ്മണ്ടെ പള്ളീക്കൊണ്ട്വന്ന് കെ്ടത്തീ.’’ അയാൾ ക്ഷണിച്ചു.

മാധവൻനായർ പറഞ്ഞു, ‘‘ദെണ്ണം ങ്ങനത്തെ ദണ്ണവല്ലേ? കാലിയാര് കെടക്ക്ണ സലത്തെന്നെ വേ്ണോ?’’

‘‘ഞിങ്ങ ഞമ്മൾനെപ്പറ്റി ആലോസിയ്ക്കണ്ട, നായരേ. ഞമ്മളൊരു പരലോകപ്രാണി.’’

രാത്രി രവിയെ താങ്ങിയെടുത്ത് രാജാവിന്റെ പള്ളിയിൽ കൊണ്ടുചെന്നു. മൈമുനയും ഖാലിയാരും മാധവൻനായരും ഗോപാലുപണിയ്ക്കരുമെല്ലാം രാജാവിന്റെ പള്ളിയിൽ മാറിമാറി കാവലിരുന്നു.

പൊറ്റങ്ങൾ ഉണങ്ങി അടർക്കാൻ തുടങ്ങി.

“മൈമുന ഇവിടെ വന്നതെന്തിനേ?’’ രവി ഒരു ദിവസം ചോദിച്ചു.

‘‘ഹായ്,’’ അവൾ പറഞ്ഞു.

‘‘ദെണ്ണോ മറ്റോ പകർന്നാലോ?’’

‘‘നൈജാമണ്ണനോടെ ചെന്ത്രം കെ്ട്ടീര്ക്ക്, അത് ഞമ്മണ്ടെ അരയികെടക്ക റപോത് ഒന്ന്ം വരാത്.’’ പിന്നെ സ്വരം താഴ്ത്തി

അവൾ ഒരു രഹസ്യം പറഞ്ഞു പൂരിപ്പിച്ചു, ‘‘ഞമ്മള് കൈയ്യ്ം കീറി വെച്ച്ട്ട്ണ്ട്.’’

‘‘എന്നാല്ം എനിയ്ക്ക് നിരീയ്ക്കാൻ വയ്യ—മൈമുനേടെ ആ കൈയ്യില് വസൂരിക്കല വീഴണത്.’’

അവൾ കുപ്പായത്തിന്റെ കൈ തെരുത്തുകേറ്റി. രവി ആ കൈയിലെ നീലഞരമ്പുകളിലേയ്ക്കു നോക്കി.

‘‘ഹായ്, എത്ക്ക് പാക്കറത്?’’ അവൾ ചോദിച്ചു.

‘‘ആ നീലഞരമ്പ് നോക്കീതാ,’’ രവി പറഞ്ഞു.

‘‘പാക്കക്കൂടാത്,’’ മൈമുന പറഞ്ഞു, ‘‘ഇന്ത ദെണ്ണം ഇര്ക്കറപോത് മാരി യമ്മ ഉങ്കള്ക്ക് കെട്ടിയവ്ളാക്ക്ം. വേ്റേ പൊണ്ണെ പാത്ത് ആസപ്പെടക്കൂടാത്.’’

കുളിച്ചു. അന്നു വൈകുന്നേരം മാധവൻനായർ പറഞ്ഞു, ‘‘മാഷ്ഷേ, ഒര് കാരിയം പിന്നെപ്പറയാന്ന് കര്തിയതാടന്നൂ. നൊമ്പടെ കുട്ടാടന്റെ കാരിയം.’’

പെട്ടെന്ന് രവി ആ വാർത്ത പ്രതീക്ഷിയ്ക്കുകയായിരുന്നു.

‘‘കുട്ടാടൻ,’’ മാധവൻനായർ പറഞ്ഞു, ‘‘പോയി.’’

പുളയൻ എന്ന ഉഗ്രവസൂരിയായിരുന്നു. മേലാസകലം തിണർപ്പിച്ച് ഉള്ളിലേയ്ക്കു വലിയുന്ന വിത്ത്. ഉള്ളിലേയ്ക്കു വലിഞ്ഞ് ചോര ഞരമ്പുകൾ പൊട്ടി കുട്ടാടൻ മരിച്ചു.

‘‘ആ തള്ള ചാകാണ്ടിരിയ്ക്കിണൂ.’’ മാധവൻനായർ പറഞ്ഞു, ‘‘വല്ലാണ്ട് പരീക്ഷിച്ചാളഞ്ഞൂ ദേവി.’’

പ്രദർശനത്തിനൊരുക്കിയ വലിയൊരു പൂന്തോട്ടംപോലെ ഖസാക്കുകാർ കിടന്നു. ചലത്തിന്റെ മഞ്ഞപ്പൂക്കൾകൊണ്ട് പൂക്കുടിലുകൾ പണിഞ്ഞു. പൂവിറുത്തു മുടിയിൽ ചൂടി നല്ലമ്മ നടമാടി. സന്നിയിൽ, മയക്കത്തിൽ, ഖസാക്കുകാർ അവളെ കണ്ടു. അവളെ കാമിച്ചു. സുരതക്രിയപോലെ രോഗം ആനന്ദമൂർച്ഛയായി. അങ്ങിനെ അവർ മരിച്ചു. സ്കൂളിലെ കുട്ടികൾ പലരും മരിച്ചു. വാവര്, നൂർജിഹാൻ, ഉണിപ്പാറതി, കിന്നരി, കുരങ്ങുകളിക്കാരൻ ചെന്തിയാവുതൊട്ടിയന്റെ മകൻ

കരുവ്. നടുപ്പറമ്പിൽ കണ്ടു പരിചയമുള്ള കാസിമും സലിമും. പീഞ്ഞപ്പലകകൊണ്ട് പുസ്തകത്തട്ടു പണിയാൻ ഞാറ്റുപുരയിൽ വന്ന ചേന്തിയാശാരി. പിന്നെയും പലരും മരിച്ചു. കുപ്പുവച്ചന്റെ കണ്ണുകൾ പോയി. അപ്പുക്കിളിയെ കാണാതായി. പറയന്മാർ അവനെ ചെതലിയിൽ കണ്ടെന്നു പറഞ്ഞു.

പണ്ടാരശ്ശവങ്ങൾ അപ്പോഴും യാത്ര പുറപ്പെട്ടിരുന്നു. നാലു കുളി കുളിച്ചതോടെ കുപ്പുവച്ചൻ പുറത്തിറങ്ങി. വീണ്ടും ഇരടിത്തടഞ്ഞു നടന്നു. കണ്ണുകൾ രണ്ടിലും ദേവിയുടെ പളുങ്കുചഷകങ്ങൾ പൊട്ടിത്തകർന്നേടത്തു. ചുകന്ന ചോരക്കുഴികൾ മാത്രം ബാക്കിവന്നു. ആ കത്തുന്ന ചുകപ്പിലൂടെ പകലിന്റെ ഇരുട്ടിൽ കുപ്പുവച്ചൻ തുഴഞ്ഞുനടന്നു. ഇപ്പോൾ വെയിലും ആകാശവും മേഘവുമൊന്നും കാണേണ്ട. കലുഷമായി കുപ്പുവച്ചൻ ധ്യാനിച്ചു. യാക്കരത്തോട്ടിൽ കുളിച്ചു നില്ക്കുന്ന കല്യാണി, ചിമ്മിനിയുടെ പടുതിരിയിൽ മാസ്റ്ററുടെ കൂടെക്കിടക്കുന്ന കേശി...

ആറേഴു കുളി കഴിഞ്ഞിട്ടും രവി രാജാവിന്റെ പള്ളിയിൽത്തന്നെ തുടർന്നു. അവിടെ താമസിയ്ക്കുന്നതിൽ അസാധാരണത്വം തോന്നുന്നില്ല. ചിലപ്പോൾ മാത്രം ചുറ്റിലുമുള്ള മുൾക്കാടിനെയും ചതുപ്പിനെയും പറ്റി, ശവക്കല്ലറകളെപ്പറ്റി അയാൾക്കു ബോധമുണ്ടാവും. വീണ്ടും അവിടെയ ങ്ങിനെ കിടന്നുപോവും.

അവധി നീട്ടിക്കിട്ടാനും വേനൽപ്പൂട്ടലു തുടങ്ങാനും രവി ഇൻസ്പെക്ടരാപ്പീസിലേയ്ക്കെഴുതിയിരുന്നു...തികച്ചും സുഖപ്പെട്ടിട്ടിപ്പോൾ മൂന്നാഴ്ച യോളമായി. ഒന്നോ രണ്ടോ കുടികളിൽ അപ്പോഴും വിളയാട്ടമുണ്ടായിരുന്നു. പക്ഷെ, മഹാമാരി ശമിച്ചുകഴിഞ്ഞിരുന്നു. കിഴക്കൻകാറ്റ് പുതിയൊരു ലാഘവത്തോടെ വീശി. രാജാവിന്റെ പള്ളിയുടെ ഇരുണ്ട അകത്തിൽ രവി അങ്ങിനെ വിശ്രമംകൊണ്ടു. അറയുടെ മൂലയിൽ ചാരിവെച്ച സ്ഫടികക്കുപ്പിയിൽനിന്ന് രവി ഒരു കവിൾ കുടിച്ചു. വേനലുപോലെ സ്വച്ഛമായ വാറ്റു ചാരായം.

“മൈമുനയ്ക്ക് വേണോ?” രവി ചോദിച്ചു.

''ച്ഛി!''

''ശരി, വേണ്ട. പിന്നെ — മൊല്ലാക്കയെന്തേ ഇവടെ വരാഞ്ഞേ?''

''കാലിന്വയ്യാണ്ട്. ചെര്പ്പ് കടിച്ച് വെറണം വന്നതാക്കം.''

''ആ പെരുവെരലിലെ പുണ്ണോ? അതിനീം മാറീല്ല്യേ?''

''ഇല്ലന്നലെ രാത്തിരി ഒര്പാട് പൊരിഞ്ഞു. മര്ന്ന് വാങ്കറ്ത്ക്ക് നൈജാ മണ്ണൻ കൊഴണച്ചേരീ പോയിര്ക്ക്ത്.''

സുഖത്തിന്റെ ഉമിത്തീപോലെ ചാരായം നീറിപ്പിടിച്ചു.

''ഈ നീലഞരമ്പ്,'' രവി ചോദിച്ചു, ''കൈയ്യിലങ്ങോളം ണ്ടോ?''

മൈമുന കുപ്പായത്തിന്റെ കൈ ആവോളം തെരുത്തു കേറ്റിക്കാണിച്ചു. കൈത്തണ്ടയുടെ മുകൾനിരപ്പുവരെ. ഇനിയുമങ്ങോട്ടു പൊക്കാൻ വയ്യ.

കാറ്റില്ല. വേനൽച്ചൂട്.

''ഈ മുറിക്യേ കുപ്പായട്ടാല് ഉഷ്ണിയ്ക്കില്ലേ?'' രവി ചോദിച്ചു.

മൈമുന മറുപടി പറഞ്ഞില്ല.

അവളെണീറ്റു.

''പോറേൻ,'' അവൾ പറഞ്ഞു.

''ഇരിയ്ക്കൂ, മൈമുനേ.''

''മാട്ടേൻ. പോറേൻ.''

''എവടെ പോവ്വാ ഇപ്പഴ്?''

''ഒടമ്പ് പൂരാ വെശർപ്പ്,'' അവൾ പറഞ്ഞു, ''കുളിയ്ക്കപ്പോറേൻ.''

മൈമുന ഇറങ്ങി. അവൾ അറബിക്കുളത്തിലേയ്ക്കു നടന്നു. ആ നീരാട്ടം നോക്കിക്കൊണ്ട് രവി അറയുടെ തണുവിൽ

കിടന്നു... നട്ടുച്ചയുടെ മയക്കത്തിൽ അവൾ ഈറനുമുടുത്തു തിരിച്ചുവന്നു.

''ഇതാ ഇവടയങ്ങട് ഒണങ്ങാന്ട്ടാ,'' രവി പറഞ്ഞു.

അറയിലെ അയക്കോലിൽ അവൾ ഒന്നൊന്നായി കായാനിട്ടു. എല്ലാ മിട്ടുകഴിഞ്ഞപ്പോൾ അവൾ രവിയുടെ മുമ്പിൽ വന്നുനിന്നു. നീലഞരമ്പോടിയ അരക്കെട്ടിനെ ചുറ്റിയ കറുത്ത പട്ടുചരടിൽ ഒരു രക്ഷായന്ത്രം ഞാന്നുകിടന്നു. വിരലുകൾക്കിടയിൽ അതിനെ തിരുപ്പിടിച്ചുകൊണ്ട് രവി ചോദിച്ചു, ''ഇതാ നൈസാമണ്ണന്റെ ചെന്ത്രം?''

''ആമാ. അതിരിക്കറപോത് ഒന്ന്ം വരാത്.''

''എന്നാൽ അതങ്ങ്ട് ഊരിവെയ്ക്ക്യാ.''

അവൾ തടുത്തില്ല. രവി ചരടിന്റെ കുരുക്കഴിച്ച് യന്ത്രം ഊരിവെച്ചു. കായാനിട്ട ഉടുപുടയിലേയ്ക്കു നോക്കിക്കൊണ്ട് മൈമുന പറഞ്ഞു, ''ഒങ്ക ദെണ്ണം സൊഹപ്പെട്ട്ട് ഒര് മാസം കൂടിയാഹലേ. ഒങ്കള്ക്ക് എപ്പ്ടിയിരിക്ക്തോ എന്നമോ—''

രണ്ടുപേരുമെണീറ്റപ്പോൾ ഉച്ചതിരിയാൻ തുടങ്ങിയിരുന്നു. സ്ഫടികക്കുപ്പിയിൽ ഇത്തിരി ബാക്കിയുണ്ടായിരുന്നു.

''നെണക്ക് വേണോ, മൈമുനേ?

''കൊടുങ്കോ.''

അവൾ കുപ്പിയിൽ നിന്ന് ഈമ്പിക്കുടിച്ചു.

''ഒടമ്പെ പാത്ത്ട്ങ്കൊ,'' ഇറങ്ങുമ്പോൾ അവൾ പറഞ്ഞു. അവൾ നടന്നകന്നു. അവളുടെ സമൃദ്ധമായ പിൻപുറത്തേയ്ക്ക് അയാൾ നോക്കിയില്ല. അതിന്റെ ഓർമ്മ നുണഞ്ഞുകൊണ്ട് പള്ളിത്തണുവിന്റെ ആലിലയിൽ അയാൾ കിടന്നു.

ആലിലയെ മൂടിക്കൊണ്ട്, കറുത്ത കടലിനു മുകളിൽ അശാന്തിയുടെ മൂടൽമഞ്ഞുയരുകയായിരുന്നു.

21. ഷെയ്ഖിന്റെ മൊഴി

ചാന്തുമ്മ രാജാവിന്റെ പള്ളിയിൽ വന്നു.

''നാൻ കാണാമ്പന്ന്ലാ,'' അവൾ പറഞ്ഞു.

''ചാന്തുമ്മയ്ക്ക് ദണ്ണായിട്ടല്ലേ,'' രവി സമാധാനിപ്പിച്ചു, ''ക്ഷീണം നല്ലോണം മാറിയോ?''

ചാന്തുമ്മ ഒന്നും പറഞ്ഞില്ല. അവൾ മുഖം കുനിച്ചു നിന്നു. കിളിവാതിൽ പ്പടിയിൽ ഒരു ചീർപ്പ് പൂവൻപഴമുണ്ടായിരുന്നു.

''ചാന്തുമ്മ കഴിയ്ക്കൂ,'' രവി പറഞ്ഞു.

അവൾ അനങ്ങിയില്ല.

''എന്താ ചാന്തുമ്മേ?'' രവി ചോദിച്ചു, ''എന്താ?''

പൊടുന്നനെ ചാന്തുമ്മയുടെ കണ്ണു നിറഞ്ഞൊഴുകാൻ തുടങ്ങി.

''എന്റെ മകൻ,'' അവൾ വിതുമ്പി, ''എന്റെ കുഞ്ഞുനൂറു.''

ചാന്തുമ്മയുടെ വീട്ടിലേയ്ക്കാണ് രവി ആദ്യമായി പുറത്തിറങ്ങിയത്... ഉള്ളങ്കൈവീതിയുള്ള തിണ്ണയിൽ കുഞ്ഞുനൂറുവും ചാന്തുമുത്തുവും കീറ പ്പായകളിൽ കിടന്നു.

''അണ്ണോ,'' ചാന്തമുത്തുവിന്റെ കൊച്ചുശബ്ദം പ്രസാദം നിറഞ്ഞതായിരുന്നു, ''സ്ലാം!''

''സലാം, മോളേ,'' രവി പറഞ്ഞു.

കാറ്റടിച്ചപ്പോൾ മേൽപ്പുരയിലെ പഴമ്പട്ടകൾ ചെള്ളുകളെപ്പോലെ പൊരിഞ്ഞു. പാതിയടഞ്ഞ കണ്ണുകളുമായി കുഞ്ഞുനൂറു കിടന്നു. പായയ്ക്കരികിലിരുന്നുകൊണ്ട് രവി അവന്റെ നെറ്റിയിൽ തൊട്ടുനോക്കി. നീറിപ്പനിയ്ക്കുന്നു.

നെറ്റിയിൽ പൊള്ളങ്ങളില്ല. ചുവന്ന തിണർപ്പുമാത്രം. ദൂരെയെവിടെയോ പൂത്തുനിന്ന കുന്നിൻചെരിവുകൾപോലെ ആ ശരീരം അവിടവിടെ ചുവന്നു കിടന്നു.

''കുഞ്ഞുനൂറൂ,'' രവി വിളിച്ചു.

കുഞ്ഞുനൂറു ചെറുന്നനെ ചിരിച്ചു. ആ ചിരിയുടെ പിറകിലെവിടെനിന്നോ അവൻ വിളികേൾക്കുകയായിരുന്നു. നീലനിറത്തിലുള്ള ഒരു മണിയനീച്ച അവന്റെ നെറ്റിയിൽ ഇരിപ്പുറപ്പിച്ചു. വേപ്പിൻ തഴയുടെ കെട്ടെടുത്ത് രവി അതിനെ വീശിക്കളഞ്ഞു.

കുഞ്ഞുനൂറു വീണ്ടും മയക്കമായി. രവി ചാന്തുമ്മയുടെ നേർക്കു തിരിഞ്ഞപ്പോൾ അവൾ കരയുകയായിരുന്നു. ചുമരു ചാരി നിന്നുകൊണ്ട് അവൾ കരഞ്ഞു.

''അണ്ണോ,'' ചാന്തുമുത്തു വിളിച്ചു, ''അന്ത മുത്തായി വാങ്ങിക്കൊണ്ട് വര്വീങ്കളാ?''

''കൊണ്ടരാ, മോളേ.''

''അന്ത വേ്വതവെച്ച മുത്തായി.''

''കൊണ്ടരാ,'' രവി പറഞ്ഞു, ''മോള് കെടക്കൂ.''

അവൾ പറഞ്ഞു, ''സ്ലാം!''

അന്നു രാത്രി കുഞ്ഞുനൂറു മരിച്ചു. പുലർച്ചെ, മുഖത്തു മേടും പള്ളവുമുള്ള രാവുത്തന്മാർ മയ്യത്തുമെടുത്ത് ചെതലിയുടെ ചെരിവിലേയ്ക്കു നടന്നു. നേരം പൊങ്ങിയപ്പോൾ ചാന്തുമുത്തു ചെക്കനെത്തിരക്കി. മാസ്റ്ററണ്ണൻ കൂട്ടിക്കൊണ്ടു. പോയതാണെന്ന് ചാന്തുമ്മ മകളോടു പറഞ്ഞു.

"തെ്ക്കന്റെ തെണ്ണം മാറിയാ, ഉമ്മാ?''

''ഉം.''

''ഇഞ്ഞി തെ്ക്കൻ ബെ്ക്കം ബല്താക്ക്വോ, ഉമ്മാ?''

''ബെ്ക്കം വല്താക്ം, മക്ളേ.''

ചാന്തുമ്മ പരിയമ്പുറത്തുചെന്ന് ഒരു പപ്പായമരത്തിൽ തലവെച്ചടിച്ചു. വേദനയില്ല. കരച്ചിൽ വരുന്നില്ല. നിമിഷങ്ങളിടവിട്ട് ഒരു തരിപ്പുമാത്രം മുറ്റുകയാണ്. കഠിനമായൊരു ശാഠ്യം. കഠിനമായ കണ്ണുകളോടെ ചാന്തുമ്മ ആ കുടിയിൽ കാത്തിരുന്നു. സന്ധ്യയ്ക്ക് ചിമ്മിനി തെളിച്ചപ്പോൾ ചാന്തു മുത്തു പറഞ്ഞു: ''ഉമ്മാ, എന്നോടെ തെണ്ണം മാറിയാച്ചുമ്മാ. ഇദ് പാര്ങ്കോ.''

ചാന്തുമുത്തവിന്റെ കൈപ്പടങ്ങൾ കൂട്ടിപ്പിടിച്ച് ചാന്തുമ്മ അവളുടെ മുഖത്തേയ്ക്കു നോക്കി. പൊന്തിയതത്രയും ഉള്ളോട്ടു വലിഞ്ഞിരുന്നു. മുഖത്ത്, കഴുത്തിൽ, കയ്യിലും കാലിലും, പ്രതാപിയായ തിണർപ്പു മാത്രം. ആ വസൂരിപ്പൊള്ളങ്ങളെപ്പോലെ ചാന്തുമ്മ ഉള്ളിലേയ്ക്കെങ്ങോട്ടോ വലിഞ്ഞു. ഒരു മധുരനാരങ്ങയെടുത്ത് തൊലി കളയുന്ന തന്റെ കൈവിരലുകളിലെ സ്പർശം അവൾ അറിഞ്ഞില്ല.

നാരങ്ങനീരു കുടിയ്ക്കുമ്പോൾ ചാന്തുമുത്തു ചോദിച്ചു, ''നായഞ്ഞ ആര് തന്നുമ്മാ?''

ചാന്തുമ്മ ഉണർന്നു.

''മേഷ്ടരണ്ണൻ,'' അവൾ പറഞ്ഞു.

''അണ്ണൻ മുത്തായി കൊന്ത് വര്വോ, ഉമ്മാ?''

''ആ മക്ളേ.''

''ഉമ്മാ!—''

''ഏ, കണ്ണേ?''

''ദാ, തെക്കൻ—''

കാറ്റടങ്ങുന്നതിനൊത്ത് മേൽക്കൂരയിലെ ചെള്ളുകൾ പതുങ്ങി വീണു.

''തെക്കൻ എന്നെ കളിച്ചാമ്പ്ളിയ്ക്ക്ണൂ ഉമ്മാ!—''

പിന്നെ ചാന്തുമുത്തു പറഞ്ഞു, ''തെക്കാ, നീ അന്ത നായെ പോഹ ശ്ശൊല്ല്!—''

പാതിരയ്ക്ക് ഖസാക്കുകാർ അതു കേട്ടു:

ഞാൻ നിന്നെ കൈയ്യിലെടുക്കാൻ വരുന്നു—

ഞാൻ നിന്നെ കബറടക്കിയ്ക്കില്ല—

ഷെയ്ഖ് തമ്പുരാന്റെ മൊഴി. കാലിലെ വ്രണവും കാത്തുകിടന്ന മൊല്ലാക്ക ഉണർന്നു ചെകിടോർത്തു. തിത്തിബിയുമ്മ പറഞ്ഞു, ''തങ്ങള് പക്കീരി!''

പുറത്തു ഭാണ്ഡവും അരയ്ക്കുചുറ്റും ഒരു ചാക്കുമറയുമായി തങ്ങളു പക്കീരി നടുപ്പറമ്പിലെത്തി. അരയോളമെത്തിയ വെള്ളത്താടിയിൽ, വിണ്ടു കീറിയ കാലുകളിൽ, സഞ്ചാരത്തിന്റെ പൊടിച്ചാർത്ത്. ഏറുമാടങ്ങളും പീടികമുറികളും ഉറങ്ങിക്കിടന്നു. അവിടെ നിന്നുകൊണ്ട് പക്കീരി തന്റെ മകളുടെ വീടിനുനേരെ നോക്കി. നാട്ടുവെളിച്ചത്തിൽ ആ മേൽക്കൂരയിലെ പട്ടകൾ ഊർദ്ധ്വൻ വലിയ്ക്കുന്നത് അയാൾ കണ്ടു.

പുലർച്ചെ ബഹളം കേട്ടാണ് രവി ഉണർന്നത്. അകലെ, എന്തൊക്കെയോ വിളിച്ചുപറയുന്നതിന്റെ ആരവം. പെണ്ണുങ്ങളുടെ മുറവിളി. ഇത്തിരി കഴിഞ്ഞ് മാധവൻനായർ രാജാവിന്റെ പള്ളിയിൽ കേറി വന്നു.

''മാഷ്ക്ക് ദേഹത്തിന് അസ്കൃതയില്ലെങ്കി എന്റെകൂടെ വരീൻ.''

"എന്തേ മാധവന്നായരേ?''

''ചാന്തുമുത്തു മരിച്ചു.''

''മാധവന്നായരേ,'' രവി പറഞ്ഞു, ''വിശ്രമിയ്ക്ക്യാ.''

എന്തുകൊണ്ടെന്നറിഞ്ഞില്ല, അങ്ങനെ പറയാനാണ് രവിയ്ക്കു തോന്നി യത്. സ്റ്റൗ കത്തിച്ച് രവി വെള്ളം തിളയ്ക്കാനിട്ടു.

''ചായ കുടിച്ചിട്ട് പുവ്വാം, മാധവന്നായരേ.''

''ശെരിയാണ്, മാഷ്ഷേ. സാവധാനത്തിലായ്ക്കോട്ടെ. ഇനി.''

ചായകൂട്ടിക്കുടിച്ച് രവിയും മാധവൻനായരും ചാന്തുമ്മയുടെ കുടിയിലേയ്ക്കു നടന്നു. അവിടെ എത്തിയപ്പോഴേയ്ക്കും ആളുകൾ പിരിയുകയായിരുന്നു. കുറേപ്പേർ നെടുവരമ്പിലൂടെ ചെതലിയുടെ നേർക്ക് ആർത്തു വിളിച്ചുകൊണ്ടു പോകുന്നു. ചാന്തുമ്മയുടെ പടിയ്ക്കൽ വടിയും കുത്തി കാവലുനിന്ന പൊന്തുരാവുത്തരണ്ണനോട് മാധവൻനായർ ചോദിച്ചു, ‘‘എന്താദ് പൊന്തുരാവുത്തരണ്ണോ?’’

പൊന്തുരാവുത്തരണ്ണൻ കൈകൾ മേലോട്ടുയർത്തി.

‘‘തമ്പുരാനോടെ ശെയ്തി!’’

മാധവൻനായരുടെ കൈയ്ക്കു പിടിച്ചുകൊണ്ട് അലിയാർ പറഞ്ഞു, ‘‘മാതവമ്മൂത്താരും വരീൻ.’’

ചെതലിയുടെനേർക്കു നടന്ന ആൾക്കൂട്ടത്തോടു ചേർന്ന് രവിയും മാധവൻനായരും നടന്നു.

‘‘കൊട്ക്കോ പക്കീരിയേ!’’ മുന്നിൽ നടന്നവർ കൈപ്പടങ്ങൾ വായയ്ക്കു ചുറ്റും കാളം പിടിച്ച് പറഞ്ഞു, ‘‘മയ്യത്തിനെ കൊട്ക്കോ!’’

കുറേ കഴിഞ്ഞപ്പോൾ അവർ തങ്ങളുപക്കീരിയെക്കണ്ടു. ഒരഞ്ഞൂറു വാരയകലെ അതികായൻ നടന്നുപോവുന്നു. കയ്യിൽ ചാന്തുമുത്തുവിന്റെ മയ്യത്ത്. ആളുകൾ കൂടുതലടുത്തപ്പോൾ കവണക്കല്ലുകൾ മൂളിവന്നു.

മാധവൻനായരുടെ നെറ്റിയിൽ ചോര പൊടിഞ്ഞു.

തൂവാലയെടുത്ത് രവി അതൊപ്പി.

‘‘മാധവന്നായരേ—’’

‘‘മാഷ്ഷേ, വല്ലാത്തൊര് കണ്ണരായ.’’

ഇളവെയില്. രവിയ്ക്കു തലചുറ്റിത്തുടങ്ങി.

‘‘മാധവന്നായരേ, ഒന്നു പിടിയ്ക്കൂ.’’

രവി ഒരറളിമരത്തിന്മേൽ ചാഞ്ഞു. ഇരുളുന്ന കണ്ണുകളിൽ വെയിലു പകച്ചു. അകത്തു ചെന്ന ചായയും പിത്തനീരും

പുറത്തേയ്ക്കു തികട്ടി.

ഇപ്പോൾ ആശ്വാസം തോന്നി. അറളിയുടെ തണലിൽ പുല്ലിൽ രവിയും മാധവൻനായരും ഇരുന്നു.

''മാധവന്നായരേ,'' രവി ചോദിച്ചു, ''ചാന്തുമ്മയെവെടെ?''

''ആരോ താങ്ങിപ്പിടിച്ച് തിത്തിബിയുമ്മന്റട്ത്ത് കൊണ്ടാക്കീട്ട്ണ്ട്.''

അകലെ ആ വിളി കേൾക്കായിരുന്നു:

''തങ്ങള്പക്കീരിയേ, മയ്യത്തിനെ കൊട്ക്കോ!''

പക്കീരി അപ്പോഴും കല്ലെറിഞ്ഞുകൊണ്ടിരുന്നു. പിന്തുടർന്ന ഖസാക്കുകാർ നടത്തം പതുക്കെയാക്കി. പിന്നെ, ഒാരോരുത്തരായി പിന്തിരിയാൻ തുടങ്ങി.

ചെതലിയുടെ മുകളിൽ ഷെയ്ഖിന്റെ മിനാരങ്ങളിൽ തങ്ങളു പക്കീരികേറി. പേരക്കുഞ്ഞിന്റെ മയ്യത്തിനെ മടിയിൽ കിടത്തീട്ട് അയാളവിടെ കാവലിരുന്നു. അഞ്ചു രാത്രി കാവലിരുന്നു. ചെതലിയുടെ ഓരത്തെങ്ങും ചെന്നുകൂടാ. കല്ലേറ്.

ആറാം ദിവസം അപ്പുക്കിളിയാണ് ചെതലിയിൽനിന്നിറങ്ങി വന്നത്. ജടപിടിച്ചിരുന്നു. കുപ്പായത്തിന്റെ അവശിഷ്ടത്തിൽ ചിതലുണ്ടായിരുന്നു.

ഖസാക്കുകാർ ചെതലിയിലേയ്ക്കു കേറിച്ചെന്നു. തങ്ങളുപക്കീരിയെ കാണാനുണ്ടായിരുന്നില്ല. ഷെയ്ഖ്തങ്ങളുടെ കല്ലറയ്ക്കരികെ ചാന്തുമുത്തു അഴുകിപ്പൊട്ടിക്കിടന്നു.

നേരം താണിട്ട് രവി രാജാവിന്റെ പള്ളിവിട്ടു. രവിയുടെ കൂടെ അപ്പുക്കിളിയും മാധവൻനായരും നടന്നു. അപ്പുക്കിളിയെ അടിമുടി നോക്കീട്ട് മാധവൻനായർ പറഞ്ഞു, ''ഡാ, അപ്പേ, വാൽമീകിയേ, നീയൊന്ന് മുങ്ങിക്കുളിച്ച് വാ, ആ ചെതലൊക്കെ പോട്ടെ.''

ഞാറ്റുപുര തുറന്ന് അകത്തു കടന്നു നിന്നപ്പോൾ ഒരു ജന്മം കഴിഞ്ഞപോലെ രവിയ്ക്കു തോന്നി. കാലാന്തരത്തിലെവിടെയോ കാലുവെയ്ക്കുകയാണെന്നു തോന്നി. കടലാസും പുസ്തകങ്ങളും മഷിക്കുപ്പിയും ഷെയ്വിങ്സെറ്റും ചായപ്പാത്രവുമെല്ലാം താൻ വെച്ചിരുന്നേടത്തുതന്നെയിരിക്കുന്നു. ആ ദിവസങ്ങളിലൂടെയത്രയും ഉതിർന്ന പൊടിമാത്രം അവയുടെ മേലേ തിണർത്തു നിന്നു. ഒരു മണം: അതെന്തെന്ന് രവി ഓർത്തു നോക്കി. പ്രയാണത്തിന്റെ ഗന്ധമാണ്. കാലത്തിലൂടെ സ്ഥാവരങ്ങളുടെ പ്രയാണം. ചൂലെടുത്തു പൊടിതട്ടിയ രവി ആ പ്രയാണം ഭഞ്ജിച്ചു.

22. മതംമാറ്റം

വേനലിന്റെ മാസവും കഴിഞ്ഞു. പുലരുമ്പോൾ ഖസാക്കിലെ പുല്ലുകളിൽ വീണ്ടും മഞ്ഞുപൊടിയാൻ തുടങ്ങി. സ്കൂളു വീണ്ടും തുറന്നു.

രവി ഹാജരുപുസ്തകം മുമ്പിൽ നിവർത്തിവെച്ചു. അതിൽ കുറേ പേരുകൾ പച്ചമഷികൊണ്ട് അടിവരയിട്ടുവെച്ചിരുന്നു. ഇനി വരാത്തവരുടെ പേരുകളാണ്: വാവര്, നൂർജിഹാൻ, ഉണിപ്പാറതി, കിന്നരി, കരുവ്. അടിവര മാത്രമാണിട്ടത്. അവയൊന്നും വെട്ടിക്കളയാൻ രവിയ്ക്കു കഴിഞ്ഞിരുന്നില്ല. തങ്ങളു പക്കീരിയെപ്പോലെ താനും ആ പേരുകളെ ഓമനിച്ചോമനിച്ചു. സൂക്ഷിച്ചു. പച്ചമഷിയുടെ അടിവരകൾ ആ മന്ദിരത്തിന്റെ കിളിവാതിലുകളായി. അനന്തമായ ആലസ്യത്തിൽ രവി അവയിലൂടെ പുറത്തേയ്ക്കു നോക്കി. പുറത്ത്, വേനലും മഞ്ഞും പുല്ലും കരിമ്പനയും. ആവർത്തിയ്ക്കുന്നു, പുനർജ്ജനിയ്ക്കുന്നു. ഖേദമില്ലാതെ, ആസക്തിയില്ലാതെ, വീണ്ടും വീണ്ടും ആവർത്തിയ്ക്കുന്നു.

രവി പുസ്തകത്തിൽനിന്നു മുഖമുയർത്തി ക്ലാസ്സിനെ നോക്കി. കുഞ്ഞാമിനയും ചൊലുസുവും സൊഹറയും രാമൻകുട്ടിയും അലംഖാനുമൊക്കെ അവരവരുടെ സ്ഥാനങ്ങളിൽ വന്നിരിപ്പുണ്ട്. മറ്റുള്ളവരുടെ ഇരിപ്പിടങ്ങൾ ഒഴിഞ്ഞുകിടന്നു. രവി അന്ന് ഹാജരു വിളിച്ചില്ല.

അപ്പുക്കിളിയുടെ അജ്ഞാതവാസത്തിനിടയ്ക്ക് അവന്റെ തലമുടി വളർന്നു ജടകെട്ടിയിരുന്നു. ജടയിൽ പേനുകൾ പെരുകി.

പേനുകൾ മുടിച്ചാർത്തിൽ മേഞ്ഞുനടന്നു. ചിലപ്പോൾ കൂട്ടം ചേർന്ന് താഴെയിറങ്ങി മറ്റു തലകളന്വേഷിച്ചു.

‘‘ഇങ്ങന്യാ ആര്യന്മാര്ം ഇന്ത്യേലിയ്ക്ക് കടന്നത്,’’ ചരിത്രപാഠമെടുക്കുകയായിരുന്ന രവി ഉദാഹരണം ചൂണ്ടിക്കാട്ടി. ‘‘അവർ പശുക്കളെ തെളിച്ചോണ്ട് പുതിയ മേച്ചിൽസ്ഥലങ്ങളന്വേഷിച്ചു. നടന്നു.’’

പക്ഷേ, പേനിന്റെ കാര്യം കഥയിൽ നിന്നില്ല. വൈകുന്നേരം കുഞ്ഞാമിനയുടെ ഉമ്മ അവളെ താഴമ്പൂവെണ്ണ പുരട്ടി തേച്ചുകുളിപ്പിച്ച് മുടി ചിക്കറുക്കുമ്പോൾ ഒരു പേന് കുറുകെ ചാടി.

‘‘ഇന്ത പേന് എങ്കേര്ത്ത് വന്തത്?’’ ചൊലയുമ്മ മകളോടു ചോദിച്ചു.

‘‘അപ്പുക്കിളിയോടെ പേനാക്കം, ഉമ്മാ; അന്ത ആരിയമ്മാര് വന്ത പോലാക്കം,’’ കുഞ്ഞാമിന പറഞ്ഞു.

‘‘എന്നാ പുള്ളേ ഒളരറത്?’’

കുഞ്ഞാമിന ചൊലയുമ്മയ്ക്ക് ആര്യന്മാരുടെ കഥ പറഞ്ഞുകൊടുത്തു. കഥ അവരെ തൃപ്തിപ്പെടുത്തിയില്ല. പിറ്റേന്ന് രവിയുടെ മുമ്പിൽ ആവലാതിയെത്തി. അപ്പുക്കിളിയുടെ ജട വടിപ്പിയ്ക്കണം. മുടി പറ്റെ വടിച്ചെങ്കിലേ പേനുകൾ പോവൂ. അങ്ങനെ വടിയ്ക്കാൻ പറഞ്ഞാൽ കിളിയ്ക്കു വല്ലതും തോന്നിയെങ്കിലോ എന്നോർത്തു രവി വിഷമിച്ചു. അവസാനം മാധവൻ നായരിലൂടെ രവി ആവശ്യമറിയിച്ചു. കിളി സമ്മതിച്ചു...മായൻപാണന്റെ അമ്പട്ടക്കടയിൽ കിളി ചെല്ലുമ്പോൾ ഉച്ചിക്കുടമക്കാരനായ കരുമപ്പെരുമാൾ പണ്ടാരം അവിടെയിരുന്ന് തല ചുരപ്പിയ്ക്കുകയായിരുന്നു.

മായൻ പാണൻ വെറുതെ ചോദിച്ചു: ‘‘ഒര് കുട്മ വെച്ച് തരട്ടെ; ക്ളിയേ?’’

‘‘ഞമ്മണ്ടെ കുട്മ കണ്ടാ നീയ്?’’ പണ്ടാരൻ പ്രോത്സാഹിപ്പിച്ചു, ‘‘നിയ്ക്ക് കുട്മ വെച്ചാ എങ്ങിനിരിയ്ക്ക്ംന്ന് അരിയോ? കണ്ടവ്റ് പെണ്ണ് തര്ം, എലവ്!’’

അപ്പുക്കിളി തെളിഞ്ഞു ചിരിച്ചു, ‘‘പെന്ന് തത്വോ?’’

‘‘പിന്നെന്നാ സന്തേകം, എലവ്?’’

കിളി പാണനോടു പറഞ്ഞു, ‘‘എച്ച്ം മാണം കുത്മാ.’’

കുടുമവെച്ചു പുറത്തിറങ്ങമ്പോൾ മായൻപാണൻ കിളിയ്ക്ക് ഉപദേശിച്ചു കൊടുത്തു, ‘‘മരക്കൊമ്പ്ന്ന് വീഷ്മ്പൊ കുട്മീ പിടിച്ച്പൊങ്ങിച്ചാ മതി, ക്ണ്ടാ?’’ *

ആദ്യം മാധവൻനായർക്ക് ദേഷ്യമാണ് വന്നത്.

‘‘നോക്കെ്ത്താ മാതേവേ്ത്തോ!’’

കിളി ചിരിച്ചുകൊണ്ടു മുമ്പിൽ നിന്നു. മാധവൻനായരും ചിരിച്ചുപോയി. ഇതൊന്നും മനുഷ്യൻ കാലേക്കൂട്ടി ഗണിക്കുന്ന കാര്യമല്ല, പോട്ടെ.

‘‘ഹാവൂ, പച്ചപ്പനന്തത്തേ,’’ അയാൾ പറഞ്ഞു, “നെന്നെ കാണാൻ ഇന്നി രജിത്തിന്റെ ആയിരം കണ്ണ്ം വേ്ണല്ലോടാ, അപ്പേ!’

പിറ്റേന്ന് സ്കൂളിൽ കുഴമറിയായി. കുട്ടികൾ അടങ്ങിയിരിക്കാൻ കൂട്ടാ ക്കിയില്ല. അവർ കിളിയുടെ ചുറ്റും പൊതിഞ്ഞു. ചിലർ ആ കുടുമയിൽ തൊട്ടു. ചിലർ മെല്ലെ വലിച്ചു. കൊച്ചുസൊഹറ അതിൽ വാടാമല്ലിയും വെള്ളിക്കടലാസും തിരുകിക്കൊടുത്തു. കുഞ്ഞാമിന മാത്രം കിളിയെ മനസ്സു മുട്ടിയ്ക്കുന്നവരിൽ നിന്ന് മാറി ഇരുന്നു. അവൾക്ക് വേദനയായി. താൻ പറഞ്ഞിട്ടാണല്ലോ കിളിയ്ക്ക് ഇൗ ഗതികേടു വന്നത്!

രവി ബോഡിൽ കണക്കെഴുതുകയായിരുന്നു. തിരിഞ്ഞപ്പോൾ കുഞ്ഞാവിഷച്ചി മിന പുറത്തെങ്ങോട്ടോ നോക്കി ഇരിയ്ക്കുകയാണ്.

‘‘എന്താ മിന്നാമിനുങ്ങേ?’’ രവി ചോദിച്ചു.

അവൾ അപ്പോഴും എന്തോ ഓർത്തുകൊണ്ടെന്നപോലെ ഇരുന്നു. രവി അടുത്തുചെന്നു നിന്നു.

‘‘എന്താ, പറയൂ.’’

‘‘സാർ, പിന്നെ—’’

രവി കാത്തിരുന്നു.

“പിന്നെ ഈ പേനിന് ആൽമാവ്ണ്ടോ, സാർ?’’

‘‘നമക്കൊക്കേണ്ടെങ്കില് അവറ്റിനൂണ്ടേരിയ്ക്കം,’’ രവി പറഞ്ഞു.

‘‘നമ്ക്ക്ണ്ട്, സാർ.’’

‘‘എന്നാൽ പേനിന്ംണ്ടെന്ന് വെച്ചോളൂ.’’

രാമൻകുട്ടി തീർത്തു പറഞ്ഞു, ‘‘പേനിന് ആൽമാവ്ണ്ട്, സാർ.’’

കുഞ്ഞാമിന വീണ്ടും ചോദിച്ചു, “അപ്പൊ അപ്പുക്കിളിന്റെ പേനൊക്കെ എന്തായി ജെനിയ്ക്കം സാർ?’’

പേനുകളായിത്തന്നെ പുനർജ്ജനിയ്ക്കുമോ? അതോ ഖസാക്കുകാരായി പിറക്കുമോ? അല്ലെങ്കിൽ കാട്ടാനകളും തിമിംഗലങ്ങളും പരമാണുക്കളുമാ കുമോ? പെട്ടെന്ന് രവി ഓർക്കുകയായിരുന്നു. മുല്ലയുടെ മണമുള്ള രാത്രി യിൽ, കമ്പിളിപുതച്ചു കിടന്നു ഞരങ്ങിയ അച്ഛൻ പുനർജ്ജനിയ്ക്കുമോ? സുകൃതശാലിയാണെങ്കിൽ പുനർജ്ജനിയ്ക്കില്ലായിരിയ്ക്കാം. അല്ലെങ്കിൽ ഒരെട്ടുകാലിയായി ജനിച്ചെങ്കിലോ! പൂർവജന്മസ്മരണയുള്ള ഒരു വിഷച്ചിലന്തി. സ്നേഹവും ഖേദവും ഉൾക്കൊണ്ടുകൊണ്ട് ചുമരിൽ അതു പറ്റി നിന്നു. ചുമരിലിരുന്നുകൊണ്ട് ചിലന്തി തന്നെ നോക്കുമ്പോൾ അറച്ചുപോയി. കടലാസ്സു ചുരുട്ടിയെറിഞ്ഞപ്പോൾ ചിലന്തി ചുമരിൽ വട്ടം ചുറ്റിപ്പാഞ്ഞു. ചെരിപ്പിന്റെ അടിയേറ്റ് അതു ചുമരിൽ ചതഞ്ഞുപറ്റി. ചെരിപ്പ് കൈയിൽ നിന്നു വീഴുകയായി. ജന്മാന്തരങ്ങളുടെ കൃതജ്ഞതകൾ ഉണരുകയായി. ചോരയും പൂടയും പറ്റിപ്പിടിച്ചു നിന്ന പാടിനു മുമ്പിൽ രവി നിന്നു. അയാൾ സ്വയം പറഞ്ഞു, എന്തൊരു ശ്രാദ്ധം!

രവി പിന്നെ കുഞ്ഞാമിനയുടെ ചോദ്യത്തിനു മറുപടി പറഞ്ഞു, ''എനിയ്ക്കറിഞ്ഞുകൂടാ.''

പക്ഷെ, കുട്ടികൾക്കറിയാമായിരുന്നു. വാവരും നൂർജിഹാനും ഉണിപ്പാറതിയും കിന്നരിയും കരുവുമൊക്കെ വീണ്ടും ചോരക്കുട്ടികളായി പെറ്റു വീഴാൻ അവർ കാത്തിരിയ്ക്കുകയായിരുന്നു. അവർ ഖസാക്കിന്റെ കഥകൾ രവിയ്ക്കു പറഞ്ഞുകൊടുത്തു. പരലോകം കണ്ട ചാത്തന്റെ കഥ, പുളി ങ്കൊമ്പത്തെ പോതിയുടെ കഥ, പുനർജ്ജന്മങ്ങളവസാനിച്ച പിതൃക്കൾ ശ്രാദ്ധംകൊള്ളാനിറങ്ങുന്നതിന്റെ കഥ. അങ്ങിനെ സാലഭഞ്ജികമാർ കഥ പറഞ്ഞു—

പനകേറ്റക്കാരൻ നാകന്റെയും കെട്ടിയവൾ തായമ്മയുടെയും മകളായിരുന്നു കുഞ്ചുവെള്ള. അവൾക്ക് അഞ്ചു വയസ്സുള്ളപ്പോൾ അവർ കൂമൻ കാവിലേയ്ക്കു വിരുന്നുപോയി. അവിടെവെച്ച് കുഞ്ചുവെള്ള മരിച്ചു. അക്കൊല്ലം കൂമൻകാവിലെ അയ്യാവിന്റെ കെട്ടിയവൾ കണ്ണമ്മയ്ക്ക് ഒരു മകൾ പിറന്നു. അവർ അവളെ ദേവകിയെന്നു വിളിച്ചു. നന്നെ ചെറുപ്പത്തിൽ തന്നെ ദേവകി ഓർത്തോർത്തുകൊണ്ടിരിയ്ക്കുക. പതിവായിരുന്നു. മണിക്കൂറുകളടുപ്പിച്ച് അങ്ങനെയിരിയ്ക്കും. മകളെ മടിയിലിരുത്തി കണ്ണമ്മ ചോദിയ്ക്കും, ''എന്താണ്ടീ മക്ളേ നീയിങ്ങനെ ഇരിയ്ക്ക്ണ്?''

ദേവകി പറയും, ''നാന് നെനയ്ക്ക്യാണമ്മാ.''

അഞ്ചു വയസ്സു തികയുന്ന അന്ന് അവൾ അമ്മയോടു പറഞ്ഞു, ''അമ്മാ എയ്ക്കി ഇഞ്ഞ്ം വേറൊര് അമ്മയിണ്ട്.''

കണ്ണമ്മ ഗൗനിച്ചില്ല. അഞ്ചു വയസ്സായ കുട്ടികൾ പലതുമോർക്കും. പലതും പറയും. പക്ഷെ, ദേവകി ആവർത്തിച്ചാവർത്തിച്ചു പറയാൻ തുടങ്ങി. മറ്റേ അമ്മയെ കാണണമെന്നു പറഞ്ഞു കരയാൻ തുടങ്ങി...ദേവകി മുമ്പേ നടന്നു. പുറകെ അയ്യാവും കണ്ണമ്മയും നടന്നു. അങ്ങനെ അവർ നാകന്റെയും തായമ്മയുടെയും വീട്ടിലെത്തി.

‘‘ദാ, ദാണെന്റെ വീട്,’’ ദേവകി പറഞ്ഞു.

ഖസാക്കുകാർ അവിടെ കൂടി. ദേവകി വീടിന്റെ മുക്കും മൂലയും തിരിച്ചറിഞ്ഞു. പണ്ട് മച്ചിൽ തിരുകിവെച്ചിരുന്ന ഒരു കമ്മിട്ടങ്കുഴല് അവിടെത്തന്നെയിരിപ്പുണ്ട്.

‘‘അമ്മാ,’’ അവൾ തായമ്മയോടു ചോദിച്ചു, ‘‘അപ്പനെവിടീ, അമ്മാ?’’

തായമ്മ കരഞ്ഞു.

‘‘അപ്പൻ പോയെടി; മക്ളേ,’’ തായമ്മ പറഞ്ഞു, ‘‘പനീന്ന് വീണ്ങ്ങാണ്ട്.’’

കണ്ടുനിന്ന പെണ്ണുങ്ങൾ കണ്ണു തുടച്ചു. ആളുകൾ അതിശയിയ്ക്കുന്നതെന്തെന്ന് ദേവകിയ്ക്കു മാത്രം മനസ്സിലായില്ല. അവൾ കണ്ണമ്മയോടു ചോദിച്ചു, ‘‘അമ്മയ്ക്ക് നെനവില്ലമ്മാ? അന്ന് കൊളക്കടവില്?’’

‘‘എന്ന് , മക്ളേ?’’ കണ്ണമ്മ ചോദിച്ചു.

‘‘അന്ന്, അന്ന്, ഒര് പാടന്ന്. അമ്മ കുളിയ്ക്കിമ്പൊ നാനതിയേ പറ്റിപ്പറ്റി വന്നിലമ്മാ?’’

കണ്ണമ്മ പെട്ടെന്നോർത്തു. അഞ്ചു കൊല്ലവും പത്തു മാസവും മുമ്പ് ഒരു സന്ധ്യ. അവൾ കുളക്കടവിൽ ഒറ്റയ്ക്കു കുളിച്ചു നില്ക്കെ, കുളത്തിൻെറ മേടു താണ്ടി ഒരു ശ്മശാനയാത്ര കടന്നുപോവുകയായിരുന്നു.

അപ്പുക്കിളി കുടുമവെച്ച് രണ്ടു ദിവസം കഴിഞ്ഞ് രാവുത്തന്മാർക്ക് ഒരു നേർച്ചയായിരുന്നു. തല വടിച്ചു സുഗന്ധം പൂശി രാവുത്തക്കുട്ടികൾ നേർച്ചപ്പള്ളിയിൽ വിലസി. അപ്പോഴാണ് കുടുമയുമായി അപ്പുക്കിളി അവിടെയെത്തിയത്.

‘‘എന്നാ, കിളിയേ!’’

‘‘എ്ന്താന്താ, എ്ത്തോ!’’

''ഇദെത്ക്കെടാ തലയി മെളക്മരം? * ''

''പെ്ന്ന് തത്ം,'' കിളി പറഞ്ഞു.

"നിന്നെ അയ്യ പണ്ടാരങ്ങള് പറഞ്ഞ് വടിപ്പ്പ്പിച്ചതല്ലേ, പൊട്ടച്ചങ്ക്രാന്തിയേ! ഈയ് കുട്മ വെച്ചാ വരറ പെണ്ണ്ം പുഗ്ഗം. നീയ് തല വടിവേ. അപ്പത്താൻ ഫൗറാര്ക്കും. അന്ത അപ്പാ മുത്തണ്ണനോടെ തലയെ പാര്.''

വടിച്ച തല തടവി അപ്പാമുത്ത് കിളിയെ നോക്കി ചിരിച്ചു.

''വടിച്ച്ക്കോ, ഡാ,'' അപ്പാമുത്തും ഉപദേശിച്ചു.

''പെ്ന്ന് തത്വോ?''

''പെ്ണ്ണ് തര്ംന്ന് പത്ക്യോ! നീ തല വടിച്ച്ങ്ങാണ്ട് അയ് മൈമുനാക്കനോട് പോയി ചോതീ നിന്നെ കെ്ട്ട്വോന്ന്.''

അപ്പുക്കിളി ചിരിച്ചു ചിരിച്ചു കുഴങ്ങി.

അപ്പുക്കിളിയേയും പിടിച്ചുകൊണ്ട് രാവുത്തക്കുട്ടികൾ ഒസ്സാനണ്ണൻെറ മുമ്പിൽ ചെന്നു. കുടുമ വടിച്ചുകഴിഞ്ഞപ്പോൾ അവരിലൊരാൾ പറഞ്ഞു, ''ഏതായാലും ഇത്തരയ്ക്കാച്ച്. മൈമുനാക്കനെ കെട്ടാന്ം പോറത്. പിന്നെന്നാ മാർക്കംകൂടറത്താനേ? എന്നാണ്ണ്?''

''ഊഅപ്പടിതാ, ണ്ണ്.'' ഒസ്സാനും പറഞ്ഞു.

''പെ്ന്ന് തത്വോ?''

''പിന്നെന്നാ ഇത്വരെയ്ക്കിം ശൊന്നത്?''

ആരോ പഴയൊരു തുർക്കിത്തൊപ്പി സമ്പാദിച്ചു കൊണ്ടുവന്നു. അതു തലയിൽ കമഴ്ത്തിവെച്ച് അപ്പുക്കിളി ജനമദ്ധ്യത്തിലേയ്ക്കിറങ്ങി. അവന്നു മുകളിൽ കുനിഞ്ഞ് മുഖത്തോടുമുഖമടുപ്പിച്ച് അപ്പാമുത്തു മന്ത്രിച്ചു, ''എന്നാ നിൻെറ പേര്? പറാ, വലിയ്ക്കെ പറാ.''

കിളി പറഞ്ഞു, ''അപ്പുതാവ്ത്തഹ്.''

"അയ്യേ, നേരെ പറാ,'' അപ്പാമുത്ത് തിരുത്തി. ''അപ്പുരാവ്ത്തര്.''

വൈകിട്ട് വിളക്കു തെളിച്ച് ഒരു പുസ്തകവുമായി രവി കിടന്നതേയുള്ളു. മൈമുന അകത്തു കേറി വന്നു.

''മേഷ്ടര് കുട്ടിയ്ക്ക് ഒക്കെ വെളയാട്ടാക്കം,'' അവൾ പറഞ്ഞു.

"അയ്യോ, എന്ത് പറ്റി?''

''മരിയാതിയ്ക്കി അയ് പ്‌രാന്തനെ അടക്കിയ്ക്കോളി.''

''ഏത് പ്രാന്തൻ?''

''ഒങ്കളോടെ തത്ത.''

പുസ്തകം പൂട്ടിവെച്ച് രവി എണീറ്റിരുന്നു വിളക്കിൻെറ തിരി ഒന്നുകൂടി തെളിച്ചു.

''ഒങ്കക്ട്ടെ പേശമാട്ടേ.'' മൈമുന പറഞ്ഞു.

മൈമുന പുറത്തു കടക്കുമ്പോൾ മാധവൻനായർ അകത്തേയ്ക്കു വരുകയായിരുന്നു.

''എന്താ, മാഷ്ഷേ, സുന്നരി വന്നത്?''

"എന്തോ കിളിടെ സങ്ങതിയാ, നളെ അന്നീഷിയ്ക്കാ.''

മാധവൻനായർ കിടക്കയുടെ കാലിൻചോട്ടിൽ ഇരുന്നു.

''എന്നാൽ കേക്കണോ മാഷ്ഷേ, കിളി മതം മാറിയട്ക്ക്ണൂ.''

''ഇശ്വരാ! ഏതാ മതം?''

''ചോതിയ്ക്കാന്ണ്ടോ! നാലാം വേതം.''

ജനലിലൂടെ അകത്തേയ്ക്കു ചാടി കിളി അവരുടെ മുമ്പിൽ നിന്നു. അവൻ തുർക്കിത്തൊപ്പി തടവിക്കാണിച്ചു. ''നോക്ക്താ, എ്ത്തോ!''

പിറ്റേന്ന് തേവാരത്തു ശിവരാമൻനായർ നടുപ്പറമ്പിലൂടെ വെളിച്ചപ്പെട്ടു നടന്നു. ''ബൗദ്ധമ്മാര് അത്രയ്ക്കായോ?'' അയാൾ കിതച്ചു. രക്തസമ്മർദ്ദ മാണ്. ഞരമ്പുകൾ എടുത്തുപിടിച്ചു നിന്നു. ഞാറ്റുപുരയുടെ പടിയ്ക്കൽ നിന്നുകൊണ്ട് അയാൾ അകത്തേയ്ക്കു വിളിച്ചു പറഞ്ഞു, ''മേഷ്ഷേ... ഇദ് നന്നായിലാ. ഇന്തുസമസ്കാരംന്നൊന്ന്ണ്ട്. അദ് ങ്ങനെ ചെരച്ചാ പോണതല്ല.''

''അയ്യോ, ശിവരാമന്നായരേ,'' രവി പറഞ്ഞുനോക്കി. ''ഞാനെന്തേങ്കില്ം ചെയ്തോ?''

''ഏതായാല്ം ഇദ് നന്നായിലാ. ഞിങ്ങളാ മാതവൻെറ കൂടെ തിരിഞ്ഞ് തൊലയര്ത്. അവൻ തറവാടിനെ പറയിപ്പിച്ചവനാ. കമ്മൂഷ്ടാ.''

ശിവരാമൻനായർ അവശനായി നിലത്തിരുന്നു. പിന്നെ പതുക്കെ എണീറ്റു നടുപ്പറമ്പിലേയ്ക്കു നടന്നു.

അവിടെ ആൽത്തറയ്ക്കൽ രണ്ടു പക്ഷമുണ്ടായിരുന്നു. അപ്പു രാവുത്തരായി തുടരണമെന്നും തിരിച്ച് കിളിയാവണമെന്നും. കാലിൽ തൈലം പുരട്ടി മൊല്ലാക്കയും ആൽത്തറയ്ക്കലെത്തിയിരുന്നു. ആദ്യത്തെ അഭിപ്രായമായിരുന്നു. മൊല്ലാക്കയുടേത്. ''ആഹാ, ന്നാ നമക്കതൊന്ന് കാണണല്ലോ,'' എന്നു ശഠിച്ച് ശിവരാമൻനായരും ഇരുന്നു. മൊല്ലാക്കയെ തറഞ്ഞു നോക്കീട്ട് ഖാലിയാർ പറഞ്ഞു, ''പൂരിപച്ചം.'' പെട്ടെന്ന് സംസാരം നിന്നു. ജന്മിയായ ശിവരാമൻനായരെ പിണക്കുകയെന്നതു മര്യാദകേടുമാണ്. കാരണവന്മാരുമോർത്തു. ഒത്തുതീർന്നു പോട്ടെ.

അന്ന് സ്കൂളിൽ രവി അപ്പുക്കിളിയുടെ പേരു വിളിച്ചില്ല. ഭൂരിപക്ഷ മറിയുന്നതുവരെ വിളിയ്ക്കേണ്ടെന്നു. നിശ്ചയിച്ചിട്ടായിരുന്നു. പക്ഷെ, കിളി തുർക്കിത്തൊപ്പിയിട്ടുതന്നെ മുൻവരിയിലിരുന്നു. ശിവരാമൻനായർ സ്കൂളിൻസ്പെക്ടർക്ക് നീണ്ടൊരു ഹരജിയെഴുതി തയ്യാറാക്കി. രവി ഖസാക്കിൽ വർഗ്ഗീയ കലാപങ്ങൾ സൃഷ്ടിയ്ക്കുന്നു. കുട്ടികളെ വഴിതെറ്റിയ്ക്കുന്നു. അടിയിൽ പഴയൊരു ഇംഗ്ലീഷു ഹരജിയിൽനിന്നു പകർത്തിയത്

ഏച്ചുകൂട്ടി: 'ഫോർ വിച്ച് ആക്ട് ഒാഫ് കൈൻഡ്നെസ്സ് ഇസ് മൈ ബൗൺഡൻ ഡ്യൂട്ടി എവർ പ്രേ.''

ഏതാനും ദിവസങ്ങൾക്കകം ഭൂരിപക്ഷമറിഞ്ഞു. രണ്ടു മതങ്ങളിലും കിളിയ്ക്കു പാറി നടക്കാം. ആഴ്ചയിൽ കുറേ ദിവസം രാവുത്തനാകാം. പിന്നെ ഈഴവനാകാം. തയ്യാറാണെങ്കിൽ ഈഴവനും രാവുത്തനും കിളിയും ഒരുമിച്ചാകാം.

തുർക്കിത്തൊപ്പി പിഞ്ഞിയപ്പോൾ, തലമുടി വീണ്ടും വളർന്നു തിടം വെച്ചപ്പോൾ, അവിടെ പിന്നെയും പേനുകൾ പിറന്നു. കുഞ്ഞിക്കാലുകൾ പിച്ചവെച്ചു പറ്റിപ്പറ്റി അവർ വന്നു. വാവരും നൂർജിഹാനും ഉണിപ്പാറതിയും കിന്നരിയും കരുവുമെല്ലാം. അവരുടെ അമ്മയപ്പന്മാർ അവരെ അറിഞ്ഞില്ല. ആശാപാശങ്ങളെപ്പോലെ കെട്ടുപിണഞ്ഞ തലനാരിഴകൾക്കിടയിൽ അവർ ദുഃഖിച്ചു ദുഃഖിച്ചു കാത്തിരുന്നു.

രവി ഉറങ്ങാൻ കിടന്നു. ജനാലയിലൂടെ ആകാശം. മിന്നുന്നു, തുടിയ്ക്കുന്നു. ഈശ്വരാ, ഒന്നുമറിയരുത്. ഉറങ്ങിയാൽ മതി. ജന്മത്തിൽ നിന്നു ജന്മത്തിലേയ്ക്കു തല ചായ്ക്കുക. കാടായി, നിഴലായി, മണ്ണായി, ആകാശമായി വിശ്രമംകൊള്ളുക. അറിവിൻെറ കണ്ണുകൾ പതുക്കെ പൂട്ടി. മിന്നിത്തുടിയ്ക്കുന്ന ബഹിരാകാശം കയ്തപ്പൊന്തകളിലേയ്ക്കിറങ്ങി വന്ന് ഖസാക്കിലെ മിന്നാമിനുങ്ങുകളായി. ആ അനന്തരാശിയിൽനിന്ന് ഏതോ സാന്ദ്രതയുടെ കിനിവുകൾ അയാളുടെ നിദ്രയിലിറ്റുവീണു. അവ ആ മനുഷ്യനെ സ്നാനപ്പെടുത്തി.

---

* കേട്ടോ?

* വാൽമരിക

23. സൗരയൂഥം

ഒരു രാവിലെ ഖാലിയാർ ഞാറ്റുപുരയിൽ വന്നു.

''ഒരു ബിശിയം ക്േക്കറ്ത്ക്കാക്ക്ം ഞമ്മള് വന്നത്. ഒരഞ്ചുറുപ്പ്യൻെറ് കാസ്ണ്ടോ മേഷ്ടര്ൻെറ കയ്യീ?''

''എട്ക്കാം.''

രവി എന്തിനെന്നു ചോദിച്ചില്ല. അതുകൊണ്ട് ഖാലിയാർതന്നെ പറഞ്ഞു, ''മൊല്ലാക്കനെ ഒന്ന് പാലക്കാട്ട് കൊണ്ട്പോണം. ആശ്പത്തിരീലിയ്ക്ക്.''

രണ്ടു ദിവസം മുമ്പു വരമ്പിലൂടെ താൻ നടന്നുപോകുമ്പോൾ, കയ്തപ്പൊന്തകൾക്കിടയിൽനിന്ന് മൊല്ലാക്ക പൊങ്ങിവന്നത് രവിയോർത്തു. മുഖം വിളറിയിരുന്നു. മിനുങ്ങിയിരുന്നു. കണ്ണുകൾ പിഞ്ഞാണംപോലെ മങ്ങിയിരുന്നു. അതോർത്തുകൊണ്ട് രവി ചോദിച്ചു, ''എന്താ, ആ പുണ്ണ് മാറീലേ?''

''അന്ത വെറണം കരിയാത്,'' ഖാലിയാർ പറഞ്ഞു.

''ഖാലിയാര് ഒര് മിനിറ്റിരിയ്ക്കൂ,'' രവി പറഞ്ഞു, ''ഞാന്ം വരാം. ആ കുഞ്ഞാമിന പാല് കൊണ്ടന്നോട്ടെ. ത്ര ചായ കുടിച്ചിട്ടെറങ്ങാ.''

''വേണ്ട, നമ്മ്ക്ക് അലിയാര്ൻറവടെ കയിരാ.''

''ഓ, ശെരി.''

രണ്ടുപേരും നടുപ്പറമ്പിലേയ്ക്കു നടന്നു. ചായ കൂട്ടിക്കൊണ്ടിരുന്ന അലിയാർ പറഞ്ഞു, ''അസലാമലൈക്ക്ം, വണ്ടി തെയ്യാറായിര്ക്ക്, നൈജാ മണ്ണോ.''

''ശെയ്തിനോടെ വണ്ടിയാ?''

‘‘ആമാ.’’

‘‘അപ്പടിയാനാൽ പോത്ത് താനേ?’’

“ആനാൽ സിവരാമമ്മൂത്താരോടെ മൂരിയെ പൂട്ടലാം.’’

പള്ളിയാലോരംപറ്റി രവിയും ഖാലിയാരും മൊല്ലാക്കയുടെ വീട്ടിലേയ്ക്കു നടന്നു. പായലു പിടിച്ച ഓട്, ദ്രവിച്ചുപോയ കോട്ടുപട്ട, അന്നാദ്യമായാണ് അതത്രയും നോക്കിക്കണ്ടതെന്ന് രവിയ്ക്കു തോന്നി. ഈറ്റു വീണിട്ടില്ലാത്ത മുറ്റത്തിനു പായലിൻെറ മണമുണ്ടായിരുന്നു.

നിലത്തു വിരിച്ച കയ്തോലപ്പായിൽ മൊല്ലാക്ക കിടക്കുകയാണ്. തൈലവും പൊടിയും കുതിർന്നു പിടിച്ച തുണിക്കെട്ടിലേയ്ക്കു രവി നോക്കി. അയാൾ മൊല്ലാക്കയുടെ നെറ്റി തടവി. പനിയില്ല. തണുപ്പാണ്. മുഖത്താകട്ടെ, പരിചയക്കേട്.

‘‘എന്താ മൊല്ലാക്കേ, വയ്യേ?’’ രവി ചോദിച്ചു. ചോദ്യത്തിനർത്ഥമുണ്ടായിട്ടല്ല.

അള്ളാപ്പിച്ചാമൊല്ലാക്ക മൂളി. സംസാരിയ്ക്കാൻ വയ്യായിരുന്നു. വാതിൽ മറഞ്ഞുനിന്ന തിത്തിബിയുമ്മ പറഞ്ഞു, ‘‘അന്ത പളയ ശെരിപ്പ് കടിച്ചതാക്കം.’’

‘‘ഉമ്മ പേടിയ്ക്കണ്ട,’’ രവി പറഞ്ഞു, ‘‘ചെരിപ്പ് കടിച്ചതല്ലേ? സുഖപ്പെട്ം.’’

കാലിലെ വ്രണം പൊട്ടിയിട്ടു മാസങ്ങളനവധിയായെന്നു രവി പെട്ടെന്നോർമ്മിച്ചു.

മൊല്ലാക്കയുടെ കാലിൻചോട്ടിൽ മുട്ടുകുത്തിയിരുന്ന് ഖാലിയാർ പതുക്കെ തുണിക്കെട്ടു ചുറ്റിയഴിച്ചു. പെരുവിരലിനു മുകളിൽ ഒരുറുപ്പിക വട്ടത്തിൽ ചോര വാർന്നു വെളുത്ത വ്രണം തെളിഞ്ഞുകാണാമായിരുന്നു.

‘‘വേദന ജാസ്തിണ്ടോ?’’ രവി ഖാലിയാരോടു ചോദിച്ചു.

‘‘വലി കെടയാത്,’’ ഖാലിയാർ പറഞ്ഞു.

‘‘അന്ത ശെരിപ്പിനോടെ വെഴമാക്ക്ം,’’ തിത്തിബിയുമ്മ പറഞ്ഞു.

മൊല്ലാക്ക ഞരങ്ങി.

‘‘ഉമ്മ മടിയ്ക്കര്ത്,’’ രവി പറഞ്ഞു, ‘‘എന്താ വേണ്ടത്ച്ചാൽ പറയണം.’’

തെല്ലു വിഷമത്തോടെ അവർ പറഞ്ഞു, ‘‘ഒര്പാട് സകായിച്ച്ട്ട്ണ്ട്. ബടെ എ്പ്പഷ്ം പറയിം.’’

ഖാലിയാർ പടിത്തട്ടിൽനിന്ന് ഒരു കഷായമെടുത്തു ഗ്ലാസ്സിൽ പകർന്നു. എന്നിട്ടു മൊല്ലാക്കയെ താങ്ങിയിരുത്തി പ്രോത്സാഹിപ്പിച്ചു, ‘‘കുടിയ്ക്കീ, മൊല്ലാക്ക. വലി സൊകപ്പെട്ടട്ട്ം.’’

മൊല്ലാക്ക ഖാലിയാരുടെ മാറിൽ ചാരിയിരുന്നു. കഷായത്തിൻെറ കയ്പ് നുണഞ്ഞിറക്കി, ഉമിനീരിലത്രയും കിനിഞ്ഞു പിടിയ്ക്കുന്ന കയ്പോടെ മൊല്ലാക്ക വീണ്ടും പായിൽ കിടന്നു. അവരുടെ കണ്ണുകളിടഞ്ഞു. അവ പ്രാചീനമായൊരു സംഭാഷണത്തിൽ നഷ്ടപ്പെടുകയായി.

സന്ധ്യയ്ക്ക് മോടൻപറമ്പുകളിലൂടെ ശെയ്തിൻെറ ഭാരവണ്ടി ഖസാക്കിലേയ്ക്കു മടങ്ങി. ഓണക്കൊയ്ത്തു. കഴിഞ്ഞ പാടങ്ങൾ ചുറ്റും വരണ്ടു കിടന്നു. വണ്ടി നടുപ്പറമ്പിലേയ്ക്ക് ആടിയാടിക്കേറുമ്പോൾ അലിയാരുടെ പീടികയുടെ മുമ്പിൽ മാധവൻനായരും ഗോപാലുപണിയ്ക്കരും പൊന്തുരാവുത്തരണ്ണനും മറ്റു ചിലരും വട്ടം തട്ടി നില്ക്കുകയായിരുന്നു.

‘‘വണ്ടി ന്ക്കട്ടെ!’’ മാധവൻനായർ പറഞ്ഞു.

ശിവരാമൻനായരുടെ എരുതുകൾ കിതച്ചു നിന്നു.

‘‘മൊല്ലാക്കയെവ്ടീ?’’ മാധവൻനായർ ചോദിച്ചു.

‘‘അങ്കെ ആശ്പത്തിരീല് ക്കെ്ടത്തിയാച്ച്,’’ തെല്ലു മടുപ്പോടെ ഖാലിയാർ പറഞ്ഞു.

‘‘എന്നാ ശൊന്നത് ലാക്കട്ടര്?’’ അലിയാർ ചോദിച്ചു.

‘‘പാക്കണംണ്ണ് ശൊന്നത്. ഒര്വേള മതിരാസിയോ വെല്ലൂരോ അന്പ്പ വേണ്ടിയതാ വരും.’’

‘‘എന്ത് ചെരിപ്പാണീ, ദ്!’’ മല്ലിച്ചെറുമൻ പറഞ്ഞു.

‘‘കൊടിയ ചെര്പ്പ്,’’ ഖാലിയാർ പറഞ്ഞു, ‘‘അന്ത ചെര്പ്പ്ക്ക് പാമ്പിനോടെ വെഷം വന്തത്, രാജമൂർക്കനോടെ വെഷം.’’

‘‘നൊമ്പടെ ചെര്പ്പില്ം വിൽട്ടില്ം ഒക്കെ പാമ്പിൻെറ പല്ലാ, കാലിയാരേ,’’ മാധവൻനായർ പറഞ്ഞു.

‘‘പാമ്പ് എങ്കെത്താൻ കെടയാത്?’’ ഖാലിയാർ പറഞ്ഞു, ‘‘നമ്മ വെരലോടെ നെകംകൂടി പാമ്പോടെ പല്ലാഹലാം. എന്നാ, അലിയാരേ?’’

‘‘അപ്പടിതാ, ണ്ണ്.’’

മൊല്ലാക്കയെ പാലക്കാട്ടാസ്പത്രിയിൽ കിടത്തിയിട്ട് ഇപ്പോൾ പത്തു ദിവസം കഴിഞ്ഞു. തിത്തിബിയുമ്മ പാലക്കാട്ടേയ്ക്കു താമസം മാറ്റി....ഒരു ഞായറാഴ്ച രവിയും മാധവൻനായരും പാലക്കാട്ടു ചെന്നു. മൊല്ലാക്ക എണീറ്റിരിക്കുകയാണ്. സംസാരിയ്ക്കാം, ആക്കമുണ്ടെന്നു പറഞ്ഞു. മൊല്ലാക്കയുടെ വരണ്ട കൈവിരലുകളെ രവി തൻെറ കൈപ്പടങ്ങളിൽ ചേർത്തു പിടിച്ചു, ‘‘ഇതാ, മൊല്ലാക്കയ്ക്ക് കൊറേ മധുരനാരഞ്ഞ കൊടന്ന്ട്ട്ണ്ട്,’’ രവി പറഞ്ഞു. മൊല്ലാക്ക പതുക്കെ ചിരിച്ചു.

‘‘ആസയില്ലെ്ല, കുട്ടീ,’’ അയാൾ പറഞ്ഞു.

ആസ്പത്രിയുടെ മണം നൂറുകൂട്ടം സുമഗന്ധങ്ങളെപ്പോലെ രവിയെ ചൂഴ്ന്നു. അതിനടിയിൽ തമ്പേടിച്ചു കാത്തുകിടന്ന യാത്രക്കാർ അബോധ സ്വരങ്ങളിലൂടെ വിവരങ്ങൾ കൈമാറി.

‘‘ഒരാഷ്ചകൊണ്ട് സൊകം കെടയ്ക്കും,’’ മൊല്ലാക്ക രവിയോടു പറഞ്ഞു.

''ചെര്പ്പ് കടിച്ചതല്ലേ, മൊല്ലാക്ക,'' മാധവൻനായരും പറഞ്ഞു, ''ഒന്നും പേടിയ്ക്കാനില്ല.''

രവി യാത്രപറഞ്ഞ് ഇറങ്ങാനൊരുങ്ങുമ്പോൾ മൊല്ലാക്കയ്ക്ക് ഒരു കാര്യത്തെക്കുറിച്ചു സംസാരിയ്ക്കാൻ ബദ്ധപ്പാടുണ്ടായിരുന്നു. സ്കൂളിൽ മുറ്റമടിയ്ക്കാൻ ആരെങ്കിലും വരുന്നുണ്ടോ? രവി സമാധാനിപ്പിയ്ക്കാൻ ശ്രമിച്ചു. മൊല്ലാക്ക തുടർന്നു സംസാരിച്ചു; സംസാരിയ്ക്കാൻ ബുദ്ധിമുട്ടുണ്ട്. കഫത്തിൻെറ നൂലുകളിൽ ഒാരോ സ്വരവും തടഞ്ഞു. സുഖക്കേടു മാറി താൻ ഖസാക്കിൽ തിരിച്ചെത്തിക്കഴിഞ്ഞാൽ എല്ലാം വേണ്ടപോലെ ചെയ്യിച്ചു കൊള്ളാമെന്ന് മൊല്ലാക്ക പറഞ്ഞു. ഒരാഴ്ച അല്ലെങ്കിൽ ഒരു വാവ്. അതു വരെ പൊന്തുരാവുത്തരണ്ണൻെറ മകൾ റൊക്കമ്മയോടു പറഞ്ഞാൽ മതി. അവൾ മുറ്റമടിച്ചുകൊള്ളും. മൊല്ലാക്ക പറഞ്ഞെന്നു പറയണം. അവൾ അനുസരിയ്ക്കാതിരിയ്ക്കില്ല. ചാന്തുമ്മയെക്കൊണ്ട് വെള്ളം കോരിച്ചാൽ മാത്രം മതി. അതിനു മാത്രം പണംകൊടുത്താൽ മതിയല്ലോ. മൊല്ലാക്ക കട്ടിലിൽ ചാരി ഇരുന്നു. അത്രയും വാക്കുകളുടെ ശ്രമത്തിൽ മുഖം വിളറി. അതു വീണ്ടും അപരിചിതൻെറ മുഖമായി. എങ്കിലും പൂർവജന്മസ്മൃതിപോലെ, മുറ്റമടിയ്ക്കാൻ പ്രതിമാസം പറ്റിയ അഞ്ചുറുപ്പികയുടെ ഗാഢമായ അർത്ഥം വെളിപ്പെടുത്താൻ അള്ളാപ്പിച്ചാമൊല്ലാക്ക പാടുപെടുകയായിരുന്നു.

വാഡിനു പുറത്ത് രവിയും മാധവൻനായരും ഡോക്ടറോടു സംസാരിച്ചു. രവി അതു നേരത്തെ സംശയിച്ചതായിരുന്നു: രോഗം അർബ്ബുദമായിരിക്കാനിടയുണ്ടെന്ന് ഡോക്ടർ പറഞ്ഞു. പരിശോധനയ്ക്കയച്ച മാംസശകലത്തിൻെറ വിവരമറിയാൻ ഇനിയും നാലഞ്ചു ദിവസം പിടിച്ചേയ്ക്കും.

കൂമൻകാവിൽ ബസ്സിറങ്ങി രവിയും മാധവൻനായരും ഖസാക്കിലേയ്ക്കു നടന്നു... ദൂരെയെവിടെയോ ഒരു പരീക്ഷണശാലയിൽ അള്ളാപ്പിച്ചാമൊല്ലാക്കയുടെ ഒരു സെല്ലിനുമേൽ വൈദ്യന്മാർ സൂക്ഷ്മദർശിനികൾ ചൂണ്ടി. ഒരു

ഗ്രഹത്തിൽ ജീവരാശി കരുപ്പിടിയ്ക്കുന്നപോലെ സെല്ലിൻെറ മുകൾപ്പരപ്പിൽ വ്യതിയാനങ്ങളുണ്ടാവുന്നു. അതാണ് അർബ്ബുദം. അണുക്കളുടെ സൂക്ഷ്മ പ്രപഞ്ചത്തിലെവിടെയോ മറ്റൊരു ലോകം ഉയിർക്കുക....കരിമ്പനകളിൽ കാറ്റ്, സന്ധ്യ. മണ്ണിൻെറ മുകൾപ്പരപ്പിൽ കുരുത്ത പനയും കാറ്റും സന്ധ്യയും അവിടെയനങ്ങിയ വഴിപോക്കൻെറ കാലടിയുമെല്ലാം അപാരനായൊരു പടു കിഴവനെ പീഡിപ്പിയ്ക്കുകയാവണം. സന്ധ്യ കറുക്കെ ഒന്നൊന്നായി നക്ഷത്രങ്ങൾ തെളിഞ്ഞു. ആ നക്ഷത്രങ്ങളിലേയ്ക്ക് ബഹിരാകാശ സഞ്ചാരി അവൻെറ കപ്പൽ തിരിച്ചു. മരണവും വ്യർത്ഥതയും ചുമന്നുകൊണ്ട് ഏതോ ഗ്രഹത്തിൽ അവൻ കപ്പലണച്ചു. അവിടെ അവൻ വിത്തുകൾ പാവി. അങ്ങിനെ പെരുവിരൽ നൊന്തു. വ്രണപ്പെട്ടു. അനാദിയായ സ്ഥലരാശിയിൽ നിസ്സഹായനായി ആ പടുകിഴവൻ തിരിഞ്ഞും മറിഞ്ഞും കിടന്നു.

‘‘എന്താ മാഷ്ഷേ, ഇ‌ൗ ദെണ്ണം?’’ മാധവൻനായർ ചോദിച്ചു. അവർ ഖസാക്കിലേയ്ക്കു കേറുകയായിരുന്നു.

‘‘അതോ,’’ രവി പറഞ്ഞു, ‘‘പറയാം.’’

‘‘അശ്ഹദ് അൻ ഇലാഹ ഇല്ലല്ലാഹ്—

ഉ‌ൗഅശ്ഹദ് അന്നമുഹമ്മദൂർറസൂലുല്ലാഹ്—’’

‘‘ആരാ മാധവന്നായരേ വാങ്ക് വിളിയ്ക്കണ്?’’ രവി ചോദിച്ചു.

‘‘കാലിയാര്.’’ മാധവൻനായർ പറഞ്ഞു.

‘‘ഹയ്യ അലസ് സലാത്ത്—

ഹയ്യ അലൽ ഫലാഹ്—

അല്ലാഹു അക്ബർ—

അല്ലാഹു അക്ബർ—ഏ’’

ഏഴു കൊല്ലങ്ങൾക്കു ശേഷം അള്ളാപ്പിച്ചാമൊല്ലാക്കയ്ക്കു വേണ്ടി നൈസാമലി വാങ്കു വിളിയ്ക്കുകയായിരുന്നു.

24. കിഴവൻെറ മുഖം

തീവ്രധ്വാനിയുടെ ഉൾക്കാതുകൊണ്ട് വീണ്ടും വീണ്ടും രവി ആ വിളി കേട്ടു. സർവ്വശക്തനായ ഈശ്വരനൊരുവൻ മാത്രമേയുള്ളു —അവനെ കുമ്പിടാൻ ഇൗ മന്ദിരത്തിലേയ്ക്കു വരിക—

നരിച്ചീറുകൾ നിറഞ്ഞ പ്രാർത്ഥനാമന്ദിരം. നാശോന്മുഖമായ ചെങ്കൽച്ചുമര്. ജര ബാധിച്ച ചില്ലോട്. രവി ഉറങ്ങിയില്ല. കിടക്കയിൽ എണീറ്റിരുന്നു. കാൽവണ്ണ കടയുന്നുണ്ടായിരുന്നു. കൂമൻകാവിലേയ്ക്കും പിന്നെ മടക്കത്തിൽ കൂമൻ കാവിൽനിന്നു ഖസാക്കിലേയ്ക്കും നടന്നതാണ്. രാത്രി പതിനൊന്നുമണിയാവാറായി. കന്നിമാസത്തിലെ നേരിയ നിലാവ്. ഇളം കുളിര്. വെളിമ്പുറങ്ങളിലൂടെ അവസാനത്തെ കപ്പലുകൾ ചൂട്ടുമിന്നിച്ചു താവളമണഞ്ഞുകൊണ്ടിരുന്നു.

ഒരു ഗ്ലാസ്സു വെള്ളമെടുത്തു കുടിച്ച് രവി പുറത്തിറങ്ങി. മുറ്റത്തു മര ച്ചോട്ടിൽ ചാക്കു വിരിച്ച് അപ്പുക്കിളി കിടന്നുറങ്ങുന്നു. രവി നടുപ്പറമ്പിലേയ്ക്കു കേറി.

രവി ചെന്നു തട്ടിവിളിയ്ക്കുമ്പോൾ മാധവൻനായർക്ക് ഉറക്കം പിടിച്ചിരുന്നു. മാധവൻനായർ ഇത്തിരി നേരം മിഴിച്ചിരുന്നു.

‘‘വല്ലത്ം ബാക്കീണ്ടോ നായരേ?’’ രവി ചോദിച്ചു. കണ്ണു തിരുമ്മി മൂരി നിവർന്ന് മാധവൻനായർ എണീറ്റുനിന്നു.

‘‘ത്തിരി അവിണീശ്ണ്ട്,’’ അയാൾ പറഞ്ഞു.

‘‘എസെൻസ് വേണ്ടാ. വരൂ, മാധവൻനായരേ, പൊറത്തെറങ്ങാ.’’

‘‘ഇപ്പളോ? മണിയെത്രയായീന്നാ വിചാരം?’’

‘‘പതിനൊന്ന്. മുഖം കഴ്കൂ.’’

‘‘ശെരി.’’

നടുപ്പറമ്പ് മയങ്ങിക്കിടന്നു.

‘‘എവടയ്ക്കാ മാഷ്ഷേ?’’

‘‘എവടയ്ക്കെങ്കില്ം പുവ്വാ. തേവാരത്ത് പൂവ്വാ?’’

‘‘തേവാരത്തോ?’’

‘‘നിങ്ങടെ കല്യാണിക്കുട്ട്യേ തര്വോ?’’

മാധവൻനായർ അസുഖകരമായി ചിരിച്ചു.

‘‘ഒാഹോ,’’ അയാൾ പറഞ്ഞു, ‘‘എനിയ്ക്കൊര് വിരോധൂല്ല.’’

‘‘ശരി,’’ രവി പറഞ്ഞു, “പിന്നൊരിയ്ക്കലാവാം. ദാഹിയ്ക്ക്ണൂല്ലോ.’’

‘‘ചാത്തേലൻെറ കയ്യി വല്ലത്ം കാണ്ം.’’

ചാത്തേലൻെറ പടിയ്ക്കൽ ചെന്നു നിന്നു. പടിയെന്നു പറയാനൊന്നുമില്ല. നാലഞ്ച് അലകു കഷ്ണങ്ങൾ ഏച്ചുകെട്ടി ചാരിവെച്ചതു മാത്രമായിരുന്നു. ഒരു പത്തു കാൽവെപ്പകലെ ചാത്തേലൻെറ തിണ്ണയായി. അവിടെ കനത്ത, തളർന്ന വീർപ്പിൻെറ ശബ്ദം.

‘‘ചാത്തേലന്ന് പെണ്ണില്ലേ, മാധവന്നായരേ?’’

‘‘ശ്ശ്! പത്ക്കെ—കൊറെ പെറ്റതാണ്.’’

വീണ്ടും ആ ഉച്ഛ്വസനം, അവർക്കിപ്പോൾ വിയർക്കുകയായിരിയ്ക്കുമെന്ന് രവിയോർത്തു. ശ്വാസത്തിന് ദുർഗ്ഗന്ധവുമുണ്ടാവുമെന്നോർത്തു.

‘‘ചാത്തേലോ!’’ മാധവൻനായർ വിളിച്ചു.

വീർപ്പുകൾ തുടർന്നു.

മാധവൻനായർ വീണ്ടും വിളിച്ചു.

‘‘ആരാണ്?’’ ചാത്തേലൻെറ കെട്ടിയവൾ ചോദിച്ചു.

‘‘ഞാന്. മാതവമ്മൂത്താര്.’’

പിന്നെ ആ തിണ്ണയിൽ ഒരുകൂട്ടം ഗൂഢസ്വരങ്ങളുണ്ടായി. രവി കൗതുകത്തോടെ ചെകിടോർത്തു. പിന്നെ ചാത്തേലൻ ഇരടി പുറത്തു വന്നു.

‘‘ചാത്തേലൻ മുഷിഞ്ഞോ?’’ രവി ചോദിച്ചു.

‘‘ദാര്! മേഷ്ടര്മൂത്താരോ?’’

‘ചാത്തേലനെ വിളിച്ച് ബുദ്ധിമുട്ടിച്ചോ?’’

‘‘നല്ല കാരിയുവായി!’’

‘‘ചാത്തേലോ,’’ മാധവൻനായർ ചോദിച്ചു, ‘‘വല്ലത്ം കൈയ്യിരിപ്പ്ണ്ടോ?’’

‘‘നല്ലനേരം!’’ ചാത്തേലൻ പറഞ്ഞു.

‘‘നീയൊന്ന് ശെർമിയ്ക്ക്വേ.’’

ചാത്തേലൻ തിണ്ണയിലേയ്ക്കു തിരിച്ചു ചെന്നു. അവിടെ ഒരു ചിമ്മിനി വിളക്ക് തെളിഞ്ഞു. അതോടെ തിണ്ണയുടെ രഹസ്യങ്ങളവസാനിച്ചു. ഗൂഢസ്വരങ്ങൾ, കാല്പെരുമാറ്റവും പതിഞ്ഞ സംഭാഷണവും മാത്രമായി. ചാത്തേലൻ വീണ്ടും പടിയ്ക്കലേയ്ക്കു വന്നു.

‘‘ഒരൊന്നൊന്നരക്കുപ്പിയ്ണ്ടൂ,’’ ചാത്തേലൻ ക്ഷമാപണസ്വരത്തിൽ അറിയിച്ചു, ‘‘പക്ഷെ, അതികാരി മൊതലാളന് നാളെ കൊട്ത്തയയ്ക്കാമ്പെച്ചതാണൂ.’’

‘‘ആയീ, നീയ്യങ്ങനെ പറയാതെ, ഇത്തിരി ജാസ്തി വല്ലത്ം വേണെങ്കി പ്ടിച്ചോ.’’

“അയ്യോ, മൂത്താര്നോട്—’’

‘‘അയ് കുപ്പികള് വാങ്ങിയ്ക്കാണീ മാഷ്ഷേ.’’

ചാത്തേലൻെറ പടിയ്ക്കൽ നിന്ന് അവർ തിരിച്ചു നടന്നു. വാറ്റുചാരായത്തിൽ നിലാവു തട്ടി.

‘‘ഇഞ്ഞെങ്ങ്ണ്ടാണ് മാഷ്ഷേ?’’

‘‘ഇനിയെങ്ങടാണോ? അതെന്യാ ഞാന്ം ശ്ശി കാലായി ആലോയ്ച്ചോണ്ടിരിയ്ക്കണത്—’’

‘‘അത് വിടീൻ, സ്കോളി പുകാ്.’’

‘‘വേണ്ട,’’ രവി പറഞ്ഞു, ‘‘കുപ്പ്വച്ചന് ത്തിരി തേപ്പ് * കൊട്ക്കാ.’’

മാധവൻനായർ എന്തോ ഒാർത്തുകൊണ്ടു നിന്നു.

‘‘മാഷ്ക്ക് നിർബ്ബന്തവാണെങ്കില്.’’

‘‘വരൂ മാധവന്നായരേ.’’

തിരിവിളക്കിൻെറ വെട്ടത്തിലേയ്ക്കു പീളനിറഞ്ഞ ചോരക്കുഴികൾ കൊണ്ട് കുപ്പുവച്ചൻ ഉറ്റുനോക്കി. ചോരക്കുഴികൾകൊണ്ടു ചെകിടോർത്തു.

‘‘കുപ്പ്വച്ചാ, ഒറക്കംപ്ടിച്ചോ?’’ മാധവൻനായർ വിളിച്ചറിയിച്ചു.

‘‘ദാര് മാധവമ്മൂത്താരോ?’’

‘‘ഞാന്ം മാഷ്ഷ്ം.’’

‘‘ങ്ങ്ണ്ട് അകായിലിയ്ക്ക് വന്നിരിയ്ക്കാ.’’ കുപ്പുവച്ചൻ പറഞ്ഞു. അവർ കേറി.

‘‘കുപ്പ്വച്ചാ, ത്തിരി വാറ്റിയത്ണ്ട്.’’

‘‘ഒാ, സെരി.’’

പതുക്കെയാണ് കുപ്പുവച്ചൻ പറഞ്ഞത്. കുടിയ്ക്കാനുള്ള ആർത്തിയില്ല. അശ്ലീലമായ വ്യഗ്രതയില്ല. കൈ നീട്ടി നിലവും ചുമരും തപ്പി അയാൾ വാതിലിൽ പിടിച്ചു. മാധവൻനായരാണ് തിരിവിളക്ക് അകായിലേയ്ക്കു വെച്ചത്. കേശി ഉറക്കമായിരുന്നു. അവൾ പായയിൽ നിന്നു നിലത്തേയ്ക്കുരുണ്ടുകിടക്കുകയായിരുന്നു. ഉടുത്ത കച്ചമുറിയും

അഴിഞ്ഞ ബോഡീസും തണുത്ത കാവിമണ്ണിലുരഞ്ഞു സ്ഥാനം പിഴച്ചിരുന്നു.

''കേശിയേ,'' കുപ്പുവച്ചൻ പതുക്കെ വിളിച്ചു, ''എണീയ്ക്ക്.''

''ഹായ് , ഈയപ്പൻ—''

അവൾ ചുമരിനു നേരെ തിരിഞ്ഞു കിടന്നു.

''എണീച്ചാണ്ടീ, ഉണ്ണിപ്പെണ്ണേയ്.''

അവിടന്നിറങ്ങുമ്പോൾ ചന്ദ്രനസ്തമിച്ചിരുന്നു. നക്ഷത്രങ്ങളുടെ വെട്ടം മാത്രമേയുള്ളു.

''മാധവന്നായരേ,'' രവി പറഞ്ഞു, ''കുപ്പ്വച്ചനെ സൂക്ഷിച്ച്നോക്ക്യോ?''

''വയ്യാണ്ടായെടക്ക്ണൂ. പാവം!''

''അതല്ലാ ഞാമ്പറഞ്ഞത്.''

മുക്കാൽക്കുപ്പിയോളം ഇനിയും ബാക്കിയുണ്ട്. നക്ഷത്രങ്ങൾക്കടിയിൽ കരിമ്പനക്കാട്ടിൽ വെച്ച് അതു കുടിച്ചു തീർക്കാനാണ് രവിയും മാധവന്നായരും തീർച്ചയാക്കിയത്.

''ആ മൊഖത്തെ നോട്ടം,'' രവി പറഞ്ഞു, ''അതാ മാധവന്നായരേ ഞാമ്പറഞ്ഞത്.''

മാധവൻനായർ മറുപടി പറഞ്ഞില്ല.

പീള നിറഞ്ഞ ചോരക്കുഴികൾകൊണ്ട് ചിമ്മിനി വെളിച്ചത്തിൽ തപ്പുന്ന ആ മുഖം രവി വീണ്ടുമോർത്തുപോവുകയായി. ഒരുപാടു മുഖങ്ങളോർത്തു. അച്ഛന്റെ മുഖം. ദുർഗ്ഗന്ധമുയർന്ന ചുണ്ടിന്റെ കോണിലൂടെ അകത്തേയ്ക്കൊഴിച്ച നാരങ്ങനീര് ആ മുഖത്തിന്റെ രണ്ടു പുറത്തേയ്ക്കുമൊഴുകിയതോർത്തു. കരയാൻ തുടങ്ങുന്ന കുട്ടിയുടേതെന്നപോലെ കോടിപ്പോകുന്ന ചുണ്ടുകൾ , അയാൾക്കറച്ചു. വീണ്ടും മറ്റൊരു മുഖം. ഒരു വള്ളുവ നാടൻ

ഗ്രാമത്തിൽ. ചുവന്ന ചരൽമണ്ണ്. നിബിഡമായ മാവുകൾ. ഓണക്കാടു കളിലൂടെ ചുറ്റിയൊഴുകിയ തൂതപ്പുഴ. തിരുവാതിര. തൻെറ അമ്മയുടെ അച്ഛനെ കാണാൻ ചെന്നതായിരുന്നു. ചെറിയ തൊകിൽപ്പെട്ടിയും തൂക്കി താൻ തറവാട്ടിലേയ്ക്കു നടന്നു. നിരത്തിൽ ആരുമില്ല. ചുകന്ന ചരൽക്കല്ലുകൾ. വീടെത്താറാവുമ്പോൾ രവി മുത്തച്ഛനെ കണ്ടു. സ്വല്പം മുഷിഞ്ഞ മുക്കാൽക്കയ്യൻ കുപ്പായം. മാടിക്കുത്തിയ കോറമുണ്ട്. നിലത്തു കുത്തി നടക്കാനുപയോഗിച്ചിരുന്ന പഴയ വെള്ളക്കുട. പന്തലുപോലെ പടർന്നിരുന്ന മുത്തച്ഛൻ ചുരുണ്ടുകൂനിയിരുന്നു. രവി കുറേദൂരം മുത്ത ച്ഛന്റെ ചേരേ നടന്നു. ചുരുട്ടിക്കെട്ടിയ വെള്ളക്കുട നിലത്തൂന്നി ചുകന്ന ചരൽക്കല്ലുകളിലേക്കു നോക്കിക്കൊണ്ട് മുത്തച്ഛൻ നടന്നു.

‘‘മുത്തച്ഛാ!’’

കിഴവൻ പതുക്കെ തിരിഞ്ഞു നിന്നു. തിമിരത്തിൻെറ വെള്ളപ്പാടുകൾ മൂടിയ കണ്ണുകൾ പതുക്കെ വിടർന്നു.

‘‘മുത്തച്ഛാ, രവി.’’

ബുദ്ധിശൂന്യമായ ഒരു ചിരി, ‘‘നീ വന്നോടാ?’’

ആ ചിരിയിൽ സ്നേഹമായിരുന്നോ? രവിയ്ക്കു നിശ്ചയമുണ്ടായിരുന്നില്ല. തൊട്ടിലിലുറങ്ങിക്കിടന്ന കുഞ്ഞിനെച്ചിരിപ്പിക്കുന്ന പൂർവജന്മസ്മരണപോലെ സ്നേഹം ഏതാനും നിഴൽച്ചിത്രങ്ങൾ മാത്രമായ്ത്തീർന്നിരിക്കണം. ഓർമ്മയുടെ ആഴത്തിൽ, അകലത്തിൽ അവ ചലിയ്ക്കവെ, വെള്ളക്കുടയൂന്നി നിന്ന കിഴവൻ തിമിരത്തിൻെറ കണ്ണുകൾ വിടർത്തി, തൊണ്ണുകൾ വിടർത്തി ചിരിച്ചു. ആ ചിരിയിൽ നിസ്സഹായതയായിരുന്നോ? ജന്മപരമ്പരകളുടെ ദുഃഖമായിരുന്നോ? അല്ല, അന്തിവെളിച്ചത്തിൽ, കടലോരത്തെ ഹതാശമായ കാത്തുനില്പിന്റെ ഉന്മാദമായിരുന്നോ?

എന്തെന്ന് രവി ആരാഞ്ഞില്ല. എങ്കിലും പരിചയത്തിൻെറ പാടുകൾ മാഞ്ഞുപോകുന്ന ആ മുഖങ്ങളിലെ അമൂർത്തവും സങ്കീർണ്ണവുമായ ഭാവം അയാളറിഞ്ഞു.

‘‘ബടെ ഇരിയ്ക്ക്യാ മാധവന്നായരേ.’’

‘‘കുപ്പി ങ്ങ് ണ്ട് തരിൻ മാഷ്ഷേ!’’

പുൽത്തകിടിയിലിരുന്ന് അവർ കുപ്പിയിൽനിന്ന് മാറിമാറി വാറ്റു മോന്തിക്കുടിച്ചു.

‘‘മാഷ്ഷേ,’’ മാധവൻനായർ പറഞ്ഞു, ‘‘ഇൗ നട്പ്പറമ്പിലാണ്, ഞാൻ വേദാന്തം പടിയ്ക്കാമ്പോയ കാലത്ത് എൻറമ്മ വെപിചരിച്ചത്.’’

കിഴക്കൻകാറ്റു വീശാൻ തുടങ്ങി. കാറ്റിന് മഞ്ഞിൻെറ മണവും നനവുമുണ്ടായിരുന്നു. ഭോഗാലസ്യത്തിൽ, അകലെ ഖസാക്ക് ചലനമറ്റു കിടന്നു...

ഇരുപത്തിയൊന്നാമത്തെ വയസ്സിലാണ് മാധവൻനായർ വേദാന്തം പഠിയ്ക്കാൻ പോയത്. അന്ന് അമ്മയ്ക്കു മുപ്പത്തഞ്ചു വയസ്സാണ്. പതിന്നാലിൽ പെറ്റതായിരുന്നു; ഇരുനിറവും സാമാന്യം സൗന്ദര്യവും സാമാന്യത്തിലധികം ആരോഗ്യവും. മകൻ വേദാന്തം പഠിയ്ക്കാൻ പോകരുതെന്ന് അവർ ശഠിച്ചു.

‘‘നീയ് പോയാല് ഞാൻ കഷ്ടത്തിലാക്ം,’’ അവർ പറഞ്ഞു, ‘‘എനിയ്ക്കാരാ ള്ളത് മാതവാ?’’

പക്ഷേ, മാധവൻനായർക്ക് അവിടെ നിന്നുകൂടാ. ആ വീടിനകത്ത് അയാൾ അസ്വസ്ഥനായി. മരിച്ചുപോയ അച്ഛൻെറ തത്സ്വരൂപമാണ് താനെന്ന് അമ്മ വീണ്ടും വീണ്ടും പറയുമായിരുന്നു. ആ സാദൃശ്യത്തിന് അയാൾ അച്ഛനെ കഠിനമായി വെറുത്തു. ആ പുരയ്ക്കകത്ത് അയാളുറങ്ങിയില്ല. അമ്മയുമുറങ്ങിയില്ല. രാത്രിയുടെ അന്ത്യയാമങ്ങളിൽ പനങ്കാട്ടിൽ മഞ്ഞുതിരുമ്പോൾ, കിഴക്കൻ കാറ്റു വീശുമ്പോൾ, അതിൽ അവരസ്വസ്ഥരായി... അഞ്ചു കൊല്ലം കഴിഞ്ഞ് കണ്ണുപൊട്ടൻെറ ആശ്രമത്തിൽനിന്നു തിരിച്ചു വരുമ്പോൾ ആ വീട്ടിൽ വിരുന്നുകാരുണ്ടായിരുന്നു. വാറ്റുചാരായം നിറച്ച കുപ്പികളുമായി അവരവിടെക്കേറി വന്നു. ഉറക്കെച്ചിരിച്ചു. കലമ്പലു കൂട്ടി. ഖസാക്ക് കമ്പിളി മൂടിയുറങ്ങിക്കിടന്നപ്പോൾ ശേഷിച്ച വാറ്റുമെടുത്ത് പനങ്കാട്ടിലേയ്ക്കിറങ്ങി.

‘‘നീ വേതാന്തം പടിച്ചോടാ?’’ അവജ്ഞയോടെ അമ്മ ചോദിച്ചു.

കണ്ണുപൊട്ടൻെറ ശാന്തിയോർത്ത് മാധവൻനായർ അസൂയകൊണ്ടു. താനാകട്ടെ, കാണുന്നു. വാറ്റുചാരായത്തിൻെറ കുപ്പികൾ കാലിയാവുന്നത്, കൃഷ്ണകാന്തികൾ വിരിയുന്നത്, കാനൽത്തുള്ളികൾ വീഴുന്നത്, പാപ്പാത്തികൾ ഇണചേരുന്നത്, തുടയിലെ സന്ധിയിലെ കുരു പൊട്ടി ചലം വാർന്നു പോകുന്നത്. ഓരോ കാഴ്ചയും കാണലിൻെറ സാരാംശം ചോർത്തിക്കളഞ്ഞു...

രവിയും മാധവൻനായരും നാല്പതുകാരിയായ വേശ്യയുടെ വീട്ടിലേയ്ക്കുള്ള പടവുകൾ കേറുകയായിരുന്നു. ആദ്യത്തെ കോഴി കൂവി. പടവുകൾ മാഞ്ഞുപോയി.

ഉഷഃസന്ധ്യയായിട്ടില്ല. രവി പനങ്കാട്ടിൽ എണീറ്റു നിന്നു. അയാൾ പള്ളിയുടെ നേർക്കു നോക്കിപ്പോയി. വാങ്കു വിളിയ്ക്കാനാണ് അയാൾക്കു തോന്നിയത്. കയ്പ്പടം ചുരുട്ടി നെറ്റിയ്ക്കു കൊടുത്തുകൊണ്ട് ഉച്ചത്തിൽ വിളിച്ചു:

‘‘അല്ലാഹു അക്ബർ—

അല്ലാഹു അക്ബർ—’’

ഈശ്വരൻ സർവ്വശക്തനാണ്. സർവ്വശക്തനായ ഈശ്വരൻ ഒരുവൻ മാത്രമാണ്—

അവനെ വന്ദിയ്ക്കാൻ അവൻെറ മന്ദിരത്തിലേയ്ക്കു വരിക—

കലുഷമായ പരിഹാസത്തിൽ രവി ഉറക്കെച്ചിരിച്ചു. ആടിയാടി അയാൾ നടന്നു. ഒന്നു തിരിഞ്ഞുനോക്കിയപ്പോൾ മാധവൻനായർ പുല്ലിൽ കമിഴ്ന്നു കിടക്കുകയായിരുന്നു.

ഞാറ്റുപുര അപ്രാപ്യമായ ദൂരത്തിൽ നഷ്ടപ്പെട്ടിരുന്നു. അതോർത്തപ്പോൾ കുടലു മറിഞ്ഞു. പിത്തം തികട്ടി.

---

* മദ്യം.

25. ശ്രാദ്ധം

അങ്ങിനെ കാലം ചെല്ലുമ്പോഴൊരിക്കൽ ഖസാക്കുകാർ പിതൃക്കളെ ശ്രാദ്ധമൂട്ടാറുണ്ട്. രണ്ടോ മൂന്നോ നാലോ കൊല്ലം കൂടുമ്പോൾ, ഖസാക്കിലെ മൊല്ലയാണ് അതു നിശ്ചയിക്കുക. അന്ന്, ഈഴവരും രാവുത്തന്മാരും പള്ളിക്കാട്ടിൽ ഒന്നിച്ചുകൂടി. പള്ളിച്ചതുപ്പിൽ നാട്ടിയ കുത്തുവിളക്കുകൾക്കിടയിൽ ആടുവെട്ടി കുരുതികഴിച്ചു. പാതിര പിന്നിടുംവരെ കൊട്ടിപ്പാടി പിതൃക്കളെ ആവാഹിച്ചു. ആ രാത്രികളിൽ ആ കുരുതി കൊള്ളാൻ ചെതലിയുടെ മിനാരങ്ങൾ വിട്ട് സെയ്യദ്ദ് മിയാൻ ഷെയ്ഖ് നിലയിറങ്ങുമെന്ന് ഖസാക്കുകാർ വിശ്വസിച്ചു.

നാലു ദിവസമായി ഖാലിയാർ രാജാവിൻെറ പള്ളിയിൽ ധ്യാനിച്ചിരിപ്പാണ്. ഉഗ്രനിഷ്ഠയാണെന്ന് ഗോപാലുപണിയ്ക്കർ പറഞ്ഞു. ആർക്കും അടുത്തുകൂടാ. മൈമുന മാത്രം ആ ദിവസങ്ങളിൽ മൂരിയിറച്ചിയും പത്തിരിയുമായി അവിടെ ചെന്നു.

അഞ്ചാം ദിവസം, ഞായറാഴ്ച, ഖാലിയാർ പുറത്തു വന്നു.

‘‘വരപ്പോറ നായരാഷ്ച്ചൻെറ അപ്പറത്തെ നായരാഷ്ച്ച,’’ അയാൾ കല്പിച്ചു, ‘‘ചാത്തമാക്ക്ം.’’

ശ്രാദ്ധമൂട്ടാൻ ഖസാക്കുകാർ തയ്യാറെടുത്തു തുടങ്ങി. കുട്ടികൾ സംഘം ചേർന്നു പള്ളിക്കാട്ടിലെ മുൾച്ചെടികൾ ചെത്തിക്കോരി വെടിപ്പാക്കി. പോടുകളിൽ പെരുങ്കായം കലക്കിയൊഴിച്ച് പാമ്പുകളെ വിരട്ടി. കുഞ്ഞാമിനയുടെ ഉമ്മയുടെ കയ്യിൽ കറുത്തു കുറുകിയ ഒരാടുണ്ടായിരുന്നു. നപുംസകമാണെന്ന് ഖസാക്കുകാർ വിശ്വസിച്ചു. എങ്കിലും പകുതി വില തന്നാൽ മതിയെന്ന് ചൊലയുമ്മ പറഞ്ഞപ്പോൾ ബലിയിടാൻ അതു മതിയെന്ന് ഖാലിയാർ വിശ്വസിച്ചു.

‘‘കൊത്തനാക്ക്മോ?’’ [1] പൊന്തുരാവുത്തരണ്ണൻ ചോദിച്ചു.

‘‘കൊത്തങ്ക്ട്ടെയൊക്കെ മേഞ്ചതാക്ക്ം.’’ [2] അലിയാർ പറഞ്ഞു.

‘‘എപ്പ്ടിയോ ആഹട്ട്ം,’’ ഖസാക്കുകാർ പറഞ്ഞു, ‘‘പാതി വെല താനേ.’’

എന്നും രാവിലെ ചായയും വെള്ളയപ്പവും കഴിച്ചുകൊണ്ട് നപുംസകം അലിയാരുടെ പീടികമുറ്റത്തു തളഞ്ഞു നിന്നു.

‘‘ഇന്ത കൊത്തന്ക്ക് ഉൻ കടയിലെ പറ്റ്രിക്കാ, അലിയാരേ?’’ മുത്തു പണ്ടാരൻ ചോദിച്ചു.

‘‘ഏൻ പറ്റ്വെയ്ക്കക്കൂടാത്?’’ അലിയാർ പറഞ്ഞു, ‘‘കര്മാണ്ടി പണ്ടാരത്ത്ക്ക് പറ്റ് വെയ്ക്കലാമാര്ന്താൽ ആട്ട്ക്ക്ം വെയ്ക്കലാം.’’

“അതിനോടെ സത്തിയം എന്നാ?’’

‘‘ഇന്ന് വരെയ്ക്കിം കണക്ക് അഞ്ചേകാലുറുപ്യ. പോത്തെറച്ചിയ്ം കടലയ്ം മ്ള്ങ്കിയതിനോടെ കണക്ക്. മാസം മൂന്നാച്ച്. പറ്റുമില്ലെ, പണ്ടാരവുമില്ലെ.’’

ഖസാക്ക് ശ്രാദ്ധത്തിനു തയ്യാറെടുത്ത ഈ ദിവസങ്ങളിൽ അപ്പുക്കിളി അസ്വസ്ഥനായിരുന്നു. അവൻ ക്ലാസ്സിലിരുന്നില്ല. ചുവന്ന തളിരുകളും മുരിങ്ങാപ്പൂവും കൊണ്ടുവന്ന് അവൻ ആടിനെ തീറ്റി. ഉച്ചവെയിലിൽ ആട് ഉറങ്ങാൻ കിടന്നപ്പോൾ അവൻ അതിൻെറ തല പതുക്കെ മടിയിലേയ്ക്കു ചരിച്ചു.

വെള്ളിയാഴ്ച ഉച്ചനമസ്കാരം കഴിഞ്ഞ് ഖാലിയാരും അലിയാരും അപ്പാ മുത്തും പാലക്കാട്ടേയ്ക്കു തിരിച്ചു. നാലഞ്ചു ദിവസം അവിടെ താമസിയ്ക്കാനുറച്ചുകൊണ്ടാണ് ഖാലിയാർ പുറപ്പെട്ടിരുന്നത്.

തേച്ചുകുളിച്ചു ചമ്പകം ചൂടി മൈമുന അപ്പോഴും നടുപ്പറമ്പിലൂടെ നടന്നു. അവൾ പീടിക അടച്ചിട്ടിരുന്നു. രവിയ്ക്കാവശ്യമായ സിഗരറ്റും തീപ്പെട്ടിയും അവൾ എന്നും രാവിലെ ഞാറ്റുപുരയിൽ കൊണ്ടുചെന്നു കൊടുത്തു. അല്ലെങ്കിൽ കുഞ്ഞാമിനയുടെ കൈയിൽ കൊടുത്തയച്ചു.

അന്നു രാവിലെ മൈമുന ഞാറ്റുപുരയിലെത്തിയപ്പോൾ രവി എണീറ്റിട്ടില്ല. വരാന്തയിൽ ബെഞ്ചുകൾ ചേർത്തിട്ടു കിടക്കുകയായിരുന്നു.

''മേടഷ്ടര് കുട്ടിയ്ക്കി ഇപ്പൊ രാസ്തി തൂക്കമാ * പ്പോച്ച്,'' അവൾ

പറഞ്ഞു.

രവി കിടക്കയിൽ എണീറ്റിരുന്നു.

''സിഗരറ്റ് കഴിഞ്ഞു,'' അയാൾ പറഞ്ഞു.

''ഇദാ രണ്ട് പേക്ക്. എത്ക്ക് ഇവ്വളവ് പൊഹയൂതറത്?''

സിഗരറ്റു വാങ്ങി തലയിണയിൽ വെച്ചിട്ട് രവി പറഞ്ഞു, ''പിന്നീം എന്തിനാ ഇൗ നരിമാർക്ക് കൊണ്ടുവന്നത്, മൈമുനേ? അതിനകത്തൊക്കെ കൊള്ളിവെറകാ.''

''ശൊടലവെറകാക്കം,'' അവൾ ചിരിച്ചു, ''അത്താനേ അതിനോടെ വൈബോഹം!''

രവി ഒരു സിഗരറ്റെടുത്തു. കത്തിച്ചു. ചിതപോലെ മട്ടൻ പുകലയും ചപ്പും കടലാസ്സും നീറിപ്പിടിച്ചു. അയാൾ ചുമച്ചു തുപ്പി.

''കറള്ം പുഗ്ഗം എരിയപ്പോറത് ഒങ്കള്ക്ക്,'' മൈമുന പറഞ്ഞു.

''എരിയട്ടെ മൈമുനേ, എന്നെച്ചൊല്ലി വെസനിയ്ക്കാനാരൂല്ല.''

മൈമുന അടുത്തു വന്നു നിന്നു.

അവൾ പറഞ്ഞു, ''പൊയ്!''

ആ പറഞ്ഞതിൻെറ ധാർഷ്ട്യം അയാളെ പുറകോട്ടു തിരിച്ചു. കുന്നിൻ ചെരിവിൽ കോടമഞ്ഞിലെവിടെയോ നഷ്ടപ്പെട്ട അവരുടെ വീട്ടിൽ അച്ഛൻെറ കിടപ്പ് അയാൾ വീണ്ടും കണ്ടു. നിന്നെയോർത്ത് ദുർബ്ബലമായി പിന്നെയും പിന്നെയുമോർത്ത്, ഞാനിവിടെ കിടക്കുന്നു. അച്ഛൻ പറയുന്നതുപോലെ രവിയ്ക്കു തോന്നി. അച്ഛൻ എന്നെ പ്രതീക്ഷിയ്ക്കരുത്. രവി മറുപടി

പറഞ്ഞു. ആ ഒാർമ്മകളിൽനിന്ന് എന്നെയും അച്ഛനെയും വിടുർത്താനാണ് ഞാൻ ആ വീട്ടിൽ വരാതിരിയ്ക്കുന്നത്. ആ ഒാർമ്മയിൽനിന്നും എന്നിൽ നിന്നുമകലാൻ ഒരവധൂതനെപ്പോലെ ഞാൻ നടന്നു നടന്നു പോകുന്നു. അവസാനത്തെ കടൽപ്പുറത്തു തിര വരാൻ കാത്തുനില്ക്കുമ്പോൾ എനിയ്ക്ക് ഒാർമ്മകളരുത്. അപ്പോളച്ഛൻ പറഞ്ഞു, വയ്യ, എനിയ്ക്കങ്ങിനെ മരിച്ചുകൂടാ. അങ്ങിനെ മരിച്ചാൽ എൻെറ മരണം പൂർത്തിയാവാതെ കിടക്കും....

''മൈമുനേ,'' രവി ചോദിച്ചു, ''പാലക്കാട്ട്ന്ന് എന്താ വിവരം?''

അവൾ ചുമലു കൂച്ചി, ''ആവോ!''

നൈസാമലി ആസ്പ്രതിയിൽ ചെല്ലുമ്പോൾ, വാഡിൻെറ തിണ്ണയിൽ ഒരു തൂണും ചാരി തിത്തിബിയുമ്മ ഇരിയ്ക്കുന്നുണ്ടായിരുന്നു.

''എപ്പ്ടിയിര്ക്കുമ്മാ?'' അയാൾ ചോദിച്ചു.

''തൂങ്കറത്, പുള്ളേ.''

''ലാക്കട്ടറ് എന്നാ ശൊന്നത്?''

''ഒണ്ണ്ം ശൊല്ലലേ.''

തിത്തിബിയുമ്മ ക്ഷീണിച്ചിരുന്നു. ഒരു കിഴക്കൻ വെറ്റില ഞെട്ടിയും വാലും നുള്ളിക്കളഞ്ഞ് അവർ നൂറു തേച്ചുപിടിപ്പിച്ചു. വെറ്റില ഞരമ്പുകളിലും അവയിൽ തേഞ്ഞുപിടിച്ച നൂറിലും അവരുടെ ശ്രദ്ധയത്രയും പതിയുകയായിരുന്നു. കൈപ്പടത്തിൽ കിടന്ന വെറ്റില അവിടന്നു മാറിക്ക ഴിഞ്ഞാൽ പിന്നെ വീണ്ടും പരിസരബോധം വന്നേയ്ക്കുമെന്ന് അവർ ഭയന്നു.

സന്ധ്യയ്ക്ക് കാലിലെ കെട്ടഴിച്ചു. വ്രണം വലുതായിട്ടില്ല. ഉറുപ്പിക വട്ടത്തിൽ ചോരയും നീരും വാർന്ന് അതവിടെ വിശ്രമിയ്ക്കുന്നപോലിരുന്നു. മൊല്ലാക്ക അപ്പോഴും

മയങ്ങിക്കിടന്നു. തലയിണയിലും കിടക്കവിരിപ്പിലും ഉമിത്തൊല്ലുകൾപോലെ എന്തോ ഇളകുന്നുണ്ടായിരുന്നു. നൈസാമലി കുനിഞ്ഞുനോക്കി.

''പേന്,'' തിത്തിബിയുമ്മ പറഞ്ഞു.

അവർ കണ്ണു തുടച്ചു.

''താടിയെട്ക്കച്ചൊല്ലിച്ച്, ലാക്കട്ടര്. പേന് പോഹററത്ക്ക്,'' അവർ പറഞ്ഞു, ''താടിയെട്ക്കറത്ക്ക് മനസ്സ് ത്റ്പ്ത്തിയില്ലെ.''

മോതിരമിട്ട വിരലുകൊണ്ട് തിത്തിബിയുമ്മ മൊല്ലാക്കയുടെ താടിയുഴിഞ്ഞു തലോടി. അവിടവിടെ പതിരായി നിന്ന വെള്ളിരോമങ്ങളുടെ തടങ്ങളിലത്രയും താരണം പിടിച്ചിരുന്നു. അവിടെ ചാരനിറത്തിലുള്ള പേനുകൾ പൊരിഞ്ഞു പൊന്തി. ദാഹിച്ച്, ഭയന്ന്, താരണത്തിലൂടെ അവ കറങ്ങിപ്പാഞ്ഞു.

അന്നു രാത്രി വാഡിനു വെളിയിൽ വെച്ച് ഡോക്ടർ നൈസാമിലിയോടു ചോദിച്ചു, ''നിങ്ങളാരാ, ബന്ധുവാണോ?''

''ആ, എസമാ.''

''രോഗം ക്യാൻസറാണ്. വളരെ വൈകീട്ടാ ഇങ്ങട് വന്നത്.''

ശാന്തതയോടെ നൈസാമലി ചോദിച്ചു, ''എത്തരെ ദെവസം കെട്ക്ക്ം?''

''വീട്ടിലിയ്ക്ക് കൊണ്ട് പൊയ്ക്കോളൂ.''

''സെരി, എസമാ.''

നൈസാമലി തിത്തിബിയുമ്മയോടു പറഞ്ഞു, ''ഉമ്മാ, ഇന്ത മര്ന്ത് സെരിയെല്ലെ. തിരിമ്പി പുഗലാം.''

തിത്തിബിയുമ്മ തുടർന്നു സംസാരിയ്ക്കുന്നതെന്തെന്നു കേൾക്കാൻ നൈസാമലി നിന്നില്ല. അയാൾ ആസ്പത്രിയിൽനിന്നിറങ്ങി നടന്നു. ടിപ്പുവിൻെറ കോട്ടയുടെ നേർക്ക് അയാൾ നടന്നു. കാറ്റു കൊള്ളാൻ വന്നവർ മിക്കവാറും തിരിച്ചു പോയ്ക്കഴിഞ്ഞിരുന്നു. കോട്ടയുടെ കിടങ്ങു പറ്റി നൈസാമലി നടന്നു. ഇപ്പോൾ വടമലയുടെയും തെമ്മലയുടെയും

വിടവു കാണാം. ആ വിടവിലൂടെ അകലെയെവിടെയോ കിടന്ന റെയിൽപ്പാളത്തിലൂടെ ഒരു നാഗത്താനെപ്പോലെ തിളങ്ങിപ്പോയ തീവണ്ടിയുടെ പുറകേ നോക്കി ക്കൊണ്ട് അയാൾ കുറേ നേരം നിന്നു. കോട്ടയുടെ പിൻവശത്താണിപ്പോൾ. വിജനത. ലാഘവമിയന്ന രാത്രി. ചുമലിലെ ഭാണ്ഡത്തിൽ നിന്ന് ഒരുപിടി ചന്ദനത്തിരി അയാൾ പുറത്തെടുത്തു. കൊളുത്താൻ പാടു പെട്ടു. പ്രതിരോധമില്ലാതെ തെമ്മലയുടെയും വടമലയുടെയും വിടവിലൂടെ കിഴക്കൻ കാറ്റു വീശുകയാണ്. ചന്ദനത്തിരി പുകയാൻ തുടങ്ങിയപ്പോൾ നൈസാമലി അത് ആർത്തിയോടെ ശ്വസിച്ചു. ഖസാക്കിൻെറ മൊല്ല മരിയ്ക്കുന്നു!

രാജാവിന്റെ പള്ളിയിൽ, ഇരുട്ടത്ത്, പൊടിയുടെ ഗന്ധം. ചന്ദനത്തിരിയുടെ ഗന്ധം. വാറ്റുചാരായം നിറച്ച സ്ഫടികക്കുപ്പി രവി മൈമുനയുടെ നേർക്കു ചെരിച്ചു. അവൾ ചുണ്ടുകൾ വിടർത്തി. അവയുടെ ചുവപ്പും ദൈർഘ്യവും രവിയ്ക്കു കാണാൻ വയ്യായിരുന്നു. അവയുടെ നനവറിഞ്ഞതേയുള്ളു.

‘‘ഇനീം?’’

‘‘ഉം.’’

‘‘എങ്ങനിരിയ്ക്ക്ണൂ?’’

‘‘ചൂട്. സൊഹം!’’

രവി ചുമരുചാരി ഇരുന്നു. പുറത്ത് മീസാൻകല്ലുകളിൽ രാത്രി നീലച്ചു.

‘‘കേട്ടോ?’’ മൈമുന പെട്ടെന്നു. പറഞ്ഞു.

രവി ചെകിടോർത്തു.

‘‘എന്താത്?’’

മൈമുന എണീറ്റു. നിലത്തെ പൊടിയിൽനിന്നും നിഴലിൽനിന്നും ഉടുപുടയില്ലാതെ അവളുയർന്നു. പള്ളിവാതിലിലൂടെ അവൾ അകലേയ്ക്കു നോക്കി.

അകലെ:

''ലായിലാഹ ഇല്ലല്ലാഹ്—

ലായിലാഹ ഇല്ലല്ലാഹ്—''

വാറ്റുചാരായത്തിന്റെ തെളിമയോടെ ആ വിളിവന്നു.

''എന്താത്?'' രവി വീണ്ടും ചോദിച്ചു.

മൈമുന പറഞ്ഞു, ''ശവം.''

---

1 കൊറ്റനാണോ?

2 കൊറ്റന്റെ കൂടെയൊക്കെ മേഞ്ഞതാണ്.

* ഉറക്കം.

26. കലവറകൾ

വരണ്ട വണ്ടിത്താരയിലൂടെ ഭാരവണ്ടി നടുപ്പറമ്പിലേയ്ക്കു കേറി. മൂക്കിണയുടെ ചോടേ അള്ളാപ്പിച്ചാമൊല്ലാക്കയുടെ പാനീസുവിളക്കെരിഞ്ഞു.

മുമ്പേ നടന്ന ഖാലിയാരുടെ നിഴൽ, പാനീസിന്റെ വെട്ടത്തിൽ ഒരു കരിമ്പാമ്പിനെപ്പോലെ പുളിന്തോപ്പിലേയ്ക്കു പടർന്നു. അലിയാരുടെ ചായപ്പീടികയുടെ മുമ്പിൽ വണ്ടി നിന്നു. കൈകളുയർത്തി ഗാഢവും പരുഷവുമായ സ്വരത്തിൽ നൈസാമലി വിളിച്ചു, ''ലായിലാഹ ഇല്ലല്ലാഹ്—''

അവിടെ തളച്ചുനിർത്തിയ ബലിമൃഗം മൂകമായി വണ്ടിയിലേയ്ക്കു നോക്കി. പീടികയ്ക്കകത്തുനിന്ന് അലിയാരും പൊന്തുരാവുത്തരണ്ണനും വേലായിപണ്ടാരവും ചാത്തേലനും ഇറങ്ങിവന്നു. രാവുത്തന്മാർ ഏറ്റു പറഞ്ഞു, ''ലായിലാഹ ഇല്ല്ള്ളല്ലാഹ്!''

തിത്തിബിയുമ്മയുടെ മടിയിൽ തലവെച്ച് മൊല്ലാക്ക വിശ്രമംകൊണ്ടു. ഖസാക്കുകാർ വിളക്കുകൾ പൊക്കി വണ്ടിയ്ക്കകത്തേയ്ക്കു നോക്കി.

''ഒറക്കം,'' മാധവൻനായർ പറഞ്ഞു.

''ഇൗശെരാ!''

ഖാലിയാർ പറഞ്ഞു, ''മയ്യത്തെറക്കട്ട്ം.''

അവർ താങ്ങിയെടുത്തു. പുറകെ തിത്തിബിയുമ്മയും ഇറങ്ങി. അവർ തട്ടൻകൊണ്ട് മുഖം മൂടിയിരുന്നു. പുക ചുഴറ്റുന്ന മണ്ണെണ്ണത്തിരികളുടെ വെളിച്ചത്തിൽ നൈസാമലി വീണ്ടും അള്ളാപ്പിച്ചാമൊല്ലാക്കയുടെ മുഖം ഒരു നോക്കു കണ്ടു. വരണ്ടും അടർന്നും കിടന്ന താരണപ്പറ്റിൽ അങ്ങിങ്ങായി

വെള്ളിരോമങ്ങളെഴുന്നുനിന്നു. ആ രോമങ്ങൾ അപ്പോഴും വളരുകയാണെന്നു തോന്നി. ജഡത്തിൽ വേരൂന്നി വളരുകയാണ്. താരണപ്പറ്റിലാകട്ടെ. ഒന്നും തന്നെ അനങ്ങിയില്ല. പേനുകൾ പോയ്ക്കഴിഞ്ഞിരുന്നു. തീമഴപോലെ, ചുഴലിക്കാറ്റുപോലെ, ഭൂകമ്പംപോലെ, മരണത്തിന്റെ അപാരമായ വരവ് അവരറിഞ്ഞു. പാലക്കാട്ടുനിന്നുള്ള നീണ്ട യാത്രയിൽ താരണവും രോമവും വിട്ട് ഒന്നൊന്നായി അവർ പുറത്തിറങ്ങി. ജരയുടെ ശിഖരപഥങ്ങൾപറ്റി അവർ ഇറങ്ങി വണ്ടിപ്പായയിലൂടെ പലായനംചെയ്തു. വണ്ടിച്ചട്ടത്തിന്റെ തെറ്റത്തുനിന്ന് അതിനപ്പുറത്തെ അനന്തസ്ഥലികളിലേയ്ക്കു കൂപ്പുകുത്തി...

ഖസാക്കുകാർ ചെതലിയുടെനേർക്കു തിരിഞ്ഞു കുമ്പിട്ടു.

രാജാവിന്റെ പള്ളിയിൽ, ഇരുട്ടിൽ, രവിയും മൈമുനയും നിന്നു.

''പോങ്കോ,'' അവൾ പറഞ്ഞു, ''പോങ്കോ.''

രവി പിന്നെയും ഒാർത്തുകൊണ്ടു നിന്നു.

''പോങ്കോ,'' അവൾ ആവർത്തിച്ചു, ''ശീക്രം പോങ്കോ.''

രവി ഇറങ്ങി നടന്നു.

പള്ളിമുറ്റത്തെ കാരമുള്ളുകൾ കാലിൽ തറച്ചു. പതുക്കെ ഖസാക്കിലെ വെളിച്ചങ്ങളുടെ നേർക്ക് അയാൾ നടന്നു. ഇത്തിരി അകലംചെന്നശേഷം അയാൾ തിരിഞ്ഞുനോക്കി. മൈമുന അറബിക്കുളത്തിലേയ്ക്കു നടക്കുന്നു. തലയിലും മുഖത്തും അവൾ വെള്ളം തേവുകയാണെന്നു തോന്നി. ഇരുട്ടത്തു കണ്ടുകൂടാ. അറബിക്കുളത്തിന്റെ പായലു നിറഞ്ഞ കറുത്ത വെള്ളം ഇളകി. അലകളുടെ നെറുകകൾ പാഷാണംപോലെ തിളങ്ങി.

അപ്പോഴും നടുപ്പറമ്പിൽ പാനീസുവിളക്കുകൾ അങ്ങുമിങ്ങും നീങ്ങി. പുളിമരങ്ങൾക്കിടയിൽ, അസ്വസ്ഥരായി ഖസാക്കുകാർ നടന്നു.

പിറ്റേന്നു ഞായറാഴ്ചയാണ് കൂട്ടുശ്രാദ്ധത്തിന്റെ ദിവസമാണ്.

''പാക്കിയമാക്കം,'' ചൊലയുമ്മ തിത്തിബിയുമ്മയുടെ പുറമുഴിഞ്ഞുകൊണ്ടു പറഞ്ഞു, ''അക്രാതീങ്കോ, തിത്തിബിയക്കോ.''

''പാക്കിയമാക്കം,'' അലിയാരുടെ ഏട്ടത്തി യൂസഫ്ബി പറഞ്ഞു, ''ഇന്ത ചാത്തപ്പെര്നാളോടെ അന്ന് മയ്യത്തടക്കറത്.''

''ശെയ്ക്തങ്ങളോടെ കിർഫ,'' പെണ്ണുങ്ങൾ പറഞ്ഞു.

''ശെയ്ക്തങ്ങളോടെ കിർഫ,'' പതുക്കെ തിത്തിബിയുമ്മ വിതുമ്പി.

ഞായറാഴ്ച സന്ധ്യയ്ക്ക് മയ്യത്തടക്കി.

അള്ളാപ്പിച്ചാമൊല്ലാക്കയുടെ കബറിന്നു മുകളിൽ നൈസാമലി ചന്ദനത്തിരികൾ കുത്തി. കാറ്റൊന്നു ശമിച്ചപ്പോൾ പുകയുടെ നൂലുകൾ നരച്ച താടിരോമങ്ങളെപ്പോലെ മേലോട്ടുയർന്നു.

രാത്രി കനക്കവേ, പള്ളിക്കാട്ടിൽ കുത്തുവിളക്കുകളെരിയുന്നതു രവി കണ്ടു. തുടികൊട്ടിന്റെ താളം ആയിരം കുതിരകളുടെ കുളമ്പടിയായി. കൊട്ടുകാരും പാട്ടുകാരും തിരിച്ചു പോയ്ക്കഴിയുമ്പോൾ ചെതലിയുടെ മിനാരങ്ങൾ വിട്ട് കുതിരപ്പട താഴ്വരയിലേയ്ക്കു നീങ്ങും. പുണ്യവാളന്മാരെ എതിരേല്ക്കാൻ, ഷെയ്ഖിന്റെ മുമ്പിൽ കുമ്പിടാൻ, ഖസാക്കിലെ പഴന്തലമുറകൾ അവിടെയെത്തിയിരിയ്ക്കും. അവർക്കിടയിൽ അള്ളാപ്പിച്ചാമൊല്ലാക്കയുമുണ്ടാവുമെന്ന് രവിയോർത്തു. പള്ളിക്കാട്ടിലെ രാജാക്കന്മാരുടെ നടുവിൽ നിന്നുകൊണ്ടു സ്കൂൾമുറ്റത്തെ ചവറ്റുകൂമ്പാരത്തിലേയ്ക്കു മൊല്ലാക്ക നോക്കുന്നതോർത്തു... തുടികൊട്ട് കേട്ടുകൊണ്ടു രവി ഉറങ്ങി. തിങ്കളാഴ്ചയും ചൊവ്വാഴ്ചയും പരീക്ഷയായിരുന്നു. ആരും അള്ളാപ്പിച്ചാ മൊല്ലാക്കയുടെ മരണത്തെക്കുറിച്ച് സംസാരിച്ചില്ല. പരീക്ഷ കഴിഞ്ഞാൽ പിന്നെ ഒരു മാസത്തെ വേനൽപൂട്ടലാണ്.

പൂട്ടുന്നതിനുമുമ്പ് ഒരു വിനോദ യാത്ര പോവാമെന്നു രവി കുട്ടികളോടു പറഞ്ഞിരുന്നു. ചൊവ്വാഴ്ച സ്കൂൾ വിടുമ്പോൾ എങ്ങോട്ടാണ് പോവേണ്ടതെന്ന് രവി അവരോട് ചോദിച്ചു.

‘‘പാലക്കാട്ടിയ്ക്ക്, സാർ,’’ ആരോ പറഞ്ഞു.

‘‘പാലക്കാട്ടെന്താള്ളത്?’’ രവി ചോദിച്ചു.

‘‘കോട്ട.’’

‘‘കോടതി.’’

‘‘ആസ്പത്തിരി

‘‘അഞ്ച്വെളക്ക്.’’

പലരും അങ്ങനെ പറഞ്ഞുപോയി.

‘‘ശരി,’’ രവി പറഞ്ഞു, ‘‘വേറെവട്യാ പൂവ്വാനിഷ്ടംന്ന് പറയൂ.’’

കുഞ്ഞാമിന ചിരിച്ചു.

‘‘ചെതലിമലിയി പുഗ്വാ, സാർ,’’ അവൾ പറഞ്ഞു.

‘‘ചെതലിയിലോ?’’ രവി ചോദിച്ചു.

‘‘ശെയ്ഖ്തമ്പിരാന്റെ കലവറ കാണാൻ,’’ അവൾ പറഞ്ഞു.

‘‘ശരി,’’ രവി പറഞ്ഞു, ‘‘നാളെ രാവിലെ എല്ലാവരും നേർത്തേ വരണം.’’

പിറ്റേന്ന്, മഞ്ഞു നനഞ്ഞ പുല്ലിൽ ചവിട്ടി അവർ മല കേറി. പാട്ടിൽ കമ്പമുള്ള മങ്കുസ്താൻ പാടി:

‘‘ബിസ്മിയ്ം ഹംദ്ം സലാത്ത്ം സലാമാല്ം

ബിണ്ടെ പിറകെ തുടങ്ങുന്നേൻ യാ അല്ലാഹ്—

തശ്രിഫു ദാനോർ സഹാബുൽബദർമാല

തീർത്തുമൊഴിയുവാൻ ഏകണം നീ അല്ലാ—

ബശ്രില്ം ജിന്നില്ം ആകെ മുർസലായി

ബാണ നെബീന്റെ തണിയും അരുളള്ളാ.''

കുഞ്ഞാമിനയുടെ മുഖം മങ്ങി വിഷാദപൂർണ്ണമായി.

''സാർ, '' അവൾ പറഞ്ഞു, ''മൊല്ലാക്കന്റെ പാട്ടാണ് സാർ.''

മങ്കുസ്താൻ പാടി. ബദർയുദ്ധത്തിന്റെ കഥ. വാറുപൊട്ടിയ ചെരിപ്പുമായി ഇതിഹാസകാരൻ യുദ്ധഭൂമിയിലൂടെ ഇടറിത്തടഞ്ഞു നടന്നു. ആ ഗാഥയുടെ വികല്പങ്ങൾ മരപ്പടർപ്പുകൾ കടന്ന് ഖസാക്കിലെത്തുകയായി. ഖസാക്കിലെ പനങ്കാടുകളിൽ ബദരീങ്ങൾ പടവെട്ടി.

കുട്ടികൾ കൂട്ടംചേർന്നു മുമ്പേ നടന്നു. കുഞ്ഞാമിനയും രവിയും പുറകിലാണ്. കൂട്ടം തെറ്റി ചിലപ്പോൾ അപ്പുക്കിളിമാത്രം പുറകോട്ടു വന്നു. രവിയെയും കുഞ്ഞാമിനയെയും പിന്നിട്ടുകൊണ്ടു കുട്ടികൾ ഒരുപാടുദൂരം ചെന്നിരുന്നു.

''മൊല്ലാക്കന്റെ പാട്ട് നെനയ്ക്കിമ്പൊ,'' കുഞ്ഞാമിന പറഞ്ഞു, ''അക്ർച്ച * വരാണ്.''

അവൾ രവിയുടെ ചേരേ നടന്നു. മുഖമുയർത്തി രവിയുടെ മുഖത്തേ യ്ക്കു നോക്കി.

''പാവം!'' അവൾ വീണ്ടും പറഞ്ഞു.

വെയിലു മൂത്തുതുടങ്ങി. വെള്ളമാവുകളുടെ സാന്ദ്രമായ തണല്.

ചെതലിയുടെ നെറുകയിലെത്തി. ചെതലിയുടെ മിനാരങ്ങൾക്കു മുമ്പിൽ അവർ നിന്നു. ഷെയ്ഖുതമ്പുരാന്റെ സമാധിയ്ക്കായി പതിനായിരം കൊല്ലം രാവി രാവി കാറ്റും മഴയുമാണ് ഇൗ മിനാരങ്ങൾ പണിഞ്ഞത്. പതിനായിരം കൊല്ലം അവർ അതു കാത്തുസൂക്ഷിച്ചു. ലോഹാംശത്തിന്റെ പാവുകളോടിയ ആ പാറക്കെട്ടുകൾക്കകത്തെ ഗുഹാതലത്തിലായിരുന്നു തങ്ങന്മാർ സെയ്യദ്ദ് മിയാൻഷെയ്ഖിനെ കുടിവെച്ചത്. ഷെയ്ഖിന്റെ മസറിലേയ്ക്ക് രവിയും കുട്ടികളും ചെമ്പുനാണയങ്ങളെറിഞ്ഞു.

നേരം പന്ത്രണ്ടുമണിയായിരുന്നു. ലഘുഭക്ഷണത്തിനുശേഷം കാട്ടു ചോലയിൽ കുളിയാണ്.

‘‘പാറേൽ വഴുക്കിവീഴാണ്ടെ സൂക്ഷിയ്ക്കണം.’’ രവി പറഞ്ഞു.

‘‘ഒാ, സാർ.’’

‘‘സാർ സാർ,’’ ആദം പറഞ്ഞു, ‘‘ഒര് പൂതമിര്ക്ക്, സാർ, അന്ത വെ്ള്ളത്തി.’’

‘‘നേരാണ് സാർ,’’ രാമൻകുട്ടി പറഞ്ഞു, ‘‘വെ്ള്ളപ്പൂതവാണ് സാർ.’’

“കൊളക്കോഴിയിനുടെ ഉരുവമാക്കും, സാർ, ’’ ഖദീജ പറഞ്ഞു.

‘‘നൊണ, സാർ.’’ ഖൊലുസു പറഞ്ഞു, ‘‘ അയ് പെണ്ണിന് പൂതത്തിനോടെ ബിശയം ഒന്നും തെരിയാത്, സാർ. അതൊര് പാമ്പ്പൂതവാക്കും സാർ.’’

‘‘അത്ക്ക് ചെക്റം കിരികിടവും ഇരിക്ക്, സാർ.’’

‘‘ശരി,’’ രവി പറഞ്ഞു, ‘‘ആരും പൂതത്തിനോട് കലശല്കൂട്ടാൻ ചെല്ലര്ത്, ട്ടോ.’’

‘‘ഒാ, സാർ.’’

പൂത്തു ചുവന്നുനിന്ന വാകയുടെ ചോട്ടിൽ രവി ഇരുന്നു. ഇത്തിരി കഴിഞ്ഞപ്പോൾ കുഞ്ഞാമിന തിരിച്ചുവന്നു.

‘‘എന്തേ,’’ രവി ചോദിച്ചു, ‘‘വെള്ളത്തിൽ കുളിയ്ക്കാമ്പോണില്ലേ?’’

‘‘ഇല്ല,’’ അവൾ പറഞ്ഞു, ‘‘എനിയ്ക്ക് പൂതത്തിനെ കാണണ്ട.’’

അവൾ അടുത്തുവന്നു നിന്നു.

‘‘എന്താ നെണക്ക്?’’ അയാൾ ചോദിച്ചു.

‘‘ഞാൻ ബടെ ഇരിക്കട്ടെ?’’ അവൾ ചോദിച്ചു, ‘‘മാഷ്ടര്ന്റട്ത്ത്?’’

പെട്ടെന്ന് രവിയ്ക്ക് ഉള്ളലിയുകയായിരുന്നു.

‘‘ആമിനക്കുട്ടിയ്ക്കെന്താ സങ്കടം?’’ അയാൾ ചോദിച്ചു.

‘‘സങ്കടം,’’ അവൾ പറഞ്ഞു.

രവി പതുക്കെ അവളെ തന്നോടടുപ്പിച്ചു. അവൾ അയാളുടെ മടിയിലിരുന്നു. മടിയിൽ അവളുടെ ഘനസ്പർശം നിറയുന്നപോലെ തോന്നി.

‘‘കുഞ്ഞാമിന പോവൂ,’’ അയാൾ പറഞ്ഞു, ‘‘പോയി കളിയ്ക്കൂ.’’

അവൾ എണീറ്റുനിന്നു. അവൾ ഇത്തിരിദൂരം നടന്ന്, പിന്നെ തിരിച്ചു വന്നു.

‘‘എനിയ്ക്ക് വയ്യ,’’ അവൾ പറഞ്ഞു.

കണ്ണുകൾ അസാധാരണമായി തിളങ്ങുകയാണ്.

‘‘എന്താ സൂക്കേട്?’’

അവളൊന്നും പറഞ്ഞില്ല. ഇപ്പോൾ കണ്ണുകൾ നിറഞ്ഞൊഴുകി.

‘‘അയ്യേ, നോക്കൂ,’’ രവി സമാധാനിപ്പിയ്ക്കാൻ ശ്രമിച്ചു, ‘‘കരയ്യാണോ?—’’

കുഞ്ഞാമിന അടിവയറ്റിൽ കയ്യമർത്തി. അവൾ ചെറുതായി മുന്നോട്ടു ചാഞ്ഞു. രവി അവളെ താങ്ങി. പെട്ടെന്ന്, വെള്ളിത്തണ്ടയുടെ മേൽ, കാല്പ ടത്തിൽ, സിന്ദൂരക്കുറിപോലെ. രവി മിഴിച്ചുനോക്കി. വീണ്ടുമൊരു ചോരത്തുള്ളി താഴോട്ടു വീണു. കുഞ്ഞാമിനയെ നിലത്തിരുത്തിയപ്പോൾ അവൾ കരയുകയായിരുന്നു. രവിയുടെ കൈപ്പടം നനഞ്ഞിരുന്നു. കൈപ്പടം നിവർത്തി ഇമതല്ലാതെ അയാൾ അതിലേയ്ക്കു നോക്കി. വരണ്ട കൈവരകൾക്കുമേൽ ചോരയുടെ പുതുമഴത്തുള്ളികൾ ഊറിക്കിടന്നു.

രണ്ടുമൂന്നുദിവസം കഴിഞ്ഞ് ഒരു സന്ധ്യയ്ക്കു ഖാലിയാർ ഞാറ്റുപുരയിൽ കേറിവന്നു.

‘‘മേഷ്ടര്ന്റെ അഞ്ചുറുപ്യ ഞമ്മള് തന്ന്ല,’’ അയാൾ പറഞ്ഞു.

‘‘സാരല്ല ഖാലിയാരേ,’’ രവി പറഞ്ഞു.

രണ്ടുപേരും സിഗരറ്റു കത്തിച്ചു തിണ്ണയിലിരുന്നു. എന്തെല്ലാമോ നാട്ടു വർത്തമാനം പറഞ്ഞുകൊണ്ടിരുന്നു.

‘‘ഉണ്ടോ?’’ ഖാലിയാർ ചോദിച്ചു.

‘‘ഇല്ല,’’ രവി പറഞ്ഞു.

‘‘എന്നാ വരീ, മേഷ്ടര്. നമ്മണ്ടെ കൈവസം ത്തിരി കാച്ചിയത്ണ്ട്.’’

അവർ രാജാവിന്റെ പള്ളിയിലേയ്ക്ക് നടന്നു. ഒരെണ്ണത്തിരിയുടെ വെളിച്ചത്തിൽ രണ്ടു മൺപാത്രങ്ങളിൽ ഖാലിയാർ വാറ്റുചാരായം പകർന്നു.

‘‘കുടിയ്ക്കീ, മേഷ്ടരേ.’’

വീണ്ടും വീണ്ടും പകർന്നു. രാത്രി പുല്ലുകളിലേയ്ക്കു കിനിഞ്ഞിറങ്ങി. ഖാലിയാർ എണീറ്റ് അകത്തേയ്ക്കു പോയി, കൈയിൽ ഒരു ബനിയനുമായി തിരിച്ചുവന്നു.

‘‘ഇന്ത കഞ്ചിപ്രാക്ക് ഒങ്കളോടെതാക്ക്മോ?’’ ഖാലിയാർ ചോദിച്ചു.

രവി പറഞ്ഞു, ‘‘അതെ.’’

ഖാലിയാർ ചിരിച്ചു. ബനിയൻ ചുരുട്ടി അകലേയ്ക്കെറിഞ്ഞു. എന്നിട്ട് രവിയുടെ ചെകിട്ടത്ത് ആഞ്ഞടിച്ചു.

വീണ്ടും ഒരടി വീഴുന്നവരെ രവിയ്ക്കെണീയ്ക്കാൻ കഴിഞ്ഞില്ല. കണ്ണുകൾ നൊടിനേരം ഇരുട്ടടച്ചു. നിലയുറപ്പിച്ചുകൊണ്ട് രവി പുറകോട്ടു മാറി. പിന്നെ ഖാലിയാരുടെ നേർക്കു കൂപ്പുകുത്തി. പൊടിയിൽ അവർ കെട്ടിപ്പിടിച്ചുരുണ്ടു.

തലയിലും പുറത്തും അടിവീഴുന്നുണ്ട്. വേദനയില്ല. ഒാരോ അടിയും രവിയെ മത്തുപിടിപ്പിച്ചു. ആ ഗാഢാശ്ലേഷത്തിൽത്തന്നെ അവർ വീണ്ടുമെണീറ്റു. ആശ്ലേഷത്തിൽത്തന്നെ അവരകലാൻ ശ്രമിച്ചു. ആ ആക്കത്തിൽ രവി മുട്ടു മടക്കി മുന്നോട്ടിടിച്ചു. എവിടെ കൊണ്ടെന്നറിഞ്ഞില്ല. സ്പർശവും കാഴ്ചയുമില്ല. പിടിമുറുക്കി ആ ഇടിയുടെ മറുപടിയ്ക്കായി കാത്തു നിന്നു. മറുപടി വന്നില്ല. ഖാലിയാരുടെ പിടി അയയാൻ തുടങ്ങി. മുട്ടുകൾ കുഴഞ്ഞു. രവി പിടിവിട്ടു. ഖാലിയാർ നിലത്തേയ്ക്കു കുമിഞ്ഞു.

രവി വാറ്റുചാരായം ഒരു കവിൾകൂടി കുടിച്ചു. കാലിൻചോട്ടിൽ ബോധമറ്റുകിടന്ന മനുഷ്യനോട് എന്തെന്നില്ലാത്ത സ്നേഹം തോന്നി. രവി നൈസാമലിയെ മലർത്തിക്കിടത്തി. കൈയും കാലും നിവർത്തി വെച്ചു. എന്നിട്ട് വാറ്റുചാരായമെടുത്ത് കണ്ണിലും ചുണ്ടിലും നനച്ചു. നൈസാമലി കണ്ണു മിഴിച്ചു, വാറ്റിന്നായി മൈമുനയെപ്പോലെ ചുണ്ടുകൾ വിടർത്തി.

ഖാലിയാർ എണീറ്റിരുന്നു.

‘‘കൊടുക്കോ,’’ അയാൾ കൈ നീട്ടി. മൺകുടന്നയിൽനിന്ന് രവി ചാരായം പകർന്നുകൊടുത്തു. അതു നുണഞ്ഞിറക്കി കണ്ണുതിരുമ്മി മൂരിനിവർന്ന് ഖാലിയാർ എണീറ്റുനിന്നു. അയാൾ ചിരിച്ചു. രവിയുടെ നേർക്കു കൈ നീട്ടിപ്പിടിച്ചു. ഖാലിയാരുടെ നീട്ടിയ കൈ രവി ഏറ്റുവാങ്ങി.

ഖാലിയാർ എന്തോ ഒാർത്തുനിന്നു. മൈമുന ഈറനഴിച്ച് ആറയിട്ട അയക്കോലിലേയ്ക്ക് അയാൾ നോക്കി. ഇടവക്കോളിലെ വള്ളംപോലെ ഖാലിയാർ പുറത്തുകടന്നു. മുറ്റത്തെ മീസാൻകല്ലുകളിലൊന്നിന്മേൽ കേറി അയാൾ നിന്നു ചെതലിയുടെനേർക്കു കൈനീട്ടി ഉരുവിട്ടു, ‘‘അൽഹം ദുലില്ലാഹി റബ്ബിൽ ആലമീൻ അർ റഹമാനി റഹീം... അൽ ഫാത്തിഹാ!’’

രവി ഞാറ്റുപുരയിലേയ്ക്കു തിരിച്ചു നടന്നു. നടുപ്പറമ്പു കടന്ന് പള്ളമിറങ്ങുമ്പോൾ നിലാവ് പൊങ്ങുകയായിരുന്നു. ശ്രാദ്ധത്തിരുനാളിന്റെ അവശിഷ്ടങ്ങൾ അയാൾ കണ്ടു. ആടിന്റെ കുരുതി കെട്ടിയ തെച്ചിമാലകൾ, വാഴപ്പോളകൾ,

എണ്ണത്തിരികൾ, ഒരു ശസ്ത്രക്രിയയുടെ അവശിഷ്ടങ്ങളെപ്പോലെ, ഭ്രൂണങ്ങളെപ്പോലെ, ആർത്തവരക്തം കട്ടകെട്ടിയ പഴന്തുണികളെപ്പോലെ അവ ചിതറിക്കിടന്നു.

പിന്നെ, സ്വച്ഛമായ കാറ്റും മഴയും. സ്നേഹവും പാപവും തേഞ്ഞു തേഞ്ഞില്ലാതാവുന്ന വർഷങ്ങൾ, അനന്തമായ കാലത്തിന്റെ അനാസക്തി. അതിന്റെ ശാന്തിയിൽ അവരുടെ കലവറകളിൽ ഖസാക്കിന്റെ പിതൃക്കൾ കിടന്നു. പൗർണ്ണമി നിറയുമ്പോൾ അവർ കലവറവാതിലുകൾ തുറന്നുവെച്ചു. സംക്രാന്തിരാത്രികളിൽ, സാമ്പ്രാണിയുടെ സുഖഗന്ധത്തിൽ, ശ്രാദ്ധംകൊള്ളാനിറങ്ങി...

---

* കരച്ചിൽ.

27. വഴിയമ്പലം

തപാല്ക്കാരൻ കേളുമേനോൻ പാടം മുറിച്ചു ഖസാക്കിലേയ്ക്കടുക്കുന്നത് രവി കണ്ടു. തോട്ടുവക്കത്ത് ഭാണ്ഡമിറക്കിവെച്ച് മേനോൻ കയ്തപ്പൊന്തകളുടെ മറവിലേയ്ക്കിറങ്ങി ഇരുന്നു. വഴിയേ പോയ ഒരു റാവുത്തനെ പിടിച്ചു നിറുത്തി അവിടെയിരുന്നുകൊണ്ടു കുറേനേരം സംഭാഷണവും നടത്തി. കയ്തപ്പൂക്കൾക്കിടയിൽനിന്നു മേനോൻ വീണ്ടുമുയർന്നു. പിന്നെ നേരേ ഞാറ്റുപുരയിലേയ്ക്കാണ് കേറിയത്.

‘‘എന്താ, മേന്നേ,’’ രവി കുശലം ചോദിച്ചു, ‘‘ക്ഷ്യായോ?’’

‘‘ഒന്ന്ം പറയണ്ടാ, മേഷ്ഷേ,’’ കേളുമേനോൻ പറഞ്ഞു, ‘‘എരട്ടപെറ്റ സുകം!’’

കാൽപ്പടങ്ങൾ കൂട്ടിയുരസി പൊടിതട്ടി കേളുമേനോൻ ബെഞ്ചിൽ കാലുനീട്ടി ഇരുന്നു.

‘‘മേഷ്ഷ്ക്കൊര് കത്ത്ണ്ടാടന്നല്ലോ.’’

സഞ്ചി തുറന്ന് കണ്ണടയുടെ നൂൽബന്ധമുറപ്പിച്ച് ആക്കത്തിൽ കത്തുകൾക്കിടയിൽ തപ്പി.

‘‘ഇതാ, മേഷ്ഷേ, പിടിയ്ക്കിൻ.’’

നീലനിറത്തിലുള്ള ലക്കോട്ടു. പൊട്ടിച്ച് രവി കത്തു പുറത്തെടുത്തു. രവി വായിച്ചുതുടങ്ങി.

‘‘എന്താ മേഷ്ഷേ,’’ കേളുമേനാൻ അന്വേഷിയ്ക്കുന്നത് രവിയ്ക്കു കേൾക്കാമായിരുന്നു, ‘‘വിചേഴിച്ചൊന്നൂല്ലാലോ?’’

നേരിയ മുനകൊണ്ടു കുറിച്ച നേരിയ അക്ഷരങ്ങൾ...കോയമ്പത്തൂർ, ഏപ്രിൽ ഇരുപത്തിയഞ്ച്.

മുപ്പതുനാഴികയുടെ അകൽച്ച. അഞ്ചു ദിവസങ്ങളുടെ അകൽച്ച. പക്ഷെ, മറ്റേതോ നാട്ടിൽനിന്ന്, മറ്റേതോ കാലത്തിൽനിന്ന്, ആ കത്ത് രവിയെ തേടി വന്നു. രവീ, ഇതു ഞാനാണ്, പത്മ—

''എന്താ മേഷ്ഷേ, വിവരം പറയീൻ. ഒക്കെ സുകംതന്നല്ലേ?''

രവിയുടെ പത്മ. നേരിയ മുനകൊണ്ടു കുറിച്ച നീണ്ടു നേരിയ കയ്യൊപ്പ്.

''സുഖംതന്നെ, മേന്നേ.''

''ഗുരുവായിരപ്പാ!''

രവി കത്തു മടക്കി വീണ്ടും ലക്കോട്ടിലിട്ടു. എന്നിട്ടത് തലയിണയ്ക്കടിയിൽ തിരുകി.

കേളുമേനോൻ വെടിപറഞ്ഞുകൊണ്ടിരുന്നു.

"കൊഴണശ്ശേരി പഞ്ചായത്ത് എലക്ഷനാണ്, മേഷ്ഷേ. ഇക്കുറി മറ്റേക്കൂട്ടര്ക്കാണ് ബെലം. കാറ്റങ്ങ്ണ്ടാണ്.''

''ഓ.''

''നൊമ്പടെ മൊല്ല കാഞ്ഞത് കഷ്ടവായി. അയ് ഉമ്മയ്ക്കു പോയി. മക്ളാണെങ്കി പെഴച്ച പെണ്ണ്, ചിറ്റം മന്ത്രക്കാരന്റെകൂടെ.''

''കഷ്ടായി.''

''എന്താ മേഷ്ഷ് ഒറങ്ങീലേ?''

''ല്യ.''

"മൊകത്തൊര് പൊത്ര്പ്പ്.''

''ഓ, വിശേഷിച്ചൊന്നൂല്യ!''

കേളുമേനോൻ യാത്രപറഞ്ഞിറങ്ങുമ്പോൾ ഉച്ചയായിരുന്നു. ഉച്ചവെയില് വ്യഗ്രതയോടെ രവിയെ വിളിച്ചു. മൃഗതൃഷ്ണയിലെ ജലസർപ്പങ്ങൾ മാടി വിളിച്ചു.

''രവീ, ഇത് ഞാനാണ്, പത്മ. രാപ്പക്ഷികൾ പറന്നു പോവുന്നതും നോക്കി കടൽത്തീരത്തെ തണുത്ത മണലിൽ

കിടന്നത് ഏഴു കൊല്ലം മുമ്പാണ്. രവിയുടെ സ്വാസ്ഥ്യം നശിപ്പിയ്ക്കാൻ ഞാൻ വീണ്ടും വരുന്നെങ്കിൽ, ക്ഷമി യ്ക്കുക...

''മെയ് പത്താംതീയതി ഞാൻ പാലക്കാട്ടെത്തും. കോയമ്പത്തൂരിൽ നിന്നുള്ള വണ്ടി അവിടെ ഉച്ചയ്ക്കു പതിനൊന്നരമണിയ്ക്കാണെന്നു തോന്നുന്നു എത്തുക. എന്നെ കാത്തുനില്ക്കുക...

''ഞാനിവിടെ ജ്യോതിയുടെ കൂടെയാണ് താമസിയ്ക്കുന്നത്, നമ്മുടെ ക്ലാസ്സിലെ ജ്യോതിയെ ഓർമ്മയുണ്ടോ? അവനിവിടെ കലക്ടറാണ്. രവിയോട് അന്വേഷണം പറയുന്നു...

''പത്താംതീയതി എന്നെ കാത്തുനില്ക്കുക...''

'രവിയുടെ പത്മ.'

നേർത്ത മുനകൊണ്ടു കുറിച്ച നേർത്ത സുഭഗമായ കയ്യൊപ്പ്. രവി പേനയെടുത്ത് അതിന്റെ ചോടേ സ്വന്തം ഒപ്പു കുറിച്ചുനോക്കി. ആ ഒപ്പിൽ താൽപര്യമില്ലാത്തതുപോലെ തോന്നി. ആർക്കും കത്തെഴുതാറില്ല. കയ്യൊപ്പിന്റെ ഉപയോഗം അങ്ങനെ കുറഞ്ഞുകുറഞ്ഞു വരുകയാണ്. കുറേക്കഴിയുമ്പോൾ പ്രയോഗഹീനമായ അവയവത്തെപ്പോലെ അത് ഓർമ്മയിൽനിന്ന് മായും. പിന്നെ അവശേഷിയ്ക്കുക പെരുവിരലിന്റെ ചുഴികൾ മാത്രമാവും. ഞാനെന്ന ഭാവം അവയിൽ കുടികൊള്ളും. കാലം ചെല്ലുമ്പോൾ അവയും തേഞ്ഞുപോകും. പരിണമിയ്ക്കും.

പത്തു ദിവസമുണ്ട്. രവി അക്ഷമനായി നടുപ്പുറമ്പിലൂടെ നടന്നു.

''മാഷ്ഷ്ക്കെന്താ ഒര് വെഴമം?'' മാധവൻനായർ ചോദിച്ചു, ''ചൂടായിരിയ്ക്ക്ം?''

''തന്നേരിയ്ക്ക്ം,'' രവി പറഞ്ഞു.

''പേടിയ്ക്കണ്ട. ഇയ്ക്കൊല്ലം നേർത്തേ മഴയാണ്.''

''ഉം.''

''കഴിഞ്ഞെല്ലത്തെ വറവിന് പകരംമീട്ടും. പുത്തമഴ ജാസ്തി തകർക്കാണ്ടിര്ന്നാ മതീന്നേയ്ള്ളൂ.''

''ഉം.''

ഇങ്ങനെ രാവിലെ. വൈകുന്നേരം സുഖവിവരം ചോദിയ്ക്കാൻ വീണ്ടും മാധവൻനായർ വരും. ആദ്യമായി ആ ആവർത്തനത്തെക്കുറിച്ചു. ബോധം വീഴുകയാണ്. രാത്രി വീണ്ടും മുന്നിരുട്ടിലൂടെ, നിലാവിലൂടെ, റെയിൽപാളത്തിലൂടെയുള്ള നടത്തം.

''സൂക്കേടൊന്നൂല്ലാലോ മാഷ്ഷേ? തകരാറൊന്ന് പറ്റീട്ട്ല്ലാലോ?''

''ഏയ്.''

ആ പത്തു ദിവസങ്ങളിൽ ഖസാക്കിന്റെ ജീവിതം പതിവുപോലെ തുടരുന്നു.

''മേഷ്ടര് വരണം.'' ചൊലയുമ്മയുടെ ക്ഷണം.

കുഞ്ഞാമിനയുടെ തിരണ്ടുകല്യാണമാണ്.

''വരാ.''

''പെറത്തേകം വരണം. അവളോടെ കൽബിന് കുളിരാണ്.''

പത്തു ദിവസം കഴിഞ്ഞു. വെള്ളിപൊട്ടുമ്പോൾ രവി ഇറങ്ങി നടന്നു. കൂമൻ കാവിനു നേരെ നടന്നു. കിഴക്കൻകാറ്റിന്റെ നേരിയ തണുപ്പ്. അവസാനത്തെ ഈരച്ചൂട്ടു കത്തിത്തീരുമ്പോൾ ചവിട്ടുവഴിയ്ക്കെതിരെ ഉദയം ചുവക്കുകയായിരുന്നു.

പത്തുമണിയോടെ തീവണ്ടിയാപ്പീസിലെത്തി. അവിടെ കാത്തിരുന്നു. ആ മണിക്കുറിന്റെ ദൈർഘ്യമറിഞ്ഞില്ല. കല്ക്കരിപ്പുകയുടെയും ആവിയുടെയും മണം അവിടെ നിറഞ്ഞിരുന്നു. ചതുപ്പുമണ്ണിലെ ചന്ദനത്തിരിയുടെ പുകപോലെ അയാൾ അതുൾക്കൊണ്ടു.

“എന്നെ അറിയുമോ?’’

ചന്ദനനിറത്തിലുള്ള പട്ടുചേലയിലേയ്ക്കും കനപ്പെട്ട കണ്ണടയിലേയ്ക്കും ചുരുൾമുടിയിലേയ്ക്കും രവി നോക്കി.

‘‘ഇല്ല,’’ അയാൾ പറഞ്ഞു.

അവരുടെ കൈപ്പടങ്ങൾ കോർത്തിണങ്ങി.

‘‘വരൂ,’’ രവി പറഞ്ഞു.

രണ്ടു പാത്രം കാപ്പിയ്ക്കിരുവശവുമായി ഇരിയ്ക്കുന്നു. ഒന്നും പറയാതെ, പതുക്കെ കാപ്പികുടിച്ചു കഴിഞ്ഞു.

‘‘വരൂ!’’ അവൾ പറഞ്ഞു.

നഗരത്തിന്റെ തെരുവിൽ, വെയിലിൽ, പുതുമഴയടുക്കാനിരിയ്ക്കുന്ന കാറ്റിന്റെ ജലസാന്ദ്രതയിൽ, വിയർക്കുന്നു.

‘‘വിശ്രമിയ്ക്കണ്ടേ?’’ രവി ചോദിച്ചു.

‘‘വിശ്രമിയ്ക്കണം.’’ അവൾ പറഞ്ഞു.

നഗരത്തിന്റെ തെരുവിൽ, അലക്ഷ്യമായി പായുന്ന ടാക്സിയിൽ.

“അണക്കെട്ടിൽ ഒരു ഗെസ്റ്റ് ഹൗസുണ്ട്. അവിടെ ചെല്ലാമോ?’’

‘‘ചെല്ലാം. രവിയ്ക്കു കുപ്പായങ്ങളൊന്നുമില്ലേ?’’

‘‘ഇല്ല.’’

‘‘നിങ്ങളുടെ നാട്ടിൽ എന്താണുടുപുട?’’

‘‘വൽക്കലം.’’

‘‘ശരി, കാറിവിടെ നിർത്താൻ പറയൂ. കുറച്ച് ധോത്തിയും ബുഷ്ഷർട്ടും വാങ്ങാം.’’

“എന്റെ കയ്യിൽ പണമില്ല.’’

‘‘ആവട്ടെ.’’

''നിറപ്പകിട്ടുള്ളതെന്തെങ്കിലും വാങ്ങിത്തരൂ.''

''അതെന്തിനാ?''

''ഓ, വെറുതെ ഒരു കമ്പം.''

''ശരി, വാങ്ങാം.''

നഗരത്തിന്റെ തെരുവുകൾ വിട്ട്, മലമ്പുഴയിലേയ്ക്കുള്ള പാതയിലൂടെ പോവുന്നു. ആളറ്റ നീണ്ട പാതയിൽ ചെമ്മണ്ണുയരുന്നു. ചിലപ്പോൾ ഒരു ബസ്സ്. ചിലപ്പോൾ പാത ചെത്തിയിറക്കിയ കുന്നിന്റെ ഓരംപറ്റി നിന്ന ഒരു ചുമട്ടുകാരി. കുളിച്ചുവരുന്ന ശീവേലിയാനയെപ്പോലെ എതിരേവന്ന ബുൾഡോസർ.

അണക്കെട്ടിന്റെ പരന്ന ജലരാശിയിലേയ്ക്ക് പത്മ ജനാല തുറന്നിട്ടു. മുറിയിൽ തങ്ങിനിന്ന സിമന്റിന്റെയും എണ്ണച്ചായത്തിന്റെയും മണം കാറ്റ് ഊതിക്കളഞ്ഞു.

''രവീ!''

''ഓ—''

പിന്നെയും വിരാമങ്ങൾ.

''രവീ,'' പത്മ പറഞ്ഞു, ''രവിയെ ഞാൻ കണ്ടുപിടിച്ചതെങ്ങനെയെന്ന് ചോദിച്ചില്ലല്ലോ.''

''ഇല്ല.''

''എന്നാൽ പറയുന്നില്ല.''

''പറയൂ.''

''ആറു മാസത്തെ ഗവേഷണം. എന്നിട്ടാണ് ആ സ്ഥലം പിടികിട്ടിയത്. എന്താണത്?—''

''ഖസാക്ക്.''

''അതെ, ഖസാക്ക്.''

അവൾ പറഞ്ഞു. കാശിയിലെ കുഷ്ഠരോഗികൾ നിറഞ്ഞ മഠത്തിൽ, പ്രയാഗയിലെ സത്രങ്ങളിൽ, മദ്ധ്യപ്രദേശിലെ ക്വേക്കർ

സെന്ററിൽ, അങ്ങനെ തിരഞ്ഞുതിരഞ്ഞ് അവസാനം ബോധാനന്ദന്റെ ആശ്രമത്തിൽ.

‘‘അവിടെ ഒരു സ്വാമിനി രവിയുടെ വിവരമന്വേഷിച്ചു.’’

‘‘അന്വേഷിച്ചുവോ?’’

‘‘അവളുടെ പേരോർമ്മയുണ്ടോ? നിവേദിത.’’

‘‘നിവേദിത. ഓർക്കുന്നു.’’

‘‘വെളുത്തു തടിച്ച സുന്ദരി. രവീ, ആ ഗ്ലാസ്സുകൾ കഴുകി മേശപ്പുറത്തു വെയ്ക്കൂ.’’

രവി ഗ്ലാസ്സുകൾ കഴുകി മേശപ്പുറത്തു വെച്ചു. ഐസു പൊട്ടിച്ചു ഗ്ലാസ്സുകളിലിട്ടു.

‘‘സ്കോച്ച്,’’ പത്മ പറഞ്ഞു, ‘‘ആരും പിടിയ്ക്കില്ലെന്നു കരുതുന്നു. ചിയേഴ്സ്!’’

‘‘ചിയേഴ്സ്!’’

‘‘നന്നല്ലേ?’’

‘‘നന്നല്ല. വാറ്റുചാരായത്തിന്റെ സ്വാദില്ല.’’

‘‘വാറ്റുചാരായമോ? എന്താണത്?’’

‘‘വാറ്റുചാരായം.’’

തടാകത്തിന്റെ മുകളിൽ അകലത്തിലായി മേഘങ്ങളിരുണ്ടു. തടാകത്തിൽനിന്നുയർന്ന് തടാകത്തിൽത്തന്നെ വർഷിയ്ക്കുന്ന കാറുകളാണ്. ഇരുളുന്ന മേഘങ്ങൾക്കടിയിൽ ഒരു കെട്ടു മരം മലയുടെനേർക്കു തുഴഞ്ഞു പൊയ്ക്കൊണ്ടിരുന്നു. ഇരുണ്ട മേഘങ്ങൾ ക്രമേണ മലയുടെ മറുവശത്തേയ്ക്കിറങ്ങി കാണാതായി.

“എന്നെപ്പറ്റി രവി ഒന്നും ചോദിച്ചില്ലല്ലോ.’’

‘‘ഇല്ല.’’

‘‘ഞാൻ പ്രിൻസ്റ്റണിൽ പോയി.’’

‘‘എന്നിട്ട്?’’

‘‘ഗവേഷണം നടത്തി.’’

‘‘നന്നായി.’’

‘‘ഈ ഏഴുകൊല്ലവും ഞാനവിടെയായിരുന്നു.’’

‘‘ഉം.’’

‘‘തിരിച്ചെത്തിയതുമുതൽ ഞാൻ രവിയെ തേടി നടന്നു.’’

രവി വീണ്ടും ഗ്ലാസ്സുകൾ നിറച്ചു.

‘‘എന്നിട്ട്, ഇവിടെ വരുന്നതിനു മുമ്പായി ഞാൻ രവിയുടെ വീട്ടിൽ പോയി.’’

ചുണ്ടിലേയ്ക്കുയർത്തിയ ഗ്ലാസ്സ് രവി താഴത്തു വെച്ചു.

‘‘എന്നിട്ട്?’’

‘‘ഞാനവിടെ താമസിച്ചു. ഞാൻ രവിയുടെ പഴയ മുറിയിൽ കിടന്നുറങ്ങി മുല്ലവള്ളികൾ പടർന്നുവന്ന ജനാലയ്ക്കടുത്ത്. മുല്ലവള്ളികൾ പിണഞ്ഞാടിയ പൗർണ്ണമിരാത്രിയിൽ.’’

‘‘എന്നിട്ട്?’’

‘‘രവിയുടെ ചിറ്റമ്മയുടെകൂടെ നീന്താൻ പോയി.’’

‘‘ഉം.’’

“ജലക്രീഡ. ഞങ്ങളൊരുപാടു നീന്തി. അവരൊരു സുന്ദരിയാണ്, രവീ.’’

‘‘പിന്നെ?’’

‘‘രവിയുടെ അച്ഛന്റെ അടുത്തു ചെന്നു ഞാനിരുന്നു. രവിയുടെ അച്ഛനെ ഞാനെന്റെ മാറിൽ ചാരിയിരുത്തി. അച്ഛനെക്കുറിച്ച് രവി യ്ക്കറിയേണ്ടേ?’’

നിശ്ശബ്ദതയ്ക്കുശേഷം.

‘‘രവിയുടെ മനസ്സ് അലിഞ്ഞുപോകാറില്ലേ?’’

ഒരു കവിൾകൂടി കുടിച്ചു.

‘‘അച്ഛന്ന് പൂർണ്ണമായ ബോധമില്ല. ചിലപ്പോഴൊക്കെ ഒാർക്കുന്നു. എന്താ, രവീ, ഒന്നുമറിയണമെന്നില്ലേ?’’

അയാൾ സ്വയം അറിഞ്ഞു, അച്ഛന്റെ കൺതടങ്ങൾ ചുവന്നിരുന്നു. അവയിൽ പീളയൂറിയിരുന്നു. എണീറ്റിരിക്കുമ്പോൾ തല ഇടയ്ക്കിടെ മുന്നോട്ടു. തൂങ്ങി. ഇടയ്ക്കിടെ അച്ഛൻ കരഞ്ഞു.

‘‘ഇടയ്ക്കിടെ അച്ഛൻ കരഞ്ഞു,’’ പത്മ പറഞ്ഞു, ‘‘രവി പുറത്തു തനിച്ചാണോ എന്നു ചോദിച്ചു. രവിയുടെ കളിപ്പാട്ടങ്ങൾ അരികത്തു കൊണ്ടു വന്നുവെയ്ക്കാൻ പറഞ്ഞു.’’

ജനാലയിലൂടെ, മദ്യത്തിന്റെ സ്ഫടികത്തിലൂടെ, തെളിമയേറിയ ആകാശം. വെള്ളിമേഘങ്ങൾ. തടാകത്തിന്നപ്പുറത്തെ മലമുടിയിലേയ്ക്ക് കല്പക വൃക്ഷത്തിന്റെ കരിയ്ക്കിൻതൊണ്ടുകൾ ഉതിർന്നുവീണു.

‘‘പത്മേ! —’’

‘‘രവീ!’’

‘‘നീ നീന്താൻ പോയി, ഇല്ലേ?’’

‘‘പോയി.’’

രവി പത്മയുടെ കവിളിലും ചുണ്ടിലും തൊട്ടു. പട്ടുകുപ്പായത്തിനകത്ത് തൊട്ടുനോക്കി. കൈത്തണ്ടകളും അടിവയറും തുടകളുമുഴിഞ്ഞു.

‘‘എന്നിട്ട്—ചിറ്റമ്മ നിന്നെ തൊട്ടുനോക്കിയോ?’’

‘‘കഷ്ടം!’’

‘‘പറയൂ.’’

‘‘ഇല്ല.’’

"പ്രിൻസ്റ്റണിൽവെച്ച് സായിപ്പന്മാർ നിന്നെ തൊട്ടുനോക്കിയോ?’’

‘‘ഇല്ല.’’

‘‘നീ ആരുടെയുംകൂടെ കിടന്നില്ലേ?’’

‘‘ഇല്ല.’’

“എന്തേ കിടക്കാഞ്ഞത്?’’

‘‘ഞാൻ തിരിച്ചുവന്നു.’’

“എന്നെ തിരക്കി ഇവിടെ വന്നു?’’

‘‘രവീ!’’

“എന്റെ ഗ്ലാസ്സ് കഴിഞ്ഞു.’’

മദ്യം പൊട്ടിച്ചിതറി ഗ്ലാസ്സിലേക്കു വീണു.

ഉച്ചതിരിഞ്ഞിരുന്നു. കാറ്റു വീശി. കിഴക്കൻകാറ്റല്ല. തടാകത്തിന്റെ മാത്രം കാറ്റ്.

കുന്നുകൾക്കിടയിൽ, കരിമ്പനകൾക്കിടയിൽ, അസ്തമയം.

കാറ്റുകൾ തണുത്തു. തടാകം തണുത്തു. ജനാലയിൽ നക്ഷത്രങ്ങളുദിച്ചു.

‘‘രവീ!’’

‘‘പത്മേ!’’

“എന്റെകൂടെ വരൂ.’’

ശരീരങ്ങളിൽ തണുത്ത കാറ്റു തട്ടി. വിയർപ്പിൽ കാറ്റു തട്ടി തണുത്തു.

‘‘രവീ!’’

‘‘പത്മേ!’’

‘‘രവിയുടെ അച്ഛൻ ഇനിയെത്രകാലം ജീവിയ്ക്കും? രവി അവരുടെ കൂടെ ചെന്നു താമസിയ്ക്കൂ. അവസാനത്തെ ദിവസങ്ങളിൽ ശാന്തി കൈവരട്ടെ.’’

‘‘പറഞ്ഞുതീർന്നോ?’’

‘‘ഇല്ല. എന്നിട്ട് എന്റെകൂടെ വരൂ, എനിയ്ക്കു പ്രിൻസ്റ്റണിൽ ജോലിയുണ്ട്. രവിയ്ക്കു പഠിപ്പു തുടരാം. ഗവേഷണം തുടരാം.’’

‘‘എന്തു ഗവേഷണം?’’

“എന്നെ കളിയാക്കുകയാണോ, രവീ?’’

ഒരുപാടുനേരം രണ്ടുപേരും ഒന്നും പറഞ്ഞില്ല.

‘‘രവീ!’’

‘‘എന്താ?’’

“എന്നെ വേണ്ടേ?’’

രവി അവളെ പൊക്കിയെടുത്തു. മലർന്നുകിടന്ന്, ഉറച്ച കൈകളിൽ അവളെയുയർത്തി. ചുവപ്പു പ്രസരിച്ച ശരീരം. മാറിടവും അരക്കെട്ടുംമാത്രം തളിരുപോലെ വിളറിയിരുന്നു.

‘‘രവീ!—’’

‘‘ഓ—’’

‘‘രവീ, ഖസാക്ക് വിടാമെന്ന് എന്നോടു പറയൂ.’’

പൊടുന്നനെ, ലാഘവത്തോടെ, രവി പറഞ്ഞു, ‘‘വിടാം.’’

‘‘സത്യം?’’

‘‘സത്യം.’’

‘‘എന്നിട്ട്, എന്റെകൂടെ വരും. വരില്ലേ?’’

‘‘അറിഞ്ഞുകൂടാ.’’

അവൾ കരയാൻ തുടങ്ങി. ധാര മുറിയാതെ കണ്ണുനീരൊഴുകി. ഒരു മരുഭൂമിയെപ്പോലെ രവി അതേറ്റുവാങ്ങി.

‘‘രവീ,’’ അവൾ ചോദിച്ചു, ‘‘രവി ആരിൽനിന്നാണ് ഒഴിഞ്ഞോടാൻ ശ്രമിക്കുന്നത്?’’

ആ പൊരുളിലേയ്ക്കു നോക്കിക്കൊണ്ട് രവി നിന്നു. നോക്കി നോക്കി കണ്ണു കടഞ്ഞു. കൺതടം ചുവന്നു. മുഖം അഴിഞ്ഞ് ലയനം പ്രാപിച്ചു.

28. കഥാന്തരം

ചെതലിയിൽ കാലവർഷം പൊട്ടി. ചെതലിയുടെ നീലച്ച പാർശ്വങ്ങൾ പായലിന്റെ നിറമായി. മലന്തേനാട്ടികളിൽ ആലിപ്പഴങ്ങൾ വീണു.

മഴയത്ത് സ്കൂളിൻസ്പെക്റ്ററുടെ ശിപായി ഖസാക്കിൽ വന്നു. ഞാറ്റുപുര പൂട്ടിയിട്ടിരുന്നു; തിണ്ണയിൽ അപ്പുക്കിളി ചമ്രംപടിഞ്ഞിരിപ്പുണ്ടായിരുന്നു.

''മേഷ്ടരെവിടീ?'' ശിപായി വിളിച്ചു ചോദിച്ചു.

അപ്പുക്കിളി വിളികേട്ടില്ല. നോക്കിയതുമില്ല. ഇറവെള്ളം വീഴുന്നതു നോക്കി അവൻ ഇരിയ്ക്കുകയായിരുന്നു. ശിപായി അടുത്തുചെന്ന് അവന്റെ ചുമലിൽ തൊട്ടു. അപ്പുക്കിളി ഞെട്ടിയെണീറ്റു.

''ആവൂ. ഏ്ത്തോ,'' അവൻ പറഞ്ഞു, ''നീയ് പൂതവാന്താ?'' *

''മേഷ്ടരെവിടീ? പറ.''

''നീയെന്നെ കേ്ത്കാത്ത്വോ?''

നടുപ്പറമ്പിൽ ശിപായി മാധവൻനായരെ തേടിപ്പിടിച്ചു.

''എവിടീ മേഷ്ടര്?''

''എന്താ വിശേഴം?''

''മേഷ്ടരെവിടീ, പറയീ.''

''വരീൻ, ശിപായീ,'' മാധവൻനായർ പറഞ്ഞു, ''ഇബടെ കയരിയിരിന്ന് കൂട്ടംകൂട്ാ .''

അലിയാരുടെ ചായപ്പീടികയിൽ ബോയിലറിന്റെ അരികെ രണ്ടുപേരുമിരുന്നു. അലിയാർ ചായയൊഴിച്ചു. പുറത്ത് പുളിന്തോപ്പിൽ വലിയ കാനൽത്തുള്ളികൾ വീണു.

‘‘വിചേഴം ഇത്തിരി കടന്നതാണ്,’’ ശിപായി പറഞ്ഞു, ‘‘മേഷ്ടരെവിടീ?’’

‘‘അറിയില്ല,’’ മാധവൻനായർ പറഞ്ഞു, ‘‘പോയിട്ട് അഞ്ചാറ് ദെവസായി.’’

‘‘എന്നാ മേഷ്ടര് വരട്ടെ, എന്ന്ട്ട് പറയാ.’’

ഔദ്യോഗിക കാര്യമാണ്. അന്യന്മാരോടു പറയാനുള്ളതല്ല.

‘‘അലിയാരേ,’’ മാധവൻനായർ പറഞ്ഞു, ‘‘ഒര് രണ്ട് അപ്പം എട്ത്താണ്. പ്‌ന്നെന്ത്ണ്ട്?’’

‘‘പഴനുറ്ക്ക്.’’

‘‘ആ. ഒര് നാല് പഴനുറ്ക്ക്ം.’’

മാധവൻനായർ ശിപായിയോടു ചേർന്ന് ഇരുന്നു.

‘‘എന്താ വിചേഴം?’’ മാധവൻനായർ ചോദിച്ചു, ‘‘പറയീൻ, മാന്നാടിയാരേ, നമ്മളൊക്കെ അട്ത്തട്ത്ത ദേശക്കാരല്ലേ ന്ം?’’

‘‘ആരോട്ം പറയര്തേ,’’ ശിപായി പറഞ്ഞു.

‘‘ഒാ അങ്ങന്നെ.’’

ശിപായി പറഞ്ഞു—രവിയ്ക്കെതിരെ കനപ്പെട്ട ആരോപണങ്ങളുണ്ടായിരിയ്ക്കുന്നു. ജോലിയിൽ താൽപര്യമില്ലായ്മ, ദുർന്നടപ്പ്. സ്കൂളുകളിൽ കുട്ടികളില്ല, കള്ളഹാജരാണ്. മാത്രമല്ല, രവി വർഗ്ഗീയകലാപങ്ങൾ സൃഷ്ടിയ്ക്കുന്നു. നൈസാമലിയെന്ന കമ്മ്യൂണിസ്റ്റ് നേതാവിന്റെ സഹായത്തോടെ ഖസാക്കിൽ സ്റ്റഡിക്ലാസ്സുകളെടുക്കുന്നു.

“ഇന്നത്തെക്കാലത്ത് ജോലി പോയാപ്പിന്നെ ക്ട്ടാൻ വലിയ പാടാണ്,’’ ശിപായി പറഞ്ഞു, ‘‘ഈയാള് പോയി എശമാനെ കണ്ട് സങ്കടം പോതിപ്പിയ്ക്കട്ടെ, ഒക്കെ ശെരിപ്പെട്ത്താ.’’

പുതിയ ഇൻസ്പെക്ടറാണ്. പത്താംക്ലാസ്സു പാസ്സായ ഉടനെ ജോലിയിൽ പ്രവേശിച്ച ചെറുപ്പക്കാരൻ. ചെറുപ്പത്തിന്റെ എടുത്തുചാട്ടമുണ്ട്. എന്നാൽ ദ്രോഹിക്കുന്നവനല്ല. ആശ്രിതവത്സലനാണ്.

ഖാലിയാരും അവിടെയെത്തി. വിവരമറിഞ്ഞപ്പോൾ അയാൾ പറഞ്ഞു, ''ശിപായിയേ, ഇന്ത കുന്തമൊക്കെ പൊയ്യാക്ക്ം.''

ശിപായിയ്ക്കു ചൊടിച്ചു.

''അത് ഞിങ്ങളാ തീർമാനിക്കാൻ? എശമാൻ തീർമാനിയ്ക്കണ്ട ശങ്ങതിയാണ്.''

''ആരോ എഷ്തിവിട്ട വാരോലയാക്കും.''

''വാറോലയൊന്നുമല്ല,'' ശിപായി പറഞ്ഞു, ''രിപ്പോട്ടാണ്. നല്ല കട്കട്ടിരിപ്പോട്ട്.''

''എവടെ, ഇസ്പേറ്റർനെ ഞങ്ങള്ം ഒന്ന് കാണട്ടെ,'' മാധവൻനായർ പറഞ്ഞു, ''ഞങ്ങളൊക്കെ മൊഴികൊട്ക്ക്ം.''

''പിന്നെന്നാ ണ്ണ്!'' അലിയാരും പറഞ്ഞു.

ശിപായി പറഞ്ഞു, ''ഞിങ്ങളൊക്കെക്കൂടി ആ പാവത്തിന്റെ പണി തെറ്പ്പിക്ക്ം. ഷ്ക്കോള് ബടന്ന് എടുത്ത്ം പുഗ്ം.''

ശിപായി പോയപ്പോൾ ഖാലിയാർ മാധവൻനായരോടു ചോദിച്ചു, ''ഇന്ത വേല ശെയ്ത നായ് ആര്?''

"എന്റെ ഉൗകാപോകം മാത്രവാണ്,'' മാധവൻനായർ പറഞ്ഞു, "നമ്മണ്ടെ കാരണോപ്പാട് പറ്റിച്ച പണിയോന്നൊര് തമിശയം. ആറ് മാസവായിട്ട് ഞാറ്റുപെരീ കയ്രീട്ടില്ല. മൂത്ത വൈരം.''

''തൊടക്കത്തി പിരിയാത സ്നേകിതം,'' അലിയാർ പറഞ്ഞു, ''തീട്ടവ്ം ഈച്ചയ്ംപോലെ.''

''കേലമ്മേഷ്ടരാകലാം,'' ഖാലിയാർ ഒാർത്തുകൊണ്ടു പറഞ്ഞു.

''ആരോ ആകട്ടെ,'' മാധവൻനായർ പറഞ്ഞു, ''മാഷ്ഷ് വരണവരെ കാത്തിരിയ്ക്ക്യാ. ആ കഴ്ത ശിപായിയ്ക്ക് രണ്ടുറ്പ്യ കൈയും മടക്കി. പുത്തി മുട്ടിക്കാണ്ടിരിയ്ക്കട്ടേന്ന് കര്തീട്ട്.''

പത്തു ദിവസം കഴിഞ്ഞാണ് രവി തിരിച്ചെത്തിയത്. ഞാറ്റുപുരയുടെ വാതിൽ തുറന്നപ്പോൾ അവിടെ പൊടിയും നീരാവിയും പായലുകെട്ടിയിരുന്നു. എല്ലാം അതതിന്റെ സ്ഥാനത്തിരുന്നു. ഗ്ലാസ്സിൽ പാതി കുടിച്ചുതീർത്ത വെള്ളം, പുസ്തകത്തിന്റെ ഏടുകൾക്കിടയിലെ പെൻസില്, ചുമരിലെ ആണിയിൽ തൂങ്ങിയ മുഷിഞ്ഞ കുപ്പായം. പിന്നെ, ആ പായൽ, അപാരമായ അകൽച്ചയുടെ തിരശ്ശീലപോലെ അത് അവയത്രയും മൂടിനിന്നു.

മൈമുനയുടെ പീടികയിൽനിന്ന് അപ്പുക്കിളി ഒാടിവന്നു, ''ഏ്ത്തോ! നീയെവതെ പോയെതാ?''

''കാശിയ്ക്ക് പോയീ, കിളിയേ.''

''നീയ് കാശിച്ച് പോയാ?''

രവി തൂവാലയെടുത്ത് അപ്പുക്കിളിയുടെ തലയിലെ മഴവെള്ളം തുടച്ചെടുത്തു.

''മാസ്റ്ററേട്ട ബടില്യാത്തപ്പൊ ആരെങ്കും കിളിയെ കേട് കാണിച്ചോ?''

കിളി ചിരിച്ചു പ്രസാദിച്ചു.

''ഇതാ കിളിയ്ക്ക്,'' രവി കിളിയുടെ കൈയിൽ ഒരു പൊതി മിഠായി വെച്ചുകൊടുത്തു.

''ഏ്ത്തോ,'' കിളി പറഞ്ഞു, ''നിച്ച് നാൻ തുമ്പി പിതിത്ത് തതാ, കെ്ത്തോ.''

ഞാറ്റുപുരയിൽ വിളക്കു തെളിയുന്നത് മാധവൻനായർ കണ്ടു. മാധവൻ നായർ വന്നു.

''ആര്നോട്ം പറയാണ്ട് എന്തു പോക്കാ മാഷ്ഷേ പോയത്?''

''കാശിയ്ക്ക് പോയതാ.''

"പിതൃക്കൾക്കൊക്കെ സുകംതന്നേ?''

പിന്നെ. രവിയുടെ മുമ്പിൽ ഒരു ബെഞ്ചിൽ സ്ഥലംപിടിച്ചുകൊണ്ട് മാധവൻനായർ ശിപായിയുടെ വരവിന്റെ കഥ പറയാൻതുടങ്ങി. വിസ്തരിച്ച മുഖവുരയോടെയാണ് പറഞ്ഞത്. രവി വേദനിയ്ക്കുമെന്നോർത്ത് മാധവൻ നായർ വിഷമിച്ചതായിരുന്നു.

''പക്ഷേ,'' മാധവൻനായർ പറഞ്ഞു, ''ഞിങ്ങളു വേശാറാകാണ്ടിരിയ്ക്കീ, മാഷ്ഷേ.''

രവി പറഞ്ഞു, ''ബേജാറാവാൻ ഒന്നൂല്ലാലോ, മാധവന്നായരേ.''

''ഈ സ്ക്കോള് എട്ത്തകളയ്യാണെങ്കില്,'' മാധവൻനായർ പറഞ്ഞു; ''ഞങ്ങള് വേറെ ചെലതൊക്കെ നിച്ചയിച്ചിട്ട്ണ്ട്.''

രവി ശ്രദ്ധിയ്ക്കുകയായിരുന്നില്ല. ജനാലപ്പടിയിൽ, വിളക്കിന്റെ വെട്ടത്തിൽ, കൂറകൾ മേഞ്ഞുനടന്നു. ചുമരിലെ വിടവിൽനിന്നു പുറത്തുവന്ന കമ്പിളിച്ചിലന്തി ഒരു കോണിൽ പറ്റി നിലപാടുകൊണ്ടു. പത്തു ദിവസത്തെ വിരാമത്തിനിടയ്ക്കു കൂറയും ചിലന്തിയും അവിടെയെത്തി. അത്രയുംനാൾ താനീ വഴിയമ്പലം സൂക്ഷിച്ചതായിരുന്നു. വിളക്കു തെളിച്ച്, സുഗന്ധം പുകച്ച്. പുറത്ത് അന്ധമായ കാലം കറുത്ത, നീലച്ച, കാറ്റുകളായി നിലവിളിച്ചു. ഇതുവരെയും ആ കാറ്റിൽ കൂറയും ചിലന്തിയും കാത്തുകിടന്നതായിരുന്നു.

മാധവൻനായർ പറയുകയായിരുന്നു, ''ഒന്ന് പോയി ഇസ്പേറ്റര്നെ കാണ്ണത്ം നല്ലതാണ്.''

രവി ഉണർന്നു.

‘‘ഏ?’’

‘‘പറഞ്ഞ് ഒത്ത്തീർന്ന് സബൂറായി പോട്ടെ.’’

‘‘മാധവന്നായരേ,’’ രവി പറഞ്ഞു, ‘‘വേണ്ടാ.’’

മാധവൻനായരുടെ മുഖത്ത് ആകാംക്ഷയുണ്ടായിരുന്നു.

‘‘അങ്ങനെങ്കങ്ങനെ,’’ അയാൾ പറഞ്ഞു, ‘‘പക്ഷേ, ദേശക്കാര് ഇൌ കാര്യം ഇ്ങ്ങനെ വ്ടാമ്പോണില്ല.’’

ദേശം നിശ്ചയിച്ചുകഴിഞ്ഞിരുന്നു. ഖസാക്കിലും ചുറ്റിലുമായി അൻപതിലേറെ കുടിയിരുപ്പുകളുണ്ട്. ഏകാദ്ധ്യാപകവിദ്യാലയം എടുത്തുപോവുകയാണെങ്കിൽ സഭ കൂടി പണംപിരിച്ച് മറ്റൊരു സ്കൂള് അവിടെ തുടങ്ങുമെന്ന് അവർ നിശ്ചയിച്ചു. രവി എങ്ങും പോകേണ്ടതില്ല. ചൊലയുമ്മയുടെ വീട്ടിന്റെ പിന്നിൽ സ്ഥലമുണ്ട്. ഒഴിഞ്ഞുകിടന്ന വലിയൊരു കോമ്പുരയുമുണ്ട്. ശിവരാമൻനായർ ഞാറ്റുപുര തരില്ലെങ്കിൽ സ്കൂള് അവിടെ തുടങ്ങാം. ഇൻസ്പെക്ടർ സഹകരിയ്ക്കില്ലെങ്കിൽ മേലധികാരത്തിലേയ്ക്കു ചെല്ലാം. ഒരേ സ്വരത്തിൽ ആവശ്യമുന്നയിയ്ക്കാൻ ഖസാക്കിനെ സഹായിയ്ക്കാൻ കൊഴണശ്ശേരിയിലെ കമ്മ്യൂണിസ്റ്റുകാരുണ്ട്.

അടുത്താഴ്ച മഴ തെല്ലു തുവർന്നൊരു ദിവസം കൊഴണശ്ശേരിയിൽ നിന്നു കമ്മ്യൂണിസ്റ്റുകാർ ഖസാക്കിൽ വന്നു. അവർ ഞാറ്റുപുരയിൽ കേറി വരുമ്പോൾ രവി അപ്പുക്കിളിയ്ക്ക് ഒരു കഥ പറഞ്ഞുകൊടുക്കുകയായിരുന്നു.

‘‘ഞാൻ കൊഴണശ്ശേരി കർഷകത്തൊഴിലാളിയൂണിയൻ പ്രവർത്തകനാണ്, ശങ്കരൻ,’’ ചെല്ലിച്ചു നീണ്ട സഖാവ്.

മറ്റേയാൾ കുറുതായിരുന്നു. മൂക്കിലെ പാലുണ്ണിയിലും ചെവിയിലും നിറയെ രോമങ്ങളുണ്ടായിരുന്നു.

‘‘കണ്ണിമൂത്താൻ. കൊഴണശ്ശേരി സമാധാനകൗൺസിൽ സെക്രട്ടറിയാണ്.’’

‘‘നമസ്കാരം!’’ രവി പറഞ്ഞു, ‘‘ഇരിയ്ക്കണം.’’

കുശലം പറഞ്ഞു തീർന്നയുടൻ കണ്ണിമൂത്താൻ പറഞ്ഞു, ‘‘ദൊാര് കൂടാലോശനയാണ്, മേഷ്ഷേ.’’

‘‘ആയിരിയ്ക്കണം,’’ രവി പറഞ്ഞു.

‘‘ആയിരിയ്ക്കണംന്നല്ല,’’ ചെല്ലിച്ച സഖാവ് പറഞ്ഞു, ‘‘ആണ് എന്നുള്ളതാണ്.’’

കഥ മുറിഞ്ഞതിൽ അപ്പുക്കിളിയ്ക്കു പരിഭവമായി, ‘‘എ്ത്തോ,’’ അവൻ ശാഠ്യംപിടിച്ചു,‘‘നീയ് കതപതാ.’’

കഥ പിന്നീടു തുടരാമെന്നു പറഞ്ഞാൽ അപ്പുക്കിളി സമ്മതിച്ചെന്നുവരില്ല. രവി പറഞ്ഞു, ‘‘കഥ തീർന്നു.’’

കിളിയുടെ മുഖത്തു വിഷാദമായി. ഇത്തിരിനേരം നിരീച്ചുനിന്നിട്ട് അവൻ പുറത്തെ വരിവെള്ളത്തിലേയ്ക്കിറങ്ങി. നിരർത്ഥമായി, പരിണാമമില്ലാതെ കഥ അവസാനിച്ചുകഴിഞ്ഞിരുന്നു.

‘‘കേലൻ വിരുദ്ധനാണ്,’’ കണ്ണിമൂത്താൻ പറയുകയായിരുന്നു.

‘‘അവനെ ശരിയ്ക്ക്ം, നേരിടണം, എന്നുള്ളതാണ്,’’ ചെല്ലിച്ച സഖാവു പറഞ്ഞു.

‘‘ശിവരാമന്നായര് മൂരാച്ചി ഫ്യൂഡലിസ്റ്റാണ്,’’ കണ്ണിമൂത്താൻ പറഞ്ഞു.

‘‘മാഷ്ക്ക് ബടത്തെ കാര്യം മുഴ്മനും മനസ്സിലായ്ട്ട്ല്ല,’’ ചെല്ലിച്ച സഖാവു പറഞ്ഞു, ‘‘പിന്തിരിപ്പൻ ശക്തികളിന്റെ കോട്ടയാണ്. നേഷനൽ ബൂർഷ്വാസീന്ന് പറയാൻ ആര്ം കാര്യായിട്ട് ഇല്ല താന്ം.’’

‘‘അതെന്താത്?’’ രവി ചോദിച്ചു.

ചോദിച്ചപ്പോൾ സഖാവു പിന്മടങ്ങി.

‘‘പൊതുവേ പറഞ്ഞതാ,’’ സഖാവു പറഞ്ഞു, ‘‘ഉദാഹരണത്തിന്, ഇൗ ശിവരാമന്നായര്ടെ പാടത്ത്

കൊയ്യാമ്പോണ ചെറ്മികള് റൗക്കയിടാമ്പാടില്ലെന്നാ ചട്ടം. എങ്ങനെ! മാറ് മറയ്ക്കാണ്ട് കുമ്പിട്ട് നിന്ന് കൊയ്യണംന്ന്.''

''നല്ലതല്ലേ?'' രവി പറഞ്ഞു.

പൊടുന്നനെ ചെല്ലിച്ച സഖാവും കണ്ണിമൂത്താനും നിശ്ശബ്ദരായി.

''ഏയ്, ഞാനൊന്നും ഉദ്ദേശിച്ച് പറഞ്ഞതല്ലാ, ട്ടോ,'' രവി വിശദീകരിക്കാൻ ശ്രമിച്ചു. സംഗതി കൂടുതൽ വഷളായി.

വിരുന്നുകാർ എണീറ്റു.

''ഇനീം കാണാ,'' കണ്ണിമൂത്താൻ പറഞ്ഞു.

''മേഷ്ഷം രങ്ങത്ത് വരണം, എന്നുള്ളതാണ്,'' ചെല്ലിച്ച സഖാവു പറഞ്ഞു.

രാജാവിന്റെ പള്ളിയിൽ—

കൊഴണശ്ശേരിക്കാർ സംസാരിയ്ക്കുകയാണ്.

''സഗാവേ—''

''കാലിയാരേ—'' നൈസാമലി തിരുത്തി.

''കാലിയാര്ക്ക് ഇതൊന്നും പുത്തരിയല്ലാലോ,'' ചെല്ലിച്ച സഖാവു പറഞ്ഞു.

''ദൊര് കൂടാലോശനയാണ്,'' കണ്ണിമൂത്താൻ പറഞ്ഞു.

''അത്ക്കൊന്നാ തമിശയം,'' ഖാലിയാർ പറഞ്ഞു.

''കേലൻ ബൂർഷ്വാ, ശിവരാമന്നായര് ഫ്യൂഡലിസ്റ്റ്. അവിരിന്റെ ശിങ്കിടി പാടാൻ ഒരുദ്യോഗസ്തദുഷ്പ്രബു. എന്തേ മിണ്ടീലാ, കാലിയാര്?''

''അപ്പ്ടിതാ, ണ്ണ്. നമ്മ പ്ടിച്ച പ്ടി വ്ടക്കൂടാത്.''

"നമ്മളൊക്കെ പഴേ സഗാക്കളാണ്. കൂമങ്കാവ് സമരത്തിലെ സഗാക്കളാണ്. മറക്കാമ്പറ്റ്ണ ഒന്നല്ല.''

''മറക്കമുടിയുമാ?''

ചെല്ലിച്ച സഖാവ് ഒരു വിവാഹാഭ്യർത്ഥനപോലെ ഖാലിയാരോടടുത്തുകൊണ്ടു പറഞ്ഞു, ''കാലിയാര് ഇങ്ങനിര്ന്നാപ്പോരാ. പ്രസ്താനത്തിലിയ്ക്ക് തിരിച്ച് വരണം.''

നൈസാമലി എണീറ്റു. അവരുടെ മുമ്പിലേയ്ക്കടുത്തു നിന്നു. കണ്ണുകൾ മറിഞ്ഞു. കൈകൾ മേലോട്ടുയർത്തിപ്പിടിച്ചുകൊണ്ട് അയാളുരുവിട്ടു. ''അൽഹം ദുലില്ലാഹി റബ്ബിൽ ആലമീൻ അർ റഹമാനി റഹീം... അൽഫാത്തിഹ!''

''ന്നാൽ,'' കണ്ണിമൂത്താൻ എണീറ്റു.

''കാണാ,'' ചെല്ലിച്ച സഖാവ് കണ്ണിമൂത്താന്റെ പുറകിൽ പറ്റി.

''ഇൻശാള്ളാ,'' ഖാലിയാർ പറഞ്ഞു.

പിറ്റേന്നു. വൈകിട്ട് കുഞ്ഞാമിന ഞാറ്റുപുരയിൽ വന്നു. കയ്യിൽ ഒരടുക്കുതുക്കുപാത്രങ്ങൾ.

''എന്താത്, കുഞ്ഞാമിനേ?'' രവി ചോദിച്ചു.

''പത്തിരീം എറച്ചീം,'' അവൾ പറഞ്ഞു, ''ഉമ്മ തന്നയച്ചതാണ്.''

കാതിൽ നിറയെ പൊൻചിറ്റുകളിട്ടിരുന്നു. അതിന്റെ പരിവേഷത്തിൽ അവളുടെ മുഖം മുതിർന്നു.

''ഇരിയ്ക്കൂ,'' രവി പറഞ്ഞു, ''മിന്നാമിനുങ്ങ് വല്താായല്ലോ!''

അവൾ ഇരുന്നില്ല.

''മാഷ് പുഗാണ് സാർ?'' അവൾ ചോദിച്ചു.

''അതെ, ആമിനക്കുട്ടി.''

"പിന്നെ വരൂലേ?''

അവൾ പണ്ടേപ്പോലെ രവിയുടെ മുമ്പിൽ വന്നു നിന്നു. ചേർന്നു നിന്നു. രവി അവളുടെ കൈപ്പടങ്ങൾ കൂട്ടിപ്പിടിച്ചു.

അയാളെന്തൊക്കെയോ ഓർത്തു: പുനർജ്ജന്മകഥകൾ പറഞ്ഞുതന്ന സാലഭഞ്ജികയെ, മകളുടെ ഖൽബിനു കുളിരാണെന്നു പറഞ്ഞ ചൊലയുമ്മയെ. രവി അവളെ അരികിലേയ്ക്കണച്ചു. ചെതലിയുടെ മിനാരങ്ങളിൽ അന്ന്, പിന്നെ വീണ്ടും ഇന്ന്, അവൾ അയാളുടെ മടിയിലിരുന്നു. അവളുടെ കണ്ണുകൾ തുളുമ്പി.

അവൾ വീണ്ടും ചോദിച്ചു, ''പോയാ വരൂലേ?''

ചുവന്ന പുള്ളിയും നെറുകയിൽ ചൂട്ടുമുള്ള ഒരുതരം പരൽമീനുണ്ട്. ചെതലിയിലെ കാട്ടുചോലയിൽ കല്പടവിന്റെ അഗാധമായ വിള്ളലുകളിൽ അവൻ ഉറങ്ങിക്കിടന്നു. കാലം ചെല്ലുമ്പോഴൊരിയ്ക്കൽ അവൻ തോട്ടിലേയ്ക്കു തുഴഞ്ഞുവന്നു. തീമഴപെയ്യുമ്പോഴാണത്രേ അവൻ വരുക. കോരിച്ചൊരിയുന്ന മഴയത്ത് തോട്ടിൽ കുളിയ്ക്കാനിറങ്ങിയ ഖസാക്കുകാർ ചുവന്ന പരലിനെ കണ്ടു.

അന്നു രാത്രി കൊടുങ്കാറ്റു വീശി. ഇളവില്ലാതെ രണ്ടു ദിവസം തുടർന്നുവീശി. പനകൾ കടപുഴങ്ങി. പുളിങ്കൊമ്പുകൾ പൊട്ടി, മഴ ചൊരിഞ്ഞു.

കാറ്റും മഴയും ശമിച്ച ഒരു വൈകുന്നേരം രവിയും മാധവൻനായരും ചെതലിയുടെ ചെരിവിൽ നിന്നു. ദൂരെ, ഖസാക്കു വെടിച്ചിരുന്നു. അസ്തമയത്തിന്റെ താഴ്വരയിൽ ചമ്പകം വീണ്ടും പൂത്തുനിന്നു. ഓതം കുതിർന്ന് സന്ധ്യയുടെ നിറം പോയിരുന്നു. കരിമ്പനകളുടെ മുകളിൽ ആകാശം സാന്ദ്രമായി ഇറങ്ങിനിന്നു. അതിനപ്പുറത്തെവിടെയോ കാലവർഷം വളർന്നു വലുതായി.

''മാധവന്നായരേ, കിളി എവടെ കെടക്കും?''

''നമ്മടെ പീടിയതന്നെ ശരണം, മാഷ്ഷേ.''

തിരിച്ചു നടക്കുന്നു. പനകൾ പുഴങ്ങിക്കിടന്ന ചെരിവിലൂടെ പതുക്കെ നടക്കുകയാണ്.

‘‘നമ്മടെ കോടച്ചി ചത്തത് കഷ്ടായി, മാധവന്നായരേ.’’

‘‘ഒര് പോക്കായി, മാഷ്ഷേ.’’

‘‘അവൾടെ അങ്ങേപ്പറത്തെ പെരേല് ആരാ, മാധവന്നായരേ?’’

‘‘അതോ, നൊമ്പടെ നാണിയാശാരിച്ചി. ഇപ്പൊ ഇത്തിരി കുഷ്ടത്തിന്റെ അസ്ക്യത്യാണ്ന്ന് മാത്രം.’’

സംഭാഷണത്തിന്റെ അതിരുകൾ മാത്രമാണ്. ഖസാക്കിലേയ്ക്കു കേറുമ്പോഴും അവർ അങ്ങനെ സംസാരിച്ചു. തൃശ്ശൂരു കണ്ട വെടിക്കെട്ടിനെക്കുറിച്ചു. മാധവൻനായർ പറഞ്ഞു. ഒരു സിനിമയുടെ കഥ രവി പറഞ്ഞു. അവർ സംസാരിച്ചുകൊണ്ടു നടന്നു.

ഞാറ്റുപുരയുടെ പടിയ്ക്കൽ അവർ പിരിഞ്ഞു. മാധവൻനായർ നടുപ്പറമ്പിലേയ്ക്കു നടന്നു. രവി ഇത്തിരിനേരംകൂടി പടിയ്ക്കൽ നിന്നു. മാധവൻനായർ തിരിഞ്ഞുനോക്കിയില്ല. മേടുകേറുമ്പോൾ ഒന്നു തിരിച്ചു ചെന്നെങ്കിലെന്തെന്ന് അയാളോർത്തു. അയാൾ നടുപ്പറമ്പെത്തി. ഇനിയും വേണെങ്കിൽ തിരിച്ചു ചെല്ലാം. ആ രാത്രി രവി ഞാറ്റുപുരയിൽ ഉറങ്ങിക്കിടക്കും. രാത്രിയിലെപ്പോൾ വേണെങ്കിലും ചെന്നു വിളിച്ചുണർത്താം. ഇത്തിരിനേരംകൂടി വർത്തമാനം പറഞ്ഞിരിയ്ക്കാം. പിന്നെ യാത്ര പറയാം. പിന്നെയും വേണെങ്കിൽ തിരിച്ചുചെല്ലാം....

രവി അതികാലത്തുണർന്നു. താഴ്വാരത്തിൽ അപ്പുക്കിളി ഉറങ്ങുകയായിരുന്നു. താഴ്വാരത്തിന്റെ പുറവാതിൽ തുറന്നുവെച്ച്, ബെഞ്ചും കസേലയും ഹനൂമൽപാദരുടെ വർണ്ണപടവുമെല്ലാമുള്ള നടുമുറികൾ രവി അടച്ചു ഭദ്രമാക്കി. രാജിക്കത്തിന്റെ പകർപ്പ് ലക്കോട്ടിലാക്കി രജിസ്റ്ററിന്കത്തു വെച്ചു. മൂലയിൽ വെള്ളം നിറച്ച കലമിരുന്നു. അതിൽ കൊതുകിന്റെ ലാർവകൾ വിരിഞ്ഞു കൂത്തുമറിയാൻ തുടങ്ങിയിരുന്നു. പുസ്തകത്തിന്റെ ഏടുകൾക്കിടയിൽ പെൻസിൽ കിടന്നു. കിടക്ക നിവർന്നു കിടന്നു. രവി ഒന്നുമനക്കിയില്ല. ഉമ്മറവാതിലടച്ചു തഴുതിട്ടു പൂട്ടി.

ചാവി ഉമ്മറപ്പടിയിൽ തിരുകിവെച്ചു. അതവിടെ കാണുമെന്ന് മാധവൻനായരോടു പറഞ്ഞിരുന്നു.

പൂട്ടിയടഞ്ഞ വാതിലിൽ രവി ഇത്തിരിനേരം നോക്കി. കുടയും സഞ്ചിയുമായി ഇറങ്ങുമ്പോൾ ഒരു നിമിഷത്തേയ്ക്കു രവി കണ്ണുകൾ ചിമ്മി. സായാഹ്ന യാത്രകളുടെ അച്ഛാ, രവി പറഞ്ഞു, വിട തരുക. മന്ദാരത്തിന്റെ ഇലകൾ ചേർത്തു തുന്നിയ ഈ പുനർജ്ജനിയുടെ കൂടുവിട്ട് ഞാൻ വീണ്ടും യാത്രയാണ്.

തോടുമുറിച്ച് രവി നെടുവരമ്പിലൂടെ നടന്നു. കരിമ്പനയുടെ കാനലുകൾ ഉടിലുപോലെ പൊട്ടിവീണു. പിന്നെ മഴ തുളിച്ചു. മഴ കനത്തു പിടിച്ചു.

കനക്കുന്ന മഴയിലൂടെ രവി നടന്നു.

ഇടിയും മിന്നലുമില്ലാതെ കാലവർഷത്തിന്റെ വെളുത്ത മഴ മാത്രം നിന്നു പെയ്തു.

കൂമൻകാവിലെത്തിയപ്പോഴും ആ വെളുത്ത മഴ നിന്നു പെയ്തു. കൂമൻകാവങ്ങാടിയുടെ ഏറുമാടങ്ങളത്രയും കൊടുങ്കാറ്റിൽ നിലം പൊത്തിയിരുന്നു. അപ്പുറത്ത് ബസ്സുകാർ ഉപയോഗിച്ചിരുന്ന ഒരു മൺപുര ഇടിഞ്ഞുവീണിരുന്നു. മൺചുമരിന്റെ വലിയ കട്ടകൾ കുമിഞ്ഞുകിടന്നു. മാവുകളുടെ കാനലിൽ അവ പിന്നെയും കുതിർന്നു. കൂമൻകാവങ്ങാടിയിൽ ഒന്നുംതന്നെ അവശേഷിച്ചിരുന്നില്ല. ആളുകളാരും അവിടെ നടന്നില്ല. എല്ലാം ശമിച്ചിരുന്നു. ഒറ്റയ്ക്ക്, രവി അവിടെ നിന്നു... ബസ്സു വരാൻ ഇനിയും നേരമുണ്ട്. രവി കട്ടകളെ പതുക്കെ കാലുകൊണ്ടുലർത്തി.

നീലനിറത്തിലുള്ള മുഖമുയർത്തി അവൻ മേല്പോട്ടു നോക്കി. ഇണർപ്പുപൊട്ടിയ കറുത്ത നാക്കു പുറത്തേയ്ക്കു വെട്ടിച്ചു. പാമ്പിന്റെ പത്തിവിടരുന്നതു രവിയും കൗതുകത്തോടെ നോക്കി, വാത്സല്യത്തോടെ. കാല്പടത്തിൽ പല്ലുകൾ അമർന്നു. പല്ലു മുളയ്ക്കുന്ന ഉണ്ണിക്കുട്ടന്റെ വികൃതിയാണ്. കാല്പടത്തിൽ വീണ്ടും വീണ്ടും അവ പതിഞ്ഞു. പത്തി ചുരുക്കി,

കൗതുകത്തോടെ, വാത്സല്യത്തോടെ, രവിയെ നോക്കീട്ട് അവൻ വീണ്ടും മൺകട്ടകൾക്കിടയിലേയ്ക്കു നുഴഞ്ഞുപോയി.

മഴ പെയ്യുന്നു. മഴ മാത്രമേയുള്ളു. ആരോഹണമില്ലാതെ, അവരോഹണമില്ലാതെ, കാലവർഷത്തിന്റെ വെളുത്ത മഴ. മഴ ഉറങ്ങി. മഴ ചെറുതായി. രവി ചാഞ്ഞു കിടന്നു. അയാൾ ചിരിച്ചു. അനാദിയായ മഴവെള്ളത്തിന്റെ സ്പർശം. ചുറ്റും പുൽക്കൊടികൾ മുളപൊട്ടി. രോമകൂപങ്ങളിലൂടെ പുൽക്കൊടികൾ വളർന്നു. മുകളിൽ, വെളുത്ത കാലവർഷം പെരുവിരലോളം ചുരുങ്ങി.

ബസ്സു വരാനായി രവി കാത്തുകിടന്നു.

---

* നീ പൂതമാണോടാ?

This file was downloaded from Z-Library project

z-library

Your gateway to knowledge and culture. Accessible for everyone.

z-library.se singlelogin.re go-to-zlibrary.se single-login.ru

Official Telegram channel

Z-Access

https://wikipedia.org/wiki/Z-Library